
വാല്യം – 7 ലക്കം – 4

# ക്ഷാത്രസ്പന്ദനം

## ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

ഒക്ടോബർ 2021 1197 തുലാം



# വിവാഹ മംഗളാശംസകൾ



തിരുവനന്തപുരം കവടിയാർ വാരിയം ഗാർഡൻസിൽ ശ്രീ അനിൽകുമാർ പണ്ടാലയുടെയും
ശ്രീമതി ദേവിയുടെയും മകൻ **അശ്വിനും**, വളഞ്ഞവട്ടം കിഴക്കേപറമ്പിൽ വീട്ടിൽ ശ്രീ വിജയകുമാറിന്റെയും
പൂവത്തൂർ മേലേതു വീട്ടിൽ ശ്രീമതി കൃഷ്ണകുമാരിയുടെയും മകൾ **ഡോ. അഖില**യും തമ്മിലുള്ള വിവാഹം
1196 മീനമാസം ഒന്നാം തീയതി (15 മാർച്ച് 2021) ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.



# വിവാഹ മംഗളാശംസകൾ



പന്തളം കൈപ്പുഴ 'തപസ്യ'
(വടക്കേമുറി പാലസ്) യിൽ
പരേതനായ പി. എൻ കൃഷ്ണവർമ്മയുടേയും,
ആശാലത വർമ്മയുടേയും
മകൻ **സിദ്ധാർത്ഥ് വർമ്മ**യും
പാലക്കാട് 228-എ, ചന്ദ്രനഗർ കോളനി
'ഡ്യൂ ഡ്രോപ്' ൽ
Dr. (Er.) എൻ സി ബാലകൃഷ്ണന്റേയും,
ഡോ. സുഷ്മാ ബാലകൃഷ്ണന്റേയും
മകൾ **ലാവണ്യ**യും
തമ്മിലുള്ള വിവാഹം 2021 ഒക്ടോബർ
18 തിങ്കളാഴ്ച
പാലക്കാട് ചന്ദ്രനഗറിലുള്ള
ശ്രീപാർവ്വതി മണ്ഡപത്തിൽ വെച്ച്
സമംഗളം നടന്നു.







കലാമണ്ഡലം **ശ്രീകാന്ത് വർമ്മയുടെ** ശിക്ഷണത്തിൽ പഞ്ചാരിമേളം അഭ്യസിച്ച **ശ്രീദ ശ്രീകാന്തിന്റേയും**
**വൈഭവ് ജി വർമ്മയുടെയും** അരങ്ങേറ്റം 15.10.21 വിജയദശമി ദിനത്തിൽ മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ച് നടന്നു. മാവേലിക്കര കോട്ടക്കകം 'ശ്രീപാദ'ത്തിൽ ധന്യ ശ്രീകാന്തിന്റേയും ശ്രീകാന്ത് ആർ ന്റെയും മകളാണ് ശ്രീദ. അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. മാവേലിക്കര കോട്ടക്കകം 'ശ്രീനിധി'യിൽ ദിവ്യ ആർ വർമ്മയുടേയും ഗൗതം ജയരാമന്റേയും മകനാണ് വൈഭവ്. അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.


ശ്രീകാന്ത് വർമ്മ





Pencil Sketch by
**Devika Balram**, New Delhi





Kshatraspandanam
Quarterly News Magazine of
Kshatriya Kshema Sabha
October 2021
M.E.1197 Thulam
Volume 7 Issue 4

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ
ത്രൈമാസ വാർത്താപത്രിക
ഒക്ടോബർ 2021
1197 തുലാം
വാല്യം 7 ലക്കം 4

**ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ**
**(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)**



# വിഷയവിവരം


| | |
|---|---|
| **REACT** | 6 |
| **പത്രാധിപക്കുറിപ്പ്** | 7 |
| **പ്രസിഡന്റിന്റെ കത്ത്** | 9 |
| **കേന്ദ്രസഭാ വാർത്തകൾ** | 11 |
| **റിയാക്ട് ധനസഹായം** | 12 |
| **റിയാക്ട് റിയാലിറ്റി ആക്കിയ 'തിരുമേനി'**<br>പി.ജി. ശശികുമാർ വർമ്മ | 13 |
| **കഥകളി ലോകത്തെ സാത്വിക തേജസ്സ്**<br>ആർ.വി. ശശികുമാർ തമ്പുരാൻ, തൃപ്പൂണിത്തുറ | 15 |
| **കവിശ്രീ രമേശൻ നായർ ഒരു പുണ്യസ്മരണ**<br>കുട്ടി അനിയൻ രാജ, ചെർപ്പുളശ്ശേരി | 16 |
| **വേദാന്തചിന്താമണികൾ**<br>കെ.സി. രാമവർമ്മ രാജ | 17 |
| **ധർമ്മിഷ്ഠയായ ശർമ്മിഷ്ഠ**<br>ചന്ദ്രാവലി തമ്പുരാൻ | 19 |
| **പ്രാർത്ഥന**<br>ഡോ. കെ.എൻ. മല്ലിനാഥൻ | 22 |
| **വൈകി സംസാരിക്കുന്ന കുട്ടികൾ – നിങ്ങൾ അറിയേണ്ടതെല്ലാം**<br>ആർ. മായാവർമ്മ | 23 |
| **വൈവാഹികം** | 24 |
| **വിശപ്പിന്റെ അദമ്യത**<br>കെ. ഗോദവർമ്മ | 25 |
| **നവരാത്രിയും സരസ്വതീദേവിയും**<br>കെ. രാധാമണി തമ്പുരാട്ടി | 28 |
| **പുളിക്കൽ നാഗയക്ഷി ക്ഷേത്രം**<br>വാഴുന്നോർ മാനവേന്ദ്ര ശർമ്മൻ | 30 |
| **Gandhi Ashram**<br>E. Ramavarma Raja | 34 |
| **വയലാർ**<br>കെ. എൽ. ശ്രീകൃഷ്ണദാസ് | 35 |
| **പരപ്പൂർ സ്വരൂപം**<br>മാവേലിക്കര ആർ. ശശിധരവർമ്മ | 36 |
| **നെപ്പോളിയന്റെ നാട്ടിൽ – 4**<br>ശ്രീപ്രസാദ് വടക്കേപ്പാട്ട് | 41 |
| **നെടുമുടിയ്ക്ക് പ്രണാമം**<br>ടി.എൻ. ആദിത്യവർമ്മ | 42 |
| **ഗുജറാത്തിലെ ഉപ്പു മരുഭൂമി (റൻ ഓഫ് കച്ച്)**<br>കേണൽ ബലറാം വി. ഗോപാൽ | 43 |
| **കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം**<br>വേലൂർ പരമേശ്വരൻ നമ്പൂതിരി | 46 |
| **ഗോഡ് ഇൻ ഡിസ്ഗൈസ്**<br>രമേശ് ചന്ദ്രവർമ്മ ആർ | 47 |
| **നൊമ്പരപ്പൂക്കൾ**<br>ശ്യാമള വർമ്മ | 48 |
| **ഡോ. കെ.എൻ. മല്ലിനാഥൻ – ഒരു അനുസ്മരണം**<br>മാവേലിക്കര രഘുനാഥ വർമ്മ | 48 |
| **സപ്തപദി**<br>താരാശങ്കർ ബന്ദ്യോപാധ്യായ (വിവ. കെ. സി.എം. രാജ) | 49 |
| **വണ്ടി**<br>സുധീർ ചെറുതാഴം | 52 |
| **ഹിമാലയ ക്ഷേത്രങ്ങൾ**<br>കെ. ഹരികൃഷ്ണവർമ്മ | 53 |
| **പുസ്തകജാലകം**<br>റിവ്യൂവേഴ്സ്: വേണുഗോപാൽ ജി. വാര്യർ | 56 |
| **ബാലവേദി/വളരുന്ന പ്രതിഭകൾ** | 59 |
| **യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** | 60 |


*മുഖ്യ പത്രാധിപർ:* **ഡോ. എം. ലളിതാംബിക**
*എഡിറ്റോറിയൽ അഡ്വൈസർമാർ :* **കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ**
**അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്**
*പത്രാധിപസമിതി: റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ*
*പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* **: പ്രസിഡന്റ്/ജനറൽ സെക്രട്ടറി/ ട്രഷറർ:** *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം: പി.എ. ഗോദവർമ്മ രാജ –** *പേജ് 13 കാണുക*

ഇതിൽവരുന്ന വാർത്തകൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

'റിയാക്ട്' 2008 ൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട്പ്രകാരം രജിസ്റ്റർ ചെയ്തു. ഇതിന്റെ പ്രവർത്തനം എല്ലാ വായനക്കാരും ഉൾക്കൊണ്ടിട്ടുണ്ടെന്ന് കരുതട്ടെ. സന്മനസ്സോടെ സ്പോൺസർമാർ സഹായിച്ചതുകൊണ്ടാണ് റിയാക്ടിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിച്ചത്. തുടക്കം മുതൽ ഇന്നുവരെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ഒരുകോടി രൂപയോളം എത്തിച്ചിട്ടുണ്ട്. പത്തുലക്ഷം രൂപ ഫിക്സഡ് ഡെപ്പോസിറ്റായിട്ടും റിയാക്ടിന് ആസ്തി ഉണ്ട്.

*"ദേയം ദീന ജനായച വിത്തം"* എന്നാണല്ലോ നമ്മെ ശങ്കരാചാര്യർ പഠിപ്പിച്ചിട്ടുള്ളത്.അതുകൊണ്ട് സ്വന്തം വീട്ടിൽ ആഘോഷങ്ങൾ നടത്തുമ്പോഴും ഓർമ്മ ദിനങ്ങൾ ആചരിക്കുമ്പോഴും ഒരു ചെറിയ തുക റിയാക്ടിൽ കൂടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി എത്തിക്കാമെന്ന് ഓരോ വായനക്കാരും തീരുമാനിച്ചാൽ മുമ്പോട്ടും നല്ല പ്രവർത്തനം കാഴ്ച വെയ്ക്കാൻ കഴിയും,സംശയമില്ല.

**Donations received from 16.06.2021 to 31.10.2021**

| Name | ₹ |
|---|---|
| Sasken Foundation, Bengaluru | 3,00,000 |
| Dr. Gireesh Kumar Varma B, Pandalam | 1,00,000 |
| Dr. G. Vijaya Kumaran Nair, Thiruvananthapuram | 30,000 |
| Dr. Manoj Rama Varma, Thiruvananthapuram | 25,000 |
| A Well Wisher | 11,000 |
| Gayathri, Thiruvananthapuram | 10,000 |
| Nalini Vijayan, Ernakulam | 10,000 |
| Madhukumar Varma V.K., Alappuzha | 10,000 |
| Vrinda Varma P.B., Thiruvananthapuram | 8,000 |
| C.K. Girija Devi Thampuratty, Iringalakuda | 5,000 |
| Dr. Sreejith Varma R, Vellore, Tamil Nadu | 5,000 |
| Sreelatha Devi C.V., Kollam | 5,000 |
| Remadevi Varma, Chottanikara | 3,000 |
| Ambalika Thampuratty, Chennithala | 2,500 |
| Krishna K | 2,000 |
| Sethunathan Raja, Thrissur | 2,000 |
| Rajendra Varma, Thiruvalla | 2,000 |
| P.K. Mohana Varma, Pilathara | 1,001 |
| Sreedhara Varma | 1,000 |

**എല്ലാവർക്കും REACT ന്റെ നന്ദി രേഖപ്പെടുത്തട്ടെ. ചികിത്സയ്ക്കും വിദ്യാഭ്യാസ ചിലവിലേക്കും സുരക്ഷിതമല്ലാത്ത വീടുപോലെ വളരെ മോശപ്പെട്ട ജീവിത സാഹചര്യത്തിൽപ്പെട്ടവർക്കും റിയാക്ടിന്റെ സഹായഹസ്തം എത്തുന്നു. കഴിഞ്ഞ മാസങ്ങളിൽ കോട്ടയത്ത് ചെങ്ങളത്തിലുള്ള ഒരു വീടാണ് പുതുക്കിപ്പണിയാൻ റിയാക്ട് തീരുമാനിച്ചത്.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950
IFS Code CNRB 0014005 Canara Bank,
Fort Branch, Thiruvananthapuram - 695023

ഈ അക്കൗണ്ടിൽ പണം അയക്കുന്നവർക്ക് 80 G യുടെ ആനുകൂല്യവും ഉണ്ടെന്ന് ഓർമ്മിക്കുമല്ലോ. ഇതുവരെ റിയാക്ടിന് 587 പേർക്ക് സഹായം എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017 മുതൽ 2021 വരെ കൊടുക്കാൻ കഴിഞ്ഞ തുക താഴെ കാണിച്ചിരിക്കുന്നു.

| Year | Amount Received (₹) | Amount Distributed (₹) |
|---|---|---|
| 2017-18 | 2,27,000 | 1,87,000 |
| 2018-19 | 41,81,000 | 14,66,600 |
| 2019-20 | 5,18,300 | 31,97,000 |
| 2020-21 | 38,92,000 | 28,32,000 |
| 2021-22 (Up to 25.10.2021) | 9,75000 | 18,62,000 |
| | **98,38,000** | **95,44,600** |

(തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി അറുന്നൂറ് രൂപ)

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**This is required as per amendment to Income Tax Act, 1961 with effect from 01.04.2021.**

***(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 12,14 കാണുക)***



പത്രാധിപക്കുറിപ്പ്



# കെ-റെയിലിന്റെ സിൽവർലൈൻ പദ്ധതി

കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ-റെയിൽ) നടപ്പാക്കുന്ന 'സിൽവർ ലൈൻ'എന്നത് തിരുവനന്തപുരം മുതൽ കാസർകോട് വരെ 530 കി.മി ദൂരം 4 മണിക്കൂർ കൊണ്ട് എത്തിച്ചേരാവുന്ന പദ്ധതിയാണ്. ഇതിന്റെ ഗുണദോഷങ്ങൾ (merits and demerits) നാം അറിഞ്ഞിരിക്കേണ്ടതാണ്.

പൊതുഗതാഗതത്തിന് ഏറ്റവും ചിലവുകുറഞ്ഞതും സൗകര്യമേറിയതും റെയിൽ ഗതാഗതം തന്നെയാണെന്ന് ആരും സമ്മതിക്കും. നമുക്ക് ചില പരാതികൾ റെയിൽ ഗതാഗതത്തിനെപ്പറ്റിയുണ്ട് എന്നുള്ളതും ശരിതന്നെ. ഒന്ന്, നാം സഞ്ചരിക്കുന്ന ട്രെയിൻ നിർത്തിയിട്ട് പിറകേവരുന്ന ട്രെയിനിനെ കടന്നുപോകാൻ അനുവദിക്കുന്നു. രണ്ട്, കടത്തിവിട്ട ട്രെയിൻ അടുത്ത സ്റ്റേഷൻ വിട്ട ശേഷമേ നമുക്ക് പോകാൻ അനുവാദം കിട്ടുകയുള്ളു. ഇതു രണ്ടും യാത്രക്കാരെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തുന്നത്. സ്പീഡു കുറവിനേക്കാൾ സാധാരണക്കാരുടെ പരാതി ട്രെയിൻ അവിടവിടെ പിടിച്ചിട്ട് യാത്രക്കാർക്ക് നഷ്ടപ്പെടുന്ന സമയത്തെപ്പറ്റിയും, അതിനോടനുബന്ധിച്ചുള്ള അസൗകര്യങ്ങളെപ്പറ്റിയുമാണ്.

രണ്ടുകാരണങ്ങളാലാണ് ഇത് സംഭവിക്കുന്നത് എന്നു വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഒന്ന് ലൈൻ ഇരട്ടിപ്പിക്കൽ പൂർത്തിയാക്കാനുള്ള കാലതാമസം. ആലപ്പുഴ വഴിയാണെങ്കിൽ അമ്പലപ്പുഴ മുതൽ എറണാകുളം വരെ പാതയിരട്ടിപ്പിക്കൽ നടന്നിട്ടില്ല. കോട്ടയം വഴിയാണെങ്കിൽ ചിങ്ങവനം മുതൽ ഏറ്റുമാനൂർ വരെയും. ഇവിടെ കേരള ഗവണ്മെന്റ് സ്ഥലം ഏറ്റെടുത്ത് കൊടുക്കാത്തതാണ് കാരണമെന്ന് ദക്ഷിണ റയിൽവേ കുറ്റപ്പെടുത്തുന്നു. ഗവണ്മെന്റിന്റെ മെല്ലെപ്പോക്ക് എന്തുകൊണ്ടാണെന്ന് സാധാരണക്കാർക്ക് മനസ്സിലാകുന്നുമില്ല. രണ്ടാമത്തേത് ഇലക്ട്രോണിക് സിഗ്നൽ സംവിധാനമാണെങ്കിൽ മുമ്പേ പോകുന്ന ട്രെയിൻ അടുത്ത സ്റ്റേഷൻ വിടാൻ കാത്തിരിക്കേണ്ട. ബോംബെയിലും മറ്റും അഞ്ചോ, ആറോ മിനിട്ടിന്റെ വ്യത്യാസത്തിൽ സുഗമമായി ഇലക്ട്രിക് ട്രെയിൻ പോകുന്നുണ്ടല്ലോ. സിഗ്നൽ മെച്ചപ്പെടുത്താൻ ആറോ ഏഴോ ആയിരം കോടി രൂപ ചിലവാക്കണമെങ്കിൽ തന്നെ അതല്ലേ അഭികാമ്യം? അതിനു നാം ഗവൺമെന്റിനെ പ്രേരിപ്പിക്കണം. കാര്യങ്ങൾ ഇങ്ങനെയൊക്കെ ഇരിയ്ക്കവേയാണ് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കെ-റെയിലിന്റെ സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതിന് കേരള ഗവൺമെന്റ് തയ്യാറാകുന്നത്.

ഈ സംവിധാനത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡു വരെ 4 മണിക്കൂറിൽ യാത്ര ചെയ്യാൻ പറ്റുക എന്നത് നല്ലതുതന്നെ. പക്ഷേ ഇതിന്റെ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിയ്ക്കട്ടെ.

1. നമ്മുടെ നാട്ടിലെ ട്രെയിനുകൾ എല്ലാം തന്നെ Broadgauge ലൂടെ (പാളം തമ്മിലുള്ള അകലം 5 അടി 6 ഇഞ്ച്) ഓടുമ്പോൾ സിൽവർ ലൈനിന്റെ പാളം തമ്മിലുള്ള അകലം 4 അടി 8.5 ഇഞ്ച്. ബ്രോഡ്ഗേളിൽ ഓടുന്ന ട്രെയിനുകൾക്കൊന്നും സിൽവർ ലൈനിന്റെ പാളം ഉപയോഗിക്കാൻ പറ്റുകയില്ല.

2. പദ്ധതിയ്ക്ക് ഏതാണ്ട് 1383 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരുന്നു. കൂടാതെ രണ്ടായിരത്തോളം കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരും. 150 ഓളം ഹെക്ടർ വയൽ നികത്തേണ്ടിയും വരും. അങ്ങനെ പരിസ്ഥിതി ആഘാതങ്ങൾ ഏറെ.

3. ഇപ്പോഴുള്ള റയിൽവേ സ്റ്റേഷനുകളിൽ നിന്ന് പത്തോ ഇരുപതോ കിലോമീറ്റർ ദൂരെയായിരിക്കും കൊല്ലം മുതൽ തിരൂർ വരെയുള്ള സ്റ്റേഷനുകൾ. അതുകൊണ്ട് കേരളത്തിന് പുറത്തേയ്ക്കുള്ള യാത്രക്കാർക്ക് ഈ ലൈൻ ഉപയുക്തമാകുന്നില്ല.

4. ഇതൊരു ചിലവേറിയ പദ്ധതിയാണ്. 64000 കോടി രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. നീതി ആയോഗിന്റെ നിഗമനപ്രകാരം ചിലവ് 1 ലക്ഷം കോടി കവിയും. ഇത്രയും കടം കേരളത്തിനു താങ്ങാനാകുമോ?

5. ജപ്പാൻ കുറഞ്ഞ പലിശയ്ക്ക് ലോൺ തരാൻ സമ്മതിച്ചിട്ടുണ്ട്. ജപ്പാനിൽ 1964

## കത്തുകൾ

ഏറെക്കാലത്തെ കാത്തിരിപ്പിനു ശേഷം വന്നു ചേർന്ന ക്ഷാത്രസ്പന്ദനം' ത്രൈമാസികയ്ക്ക് നമസ്കാരമോതിക്കൊണ്ട് കത്തു തുടങ്ങട്ടെ. 2021 ഏപ്രിൽ- ജൂലൈ ലക്കം കയ്യിൽ കിട്ടിയപ്പോൾ തന്നെ ഏറെ ആകാംക്ഷയോടെ താളുകൾ മറിച്ച് വായന തുടങ്ങി. മാസികയിലെ സാഹിത്യ വിഭവങ്ങൾ എല്ലാം തന്നെ ഒരുവിധത്തിൽ രുചിച്ചു തുടങ്ങി. ഇതിലെ ഓരോ വിഭവങ്ങളും ഒട്ടും മോശമല്ല എന്നു പറയട്ടെ.

'ക്ഷാത്രസ്പന്ദന'ത്തിനും ക്ഷത്രിയ ക്ഷേമസഭയ്ക്കും ഏറെക്കാലം താങ്ങും തണലുമായി നിന്ന കുട്ടൻ ചേട്ടന്റെ സ്മരണകളിലൂടെ നമ്മെ നടത്തിക്കൊണ്ടുപോയ ആർ. രാമവർമ്മയുടെ ലേഖനമാണ് ആദ്യം വായിച്ചത്. 'മരണമില്ലാത്ത വീഥികളിലൂടെ' കുട്ടൻ ചേട്ടന്റെ മന്ദഹാസം പൊഴിച്ചുകൊണ്ടുനിൽക്കുന്ന ആ സാത്വിക രൂപം മനസ്സിലൂടെ കടന്നുപോയപ്പോൾ മനസ്സിന്റെ അകത്തളത്തിലെവിടെയോ ഒരു വിശേഷാനുഭൂതി നിലനിന്നു. അദ്ദേഹം മറ്റു ലോകത്തു നിന്നും ഇപ്പോഴും നമ്മെളെയെല്ലാം അനുഗ്രഹിച്ചുകൊണ്ട് നിൽക്കുന്നുണ്ടാകാം.

യാത്രാസ്മരണ ലേഖനങ്ങൾ എല്ലാം തന്നെ നല്ല നിലവാരം പുലർത്തിയിട്ടുണ്ട്. പൊതുവേ എല്ലാ ലേഖനങ്ങളും ഒന്നിനൊന്ന് മെച്ചമായിരുന്നു. എല്ലാ ലേഖകർക്കും എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ!

**കുട്ടി അനുജൻ രാജ, പാലക്കാട്**
**9846154097**

# 39-ാമത് സംസ്ഥാന സമ്മേളനവും പൊതുയോഗവും

## തിരുവനന്തപുരത്ത്
## 28 നവംബർ 2021 ഞായറാഴ്ച പകൽ 9 മണി
## സ്ഥലം: രംഗവിലാസം കൊട്ടാരം ആഡിറ്റോറിയം, കോട്ടയ്ക്കകം



*ശ്രീപത്മനാഭന്റെ മണ്ണിലേയ്ക്ക് ഏവർക്കും സ്വാഗതം*
*സമ്മേളനം പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രം.*

മുതൽ ബുള്ളറ്റ് ട്രെയിൻ ഓടുന്നുണ്ട്. സ്പീഡ് 320 K.M/hr വരെ. 500 KM നു മുക്കിൽ സ്പീഡുള്ള Maglev (Magnetic levitation) ടെക്നോളജിയും അവിടെ വികസിപ്പിച്ചിട്ടുണ്ട്. നാം വാങ്ങുന്നത് 160-200 KM വരെ സ്പീഡ് ഉള്ള അർദ്ധ അതിവേഗ ട്രെയിനിന്റെ ടെക്നോളജി ആണ്. കോച്ചുകൾ എല്ലാം തന്നെ ഇറക്കുമതി ചെയ്യേണ്ടിയും വരും.

6. ഈ അർദ്ധ അതിവേഗ ട്രെയിനിന്റെ ടെക്നോളജിയിലാണ് ഗതിമാൻ എക്സ്പ്രസ്സും (ഡൽഹി- ഝാൻസി റൂട്ട്), വന്ദേ ഭാരത് എക്സ്പ്രസ്സും (ഡൽഹി - വാരാണസി റൂട്ട്) മറ്റും ഓടുന്നത്. അതൊക്കെ ഭാരതത്തിൽ നിർമിച്ച് Broad Gauge ൽ ഓടുന്നവ.

നാം ആലോചിക്കേണ്ടത് ഇപ്പോൾ ഉപയോഗിക്കുന്ന റെയിൽവെ ലൈനിനു അടുത്തുകൂടി പോകാത്ത പുതിയതരം ലൈനാണോ അതോ ഇൻഡ്യയിൽ നിർമ്മിയ്ക്കുന്ന Broad Gauge ലൈനും കോച്ചുകളുമാണോ നമുക്കാവശ്യമെന്നതാണ്.

ആത്മനിർഭർ ഭാരത് എന്ന് ഉദ്ഘോഷിയ്ക്കുന്ന നാം ഇത് ആലോചിയ്ക്കേണ്ടതല്ലേ? ●





പ്രസിഡന്റിന്റെ കത്ത്

# ജീവിതം പ്രതീക്ഷയാൽ നിറയ്ക്കുക

**പി.കെ.രഘുവർമ്മ**



ആയിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന് ജൂലൈയിലാണ് ക്ഷത്രിയ ക്ഷേമസഭ എന്ന സമുദായ സംഘടന രൂപം കൊണ്ടത്. ഇന്നേക്ക് നാൽപ്പത് വർഷം പിന്നിട്ടിരിക്കുന്നു. ഇത്രയും നാൾ യാതൊരു കോട്ടവും തട്ടാതെ സഭയെ ഇവിടെ വരെ എത്തിച്ച മുൻ നേതൃത്വങ്ങൾക്ക് കൂപ്പുകൈ.

രണ്ടായിരത്തി പത്തൊൻപത് നവംബറിൽ കോട്ടയത്ത് നടന്ന ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന സമ്മേളനത്തിലാണ് ഇന്നത്തെ ഭരണസമിതിയെ തിരഞ്ഞെടുത്തത്. നവംബർ പതിനേഴിന് ആദ്യ കമ്മിറ്റി തിരുവനന്തപുരത്ത് കൂടുകയും തുടർന്ന് ഡിസംബർ അവസാനം കോട്ടയത്ത് പ്രസ് ക്ലബ്ബിൽ രണ്ടാമത്തെ കമ്മിറ്റി കൂടുകയും ഉണ്ടായി, 2020 ജനുവരിയിൽ ഭാരവാഹികളുടെ യോഗം നടന്നു. തുടർന്ന് വടക്കൻ മേഖല സമ്മേളനം, ആലപ്പുഴ, തിരുവല്ല യൂണിറ്റ് മീറ്റിംഗുകൾ എന്നിവ നടക്കുകയുണ്ടായി. ജനുവരി അവസാനത്തോടെ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടെയുള്ള അധികാര കൈമാറ്റം നടന്നു. പ്രഥമ ദൗത്യം സഭയുടെ രജിസ്ട്രേഷൻ പുതുക്കുക എന്നുള്ളതായിരുന്നു, ഫെബ്രുവരി മാസം രണ്ടാം വാരം തന്നെ സഭയുടെ രജിസ്ട്രേഷൻ പുതുക്കുവാൻ സാധിച്ചു. ഫെബ്രുവരി അവസാനം ദക്ഷിണമേഖലാ സമ്മേളനം തിരുവല്ലയിൽ നടന്നു. ഏതാണ്ട് മാർച്ച് പകുതിയോടുകൂടി (2020 മാർച്ച് 22 ന്റെ ദേശീയ അടച്ചിടൽ -ജനതാകർഫ്യൂ - മുതൽ ആണ് ലോകം മുഴുവൻ പിടിച്ചടക്കിയ മഹാമാരിയുടെ വരവ് ഉണ്ടായത്. അക്ഷരാർത്ഥത്തിൽ ലോകം നിശ്ചലമായ അവസ്ഥ. എല്ലാവരും വീട്ടിൽ അടച്ച് ഇരിക്കാൻ സർക്കാർ നിർദേശം, ആർക്കും ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥ. സംഘടനാ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ട കാലം, പതിയെ പതിയെ നാം ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറാൻ തുടങ്ങി, സഭയും കാലത്തിനൊപ്പം സഞ്ചരിച്ചു. സഭയുടെ ആദ്യത്തെ ഓൺലൈൻ പരിപാടി പ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ ജന്മദിനം ചിത്രങ്ങൾ വരച്ച് വെബ് സൈറ്റിലൂടെ കാണാൻ അവസരം ഒരുക്കി, തുടർന്ന് സ്വാതി തിരുനാൾ മഹാരാജാവിന്റെ ജയന്തി ആഘോഷം ഓൺലൈനിലൂടെ ആഘോഷിച്ചു.

അതോടൊപ്പം തന്നെ സ്വസമുദായത്തിലെ വിവാഹ ആലോചനകൾക്ക് വേണ്ടി 'സ്വയംവരം' എന്ന ഒരു വാട്ട്സ് ആപ്പ് ഗ്രൂപ്പു തുടങ്ങി, അതിലൂടെ നിരവധി കുടുംബങ്ങളിൽ വിവാഹങ്ങൾ നടന്നു. സ്വയംവരം ഗ്രൂപ്പിന് വലിയ സ്വീകാര്യതയാണ് സഭാംഗങ്ങൾക്കിടയിൽ ലഭിച്ചത്. നൂറു കണക്കിന് വധൂവരന്മാരുടെ വിവരങ്ങൾ അതിൽ കൂടി കൈമാറുകയും അതോടൊപ്പം തന്നെ ഗ്രൂപ്പിന്റെ സ്വകാര്യത ഉറപ്പു വരുത്തുകയും ചെയ്തു. വാട്ട്സ് ആപ്പ് ഗ്രൂപ്പുവഴി കൂടുതൽ എണ്ണം കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ളതിനാൽ ഒരു വെബ്സൈറ്റിനെ കുറിച്ച് ചിന്തിക്കുകയും, 'സ്വയംവരം' എന്ന പേരിൽ വെബ് സൈറ്റ് തുടങ്ങുകയും ചെയ്തു. 2021 നവംബർ 4ന് വെബ്സൈറ്റ് സമുദായ അംഗങ്ങൾക്ക് തുറന്നുകൊടുത്തു. സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ 'ക്ഷാത്രജാലകം' മൊബൈലിൽ ഉപയോഗിക്കാനുള്ള വിധത്തിലേക്ക് മാറ്റം വരുത്തുകയും പുതിയ പംക്തികൾ ആരംഭിക്കുകയും ചെയ്തു. വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച സഭാംഗങ്ങളെ ഓൺലൈനിലൂടെ പരിചയപ്പെടുത്തുകയും അവരുടെ സെമിനാറുകൾ ഓൺലൈനായി നടത്തുകയും ചെയ്തു.

വിശേഷ ദിവസങ്ങളിൽ കലാ സാംസ്കാരിക സന്ധ്യകൾ, നവരാത്രി സംഗീതോത്സവങ്ങൾ മുതലായവ ഓൺലൈനായി ആഘോഷിച്ച് സഭയെ സജീവമായി നിർത്താൻ ഈ മഹാമാരി കാലത്തും കഴിഞ്ഞു എന്നുള്ളതിൽ ചാരിതാർത്ഥ്യമുണ്ട്.

ഒരു സമുദായ സംഘടന എന്ന നിലക്ക് നമ്മുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തേണ്ടതുണ്ട്.

'ദാനശീലനാകൂ, ദേവനാകൂ' എന്ന ഭാവനയോടെ സഹജീവികളോടുള്ള സ്നേഹവും ദുഃഖിതരോടുള്ള കരുണയും ജീവിതത്തെ അർഥവത്താക്കും എന്നുള്ള ആശയത്തിൽ ആരംഭിച്ച റിയാക്ട് ഈ കാലയളവിൽ വളരെ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ച വച്ചു. 01.04.2018 മുതൽ 31.03.2019 വരെ 14.66 ലക്ഷം രൂപയും, 01.04.2019 മുതൽ 31.03.2020 വരെ 31.97 ലക്ഷം രൂപയും, 1.04.2020 മുതൽ 31.03.2021 വരെ 28.32 ലക്ഷം രൂപയും 01.04.2021 മുതൽ 31.10.2021 വരെ 18.62 ലക്ഷം രൂപയും അർഹിക്കുന്ന

വർക്ക് ധനസഹായമായി നൽകി. കോട്ടയം പാമ്പാടിയിൽ ഒരു കുടുംബത്തിന് വീട് നിർമ്മിച്ചു നൽകുകയും ചെങ്ങളത്ത് ഒരു ഭവനത്തിന്റെ നിർമ്മാണത്തിന് ധനസഹായം ചെയ്യുകയും ഉണ്ടായി.

നാടിന്റെ അധികാരികളായിരുന്ന ക്ഷത്രിയർ ജനാധിപത്യ യുഗത്തിലെ അധികാരികളുടെ അവഗണനയ്ക്കു പാത്രമായ നിരവധി അനുഭവങ്ങളുണ്ട്. അതിൽ നിന്ന് മോചനം നേടി കുറെയാളുകൾക്കെങ്കിലും അധികാരത്തിന്റെ മേലങ്കി അണിയാൻ സാധിക്കണമെന്ന ഉദ്ദേശ്യത്തോടെ സിവിൽ സർവ്വീസ് കോച്ചിങ്ങ് ആരംഭിച്ചു. മൂന്നു പേർ Full Time പരിശീലനത്തിൽ പങ്കെടുത്തു പരീക്ഷ എഴുതിയിട്ടുണ്ട്. കൊച്ചു കുട്ടികൾക്ക് താൽപ്പര്യമുണ്ടാകത്തക്ക വിധത്തിൽ പ്രചോദന ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

പഴയ പ്രതാപം അയവിറക്കിയും പുതിയകാല രീതികളെ വൃഥാ വിമർശിച്ചും കഴിയുന്നതിൽ അർഥമില്ലെന്ന സത്യം നമുക്കൊക്കെ അറിയാം. പക്ഷേ, മത്സരാധിഷ്ഠിതമായ ഈ കാലത്തിന്റെ ആവശ്യങ്ങളെ കണ്ടറിയാനും നാട്ടിലെ മറ്റു സമുദായങ്ങൾക്കൊപ്പം പിടിച്ചു നിൽക്കാനും നമ്മുടെ ആളുകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം സാധിക്കുന്നതിന് ഇനിയുമേറെ സഞ്ചരിക്കേണ്ടതുണ്ട്.

രാജഭരണ കാലത്തെക്കുറിച്ച് പല കേന്ദ്രങ്ങളിൽ നിന്നും പുകഴ്ത്തി സംസാരിക്കുന്ന കാലമാണിത്. ക്ഷത്രിയനായി പോയതിന്റെ പേരിൽ ഇകഴ്ത്തപ്പെടുന്ന അനുഭവങ്ങളും നമ്മുടെയിടയിലെ പലർക്കും ഉണ്ടായിട്ടുണ്ടാവാം. പുകഴ്ത്തലിൽ ഭ്രമിക്കാതെയും ഇകഴ്ത്തലിൽ തളരാതെയും ക്ഷാത്രവീര്യം നഷ്ടപ്പെടാതെ കഠിനാധ്വാനം ചെയ്താൽ നമുക്കും സമൂഹത്തിൽ പ്രസക്തിയും സ്ഥാനവും ഉണ്ടാകും എന്നതിന് ഉദാഹരണങ്ങൾ ഒട്ടേറെയുണ്ട്. സഭയും കേരളത്തിലെ ക്ഷത്രിയ സമുദായാംഗങ്ങളും ഒറ്റക്കെട്ടായി നിൽക്കുകയും പുതിയ കാലം നമ്മുടേതു കൂടിയായിരിക്കണം എന്ന ദൃഢ നിശ്ചയത്തോടെ പ്രവർത്തിക്കുകയും ചെയ്യുകയാണ് ഇന്നിന്റെ ആവശ്യം. ഇച്ഛാശക്തിയുണ്ടെങ്കിൽ എന്ത് അത്ഭുതവും സാധ്യമാണ്. സമൂഹത്തെ വിസ്മയിപ്പിക്കുന്നവരും സ്വന്തം കാലിൽ നിൽക്കുന്നവരും ആയിത്തീരാൻ നമുക്ക് പരിശ്രമിക്കാം. ആശംസകളോടെ... ●

## സംസ്ഥാന ക്ഷത്രിയക്ഷേമസഭ
## സ്കോളർഷിപ്പുകൾ

### മഹാറാണി സേതുപാർവ്വതിബായി സ്മാരക സ്കോളർഷിപ്പ്

മെഡിസിൻ, എൻജിനീയറിംഗ്, (പ്രതിവർഷം രൂ.10000) ഡിഗ്രി, ഫൈൻ ആർട്സ് (പ്രതിവർഷം രൂ. 5000) എന്നീ വിഭാഗങ്ങളിൽ ഓരോന്നു വീതം. (2020-ൽ പ്രവേശനം ലഭിച്ചവർക്ക്)

- പത്താംക്ലാസ്, പ്ലസ്ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയുമാണ് മുകളിൽ വിവരിച്ച സ്കോളർഷിപ്പിനുള്ള യോഗ്യതാമാനദണ്ഡം.

  പൂരിപ്പിച്ച അപേക്ഷകൾ 10, +2 ക്ലാസ്സുകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിസിൻ/എൻജിനീയറിംഗ്/ഡിഗ്രി ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ ക്ഷത്രിയക്ഷേമസഭയുടെ പ്രാദേശിക യൂണിറ്റുകൾ മുഖേന 2021 നവംബർ 30ന് മുമ്പ് ലഭിക്കത്തക്കവണ്ണം സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, തിരുവനന്തപുരം-23 എന്ന വിലാസത്തിൽ അയച്ചിരിക്കണം.
- **മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും സ്ഥിരവരുമാനം ഇല്ലാത്തവർ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റും നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പ് നൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.**
- **അപേക്ഷാഫോറം വെബ്സൈറ്റിൽ www.kshathrajalakam.org (archives→കേന്ദ്രസഭ→downloads) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.**

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: 30 നവംബർ 2021**

# കേന്ദ്ര സഭാ വാർത്തകൾ



## ക്ഷത്രിയക്ഷേമസഭ സംസ്ഥാന വാർഷിക പൊതുയോഗം തിരുവനന്തപുരത്ത്

### 28 നവംബർ 2021 ഞായറാഴ്ച
### വേദി : രംഗവിലാസം കൊട്ടാരം ആഡിറ്റോറിയം, കോട്ടയ്ക്കകം

ക്ഷത്രിയക്ഷേമ സഭ സംസ്ഥാന വാർഷിക പൊതുയോഗം തിരുവനന്തപുരത്ത് നടത്തുന്നതിനു തീരുമാനിച്ചു. വിവിധ യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ ഓൺലൈൻ യോഗത്തിലാണ് തീരുമാനം. സംസ്ഥാന പ്രസിഡന്റ് പി.കെ. രഘുവർമ്മ അധ്യക്ഷത വഹിച്ചു.

നവംബർ 28നു 9മണിക്ക് വിവിധ പരിപാടികളോടെ തിരുവനന്തപുരം രംഗവിലാസം പാലസിൽ പരിപാടികൾ ആരംഭിക്കും. പരിപാടിയുടെ വിശദാംശങ്ങൾ തീരുമാനിക്കാൻ നവംബർ 21നു 10മണിയ്ക്ക് നീലേശ്വരത്ത് സംസ്ഥാന സമിതിയുടെ സമ്പൂർണ്ണ യോഗം നേരിട്ട് ചേരും. അതിനു മുൻപ് ഓൺലൈനിൽ യോഗം ചേർന്നു പ്രാഥമിക ചർച്ചകൾ നടത്തും. ഈ രണ്ട് യോഗങ്ങളിലും സംസ്ഥാന പ്രസിഡന്റ് പി.കെ. രഘുവർമ്മ അധ്യക്ഷത വഹിക്കും.

തിരുവനന്തപുരത്ത് വർഷങ്ങൾക്ക് ശേഷമാണ് സംസ്ഥാന സമ്മേളനത്തിനു വേദിയാകുന്നത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും സമ്മേളനം.

ഒക്ടോബർ 24 നു 3 മണിക്കാണ് വിവിധ യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ ഓൺലൈൻ യോഗം ചേർന്നത്. യൂണിറ്റുകളുടെയും മേഖലാടിസ്ഥാനത്തിലുള്ളതുമായ റിപ്പോർട്ടുകൾ സെക്രട്ടറിമാർ അവതരിപ്പിച്ചു. ട്രഷറർ മഹേഷ് രാമവർമ്മ കണക്കുകൾ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിച്ചു. തുടർന്നു റീയാക്ട്, ക്ഷാത്രസ്പന്ദനം, ക്ഷാത്രജാലകം എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. റിയാക്ടിന്റെ പ്രവർത്തനങ്ങളിൽ എല്ലാ യൂണിറ്റുകളും നൂറുശതമാനം സന്തുഷ്ടി രേഖപ്പെടുത്തി. സഭയുടെ അംഗങ്ങളിൽ താങ്ങും തണലുമാകുന്ന റിയാക്ടിന്റെ പ്രവർത്തനങ്ങളിൽ സംസ്ഥാന സമിതിയുടെ കടപ്പാടും നന്ദിയോടെ അറിയിക്കുന്നു.

കോവിഡ് പശ്ചാത്തലത്തിൽ സഭാംഗങ്ങളുടെ ഇടയിലേക്ക് ഇറങ്ങി പ്രവർത്തിക്കാൻ പറ്റാത്ത ബുദ്ധിമുട്ട് എല്ലാ യൂണിറ്റുകളും വിവരിച്ചു. എന്നാൽ കേന്ദ്രസഭയുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും വെബിനാറിലൂടെ അംഗങ്ങളിൽ പുത്തൻ ഉണർവ് ഉണ്ടാക്കിയെന്നു യൂണിറ്റിൽ നിന്നുള്ള ഭാരവാഹികൾ പ്രത്യേകം അഭിനന്ദിച്ചു. വെബിനാറിനുള്ള സാങ്കേതിക ക്രമീകരണങ്ങൾ ട്രഷറർ മഹേഷ് രാമവർമ്മയാണ് എല്ലാ ആഴ്ചയിലും ചെയ്തിരുന്നത്. മികവുറ്റ രീതിയിൽ പ്രഭാഷണങ്ങൾ അവതരിപ്പിച്ച വിവിധ രംഗങ്ങളിലെ പ്രതിഭകളെയും നന്ദിയോടെ ഓർമ്മിക്കുന്നു. അതോടൊപ്പം യൂണിറ്റുകളിൽ നിന്നും വെബിനാർ കേൾക്കുന്നതിനു സഹകരിച്ച എല്ലാ അംഗങ്ങളോടുമുള്ള കടപ്പാടും അറിയിക്കട്ടെ.

നവരാത്രി കാലയളവിൽ എല്ലാ ദിവസവും ഓൺലൈൻ വഴി കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ഒരുക്കിയതും എല്ലാവരും പ്രത്യേകം പരാമർശിച്ചു. സഭയുടെ എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെ നേതൃത്വത്തിലായിരുന്നു നവരാത്രി ആഘോഷങ്ങൾ ഓൺലൈനിൽ അവതരിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയത്. ഈ ഉദ്യമം വിജയിപ്പിച്ചതിനു സതീഷ് വർമ്മയോടുള്ള സംസ്ഥാന സമിതിയുടെ നന്ദിയും അറിയിക്കുന്നു.

‘ക്ഷത്രിയ സ്വയംവരം’ വെബ്സൈറ്റിന്റെ സഹായത്തോടെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കൊച്ചി വെഡ്വൈസർ പീപ്പിൾ കണക്ട് പ്രൈവറ്റ് ലിമി. കമ്പനിയുമായി സഹകരിച്ചാണ് പ്രവർത്തനം വിപുലപ്പെടുത്തിയത്. തിരുവല്ല യൂണിറ്റ് അംഗം സഞ്ജയ് വർമ്മയാണ് ക്ഷത്രിയ സ്വയംവരം വെബ് സൈറ്റിന്റെ കോഓർഡിനേറ്ററായി പ്രവർത്തിക്കുന്നത്. കഴിഞ്ഞകാലയളവിൽ ക്ഷത്രിയ സ്വയംവരം മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് സമുദായാംഗങ്ങളിൽ നിന്നു നല്ല രീതിയിലുള്ള പ്രതികരണമാണ് ലഭിച്ചത്. വെബ് ടീമിനു കൂടുതൽ മികവോടെ പ്രവർത്തിക്കാൻ കഴിയട്ടെയെന്നു ആത്മാർഥമായി ആശംസിക്കുന്നു. എല്ലാവർക്കും സംസ്ഥാന സമിതിയുടെ ആശംസകൾ.

വിനയപൂർവം ,
ജനറൽ സെക്രട്ടറി
**ആത്മജവർമ്മ തമ്പുരാൻ**

# റിയാക്ട് ധനസഹായം



ചാഴൂർ കോവിലകത്തെ സി.കെ. കേരളവർമ്മ തമ്പാന്റെ പുത്രൻ അജിത്ത് വർമ്മയ്ക്ക് REACT അനുവദിച്ച സഹായം സഹോദരി അർച്ചന വർമ്മ സ്വീകരിക്കുന്നു.



തിരുവനന്തപുരം പട്ടത്ത് പുറമ്പോക്കിൽ കഴിയുന്ന കുടുംബത്തിലെ കുട്ടികളുടെ പഠനത്തിന് മൊബൈൽ ഫോൺ വാങ്ങാനായി റിയാക്ട് സഹായം ആയ 10,000/- രൂപ റിയാക്ടിനുവേണ്ടി സാമൂഹ്യ പ്രവർത്തകനായ അനിൽ 20.07.21 ന് കൈമാറി.



ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗം പയ്യന്നൂർ പുതിയെടത്തിൽ ശ്രീദേവി അക്കമ്മക്ക് റിയാക്ടിൽ നിന്നുള്ള ധനസഹായം സംസ്ഥാന വൈസ് പ്രസിഡന്റ് മോഹനവർമ്മ നൽകി. ചടങ്ങിൽ ഉത്തരമേഖല സെക്രട്ടറി കനകത്തിടത്തിൽ കുഞ്ഞി മാധവൻ വാഴുന്നവർ, കരിവെള്ളൂർ യൂണിറ്റ് എക്സി. അംഗം S.P. ശശിധരൻ തമ്പാൻ, പിലാത്തറ യൂണിറ്റ് എക്സി.അംഗം എസ്.പി. സജിൻ, മറ്റു കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു.



നീലേശ്വരം മടികൈ കക്കാട്ട് ഗണേശൻ/ഗീത ദമ്പതികളുടെ മകൻ ഇരുവൃക്കകളും തകരാറിലായ കെ. പ്രണവിന് റിയാക്റ്റിൽ നിന്നും ചികിത്സാ സഹായം അനുവദിച്ചു. 25000/- യുടെ ചെക്ക് നിലേശ്വരം ക്ഷത്രിയ ക്ഷേമസഭ, യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണ വർമ്മ രാജ പ്രണവിന്റെ പിതാവിന് കൈമാറി. യൂനിറ്റ് സെക്രട്ടറി എ.സി. രാകേഷ്, ജോയിന്റ് സെക്രട്ടറി സുഭാഷ് എന്നിവരും സംബന്ധിച്ചു.



REACTകാരുണ്യനിധിയിൽ നിന്നു വീട് വയ്ക്കുന്നതിനു അനുവദിച്ച 4 ലക്ഷം രൂപയുടെ ചെക്ക് കോട്ടയം ചെങ്ങളം സൗത്ത് മനോജ് ഭവനിൽ ആർ. മനോജ് വർമ്മയ്ക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ കൈമാറുന്നു. യു. അജിത്ത് വർമ്മ (മറിയപ്പള്ളി കൊട്ടാരം), മല്ലിക റാണി (മാളികയിൽ കോവിലകം), മനോജിന്റെ അമ്മ പ്രസന്ന തമ്പുരാട്ടി എന്നിവർ സമീപം.

# റിയാക്ട് റിയാലിറ്റി ആക്കിയ 'തിരുമേനി'



**പി.ജി. ശശികുമാർ വർമ്മ,** തിരുവനന്തപുരം, മൊ. 9447563464

**വ**ർമ്മ & വർമ്മ എന്ന തെക്കേ ഇൻഡ്യയിലെ പ്രധാനപ്പെട്ട ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സീനിയർ പാർട്ണറായിരുന്ന പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ പി.എ. ഗോദവർമ്മരാജായുടെ നിര്യാണം ക്ഷത്രിയക്ഷേമസഭയ്ക്ക് ഒരു തീരാനഷ്ടം തന്നെയാണ്.

പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ മകയിരംനാൾ അംബ തമ്പുരാട്ടിയുടെയും പുതുശ്ശേരി മനയിൽ നാരായണൻ നമ്പൂതിരിയുടെയും ദ്വിതീയ പുത്രനായി 1937 ആഗസ്റ്റ് 5 നു ജനിച്ച 'നരേന്ദ്രൻ' എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന ഗോദവർമ്മയുടെ സ്കൂൾ പഠനം പൂഞ്ഞാർ എസ്.എം.വി. ഹൈസ്കൂളിലായിരുന്നു. തിരുവനന്തപുരം ഇന്റർമീഡിയറ്റ് കോളേജിലും മാർ ഇവാനിയോസ് കോളേജിലുമായി കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വർമ്മ ആന്റ് വർമ്മ എന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിൽ സി.എ. പഠന/പരിശീലനം ആരംഭിച്ചു. അദ്ദേഹത്തിന്റെ അമ്മാവനായിരുന്ന ആർ.വി. രാജാ (കൊച്ചുകുഞ്ഞുണ്ണിയമ്മാവൻ) യോടൊപ്പം തിരുവനന്തപുരത്തെ കവടിയാറിലുള്ള ബൽഹെവൻ പാലസിൽ താമസിച്ചാണ് അദ്ദേഹം പഠനം പൂർത്തിയാക്കിയത്.

1965 ൽ സി.എ. പാസ്സായശേഷം വർമ്മ & വർമ്മയുടെ മട്ടാഞ്ചേരി ശാഖയിൽ ജോലിയിൽ ചേർന്ന അദ്ദേഹം 1967ൽ തിരുവനന്തപുരം ശാഖയിലേക്ക് മാറുകയും 72-ാം വയസ്സിൽ സീനിയർ പാർട്ട്ണറായി വിരമിക്കുന്നതുവരെ അവിടെ തുടരുകയും ചെയ്തു.

### കേണൽ ജി.വി.രാജായുടെ പിൻഗാമി

കേരള കായികരംഗത്തെ മുടിചൂടാമന്നനായിരുന്ന കേണൽ ജി വി രാജായുടെ നേരനിന്തവരൻ എന്ന നിലയിൽ കേണലിന്റെ കായിക പ്രേമം നരേന്ദ്രൻ ചേട്ടനും ചെറുപ്പം മുതലേ ഉണ്ടായിരുന്നു. കേണൽ ആരംഭിച്ച തിരുവനന്തപുരം ടെന്നീസ് ക്ലബ്ബ്, ഗോൾഫ് ക്ലബ്ബ് എന്നീ സ്ഥാപനങ്ങളുടെ പ്രസിഡന്റായി ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചിരുന്നു. മരണം വരെ രണ്ടു ക്ലബ്ബുകളു



ടെയും നിർവ്വാഹക സമിതിയിൽ അംഗവുമായിരുന്നു. ടെന്നീസിലും ഗോൾഫിലുമായിരുന്നു കൂടുതൽ താല്പര്യമെങ്കിലും ക്രിക്കറ്റും ഫുട്ബോളുമടക്കം ഒട്ടുമിക്ക കായിക മേഖലകളിലും താല്പര്യമുണ്ടായിരുന്ന അദ്ദേഹം 80-ാം വയസ്സിൽ 'Hole in one achievement' നേടിയ ആദ്യ ഗോൾഫ് കളിക്കാരനാണ്. നല്ല കളിക്കാരനുള്ള 'silver spoon' സമ്മാനം അദ്ദേഹത്തിന് നിരവധി പ്രാവശ്യം ലഭിച്ചിട്ടുണ്ട്. കായികരംഗത്ത് എന്നപോലെ പൊതു പ്രവർത്തന രംഗത്തും അദ്ദേഹം സജീവമായിരുന്നു. തിരുവനന്തപുരം റോട്ടറി ക്ലബ്ബിന്റെ പ്രസിഡന്റ് ആയിരുന്ന അദ്ദേഹം അതിന്റെ ഭാഗമായി നിരവധി ജീവകാരുണ്യപ്രവർത്തനങ്ങളിലും വ്യാപൃതനായിരുന്നു.

റിസർവ് ബാങ്ക് നോമിനിയായി സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗമായി പ്രവർത്തിച്ചിരുന്ന കാലത്ത് ക്ഷത്രിയരായ നിരവധി ഉദ്യോഗാർത്ഥികൾക്ക് ബാങ്കിൽ ജോലി നേടിക്കൊടുത്തിരുന്നു.

### റിയാക്ടിന്റെ സ്ഥാപക പ്രസിഡന്റ്

ക്ഷത്രിയസഭയുടെ അംഗമായിരുന്ന അദ്ദേഹം സഭയുടെ പൊതു പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ടായിരുന്നു. ക്ഷത്രിയ സമുദായാംഗങ്ങൾക്ക് പഠന ചികിത്സാ സഹായങ്ങൾ ഉൾപ്പെടെ വിവിധ സഹായങ്ങൾ നല്കുവാനായി കേന്ദ്രസഭ സമാരംഭിച്ച Royal Educational And Charitable Trust (REACT) ന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതും ദീർഘകാലം അതിന്റെ അദ്ധ്യക്ഷനായി പ്രവർത്തിച്ചതും നരേന്ദ്രൻ ചേട്ടനാണ്. REACT ന്റെ Byelaw ചിട്ടപ്പെടുത്തുന്നതിൽ പ്രഥമസ്ഥാനി അദ്ദേഹമായിരുന്നു. ആദായനികുതിവകുപ്പിൽ നിന്ന് REACT ന് 80 G നേടിയെടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് എത്ര പ്രകീർത്തിച്ചാലും മതിയാവില്ല. സത്യസന്ധതയും ആഭിജാത്യവും കലർന്ന പെരുമാറ്റം കൊണ്ട് എല്ലാവരുടെയും 'തിരുമേനി' ആയിരുന്നു അദ്ദേഹം. ആദായനികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അദ്ദേഹത്തോട് ഉണ്ടായിരുന്ന ആദരവും വിശ്വാസവും

ഒന്നു കൊണ്ടു മാത്രമാണ് “തിരുമേനി”യുടെ അപേക്ഷയാണെങ്കിൽ ഇനി കൂടുതലൊന്നും ആലോചിക്കാൻ ഇല്ല എന്ന് ആദായനികുതി കമ്മീഷണർ പോലും പ്രതികരിച്ചത്. അദ്ദേഹം മുന്നിൽ കണ്ടതിൽ നിന്നും പതിന്മടങ്ങ് റിയാക്ട് ഇന്നു പ്രവർത്തിക്കുന്നുവെങ്കിൽ അതിന് ബീജാവാപം ചെയ്യുകയും നിയമാവലി അടക്കം ഉണ്ടാക്കി ശക്തമായ അടിത്തറ ഉണ്ടാക്കുകയും ചെയ്ത അദ്ദേഹത്തിന്റെ സംഭാവന എന്നെന്നും ഓർമ്മിക്കപ്പെടേണ്ടതുതന്നെ

**കുടുംബം**

തൃപ്പൂണിത്തുറ വേലിപ്പറമ്പ് കോവിലകത്തെ ശാരദ തമ്പുരാന്റെയും പട്ടാമ്പി അണ്ടലാടി ദിവാകരൻ നമ്പൂതിരിപ്പാടിന്റെയും മകൾ വൃന്ദാദേവി തമ്പുരാനുമായുള്ള വിവാഹം 1967ൽ നടന്നു. കേരള സർവ്വകലാശാല ഡിപ്പാർട്ടുമെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സിലെ പ്രൊഫസറായിരുന്ന വൃന്ദചേച്ചി തിരുവനനന്തപുരം ക്ഷത്രിയസഭയുടെ വൈസ്പ്രസിഡന്റും കലാസാംസ്കാരികവേദിയുടെ ആദ്യ കൺവീനറുമായി പ്രവർത്തിച്ചിട്ടുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും കുറച്ചുകാലം മുമ്പുവരെ നേതൃത്വം നൽകിയ വൃന്ദചേച്ചി സംഗീതം, സാഹിത്യം, ദൃശ്യകലകൾ എന്നിവയിൽ വിദഗ്ദ്ധയും തികഞ്ഞ സഹൃദയയുമായിരുന്നു. തിരുവാതിരകളി, പ്രഭാഷണങ്ങൾ, കുട്ടികൾക്കുള്ള നാടകങ്ങൾ എന്നിവയെല്ലാം ഏറ്റവും ഭംഗിയായി സംഘടിപ്പിക്കുന്നതിൽ വൃന്ദചേച്ചിയ്ക്കുള്ള കഴിവ് അപാരം തന്നെയായിരുന്നു.

സംഘടനാപ്രവർത്തകൻ എന്ന നിലയിൽ സജീവമായിരുന്നില്ലെങ്കിലും സഭയുടെ എല്ലാ പ്രവർത്തനങ്ങളേയും വിലയിരുത്തുവാൻ വേണ്ട സഹായങ്ങൾ നൽകുവാനും എന്നും മുൻപന്തിയിൽ ഉണ്ടായിരുന്ന, സ്വന്തമായ അഭിപ്രായവും ചിന്താഗതിയുമെല്ലാമുണ്ടായിരുന്ന ഗോദവർമ്മ തന്റെ അഭിപ്രായം ഒരു സങ്കോചവുമില്ലാതെ ഏതു വേദിയിലും വെട്ടിത്തുറന്നു പറയുമായിരുന്നു. സഭയെ ശക്തമായി വിമർശിക്കുന്നതിനോടൊപ്പം അവശ്യഘട്ടത്തിൽ കൈത്താങ്ങായി നില്ക്കുകയും ചെയ്തിരുന്ന നരേന്ദ്രൻ ചേട്ടന്റെ വേർപാട് സഭയെ അക്ഷരാർത്ഥത്തിൽ ദുഃഖത്തിലാഴ്ത്തുക തന്നെ ചെയ്തു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

*സ്വാമി ശരണം*

# റിയാക്ടിന്റെ സഹായഹസ്തം .... എല്ലാവരിലേക്കും



കോവിഡ് മഹാമാരിയിൽ സമ്പാദ്യമെല്ലാം നഷ്ടപ്പെട്ട തിരുവനന്തപുരത്തെ ടാക്സി ഡ്രൈവർ ബി. രാജന് ലോട്ടറി വില്പന നടത്തുന്നതിന് റിയാക്ടിന്റെ സാമ്പത്തിക സഹായമായ 25000 രൂപയുടെ ചെക്ക് പി.കെ. രഘുവർമ്മ കൈമാറുന്നു.




ഓൺലൈൻ പഠനത്തിനായി റിയാക്ട് നൽകിയ മൊബൈൽ ഫോണുമായി തിരുവനന്തപുരം മരപ്പാലം ബണ്ടുറോഡിൽ താമസിക്കുന്ന രാജേഷ്-ശരണ്യ ദമ്പതികളുടെ മകൾ ദുർഗ്ഗ.



ക്ഷത്രിയക്ഷേമ സഭ പിലാത്തറ യൂണിറ്റുവഴി നാരായണൻ എസ്. കെ, കുളപ്രം എന്നയാൾക്ക് കൊടുക്കാനായി) REACT-ൽ നിന്നും അനുവദിച്ച 20000/- രൂപയുടെ ചെക്ക് ഭാര്യാ സഹോദരൻ നാരായണൻ എൻ കെ, യൂനിറ്റ് ട്രഷറർ സി. ജനാർദ്ദനനിൽ നിന്നും ഏറ്റുവാങ്ങുന്നു.



തിരുവനന്തപുരം കാഞ്ഞിരംപാറയിലുള്ള വി. സരളയ്ക്കു വീടിന്റെ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾക്കായി REACT-ൽ നിന്നും അനുവദിച്ച തുകക്കുള്ള ചെക്ക് പി.കെ.രഘു വർമ്മ കൈമാറുന്നു.



# കഥകളി ലോകത്തെ സാത്വിക തേജസ്സ്

ആർ.വി. ശശികുമാർ തമ്പുരാൻ, തൃപ്പൂണിത്തുറ

കഥകളിയിലെ ഒരു മഹാനടൻ കൂടി അരങ്ങൊഴിഞ്ഞു. നെല്ലിയോട് വാസുദേവൻ നമ്പൂതിരി എന്ന നാമം അരനൂറ്റാണ്ടിലേറെക്കാലം കഥകളി വേദികളെ ധന്യമാക്കി.

1940 ഫെബ്രുവരി 5 ന് വിഷ്ണു നമ്പൂതിരിയുടേയും, പാർവ്വതി അന്തർജ്ജനത്തിന്റേയും മകനായി അദ്ദേഹം ഭൂജാതനായി.

സ്കൂൾ വിദ്യാഭ്യാസം വേണ്ട പോലെ ലഭിക്കാൻ സാധിച്ചില്ലെങ്കിലും സ്വപ്രയത്നത്താൽ അദ്ദേഹം സംസ്കൃതത്തിൽ നല്ല വ്യുൽപ്പത്തി നേടി. പുരാണങ്ങൾ വായിച്ച് ഹൃദിസ്ഥമാക്കി. കഥകളിയിലെ ഏതു സംശയത്തിനും മറുപടി നൽകുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. പ്രസിദ്ധനായ സ്ത്രീവേഷക്കാരൻ കോട്ടയ്ക്കൽ ശിവരാമൻ, ഇദ്ദേഹത്തിനെ സ്നേഹപൂർവ്വം "വ്യാസൻ' എന്നാണ് വിളിച്ചിരുന്നത്.

കുട്ടിയായിരിക്കുമ്പോൾ തന്നെ കഥകളിയിൽ അദ്ദേഹത്തിന് വളരെ ഭ്രമമായിരുന്നു. ഇതു മനസ്സിലാക്കിയ കാരണവന്മാർ ഇദ്ദേഹത്തെ വാഴേങ്കട കുഞ്ചുനായരാശാന്റെ സമീപത്ത് കൊണ്ടു ചെന്നാക്കി. അങ്ങിനെ കുഞ്ചു നായരാശാന്റെ ശിഷ്യനായി കഥകളിയിലെ ചിട്ടപ്രധാനമായ വേഷങ്ങൾ ഉൾപ്പെടെ എല്ലാം ചൊല്ലിയാടി ഉറപ്പിച്ചു.

ഗുരുവായ വാഴേങ്കട കുഞ്ചുനായരാശാന്റെ പാത്രബോധ്യവും, ഔചിത്യവും, നെല്ലിയോടിനേയും വളരെ സ്വാധീനിച്ചിട്ടുണ്ട്. തന്റെ രൂപം പച്ചവേഷങ്ങളേക്കാളും താടി



വേഷങ്ങൾക്കാണ് യോജിപ്പ് എന്ന തിരിച്ചറിവ് ഉണ്ടായ അദ്ദേഹം താടി വേഷങ്ങളിൽ ശ്രദ്ധ പതിപ്പിച്ചു. ദുശ്ശാസനൻ, ബാലി, ത്രിഗർത്തൻ, ജരാസന്ധൻ, വീരഭദ്രൻ, കലി, നക്രതുണ്ഡി, സിംഹിക മുതലായ കഥാപാത്രങ്ങളെ അദ്ദേഹം അരങ്ങുകളിൽ അനശ്വരമാക്കി. അരങ്ങിനു പുറത്ത്, നെല്ലിയോടിന്റെ മെലിഞ്ഞ ശരീരവും കൂനിക്കൂടിയുള്ള നടപ്പും കാണുന്ന ഒരാൾക്ക് ഇദ്ദേഹം തന്നെയാണോ അരങ്ങിൽ തകർത്താടുന്നത് എന്ന് ന്യായമായും സംശയം തോന്നും.

ജീവിതത്തിൽ തികഞ്ഞ സാത്വികനായിരുന്നെങ്കിലും അരങ്ങുകളിൽ കൂടുതലും താമസകഥാപാത്രങ്ങളെ അവതരിപ്പിക്കുവാനായിരുന്നു നെല്ലിയോടിന്റെ നിയോഗം. താടിവേഷങ്ങൾക്കും കരിവേഷങ്ങൾക്കും തന്റേതായ ഒരു വ്യാഖ്യാനം കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ബകവധത്തിലെ ആശാരി, അദ്ദേഹത്തിന്റെ മറ്റൊരു പ്രസിദ്ധ വേഷമായിരുന്നു. അപൂർവ്വ സുന്ദരമായ കലാശങ്ങൾ കൊണ്ടും പുതിയൊരു ശരീരഭാഷകൊണ്ടും ആ കഥാപാത്രത്തെ മറ്റൊരു തലത്തിലേയ്ക്ക് ഉയർത്തി അദ്ദേഹം. തന്റെ ഗുരുനാഥൻ കുഞ്ചുനായരാശാന്റെ ഗുരുനാഥനായിരുന്ന ആശാരിക്കോപ്പൻ എന്ന് പുകൾപെറ്റ കോപ്പൻ നായരുടെ സാരസ്യം ആശാരിയിലേയ്ക്ക് നെല്ലിയോടും ആവാഹിച്ചു.

കലാമണ്ഡലം കൃഷ്ണൻ നായരാശാന്റേയും വെള്ളിനേഴി നാണുനായരാശാന്റെയും ബാലിയുടെ കൂടെ സുഗ്രീവൻ, ഗുരു ചെങ്ങന്നൂരാശാന്റെ ഹിരണ്യ കശിപുവിനോടൊപ്പം നരസിംഹം, മാങ്കുളം വിഷ്ണുനമ്പൂതിരിയുടെ ശ്രീകൃഷ്ണനോടൊപ്പം കുചേലൻ, കലാമണ്ഡലം രാമൻകുട്ടി നായരാശാന്റെ രാവണനോടൊപ്പം ബാലി, ദുര്യോധനന്റെ കൂടെ ദുശ്ശാസനൻ തുടങ്ങി നിരവധി താടിവേഷങ്ങൾ അദ്ദേഹം അരങ്ങിൽ സജീവമാക്കിയിട്ടുണ്ട്. കലാമണ്ഡലം ഗോപിയാശാന്റെ രൗദ്രഭീമനും, നെല്ലിയോടിന്റെ ദുശ്ശാസനനും ചേർന്നുള്ള യുദ്ധരംഗം ഒരു കാലത്ത് ആസ്വാദകരുടെ ഹരമായിരുന്നു.

അഗാധമായ പുരാണപരിചയത്തിലൂടെ കഥാപാത്രങ്ങളുടെ ഉള്ളറിയാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

1999 ൽ കലാമണ്ഡലം അവാർഡ്, 2000 ൽ സംഗീത നാടക അക്കാദമി അവാർഡ്, 2001 ൽ കേന്ദ്രസംഗീതനാടക അക്കാദമി



# കവിശ്രീ രമേശൻ നായർ – ഒരു പുണ്യസ്മരണ

കുട്ടി അനിയൻ രാജ, ചെർപ്പുളശ്ശേരി



അക്കിത്തത്തിൻ സഹയാത്രികനായ്
ജീവിത യാത്രയിലുടനീളം
'വാനൊലി'* വാഴ്‌വിൻ ജോലിയെടുത്തിതു
കവിതകൾ തീർത്തു കവികൾ കൂട്ടായ്
പല പല കവിതകൾ ഭാഷയ്ക്കേകീ
പുഷ്ടി വരുത്തീ മലയാളത്തിന്
ഭക്തിതുളുമ്പും കവിതകൾ ഭംഗ്യാൽ
തീർത്തു നല്ലൊരു ഗാനവുമെല്ലാം
സിനിമയ്ക്കായും, സീരിയലിന്നും
പല പല പാട്ടുകൾ തീർത്തല്ലോ
ഉണ്ണിക്കണ്ണനെ മനസ്സിൽ നിനച്ചി-
ട്ടെഴുതി കവിതകൾ ഭക്തർക്കായി
നന്നെ രസിച്ചിതു കണ്ണൻ കേട്ടു
പിന്നെ നല്ലൊരു ഭക്തന്മാരും
ഓട്ടൂർ കവിതകൾ പാരണ ചെയ്തി
ട്ടെഴുതിയ കാവ്യം തന്നെ മഹത്വം
ജന്മപുരാണം സ്വാതീമേഘം നല്ല
തിരുക്കുറൽ ചിലപ്പതികാരം
അഗ്രേകാൺമൂ കൃഷ്ണാ നിന്നെ
എന്നായിങ്ങൊരു മേല്പത്തൂരിനെ
കണ്ടിട്ടെഴുതിയ കാവ്യമഹത്വാൽ
കവിയും നന്നായ് ശോഭിച്ചല്ലോ
ഭാഗവതത്തിൻ തർജ്ജിമ ചെയ്തു
മലയാളത്തിന് അക്കിത്തം താൻ
വിഷ്ണുവിലെത്തീ വൈകുണ്ഠത്തിൽ
ചെന്നു ലയിച്ചൊരു അക്കിത്തത്തെ
പിൻതുടരാനായ് വേഗം തന്നെ
കവിയാം നല്ല രമേശൻ താനും
പ്രാപിച്ചല്ലോ വിഷ്ണുപദത്തിൽ
കൂട്ടായിരുവരുമിപ്പോഴും താൻ
തീർക്കുന്നുണ്ടാം കവിതകൾ നന്നായ്
വൈകുണ്ഠത്തിലിരുന്നും കൊണ്ട്

*ശ്രീകൃഷ്ണാർപ്പണമസ്തു.*

**വാനൊലി–ആകാശവാണി*

അവാർഡ്, 2014 ൽ കേരള സർക്കാരിന്റെ കഥകളി നടനുള്ള അവാർഡ്, 2017 ൽ എൻ.സി.ഇ.ആർ.ടിയുടെ പത്മപ്രഭാ പുരസ്കാരം, തുഞ്ചൻസ്മാരക പുരസ്കാരം, ഗുരുഗോപിനാഥ് കലാകേന്ദ്രം പുരസ്കാരം, തുളസീവനം പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.


കഥകളി നടൻ എന്നതിലുപരി അദ്ദേഹം തികഞ്ഞ ഈശ്വര ഭക്തനുമായിരുന്നു. നിത്യവും സന്ധ്യാവന്ദനം മുടങ്ങാതെ നടത്തി സ്വന്തം ഗൃഹത്തിൽ ഭരദേവതമാർക്ക് നിവേദ്യം സമർപ്പിക്കുക എന്നതും അദ്ദേഹത്തിന്റെ ജീവിതചര്യയിൽ പ്രധാനമായിരുന്നു.

ശ്രീരാമന്റെ അസ്ത്രമേറ്റ് മരിക്കുന്ന ബാലിയുടെ വേഷം അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെട്ട വേഷമായിരുന്നു. ബാലിയുടെ മരണസമയത്തെ പദമായ ''ഗോവിന്ദ മുക്തിം ദേഹീ" എന്ന പദം ചൊല്ലിക്കൊണ്ടാണ് ആ പുണ്യാത്മാവ് ജീവൻ വെടിഞ്ഞത്.

സാത്വികനായ, കഥകളി ലോകത്തെ ഈ പുണ്യാത്മാവിന് ശതകോടി നമസ്കാരം.

*കടപ്പാട്: കഥകളി ആസ്വാദകനും, എന്റെ സുഹൃത്തുമായ രമേശ് തമ്പുരാനോട്.*

# വേദാന്തചിന്താമണികൾ



**കെ.സി. രാമവർമ്മ രാജ,** വലിയരാജ, നീലേശ്വരം

*"പരിഗ്ര്യഹോ ഹി ദുഃഖായ യദ്യുത് പ്രിയതമം നൃണാം*
*അനന്തം സുഖമാപ്നോതി തദ്വി ദ്വാൻ യസ്ത്വകിഞ്ചനഃ"*

*ഭാഗവതം (സ്കന്ധം 11 അദ്ധ്യായം 9 ശ്ലോകം 1)*

*സാരം:*

പ്രിയതരമായിട്ടുള്ളത്, പിന്നീട് ദുഃഖത്തിന്നിടവരുത്തും. അതിനാൽ, ഒട്ടലില്ലാതെ ജീവിക്കുന്നവരാണ്, വിവേവികൾ.

*"ഗാം ദുഗ്ദ്ധദോഹാമസതീം ച ഭാര്യാം*
*ദേഹം പരാധീനമസത് പ്രജാം ച*
*വിത്തം ത്വതീർത്ഥീകൃതമംഗ! വാചം*
*ഹീനാം മയാ രക്ഷതി ദുഃഖദുഃഖി"*

*ഭാ (സ്ക 11- അ11-ശ്ലോ19)*

*സാരം:*

വയ്യാത്ത ഭാര്യ, വഴി തെറ്റിയ മകൻ, കറവ വറ്റിയ പശു, പരസഹായം വേണ്ടുന്ന ശരീരം, പാത്രമറിയാതെ കൊടുത്ത ധനം, ഭഗവാനെ സ്തുതിക്കാത്ത വാക്ക് എന്നിവയെ അനുഭവിക്കുന്ന വ്യക്തി നിത്യദുഃഖിയാണ്.

*'ദ്വാവേവ ചിന്തയാ മുക്തൌ പരമാനന്ദ ആപ്ലുതൌ*
*യോ വിമുഗ്ദ്ധോ ജഡോ ബാലോ യോ ഗുണേഭ്യഃപരംഗതഃ"*

*(ഭാ (സ്ക11-അ9-ശ്ലോ4)*

*സാരം:*

രണ്ട്പേർക്ക് പരമാനന്ദം കിട്ടും. (1) കുട്ടികൾ (2) ഗുണാതീതനായി ഭഗവാനെ ശരണം പ്രാപിച്ച വിവേകികൾ.

*"നൃദേഹമദ്യം സുലഭം സുദുർല്ലഭം*
*പ്ലവം സുകല്പം ഗുരുകർണധാരം*
*മയാനുകൂലേന നഭ സ്വതേരിതം*
*പുമാൻ ഭവാബ്ധിം ന തരേത് സ ആത്മഹാ"*

*ഭാ (സ്കാ11-അ20-ശ്ലോ17)*

*സാരം:*

അപൂർവമായ മനുഷ്യജന്മമെന്ന തോണി ഉണ്ടാക്കുക, ഗുരുവാകുന്ന നാവികനുണ്ടാകുക, ഭഗവാനിലേക്ക് കാറ്റ് അനുകൂലമാക്കുക, എന്നിട്ടും സാംസാര സാഗരത്തെ തരണം ചെയ്യാത്തവർ, ചെയ്യുന്നത് ആത്മഹത്യ തന്നെയാണ്.

*''കൗമാര ആചരേത് പ്രാജ്ഞോ ധർമാൻ ഭാഗവതാനിഹ*
*ദുർല്ലഭം മാനുഷംജന്മ തദപ്യധ്രുവ മർത്ഥദം*
*യഥാ ഹി പുരുഷസ്യേഹ വിഷ്ണോഃ പാദോപ സമർപ്പണം*
*യദേഷ സർവ്വഭൂതാനാം പ്രിയ ആത്മേശ്വരഃ സുഹൃത്."*

*ഭാ (സ്ക 7-അ 6- ശ്ല 1,2)*

*സാരം:*

മനുഷ്യജന്മം വളരെ ദുർല്ലഭമാണ്. നശ്വരമായ ശരീരത്തെ മോക്ഷപ്രാപ്തിക്കായി ഉപയോഗിക്കണം. കുട്ടിക്കളി വിട്ട് ഭാഗവത ധർമ്മത്തെ അനുഷ്ഠിക്കണം. സദാ വിഷ്ണുവിനെ ആശ്രയിക്കുക (ഇത്തരത്തിൽ പ്രഹ്ലാദൻ, മറ്റുള്ള കുട്ടികളെ പറഞ്ഞ് മനസ്സിലാക്കി)

*"അഹോ! ബകീയം സ്തന കാള കൂടം*
*ജിഘാം സയാഽപായയദവ്യ സാധ്വീ*
*ലേ ഭേ ഗതിം ധാത്രു ചിതാം തതോഽന്യം*
*കം വാ ദയാലും ശരണം വ്രജേമ."*

*ഭാ (സ്ക 3-അ2-ശ്ലോ23)*

*സാരം:*

സ്തനങ്ങളിൽ വിഷം പുരട്ടി വന്ന പൂതനയ്ക്ക് പോലും മോക്ഷം കൊടുത്ത ഭഗവാനെയല്ലാതെ മറ്റാരെയാണ് ശരണം പ്രാപിക്കുക?

*"സത്യവൃതം സത്യപരം ത്രിസത്യം*
*സത്യസ്യ യോനീം നിഹിതം ച സത്യേ*
*സത്യസ്യ സത്യ മൃത സത്യ നേത്രം*
*സത്യാത്മകം ത്വാം ശരണം പ്രപന്നാഃ"*

*ഭാ (സ്ക 10- അ 2-ശ്ലോ 26)*

മേലുദ്ധരിച്ച ശ്ലോകം കൊണ്ട്, ഗർഭത്തിലിരിക്കുന്ന ശ്രീകൃഷ്ണനെ ദേവന്മാരും മറ്റും സ്തുതിക്കുകയും ശരണം പ്രാപിക്കുകയും ചെയ്തു.

**ശ്രീമദ് ഭാഗവതത്തിലെ 10 ലക്ഷണങ്ങൾ:**

സർഗ്ഗം, വിസർഗ്ഗം, സ്ഥാനം, പോഷണം, ഊതികൾ, മന്വന്തരം, ഈശാനുചരിതം, നിരോധം, മുക്തി, ആശ്രയം.

രത്നം ചുമക്കുന്ന കഴുതകളെ പോലെയാണ് നാം. നമ്മുടെ ഉള്ളിലുള്ളതും പ്രപഞ്ചത്തെ ഉണ്ടാക്കി നിലനിർത്തുന്നതുമായ ചൈതന്യത്തെ (ബോധം) നാം അറിയുന്നില്ല. അതിന്ന്, ഉൾക്കണ്ണ് വേണം (മൂന്നാം കണ്ണ്)

ബോധത്തിന്റെ ശക്തിയാണ് നമ്മളെ സ്വപ്നത്തിലേക്ക് കൊണ്ട് പോകുന്നതും, പുറത്ത് കൊണ്ട് വരുന്നതും. അതേപോലെതന്നെയാണ്, ജാഗ്രദാവസ്ഥയിൽ ബോധ ചിന്തകളാണ്, ദുഃഖത്തിൽ നമ്മളെ

തള്ളുന്നതും ദുഃഖത്തിൽ നിന്ന് പുറത്ത് കടക്കാൻ സഹായിക്കുന്നതും.

സമബുദ്ധിയുള്ള സംസ്കാരം, മാത്രമേ നമ്മളെ ബോധത്തിലേക്ക് എത്തിക്കാൻ കഴിയൂ. ബോധത്തിൽ ലയിച്ചാലെ, ബ്രഹ്മാനന്ദം കിട്ടുകയുള്ളു. സമബുദ്ധി (സമനില) എന്നത്, ഭഗവദ്ഗീതയിലെ ഒരു പ്രധാന വിഷയമാണ്. 'ഭജഗോവിന്ദ' ത്തിൽ ശ്രീ ശങ്കരാചാര്യർ *"നിശ്ചലതത്ത്വേ ജീവന്മുക്തി"* എന്ന പറഞ്ഞിട്ടുണ്ട്.

യഥാർത്ഥത്തിൽ ആരും ആരേയും കാണുന്നില്ല. ഒരു വ്യക്തി എന്നാൽ, അയാളുടെ ചിന്തയാണ്. (മനസ്സാണ്) കണ്ണുകൾ ക്ക് 'ഞാൻ' എന്ന ചിന്തയെ കാണാൻ പറ്റില്ല.

*അടുത്തു നില്പോരനുജനെ കാണാനക്ഷികളില്ലാത്തോ*

*ർക്കരൂപ നീശ്വര നദൃശ്യനായാലതിലെന്താശ്ചര്യം"*

രൂപമുള്ള ശരീരത്തിലാണ്, രൂപമില്ലാത്ത ഈശ്വരൻ (ബോധം). ഈശ്വരനെ പറ്റി, "ഈശാവാസ്യമിദം സർവ്വം" എന്ന ഒരു ഉപനിഷത് തന്നെ ഉണ്ട്.

ബോധം കഴിച്ച ആഹാരങ്ങളെ ദഹിപ്പിക്കും. എന്നാൽ അത് ആന്തരീകാവയവങ്ങളെ ദഹിപ്പിക്കുന്നില്ല.

'ഓം' എന്ന പരമസത്യത്തെ 'അമെൻ' എന്ന് ക്രിസ്ത്യാനികളും 'അമീൻ' എന്ന് ഇസ്ലാം വിശ്വാസികളും, 'ഷെല്ലോം' എന്ന് ജീസസ് വിശ്വാസികളും, 'ഹം' എന്ന്, പാർസി വിശ്വാസികളും പറയുന്നു. എല്ലാവരുടെയും 'ഉച്ചാരണം', 'ഓം' എന്ന ശബ്ദത്തോട് വളരെ അടുപ്പമുണ്ട്. 'ഓം തത് സത്" എന്നത്, ഭഗവദ്ഗീതയിലെ, ഒരു മന്ത്രമാണ്, (ഗീത അ 17-ശ്ലോ 23) നമ്മളിലുള്ള, 'ബോധ' ത്തെയാണ്, ഇത് സൂചിപ്പിക്കുന്നത്.

വെള്ളത്തിലെ കുമിളകൾ കാറ്റടിക്കുന്നത് വരെയുള്ളു. ജലമാണ് എന്നും ഉള്ളത്. ഇതുപോലെ 'ബോധം' ആണ് എന്നും ഉള്ളത്. മനുഷ്യാവസ്ഥ കുമിളകൾക്ക് തുല്ല്യമാണ്. 'ഭജഗോവിന്ദ'ത്തിൽ ശ്രീ ശങ്കരാചാര്യർ പറയുന്നതിപ്രകാരമാണ്.

*'നളിനി ദളഗത ജലമതിതരളം*
*തദ്വദ് ജീവിതമതിശയചപലം"*

**ഷഡാധാരങ്ങൾ**

(1) മൂലാധാരം (2)സ്വാദിഷ്ഠാനം (3) മണിപൂരകം (4) അനാഹതാ (5) വിശുദ്ധിചക്രം (6) അഗ്നിചക്രം. ഈ ആറ് ആധാരങ്ങളും കടന്ന്, പ്രാണായാമം മൂലം പ്രാണൻ, ആയിരം ദളമുള്ള സഹസ്രാരം തുറന്നാൽ, ജ്ഞാനോദയം ഉണ്ടാകും എന്നാണ് എഴുത്തച്ഛൻ തന്റെ ഹരിനാമകീർത്തനത്തിൽ പറയുന്നത്.

*"പച്ചക്കിളിപ്പവിഴ പാൽ വർണ്ണമൊത്ത നിറ-*
*മിച്ഛിപ്പവർക്ക് ഷഡാധാരം കടന്ന് പരി*
*വിശ്വസ്ഥിതി പ്രളയ സൃഷ്ടിക്ക് സത്ത്വരജ-*
*സ്തമോ ഭേദരൂപ ഹരിനാരായണായനമഃ*
*(ഹരിനാമകീർത്തനം- ശ്ലോകം 9)*

ശ്രീശങ്കരാചാര്യസ്വാമികൾ, അദ്വൈതചിന്തയെ കേവലം അർദ്ധശ്ലോകത്തിൽ ഒതുക്കിയിട്ടുണ്ട്.

*"ബ്രഹ്മസത്യം ജഗന്മിഥ്യാ ജീവോ ബ്രഹ്മൈവ നാപരഃ"*

സാരം:-

ബ്രഹ്മം സത്യമാകുന്നു, ജഗത് മിഥ്യയും ജീവൻ, ബ്രഹ്മം തന്നെ. ബ്രഹ്മവും ജീവനും തമ്മിൽ ഒരു വ്യത്യാസവും ഇല്ല.

ശ്രീരാമൻ ചെയ്തതും, ശ്രീകൃഷ്ണൻ പറഞ്ഞതും അനുകരിക്കാം.

'രാമായണം' ധർമ്മത്തിൽ ഊന്നിയതും 'മഹാഭാരതം' കർമ്മത്തിൽ ഊന്നിയതുമാണ്.

ഭഗവാൻ എന്നെ ഏല്പിച്ചത് തിരിച്ചെടുക്കുമ്പോൾ ഞാൻ, വിഷമിക്കാൻ പാടില്ല. ഇതായിരിക്കണം നമ്മുടെ മനോഭാവം. ആരെങ്കിലും മരിച്ചാൽ, ശരിക്ക് ആരും മരിക്കുന്നില്ല. മരണഭയം വേണ്ട, 'ഞാൻ' എന്നും ഉണ്ട്. അവസ്ഥാ മാറ്റം മാത്രമാണ് നടക്കുന്നത്. ബാല്യാവസ്ഥ നശിക്കുമ്പോൾ, 'ഞാൻ' മരിക്കുന്നില്ല. യൗവ്വനാവസ്ഥ നശിക്കുമ്പോൾ 'ഞാൻ' മരിക്കുന്നില്ല. അത് പോലെ തന്നെ വാർദ്ധക്യാവസ്ഥ നശിക്കുമ്പോൾ 'ഞാൻ' മരിക്കുന്നില്ല. ശരീരമാറ്റം വസ്ത്രമാറ്റം പോലെയാണ്.

കറുത്ത പശുവിന്, പച്ചപ്പുല്ല് കൊടുത്താൽ വെളുത്ത പാൽ കിട്ടും. ഇതാണ് ദൈവം. ഇത് ശ്രീരാമകൃഷ്ണന്റെ നിർവചനമാണ്.

*"ക്ലൈബ്യം മാസ്മഗമഃ പാർത്ഥ!*
*നൈതത്ത്വയ്യുപ പദ്യതേ*
*ക്ഷുദ്രം ഹൃദയ ദൗർബല്യം*
*ത്യക്ത്വോത്തിഷ്ഠ! പരംതപ!"*
*ഗീത (അ 2-ശ്ലോ 3)*

എടോ പാർത്ഥാ, നീ ആണത്തമില്ലായ്മയെ പ്രാപിക്കരുത്. ഇതാണ് ഗീതോപദേശത്തിന്റെ തുടക്കവും കാതലും (essence). ഈ വീക്ഷണ മാറ്റമാണ് എല്ലാവർക്കും വേണ്ടത്.

സാധനകൾ:-

ശമം, ദമം, ഉപരതി, തിതീക്ഷ, ശ്രദ്ധ, സമാധാനം

*(ബ്രഹ്മവിദ്യാപഞ്ചകം ശ്ലോകം 1)*

വലിയ ആൽവൃക്ഷത്തിന്, ചെറിയ കായ, ചെറിയ വള്ളിക്ക് വലിയ കുമ്പളങ്ങ.

പാമ്പ് വിഴുങ്ങിക്കൊണ്ടിരിക്കുന്ന തവള ഒരു പാറ്റയെ ആസ്വദിക്കുന്നതു പോലെയാണ്. നമ്മുടെ ജീവിതം.

*(രാമായണം)*

*"നോ തിര്യഞ്ചം നമർത്ത്യം നച സുരമസുരം*
*ന സ്ത്രിയം നോ പുമാംസം*
*നദ്രവ്യം കർമ്മ ജാതിം ഗുണമപി സഭസ-*
*ദ്വാപി തേ രൂപമാഹുഃ*



# ധർമ്മിഷ്ഠയായ ശർമ്മിഷ്ഠ

**ചന്ദ്രാവലി തമ്പുരാൻ,** തിരുവനന്തപുരം, മൊ: 9947791649

ണിം...ണിം..ണിം....

മൂന്നു തവണ മണിമുഴങ്ങി. തീരുമാനമെടുക്കുവാനുള്ള സമയമായി എന്ന സൂചന. ശർമ്മിഷ്ഠ എന്തോ തീരുമാനിച്ചുറപ്പിച്ച പോലെ മഞ്ചത്തിൽ നിന്നെഴുന്നേറ്റു. ആദ്യത്തെ രണ്ടുമണികൾ മുഴങ്ങിയപ്പോൾ ഉണ്ടായിരുന്ന മനശ്ചാഞ്ചല്യം നിശ്ശേഷം മാറിയിരിക്കുന്നു. തന്റെ ഭാവി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞു. ഇനിയതിന് മാറ്റമില്ല.

സമയം സന്ധ്യയാകുന്നതേയുള്ളു. ശർമ്മിഷ്ഠ വാതായനത്തിനു സമീപം നിന്നു. ആകാശത്തിൽ അവിടവിടെയായി ചില നക്ഷത്രങ്ങൾ കൺചിമ്മുന്നുണ്ട്. ചന്ദ്രൻ ഇനിയും ഉദിച്ചിട്ടില്ല. മാളികയ്ക്കു സമീപത്തായി താൻ നട്ടു വളർത്തിയ പവിഴമല്ലിയിൽ ധാരാളം പൂക്കൾ വിരിഞ്ഞിരിയ്ക്കുന്നു. അവയിൽ നിന്നും മാദകസുഗന്ധം വഹിച്ചുള്ള മന്ദമാരുതൻ വാതായനത്തിലൂടെ വീശിയിരുന്നു. മുല്ലക്കാടുകളിൽ നിന്നുള്ള സുഗന്ധവും! വസന്തർതു ആയതിനാൽ ഉദ്യാനത്തിൽ ധാരാളം പുഷ്പങ്ങൾ വിരിഞ്ഞിരിയ്ക്കുന്നതും കാണാം. ഉല്ലാസപ്രദമായ അന്തരീക്ഷമാകേണ്ടതാണെങ്കിലും ശർമ്മിഷ്ഠ വിഷണ്ണയാണ്.

പുറകിൽ കാൽപ്പെരുമാറ്റം കേട്ട അവൾ തിരിഞ്ഞുനോക്കി. ഗംഗു അമ്മാ തന്റെ പ്രിയ ധാത്രി! വിഷണ്ണമായ മുഖത്തോടെ പറഞ്ഞു: "മഹാരാജാവ് എഴുന്നള്ളുന്നു"! ഉത്സാഹമില്ലാത്ത സ്വരത്തിൽ അവർ പറഞ്ഞു തീരും മുമ്പെ മഹാരാജാവ് വാതിൽക്കൽ എത്തി. തന്റെ തീരുമാനമറിയുവാനുള്ള ആകാംക്ഷ കാരണമായിരിക്കാം ഇങ്ങോട്ടു വന്നത്. അല്പം പരിഭ്രമത്തോടെ അവൾ ചെന്ന് അച്ഛനെ വന്ദിച്ചു. അവളെച്ചേർത്തു പിടിച്ചു വിളിച്ചു "ശമേ..." അദ്ദേഹത്തിന്റെ സ്വരത്തിൽ വിറയൽ വ്യക്തമായിരുന്നു.

ആസനസ്ഥനായ അച്ഛന്റെ കാൽച്ചുവട്ടിലിരുന്ന് ശർമ്മിഷ്ഠ പറഞ്ഞു. "അച്ഛാ ഞാൻ ദേവയാനിയുടെ ദാസിയായി യയാതി മഹാരാജാവിന്റെ കൊട്ടാരത്തിൽ പോകുവാൻ തയ്യാറാണ്."

വൃഷപർവ്വാവ് മറുപടി പറയുവാൻ വാക്കുകളില്ലാതെ പതറി. തന്റെ ഓമന മകൾ ദാസിയായി മറ്റൊരു കൊട്ടാരത്തിലേയ്ക്കു പോകുക! ഓർക്കുമ്പോൾ തന്നെ മനസ്സ് ദു:ഖതപ്തമാകുന്നു. താൻ അവളെ അവിടെ പട്ടമഹിഷിയായി കാണുവാൻ എത്ര ആഗ്രഹിച്ചതാണ്. ശർമ്മിഷ്ഠയുമായുള്ള വിവാഹബന്ധത്തിന് യയാതിയും ഉത്സുകനാണെന്ന് ചാരന്മാർ വഴി മനസ്സിലാക്കിയിരുന്നു. ഒരു പക്ഷേ ശർമ്മിഷ്ഠയെ ഒരു നോക്കു കാണുവാനുള്ള ശ്രമമെന്ന നിലയ്ക്കായിരിക്കാം അദ്ദേഹം തന്റെ കൊട്ടാരത്തിനു സമീപം വന്നത്!

ഉത്തരം പറയാൻ വിഷമിച്ചിരിക്കുന്ന അച്ഛനോട്, ശർമ്മിഷ്ഠ വിശദീകരിച്ചു. "അച്ഛാ, ഞാനൊരാൾ ദാസിയായിപ്പോയാൽ നമ്മുടെ രാജ്യം രക്ഷപ്പെടുമല്ലോ. ഇല്ലെങ്കിൽ ദേവയാനിയുടെ പിടിവാശി കാരണം ശുക്രാചാര്യർ നമ്മുടെ കൊട്ടാരം ഉപേക്ഷിച്ചുപോകും. അത് പല പല ദുരന്തങ്ങൾക്കും കാരണമാകും. ഞാനൊരുത്തി കഷ്ടപ്പെട്ടാൽ മതിയല്ലോ. രാജ്യത്തിന്റെ ശോഭനമായ ഭാവിയല്ലേ നാം ചിന്തിയ്ക്കേണ്ടത് വ്യക്തികളുടെ സുഖവും സൗകര്യവും രാജ്യത്തിന്റെ ക്ഷേമത്തിനു മുമ്പിൽ തുച്ഛമല്ലേ! മാത്രമല്ലാ, യയാതി മഹാരാജാവ് ധർമ്മിഷ്ഠനാണ്. യഥോചിതം പ്രവർത്തിയ്ക്കുമെന്ന് എനിയ്ക്ക് ഉറപ്പുണ്ട്. യയാതിയെക്കുറിച്ച് തന്റെ മകളുടെ മനസ്സിലുള്ള ആഭിമുഖ്യം, ആരാധന വൃഷപർവ്വാവ് ആ വാക്കുകളിൽ നിന്നും വായിച്ചറിഞ്ഞു.

→

---

*ശിഷ്ടം യത്സ്യാന്നിഷേധേ സതി നിഗമശതൈർ*
*ലക്ഷണാവൃത്തി തസ്തത്*
*കൃച്ഛ്രേ ണാവേദ്യമാനം പരമ സുഖമയം*
*ഭാതി തസ്മൈ നമസ്തേ."*
*നാരായണീയം (ദശകം 98-ശ്ലോ 3)*

*സാരം:*

നേതി നേതി പ്രക്രിയയിലൂടെ ബാക്കിയാകുന്ന ആ ഒന്നാണ് ഭഗവാനെ അവിടുത്തെ സ്വരൂപം. അങ്ങിനെ വിളങ്ങുന്ന അങ്ങയ്ക്ക് നമസ്ക്കാരം.

*"മൂകം കരോതി വാചാലം*
*പങ്ഗും ലംഘയതേ ഗിരിം*
*യത് കൃപാ തമഹം വന്ദേ പരമാനന്ദമാധവം"*
*(ഗീതാധ്യാനം)*

*സാരം:*

മിണ്ടാൻ വയ്യാത്തവനെ, വാഗ്മിയും മുടന്തനെ മല കയറാൻ സമർത്ഥനും ആക്കുന്ന മാധവനെ ഞാൻ വന്ദിക്കുന്നു.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

ശർമ്മിഷ്ഠയുടെ ഭാവിതീരുമാനത്തെക്കുറിച്ച് അത്യന്തം വിഷാദം തോന്നിയെങ്കിലും അവളുടെ ധർമ്മചിന്തയിൽ അദ്ദേഹം അഭിമാനം പൂണ്ടു. വിവരം ശുക്രാചാര്യരെ അറിയിക്കുവാനായി ശർമ്മിഷ്ഠയോടൊപ്പം 'ബ്രഹ്മമഠ'ത്തിലേക്കു പോയി.

മുൻവശത്ത് ഒരു സേവകൻ ദർഭപ്പുല്ലുകൾ മുറിച്ച് ഒരുക്കിക്കൊണ്ടിരുന്നു. സന്ധ്യ കഴിഞ്ഞ സമയമായതിനാൽ ആചാര്യർ. 'തേവാര'ത്തിന്റെ തിരക്കിലായിരിക്കുമോ എന്ന ശങ്ക ഇല്ലാതിരുന്നില്ല. ആചാര്യനെ കാണുവാൻ സൗകര്യമാണോ? സേവകനോടു തിരക്കി.

മഹാരാജാവിന്റെ ചോദ്യം കേട്ട സേവകൻ എഴുന്നേറ്റു. മറുപടി പറയുന്നതിനു മുമ്പായിതന്നെ ശുക്രാചാര്യർ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. തന്നെ വന്ദിച്ച രാജാവിനേയും പുത്രിയേയും അദ്ദേഹം അകത്തേയ്ക്കാനയിച്ചു. ഏവരും ആസനസ്ഥരായി. ഔപചാരികമായ കുശലപ്രശ്നങ്ങൾക്കു ശേഷം മഹാരാജാവ് പറഞ്ഞു. "മഹാത്മൻ! നാളെ അഭിജിത് മുഹൂർത്തത്തിൽ അവിടുത്തെ പുത്രിയുടെ വിവാഹത്തിന് എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ട്. ചടങ്ങിനു ശേഷം യയാതി മഹാരാജാവിന്റെ കൊട്ടാരത്തിലേയ്ക്കു പോകുന്ന ദാസിമാരുടെ കൂട്ടത്തിൽ ശമയും ഉണ്ടായിരിക്കും".

ശുക്രാചാര്യരുടെ മുഖത്ത് മ്ലാനത പടർന്നു. മകളുടെ ഈ കടുംപിടിത്തത്തിൽ അദ്ദേഹം അത്യന്തം അസന്തുഷ്ടനായിരുന്നു. മറുവശത്തെ വാതിലിനു സമീപത്തു നിന്നിരുന്ന ദേവയാനിയുടെ മുഖത്ത് ജേതാവിന്റെ മന്ദഹാസം!

"രാജ്യത്തിന്റെ ശ്രേയസ്സിന് ഒരു വ്യക്തി സ്വന്തം സുഖങ്ങൾ ത്യജിയ്ക്കുന്നതാണല്ലോ ധർമ്മം. ദേവയാനിയുടെ അഭിപ്രായത്തിന് മാറ്റമൊന്നുമില്ലെങ്കിൽ ശർമ്മിഷ്ഠ, രാജകീയ ദമ്പതിമാരെ അനുഗമിയ്ക്കുന്ന ദാസികളിൽ ഒരുവളായിരിക്കും". രാജാവ് ആവർത്തിച്ചു.



ശുക്രാചാര്യരെ നമസ്ക്കരിച്ച് വൃഷപർവ്വാവും പുത്രിയും സ്വന്തം കൊട്ടാരങ്ങളിലേയ്ക്കുപോയി.

ഉറങ്ങാൻ കിടന്ന ശർമ്മിഷ്ഠ അത്യന്തം ചിന്താമഗ്നയായിരുന്നു. രാജകുമാരി എന്ന നിലയിൽ തന്റെ അവസാനത്തെ രാത്രി! നാളെ മറ്റൊരു കൊട്ടാരത്തിൽ നിരവധി ദാസിമാരിലൊരുവൾ! തനിയ്ക്കുള്ളതെന്തും തട്ടിപ്പറിയ്ക്കുക എന്നത് ദേവയാനിയുടെ 'സ്വ' ഭാവമാണ്. ഇന്നിതാ താൻ പ്രതിശ്രുതവരനായിക്കണ്ട യയാതി മഹാരാജാവിനേയും! കഴിഞ്ഞ സംഭവങ്ങൾ മനസ്സിൽ ഒന്നൊന്നായി പൊന്തിവന്നു.

ദേവയാനി തന്റെ ബാല്യകാല സഖിയാണ്. വയസ്സിൽ അൽപം മൂപ്പുകൂടും; പിന്നെ ആചാര്യപുത്രി, ബ്രാഹ്മണകുലജാത– ഈ നിലയ്ക്കെല്ലാം എപ്പോഴും മേൽക്കോയ്മ നടിച്ചിരുന്നു. ശുക്രാചാര്യരും പത്നി ഊർജ്ജസ്വതിയും അതീവ ലാളനയോടെ വളർത്തിയ തന്നിഷ്ടക്കാരിയായ മകൾ! രാജകുമാരി എന്ന നിലയിൽ തനിയ്ക്കുണ്ടായിരുന്ന സൗഭാഗ്യങ്ങളിൽ അസൂയ പുലർത്തിയവൾ. തനിയ്ക്കു കിട്ടിയിരുന്ന എന്തും പുതുവസ്ത്രങ്ങളും ആഭരണങ്ങളും കളിപ്പാട്ടങ്ങളുമെല്ലാം കൈവശമാക്കാൻ പ്രത്യേകം 'ദു' സ്സാമർത്ഥ്യക്കാരി. അതിൽ താൻ വിഷമിച്ചാൽ, ദേഷ്യപ്പെട്ടാൽ അമ്മ പറയും, "ശർമ്മേ, അവൾ ആചാര്യപുത്രിയാണ് അവളെ പിണക്കരുത് ട്ടോ."അതുകൊണ്ട് പലതും താൻ സഹിച്ചു. കഴിഞ്ഞ വസന്തോത്സവത്തിന് അമ്മാമൻ സമ്മാനിച്ച ആ കസവുകരയുള്ള വില്ലീസ് കുപ്പായം കണ്ട ഉടനെ കൈക്കലാക്കിയിരുന്നു. അതുമായിട്ടാണ് ദേവയാനി ജലക്രീഡയ്ക്കു വന്നത്. അതിന്നിടയിൽ മുകളിലൂടെ ശ്രീപരമേശ്വരൻ പാർവ്വതീസമേതനായി പോകുന്നതുകണ്ട്, താൻ കരയ്ക്കു കയറി അബദ്ധവശാൽ ദേവയാനി വച്ചിരുന്ന തന്റെ വില്ലീസ് കുപ്പായമെടുത്തു ധരിച്ചു. തന്റെ ഉപബോധമനസ്സിൽ ആ ഉടുപ്പിനോട് ആകർഷണം തോന്നിയോ എന്തോ! അതിൽ കുപിതയായ ദേവയാനി എന്തെല്ലാം ശകാരവാക്കുകളാണ് ചൊരിഞ്ഞത്! ആ ഉടുപ്പ് അഴിച്ചെടുക്കുവാൻ ശ്രമിച്ചപ്പോൾ താൻ ഓടി. ദേവയാനി താൻ വച്ചിരുന്ന വസ്ത്രം ഉടുക്കാതെ തന്നെ തന്റെ പിന്നാലെയും. വഴിയിൽ അവൾ ഒരു പൊട്ടക്കിണറ്റിൽ അബദ്ധത്താൽ വീണത് താൻ തള്ളിയിട്ടിട്ടാണുപോലും! അതുവഴി വന്ന യയാതി മഹാരാജാവ് പൊട്ടക്കിണറ്റിൽ നിന്നും ശബ്ദം കേട്ടു. നോക്കിയപ്പോൾ അതിന്നകത്തൊരു നഗ്നകന്യക! സ്വന്തം ഉത്തരീയം നൽകി രാജാവ് അവളെ കൈപിടിച്ച് കയറ്റി. അദ്ദേഹം യയാതി മഹാരാജാവാണെന്നു മനസ്സിലാക്കിയ ദേവയാനി അദ്ദേഹത്തിന്റെ കൈകൾ വിടുവാൻ വിസമ്മതിച്ചു. "അവിടുന്നെന്നെ പാണിഗ്രഹണം ചെയ്തിരിക്കുന്നു" എന്ന ന്യായത്തിൽ.

ശുക്രാചാര്യരുടെ പുത്രി ദേവയാനിയാണ് അതെന്നു മനസ്സിലാക്കിയ യയാതി പരിഭ്രാന്തനായി. ഈ പ്രതിലോമ വിവാഹത്തിന് ക്ഷിപ്രകോപിയായ ആചാര്യന്റെ പ്രതികരണം എന്തായിരിക്കും!

പ്രതീക്ഷിച്ചതിനു വിപരീത

മായി, ശുക്രാചാര്യർ സന്തുഷ്ട നായി കാണപ്പെട്ടു. മൃതസഞ്ജീവിനി വിദ്യ പഠിയ്ക്കുവാൻ വന്ന ദേവൻ കചന്റെ ശാപം മൂലം ബ്രാഹ്മണരാരും ദേവയാനിയെ വിവാഹം കഴിയ്ക്കുകയില്ല. അങ്ങിനെയിരിയ്ക്കെ ഇതിലും മെച്ചപ്പെട്ട ഒരു ബന്ധം സാധ്യമല്ലല്ലോ.

ശർമ്മിഷ്ഠയും ദേവയാനിയും തമ്മിലുള്ള കലഹമൊന്നും ശുക്രാചാര്യർ സാരമാക്കിയില്ല. പക്ഷേ ദേവയാനി വിട്ടില്ല."ഞാൻ യയാതി മഹാരാജാവിന്റെ പട്ടമഹിഷിയായിപ്പോകുമ്പോൾ ശർമ്മിഷ്ഠ ദാസിയായി എന്നെ അനുഗമിയ്ക്കണം." അവർ നിർബന്ധിച്ചു. ഇല്ലെങ്കിൽ ശുക്രാചാര്യർ പൗരോഹിത്യം ഉപേക്ഷിച്ച് പോകും പോലും."


അധാർമ്മികമായ ഈ നിർബന്ധം ശുക്രാചാര്യർക്ക് അരോചകമായിരുന്നെങ്കിലും ദേവയാനി അദ്ദേഹത്തിന്റെ ഒരു ദൗർബല്യമായിരുന്നു.

അച്ഛൻ ധർമ്മസങ്കടത്തിലായിരുന്നു. മറ്റൊരു പുരോഹിതനെ തേടി കണ്ടുപിടിയ്ക്കാമല്ലോ. അമ്മ നിർദ്ദേശിയ്ക്കായ്കയില്ല. പക്ഷേ ശുക്രാചാര്യർക്കു പകരം നിൽക്കുവാൻ യോഗ്യനായ മറ്റൊരു ആചാര്യനെ കിട്ടുക അസാദ്ധ്യമെന്നുതന്നെ വേണം കരുതുവാൻ. "സാഗര: സാഗരോപമ:" എന്ന നിലയിൽ മഹാൻ! അല്ലെങ്കിൽ തന്നെ ദേവന്മാർ വിഷ്ണു ഭഗവാന്റെ സഹായത്തോടെ മേൽക്കോയ്മ സ്ഥാപിച്ചിരിക്കുന്നു. വേണ്ട, രാജ്യം രക്ഷപ്പെടട്ടെ! താൻ ദാസിയായിപ്പോകുക മാത്രമാണൊരു പോംവഴി. മഹാദേവനെ മനസ്സിൽ സ്മരിച്ചു. അവിടുത്തെ എത്ര ഉപാസന ചെയ്തിരിക്കുന്നു. ഒരു ദുർബല നിമിഷത്തിലെ മനശ്ചാഞ്ചല്യത്തിന്റെ ഫലം! ഭഗവാൻ രക്ഷിക്കാതിരിയ്ക്കില്ല. ചിന്തകൾക്ക് കടിഞ്ഞാണിടുവാനായ് അവൾ ശിവനാമം ജപിച്ചു കൊണ്ടേയിരുന്നു. പതുക്കെ നിദ്രയിലേക്ക് വഴുതിവീണു.

പിറ്റേന്ന് യയാതി മഹാരാജാവുമായി ദേവയാനിയുടെ വിവാഹം ആഘോഷപൂർവ്വം നടന്നു. സഖി എന്ന നിലയ്ക്ക് ശർമ്മിഷ്ഠ മനസ്സിലെ വിങ്ങലിനെ ഒതുക്കി ഉത്സാഹപൂർവം പങ്കെടുത്തു. ചടങ്ങുകൾ കഴിഞ്ഞ് വരന്റെ ഗൃഹത്തിലേക്കു യാത്ര പുറപ്പെടുന്നതിനുമുമ്പായി അവൾ തന്റെ സ്ഥാനമാറ്റത്തിന് തയ്യാറായി. കൊട്ടാരം 'വിചാരിപ്പ്' ദാസികൾക്കായുള്ള വസ്ത്രങ്ങൾ വിതരണം ചെയ്യുവാൻ തുടങ്ങിയിരുന്നു. ശർമ്മിഷ്ഠ വരിയിൽ നിന്ന് അതുവാങ്ങി, യാന്ത്രികമായി വസ്ത്രങ്ങൾ നൽകിയിരുന്ന അയാൾ രാജാകുമാരിയെ ശ്രദ്ധിച്ചില്ല. ശർമ്മിഷ്ഠ തന്റെ ദാസീവേഷത്തിൽ അച്ഛനമ്മമാരോട് യാത്ര പറയുവാൻ പോയി. രാജ്ഞി പൊട്ടിക്കരഞ്ഞു. വസ്ത്രങ്ങളും ആഭരണങ്ങളും അടങ്ങിയ ഒരു ചെറിയ പെട്ടി ശർമ്മിഷ്ഠയ്ക്കു കൊടുത്തപ്പോൾ അവൾ അത് സ്നേഹപൂർവം നിരസിച്ചു. "അമ്മേ, ഒരു ദാസിയ്ക്കെന്തിനാ പട്ടുവസ്ത്രങ്ങളും ആഭരണങ്ങളും?" അച്ഛനമ്മമാരുടെ അനുഗ്രഹം വാങ്ങിയപ്പോൾ വികാരഭരിതയാകാതിരിക്കാൻ പ്രത്യേകം ശ്രമിച്ചു. വരന്റെ ഘോഷയാത്ര സംഘത്തിൽ ഒരു ദാസിയായി തന്റെ മകൾ രാജകുമാരി പോകുന്നത് നിറകണ്ണുകളോടെ നോക്കിനിന്നു. തന്റെ ധർമ്മം അനുഷ്ഠിക്കുന്നു എന്ന ദൃഢവിശ്വാസത്തിൽ വിക്ഷോഭം പ്രകടിപ്പിക്കാതെ അച്ഛനമ്മമാരോടും കൊട്ടാരത്തോടും സ്വജനങ്ങളോടും യാത്ര പറഞ്ഞ് രാജകീയ ദമ്പതികളെ അനുഗമിച്ചു. *(തുടരും)*

*ശ്രീകൃഷ്ണാർപ്പണമസ്തു.*


**കരിവെള്ളൂർ ക്ഷത്രിയ ക്ഷേമസഭ ഭാരവാഹികൾ**



**പി. എം. സുബ്രഹ്മണ്യൻ**
പ്രസിഡന്റ്
മൊ : 9447784778



**ടി. എം. ശ്രീകുമാർ**
സെക്രട്ടറി
മൊ : 9495870097



**എൻ. കെ.കെ. ഉണിത്തിരി**
ട്രഷറർ
മൊ : 9747089159.

# പ്രാർത്ഥന

ഡോ. കെ.എൻ. മല്ലിനാഥൻ, ചേർത്തല

(1992 മുതൽ ഏതാണ്ട് രണ്ടുകൊല്ലത്തോളം കഴുത്തിനു താഴെ അനക്കമില്ലാതെ സ്പർശന ജ്ഞാനമില്ലാതെ പൂർണ്ണ ശയ്യാവലംബിയായി കിടക്കുമ്പോഴാണ് ഈ പ്രാർത്ഥന ചൊല്ലിയത്. മകൻ മനുവാണ് ഇതു കടലാസിലേക്കു പകർത്തിയത്. തുടർന്ന് പൂർണ്ണആരോഗ്യവാനാകുകയും 2008-ൽ അദ്ദേഹം ഭൂമിയോടു വിടപറയുന്നതുവരെ ആതുരസേവനത്തിലും എഴുത്തിലും തന്നെയല്ല കൃഷിയിലും വളരെ സന്തോഷത്തോടെ വ്യാപൃതനാകുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പല ലേഖനങ്ങളും 'ക്ഷാത്രസന്ദേശ'ത്തിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്)



ഇല്ലാ വേറെയൊരാശ്രയം ഭവതിതൻ പാദാരവിന്ദങ്ങൾ ര-
ണ്ടല്ലാതെ തിരുവാരനാട്ടുമരുവും ദേവീ ജഗന്നായികേ
എല്ലാ രോഗവുമെന്നിൽ നിന്നുമൊഴിവായ്ത്തീരേണമേ കാത്തുകൊൾ-
കെല്ലാക്കാലവുമേഴയാമടിയനെ കാരുണ്യവാരാന്നിധേ!

തൊട്ടാലൊട്ടറിയുന്നതില്ലിവനുടൽ മൂടും വെറുംഭൂഷയീ
മട്ടെൻ ചർമ്മ, മതിൽ നിരായുധരുമീകോശങ്ങളാം സൈനികർ
ഒട്ടും ബാധയെഴാതെ കാത്തരുളിനീയെന്നുത്തമാംഗത്തിനെ
മുട്ടാതെ തവകീർത്തനങ്ങൾ ചൊരിയാൻ നാവും കെടാതുണ്ടതിൽ



കഷ്ടം കയ്യിളകാതെയായി കഴലും പെട്ടെന്നിതാമേനിയും നി-
ശ്ശേഷ്ടം! ജാഡ്യഹിമക്കയത്തിനകമാണ്ടാകണ്ഠമെൻ ദേവിയെ
സാഷ്ടാംഗം പ്രണമിക്കുവാൻ കഴിവുമെൻ ദേഹത്തിനീ ത്വക്കു തൻ
നഷ്ടസ്പർശനമബോധവും തിരികെ നീ നൽകുന്നതെന്നാണിനി?

ഭക്ത്യാകൂപ്പുവതിന്നു പോലുമെളുതല്ലെൻ കയ്യിനെന്നാകുകിൽ
ഭക്തർക്കൊക്കെ ശരണ്യയാം ഭവതിതൻ ദാസർക്കു കീർത്തിപ്രദം
ശക്തീദേവി കൊളുത്തുകെന്റെ തനുവിൽ ചൈതന്യവും ശാന്തിയും
മുക്താമാല കണക്കു കോശമഖിലം മിന്നിത്തിളങ്ങീടണം.

ഏതെല്ലാം ദിശയിങ്കൽ നിന്നിവിടെവന്നെത്തുന്നു മാലോകർ നിൻ
ചേതോമോഹനമായ രൂപമരികെക്കണ്ടൊന്നു കയ്കൂപ്പുവാൻ
ഏതും ഭേദമെഴാതെ വാരിവിതറും നീ, വാരനാട്ടംബികേ
പൂതാനുഗ്രഹമാരിലും കനിയണം വൈകാതെ നീ, എന്നിലും

തള്ളട്ടെ ധനലക്ഷ്മിയെന്നെ, മനുജൻ നേടാൻ കൊതിച്ചീടുമാ-
റുള്ള സ്ഥാനവലിപ്പവും, പദവിയും, സൗഭാഗ്യവും പ്രൗഢിയും
എള്ളോളം ഹൃദി ഖേദമില്ലതിലെനിയ്ക്കുള്ളിൽ സ്ഥിരം നീ നില-
ക്കൊള്ളുന്നെങ്കിലനുഗ്രഹാമൃതമഹാവർഷം ചൊരിഞ്ഞീടുകിൽ

എന്നോ ചെയ്തൊരു കന്മഷത്തിനിവനെശ്ശിക്ഷിയ്ക്കയാണീവിധം
എന്നോർക്കുന്നു, പൊറുത്തു സർവ്വവുമെനിക്കമ്പോടുമാപ്പേകണം
എന്നോടെന്തിനു കർക്കശത്വമിതുപോൽ ഈ രോഗകാരാഗൃഹം
തന്നിൽനിന്നു മെനിയ്ക്കു മോചനമുടൻ നല്കേണമെന്നീശ്വരി.

കൈവേണം മരണം വരെ ഭവതിയെ പൂജിയ്ക്കുവാൻ കെല്പുമായ്
മെയ്വേണം പ്രണമിയ്ക്കുവാൻ കഴിവുമായ് സാഷ്ടാംഗമക്കാൽകളിൽ
എൻ വാക്കൊക്കെയുമെൻ പ്രവർത്തികളുമെന്നാളും തവാരാധന
ചെയ്വാനുള്ള സുമങ്ങളാക്കുവതിനായ് സാധിയ്ക്കുമാറാകണം. ●

# വൈകി സംസാരിക്കുന്ന കുട്ടികൾ – നിങ്ങൾ അറിയേണ്ടതെല്ലാം.



**ആർ. മായാവർമ്മ, മണിപ്പാൽ,** മൊ. 7483261909

ഒന്നരവയസ്സുള്ള ഒരു കുട്ടി തന്റെ ദൈനംദിന സംഭാഷണത്തിൽ രണ്ടു വാക്കുകളെങ്കിലും ചേർത്തു സംസാരിക്കുന്നില്ലെങ്കിൽ (ഉദാ: "അമ്മാ... വരു" "വെള്ളം... വേണം" മുതലായവ) ആ കുട്ടിയെ നമുക്ക് വൈകി സംസാരിക്കുന്ന കുട്ടികളുടെ ഗണത്തിൽ പെടുത്താം. ഈ വിഭാഗത്തിൽ പെടുന്ന കുട്ടികളുടെ എണ്ണം അടുത്തകാലത്തായി ഇന്ത്യയിൽ വർദ്ധിച്ചിട്ടുണ്ട്. കുട്ടി വൈകി സംസാരിക്കുന്നതിന് കാരണങ്ങൾ ഏറെയാണ്. പ്രോത്സാഹനക്കുറവ്, കേഴ്‌വിക്കുറവ്, ആശയവിനിമയ വൈകല്യം, പേശികളുടെ പ്രവർത്തനമില്ലായ്മ, ശീല പ്രകൃതത്തിലുള്ള വൈരുദ്ധ്യം, തുടങ്ങിയവ അവയിൽ ചിലതാണ്. "ഞാൻ വൈകി സംസാരിച്ചയാളാണ് അതുകൊണ്ട് കുട്ടിയും അങ്ങനെ", ചില കുട്ടികൾ വൈകിയേ സംസാരിക്കൂ", ''ആൺകുട്ടികൾ പൊതുവേ വൈകി സംസാരിക്കുന്നവരാണ്, നമുക്ക് കാത്തിരിക്കാം." "ദൈവത്തോട് പ്രാർത്ഥിക്കാം." "പോഷകാഹാരക്കുറവ് കുട്ടികളുടെ സംസാരത്തെ ബാധിച്ചിട്ടുണ്ട്..." എന്നിങ്ങനെ പറയുന്ന കാരണങ്ങളെല്ലാം മിഥ്യാധാരണകളാണ്. കുട്ടിയുടെ സംഭാഷണവിഷയത്തിൽ വ്യത്യസ്തമായ ചിന്തയും പ്രവൃത്തിയുമാണ് രക്ഷകർത്താക്കളിൽ ഉണ്ടാകേണ്ടത്.

*വൈകി സംസാരിക്കുന്ന കുട്ടിയാണോ എന്ന് എങ്ങനെ അറിയാം.*

ജനനം മുതൽ കുട്ടി സംസാരിക്കുന്നുണ്ട്. "കുട്ടിയുടെ ആ കരച്ചിൽ കേട്ടോ? വിശന്നിട്ടാണ്" എന്ന് നമ്മുടെ വീട്ടിലെ പ്രായമായവർ പറയുന്നത് കേട്ടിട്ടില്ലേ? വിശക്കുമ്പോൾ, ഉറക്കം വരുമ്പോൾ അസ്വസ്ഥതയുള്ളപ്പോൾ, വ്യത്യസ്ത രീതിയിൽ കുട്ടികൾ കരയും. കുട്ടിയോടൊപ്പം സമയം ചിലവിടുന്ന രക്ഷകർത്താവിന് ഈ വ്യത്യസ്ത കരച്ചിൽ രീതികൾ തിരിച്ചറിയാൻ കഴിയും. "ആ.... എന്ന ഉച്ചത്തിൽ അലറുകയോ, സംസാരിക്കാൻ ശ്രമിക്കുന്ന ഭാവത്തിൽ ''ബാ.... ബോ..." "മോ.. അംബോ.." എന്നിങ്ങനെ ശബ്ദം പുറപ്പെടുവിക്കുകയോ ചെയ്ത് സന്തോഷവാനായിരിക്കുന്ന കുട്ടിയിൽ നിന്നും വരുന്ന ശബ്ദം വളർച്ചയുടെ ഭാഗമായി നമുക്ക് കണക്കാക്കാം. കൂടുതൽ അടുക്കുമ്പോൾ ഇപ്രകാരം ശബ്ദം കൊണ്ടുള്ള വിനോദം വർദ്ധിക്കുകയും ചെയ്യും. സാധാരണ ഗതിയിൽ വളരുന്ന കുട്ടി ഒരു വയസാകുമ്പോഴേക്കും ആദ്യത്തെ വാക്കു സംസാരിക്കുമെന്ന് ഒരു രക്ഷകർത്താവ് എന്ന നിലയിൽ മനസ്സിലാക്കുക. ഇവിടെയാണ് വൈകി സംസാരിക്കുന്ന കുട്ടിയാണോ എന്ന അടിസ്ഥാനപരമായ ചോദ്യത്തിന്റെ പ്രസക്തി. ഒന്നര വയസു പ്രായമായ ഒരു കുട്ടി. "അമ്മ" അഥവാ "മമ്മാ' പോലെ ആദ്യത്തെ വാക്ക് സംസാരിക്കുന്നില്ലെങ്കിൽ, വൈകി സംസാരിക്കുന്ന കുട്ടിയാണെന്ന് മനസ്സിലാക്കുക.

*വൈകി സംസാരിക്കുന്ന കുട്ടിയാണെന്ന് തിരിച്ചറിഞ്ഞാൽ എന്തു ചെയ്യണം?*

വൈകി സംസാരിക്കുന്ന കുട്ടിയാണെന്ന് മനസിലായാൽ ഒരു ആത്മപരിശോധന ആവശ്യമാണ്. ആദ്യവർഷം ഞാൻ കുട്ടിയുമായി ഫലപ്രദമായി സംസാരിച്ചിട്ടുണ്ടോ? "ഒരു വയസാകാത്ത കുട്ടിയുമായി എന്തു സംസാരിക്കാനാണ്, നാം സംസാരിക്കുന്നത് കുട്ടിക്ക് എന്തു മനസ്സിലാക്കാനാണ്?'' എന്നിങ്ങനെയുള്ള സംശയം മിക്ക രക്ഷകർത്താക്കൾക്കുമുണ്ട്. നമുക്ക് സംസാരിക്കാൻ ധാരാളമുണ്ട്. നമ്മുടെ സംസാരം കുട്ടി തീർച്ചയായും ആസ്വദിക്കും. ഇന്നുണ്ടാക്കിയ ആഹാരം എന്താണ്. നാളെ എന്തുചെയ്യാൻ പോകുന്നു. നാളെ വീട്ടിൽ വരുന്ന അതിഥി ആരാണ്, ഒരു നല്ല പാട്ടുപാടുക, എന്നിങ്ങനെ പല വിഷയങ്ങൾ ആകാം. മനസ്സിലാക്കുന്നതിലേറെ, കുട്ടി നിങ്ങളെ ശ്രദ്ധിക്കുന്നതിൽ ആനന്ദിക്കുന്നു. നിങ്ങൾ പാടുമ്പോൾ നിങ്ങളുടെ കണ്ണിലേക്ക് നോക്കും, നിങ്ങളിലുണ്ടാകുന്ന ഭാവവൈവിധ്യങ്ങൾ, ശബ്ദവ്യതിയാനം എന്നിവ തരംതിരിച്ച് മനസ്സിലാക്കും. കുട്ടിയുടെ സംഭാഷണവികാസത്തിനു മാത്രമല്ല, നിങ്ങളുടെ കുട്ടിയുമായി വ്യക്തിബന്ധം ദൃഢമാക്കുന്നതിനും ഇത് ഉപകരിക്കും. ചുറ്റുപാടും നടക്കുന്ന കാര്യങ്ങളെപ്പറ്റി കുട്ടിയുമായി സംസാരിച്ചുകൊണ്ടേയിരിക്കുക. ജനിച്ച് ഒരു വർഷം ഇത്തരം ഫലപ്രദമായ ഇടപെടലിന് വളരെ പ്രാധാന്യമുണ്ട്. അതിലൂടെ കുട്ടിയിൽ നിന്നും ആദ്യത്തെ വാക്കു ലഭിക്കും. ഇപ്രകാരം സമയം ചിലവഴിക്കുന്നില്ലെങ്കിൽ, കുട്ടിയുടെ സംഭാഷണവികാ

സത്തിന് ആവശ്യമായ പ്രോത്സാഹനം നിങ്ങളിൽ നിന്നും ഉണ്ടായിട്ടില്ല എന്നാണർത്ഥം. നിങ്ങളുടെ ശബ്ദത്തോടും ചുറ്റുപാടുമുണ്ടാകുന്ന ചെറുതും വലുതുമായ ശബ്ദത്തോടുമുള്ള കുട്ടിയുടെ പ്രതികരണമാണ് നാം നിരീക്ഷിക്കേണ്ട രണ്ടാമത്തെ പ്രധാന കാര്യം. ചുറ്റുപാടുമുള്ള ശബ്ദം കേൾക്കുമ്പോൾ കണ്ണിലെ കൃഷ്ണമണിയുടെ ചലനം, കുട്ടിയുടെ പ്രതികരണം എന്നിവ നിരീക്ഷിക്കുക, ശ്രദ്ധിക്കുക, ശബ്ദം കേൾക്കുമ്പോൾ, കുട്ടി ഒന്നു ഞെട്ടി തിരിയുകയോ, മുഖഭാവം വ്യത്യാസപ്പെടുകയോ, പ്രത്യേകതരം ശബ്ദമുണ്ടാക്കുകയോ ചെയ്യാം. പ്രോത്സാഹനക്കുറവ്, ശ്രവണശക്തിയെപ്പറ്റി സംശയം, മാതാപിതാക്കളുടെ അശ്രദ്ധ എന്നിവ സംഭാഷണം വൈകുന്നതിന് കാരണമായേക്കാം. സംസാരിക്കാൻ താമസം വന്നാൽ ഒട്ടും വൈകാതെ അടുത്ത പടിയിലേക്ക് കടക്കണം. കാലതാമസം കുട്ടിയെ പ്രതികൂലമായി ബാധിച്ചേക്കാം. ആശയവിനിമയ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനോടൊപ്പം തന്നെ സൽഫലത്തിനായി ഫലപ്രദമായ പ്രവർത്തനത്തിനും കഴിയണം.

*ആരെയാണ് സമീപിക്കേണ്ടത്?*

വൈകി സംസാരിക്കുന്ന കുട്ടിയാണെന്ന് തിരിച്ചറിഞ്ഞാൽ അടുത്തുള്ള ആരോഗ്യപരിപാലന കേന്ദ്രത്തിലെ സ്പീച്ച് പാത്തോളജിസ്റ്റിനെയും. ആഡിയോളജിസ്റ്റിനെയും സമീപിക്കുക. ആഡിയോളജിസ്റ്റ് കുട്ടിയുടെ കേൾവിശക്തി പരിശോധിക്കും. സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് കുട്ടി, പ്രായത്തിനനുസരിച്ചുള്ള സംഭാഷണ മികവ് കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കും. സംഭാഷണവൈകല്യമുണ്ടെങ്കിൽ അതിന്റെ കാരണം കണ്ടു

*ശേഷം പേജ് 34ൽ*

# വൈവാഹികം

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2141

| | | | |
|---|---|---|---|
| ച | മാ | - | ശി |
| - | ഗ്രഹനില | | - |
| മ ല | | | ഗു |
| സ | ര കു ബു | ശു | - |

| | | | |
|---|---|---|---|
| ര ശു ശി ല | മ | - | - |
| - | നവാംശം | | - |
| ച | | | മാ |
| കു | ബു | ഗു | സ |

Seeking suitable alliance from Kshatriya/ Samantha family for Kshatriya boy, 29 years, Revathi star, 5ft.8in. MS(US). Senior engineer in IT company in US. Preference to girls with professional qualifications.

Contact 9847945241,8547925241.

ശിഷ്ട ബുധദശ 12 വർഷം 1 മാസം 2 ദിവസം 51 നാഴിക

### BOX No. 2142

| | | | |
|---|---|---|---|
| ബു | - | - | ച ശി |
| ര ശു | ഗ്രഹനില | | - |
| ലകു മ മാ | | | ഗു |
| സ | - | - | - |

| | | | |
|---|---|---|---|
| - | - | - | ല ര |
| മാ | നവാംശം | | മ സ |
| ശി | | | കു ഗു |
| ച | ബു ശു | - | - |

ശിഷ്ട രാഹുർ ദശ 13 വർഷം 10 മാസം 24 ദിവസം

Kshatriya boy, 29 years (13-3-1992) Thiruvathira star, Height 187 cm. Qualification: M.Sc (Biotechnology). Currently working in Bangalore. Seeks suitable alliance preferably from Kshathriyas. Pure vegetarian. Preferred age 24-27 years. Contract: 9446140860 / 9447411984

# വിശപ്പിന്റെ അദമ്യത



**കെ. ഗോദവർമ്മ, കുറ്റിലഞ്ഞി** മൊ. 9447251570

**വി**ശപ്പിന്റെ അദമ്യതയും അപ്രതിരോദ്ധ്യതയും വെളിപ്പെടുത്തുന്ന ഒരു കഥ പത്മമഹാപുരാണത്തിലുണ്ട്. “ചിത്തമാം വലിയ വൈരി കീഴമർന്നത്തൽ തീർന്ന യമി” മാർക്കും ഈ വിശപ്പിന്റെ മുന്നിൽ പരാജയം സമ്മതിക്കേണ്ടതായി വന്നതാണ് കഥ.

കഥയിങ്ങനെയാണ്. യാതൊരു ജീവിയേയും മനസ്സാ വാചാ കർമ്മണാ ദ്രോഹിക്കാത്തവരും സസ്യാഹാരികളും ജിതേന്ദ്രിയന്മാരുമായ ഒരു കൂട്ടം തപസ്വികൾ ഒരിക്കൽ സനാതനമായ ബ്രഹ്മപ്രാപ്തി നേടാൻ വേണ്ടി ഭൂമിയിൽ സഞ്ചരിച്ചുപോന്നു. അത്രി, വസിഷ്ഠൻ, കശ്യപൻ, ഭരദ്വാജൻ, ഗൗതമൻ, വിശ്വാമിത്രൻ, ജമദഗ്നി, അരുന്ധതി എന്നിങ്ങനെ ലോകവിശ്രുതരായ മഹാമഹർഷിമാരായിരുന്നു അവർ. അങ്ങനെയിരിക്കെ വലുതായ വരൾച്ചയിൽ ലോകമെല്ലാം വിശന്നു പൊരിഞ്ഞ് കഷ്ടപ്പെട്ടു. യാതൊരന്നവും ലോകത്തിലില്ലാത്തതിനാൽ ആ ഋഷിമാർ ആത്മരക്ഷയ്ക്കായി ഒരു മരിച്ച കുട്ടിയെ എടുത്തു പണിപ്പെട്ടുപചിക്കാൻ തുടങ്ങി. അത് ഒരു രാജാവ് കണ്ടെത്തി അദ്ദേഹം വളരെ സങ്കടത്തോടുകൂടി ആ മഹാത്മാക്കളോട് പറഞ്ഞു. ‘ദ്വിജന്മാരേ നെല്ലോ യവമോ മറ്റു ഭക്ഷണസാമഗ്രികളോ എന്തു വേണമെന്നാഗ്രഹിക്കുന്നു അതു ഞാൻ നൽകാം. ഇത്രയും ഹീനവും നിന്ദ്യവുമായ ഒരു പ്രവർത്തി ഭവാന്മാർ ചെയ്യരുത്.”

ഇതുകേട്ട്, തളർന്നവശരായ ആ ഋഷീന്ദ്രന്മാർ രാജാവിനോട് പറഞ്ഞു. “മഹാരാജാവേ ഇതു നിന്ദ്യകർമ്മമാണെന്നറിഞ്ഞുകൊണ്ടു തന്നെയാണ് ഞങ്ങൾ ഇതിനു തുനിഞ്ഞത്. പക്ഷേ മറ്റെന്താണ് മാർഗ്ഗമുള്ളത്? ഭൂമി മുഴുവൻ ചുറ്റിക്കറങ്ങിയ ഞങ്ങൾക്ക് എങ്ങുമൊരു പച്ചപ്പുപോലും കാണാൻ കഴിഞ്ഞില്ല. കണ്ടതെല്ലാം അഗ്നിയുടെ താണ്ഡവം മാത്രം. രാജാവേ ഭൂമി മുഴുവൻ വരണ്ടുണങ്ങി നശിക്കുന്നു. ജന്തുജാലങ്ങൾ ചത്തൊടുങ്ങുന്നു. അങ്ങു കേൾക്കുക. ഈ അവസ്ഥയിൽ ഞങ്ങൾക്കു മുന്നിൽ മറ്റൊരു പോംവഴിയില്ലാത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്യാൻ തുടങ്ങിയത്. മഹാരാജാവേ വിശപ്പിന്റെ ശക്തി അത്ര കടുത്തതാണ്. വാൾ, വേൽ, ഗദ, ചക്രം, തോമരം, ദണ്ഡ്, കഠാര, ശൂലം, മുതലായവ കൊണ്ടു പ്രഹരിച്ചാൽ ഉള്ള വേദനയേക്കാൾ കൂടുതലാണ് വിശപ്പുകൊണ്ടുള്ള വേദന. മഹാനുഭാവനായ അങ്ങു കേൾക്കുക. ക്രൂരമൃഗങ്ങൾ വരെ സ്വന്തം വർഗ്ഗത്തിലെ കുഞ്ഞുങ്ങളെ തിന്നാറില്ല. പനി, ജ്വരാപസ്മാരാദി രോഗങ്ങളാൽ കഷ്ടപ്പെടുന്നവനുപോലും വിശപ്പാണ് അവയിലെല്ലാം മീതെയായി ദു:ഖിപ്പിക്കുന്നത്. മിന്നിത്തിളങ്ങുന്ന കനകകേയൂരാദികൾ കൊണ്ട് അലങ്കൃതരായാലും വിശപ്പിൽ പെട്ടവനു ശോഭയുണ്ടാകില്ല. ഭൂമിയിലെ സർവ്വജലവും സൂര്യതാപത്താൽ വറ്റിക്കപ്പെടുംപോലെ ദേഹത്തിലെ നാഡികൾ ജഠരാഗ്നിയിൽ ശോഷിക്കപ്പെടുന്നു. വിശക്കുന്നവൻ കാഴ്ച നഷ്ടപ്പെട്ടാലെന്നപോലെ കേൾവി നഷ്ടപ്പെട്ടാലെന്ന പോലെ ഉള്ള പരിതാപാവസ്ഥയിലെത്തുന്നു. അങ്ങനെ ഉള്ളവൻ മതിമറന്നു വേവുന്നു, തപിക്കുന്നു, തളരുന്നു, കിഴക്കോ പടിഞ്ഞാറോ, തെക്കോ, വടക്കോ അവൻ തിരിച്ചറിയുന്നില്ല. അവൻ മൂകത്വം, ജഡത്വം, ബധിരത്വം, മുടന്ത്, അപമര്യാദ എന്നിവ ബാധിച്ചവനെപ്പോലെ പെരുമാറാൻ വിധിക്കപ്പെടുന്നു. അധർമ്മമെല്ലാം ധർമ്മമായി മാറുന്നു. ധർമ്മാധർമ്മ വിവേചനശക്തി തന്നെ അവനു നഷ്ടപ്പെടുന്നു. അച്ഛനമ്മമാരെയും ഭാര്യയേയും പുത്രാദികളേയും അവൻ കൈവിടുന്നു. ദേവന്മാർ പിതൃക്കൾ, അതിഥികൾ, സ്ത്രീകൾ, വൃദ്ധർ, കുട്ടികൾ എന്നിവരെ അവൻ ആദരിക്കുന്നില്ല. ഇതനുഭവിച്ചവനേ അതിന്റെ തീക്ഷ്ണത മനസ്സിലാകു.”

ഇതുകേട്ട രാജാവ് അവർക്കു വേണ്ടുന്ന ഭക്ഷണ സാധനങ്ങളെല്ലാം നൽകി അവരെ ആ ക്രൂരകർമ്മത്തിൽ നിന്നും പിൻതിരിപ്പിച്ചു. ഋഷിമാർ പറഞ്ഞു.

“കഠിനമായ വറുതിക്കാലങ്ങൾ ഉണ്ടാകുമ്പോൾ രാജാവ് തന്റെ പ്രജകൾക്കെല്ലാം ഭക്ഷണസാധനങ്ങൾ കിട്ടുന്നുണ്ടോ എന്നന്വേഷിക്കണം. ഇല്ലാത്തവർക്ക് വേണ്ടതായ സഹായം എത്തിക്കണം. തപസ്സും ഹോമവും ധ്യാനവും യോഗവും ഉൽക്കൃഷ്ടഗതിയുമൊക്കെ അന്നത്തിൽ നിന്നാണുണ്ടാകുന്നത്. ഇല്ലായ്മയുടെ കാലത്ത് തന്റെ പ്രജകളെ വേണ്ടുംപോലെ ഊട്ടുന്ന രാജാവു സർവ്വതീർത്ഥങ്ങളിലും കുളിച്ചുകഴിഞ്ഞ പുണ്യത നേടുന്നു. അദ്ദേഹം എല്ലാ നൽവ്രതങ്ങളും നോറ്റ ഫലം നേടിക്ക

ഴിഞ്ഞു. കെടുതിക്കാലത്ത് തന്റെ പ്രജകളുടെ അവസ്ഥകൾ മനസ്സിലാക്കിവേണ്ടതു ചെയ്യാത്ത രാജാവിന് എന്തൊക്കെ മറ്റു ഗുണങ്ങളുണ്ടെങ്കിലും ശോഭിക്കുകയില്ല. മറ്റു ലോകങ്ങളും അവനെ പൂജിക്കുകയോ സ്വീകരിക്കുകയോ ചെയ്യില്ല." ആപദ്ധർമ്മമെന്ന ന്യായം പറഞ്ഞ് മാംസാദികൾ കഴിക്കുന്നത് ചില കാലങ്ങളിൽ ധർമ്മവിരുദ്ധമല്ല എന്ന ഒരു കഥ സ്കന്ദ മഹാപുരാണത്തിൽ പറയുന്നുണ്ട്. അതും ഒരു കൊടിയ വരൾച്ചയുടെ ഫലമായുണ്ടായ അതിജീവന ചിന്തയിൽ നിന്നുണ്ടായതാണ്. പണ്ടൊരിക്കൽ, ദുർവ്വാസാവിന്റെ ശാപം മൂലം മൂന്നുലോകങ്ങളെയും ഐശ്വര്യം തീർത്തും കൈവിട്ട അവസ്ഥയുണ്ടായി. എല്ലാ ധാന്യങ്ങളും മറ്റ് സസ്യഫലങ്ങളും ഇല്ലാതായി. ജലസ്രോതസ്സുകൾ വറ്റി വരണ്ടു. പശു, എരുമ മുതലായവയുടെ അകിട്ടിൽ പാലില്ലാതായി. അന്നവും ഔഷധികളുമെല്ലാം അല്പകാലം കൊണ്ട് മറഞ്ഞുപോയി. ദേവന്മാരും ദൈത്യന്മാരുമെല്ലാം മനുഷ്യരെപ്പോലെ പരിഹാരമില്ലാത്ത ദാരിദ്ര്യത്തിലകപ്പെട്ടു. മഴയില്ലാതായി, ധാന്യബീജങ്ങളൊക്കെ നഷ്ടപ്പെട്ടു. ജനങ്ങൾ നാടും നഗരവുമുപേക്ഷിച്ച് വനങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടന്നു. വിദ്വാന്മാരായ മുനിമാർ വിശന്നു മരിച്ചിട്ട് മാംസാദികൾ ഭക്ഷിച്ചു ജീവൻ നിലനിർത്താൻ തയ്യാറായില്ല. അപ്പോൾ കുറേ വൃദ്ധരായ മഹർഷിമാർ മനുവിനോടൊത്തുകൂടി വന്ന് അവരെ ആപദ്ധർമ്മം പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അങ്ങനെ വിശന്നവശരായ മുനിമാർ വേദവചനങ്ങൾക്ക് അർത്ഥഭേദം കൽപിച്ചു. യാഗത്തിൽ നടത്തുന്ന ഹിംസ വാസ്തവത്തിൽ ഹിംസയല്ലെന്നും മറ്റും അവർ വാദിച്ചു. അങ്ങനെ ദേവന്മാരും മനുഷ്യരും ദൈത്യരുമെല്ലാം ജന്തുക്കളെ കൊന്നു ഭക്ഷിച്ചു ജീവൻ നിലനിർത്തിത്തുടങ്ങി. വറുതിക്കാലം നീണ്ടുപോയതിനാൽ മാംസഭക്ഷണവും കുറേയേറെക്കാലം ആചരിക്കേണ്ടതായി വന്നു. അങ്ങനെ സ്വാദനുഭവിച്ചവർ ദേവന്മാരുടെ പേരിൽ ഇഷ്ടമുള്ള മാംസങ്ങൾ പചിച്ചു ഭക്ഷിക്കാൻ തുടങ്ങി. ഹിംസയോടുകൂടിയ യജ്ഞങ്ങൾ സർവ്വത്രയായി. ഗോമേധം, അശ്വമേധം, നരമേധം മുതലായ യാഗങ്ങൾ നടത്തുകയും യജ്ഞശിഷ്ടമായ മാംസം ഭക്ഷിക്കുകയും ചെയ്തു. പിന്നീട് വരൾച്ചയെല്ലാം മാറി ഭൂമി സർവ്വസമ്പൽസമൃദ്ധയായ കാലം വന്നിട്ടും ആ ദേവ ദൈത്യവൃന്ദവും മനുഷ്യരുമെല്ലാം മാംസാഹാരം വെടിയാതെ നിലനിർത്തി. ഇങ്ങനെ അപദ്ധർമ്മമെന്ന നിലയിൽ തുടങ്ങിയ ഹിംസ തുടർന്ന് പശുക്കളുടെ ഹിംസയോടുകൂടിയ യാഗത്തിനും തുടർച്ചയായി. ഇതൊരു വലിയ ധർമ്മ വിലോപമായിട്ടാണ് ധർമ്മചിന്തകർ ദർശിച്ചത്. വിശപ്പെന്ന ന്യായം പറഞ്ഞ് അനുകൂലമായ കാലാവസ്ഥകളിലും ഹിംസയോ അധർമ്മമോ തുടരുന്നത് ശരിയല്ല എന്നാണ് ഈ കഥ നമ്മളോടുപദേശിക്കുന്നത്.

കഠിനമായ വിശപ്പു സഹിച്ചും ധർമ്മലോപം വരാതെ ജീവിച്ച മഹാധാർമ്മികരുടെ കഥയും ഇതിഹാസത്തിൽ കാണാം. മഹാഭാരതത്തിലെ അശ്വമേധപർവ്വത്തിൽ വേദവ്യാസൻ, വിശപ്പിന്റെ മഹാശക്തിയെ ജയിച്ച ഒരു ദരിദ്രബ്രാഹ്മണന്റെയും കുടുംബത്തിന്റെയും കഥ പറയുന്നുണ്ട്. (മഹാഭാരതം അശ്വമേധപർവ്വം: അനുഗീതാ പർവ്വം, 90-ാം അദ്ധ്യായം നകുലോപാഖ്യാനം)

യുദ്ധാനന്തരം രാജ്യം നേടിയ ധർമ്മപുത്രൻ അതിബൃഹത്തായ ഒരു അശ്വമേധയാഗം നടത്തിയ കഥ പറയുന്നുണ്ട്. ഒരു നാടു മുഴുവൻ മഹോത്സവം പോലെ ആഘോഷിച്ച ഒരു യജ്ഞമായിരുന്നു അത്. എല്ലാവിധ ജനങ്ങളും ഋഷിമാരും പ്രഭുക്കളുമെല്ലാം ആ യജ്ഞത്തിൽ സംതൃപ്തി അനുഭവിച്ചു. അങ്ങനെ ദിക്കുകളിലെങ്ങും പുകൾപെറ്റ യാഗം നടന്നു കഴിയാറായ സമയത്ത് ഒരു സംഭവമുണ്ടായി. ഒരു വശം മാത്രം സ്വർണ്ണവർണ്ണമായ ഒരു കീരി ഈ മഹായാഗകാലത്തു വരികയും അവിടെ കിടന്ന യാഗാവശിഷ്ടങ്ങളിൽ ഉരുണ്ടുമറിയുകയും ചെയ്തു. എന്നിട്ട് ആ കീരി വിളിച്ചു പറഞ്ഞു. "വിദ്വാന്മാരെ ഈ യജ്ഞത്തെ പ്രശംസിച്ചതു മതി. കുരുക്ഷേത്രത്തിൽ വസിച്ച ഒരു ദരിദ്ര ബ്രാഹ്മണന്റെ ഒരു ഇടങ്ങഴി മലർപ്പൊടിക്കു സമാനമല്ല നിങ്ങളുടെ ഈ യജ്ഞം." കീരി പറഞ്ഞതുകേട്ട് അതിശയസ്തബ്ധരായ രാജാവും പരിവാരങ്ങളും എന്താണങ്ങനെ പറഞ്ഞതെന്ന് ചോദ്യം ചെയ്തു. കീരി പറഞ്ഞു. "മഹാരാജാവേ, ഞാൻ വസിച്ചിരുന്ന പൊത്തിനടുത്തുള്ള ഒരു കുടിലിൽ കഴിഞ്ഞിരുന്ന ഒരു ദരിദ്രബ്രാഹ്മണനും കുടുംബവും ഇടങ്ങഴി ധാന്യപ്പൊടി കൊണ്ടു നടത്തിയ മഹായജ്ഞത്തിന്റെ കഥ ഞാൻ പറയാം."

"രാജാവെ, ആ ദരിദ്ര ബ്രാഹ്മണൻ, ഭാര്യയും പുത്രനും പുത്രവധുവുമൊത്താണ് കഴിഞ്ഞിരുന്നത്. വല്ലപ്പോഴും കിട്ടുന്ന പൂജാദികളിൽ നിന്നു ലഭിക്കുന്ന നാമമാത്രമായ അരിയോ ശർക്കരയോ ഒക്കെയായിരുന്നു അവരുടെ ഭക്ഷണം. ദാരിദ്ര്യത്താൽ തപ്തരായി അസ്ഥിമാത്രനായ അദ്ദേഹവും കുടുംബവും ഒരിക്കൽ ഒരു മണി യവവും കിട്ടാതെ ഗതികേടിലെത്തി. അന്ന് രാജ്യമെങ്ങും മുൻപില്ലാത്തവിധം ഒരു ക്ഷാമം വന്നതു കൊണ്ടാണത്. അങ്ങനെ ഒരാഴ്ചയോളം ഭക്ഷണമില്ലാതെ വെള്ളം മാത്രം കുടിച്ച അവർ ഒരു ദിവസം നടന്ന് ദൂരെയുള്ള ഒരു വയലിൽ ചെന്ന് പൊഴിഞ്ഞു കിടക്കുന്ന ധാന്യമണികൾ പെറുക്കിയെടുത്തു കൊണ്ടുവന്നു. നാലുപേരും കൂടി ഉച്ചവരെ പെറുക്കിയെടുത്തത് ഇടങ്ങഴി യവം തികയില്ല. എങ്കിലും അവരത് സന്തോഷത്തോടുകൂടി

കുത്തിപ്പൊടിച്ച് നാലാക്കി ഭാഗിച്ച് ഭക്ഷിക്കാനായി കൈകഴുകി. അപ്പോഴാണ് ഒരതിഥി കയറിവരുന്നത്. അതിഥിയെക്കണ്ട ബ്രാഹ്മണൻ സന്തോഷവാനായി അദ്ദേഹത്തെ സ്വാഗതം ചെയ്തു. 'അതിഥി ദേവോ ഭവ' എന്നാണല്ലോ. "വരൂ.... ഈ ജലം കൊണ്ട് കൈകാൽ കഴുകുക. അർഘ്യപാദ്യങ്ങൾ സ്വീകരിക്കുക'' എന്നു പറഞ്ഞു തന്റെ വിഹിതമായ മലർപ്പൊടി അദ്ദേഹത്തിന് നൽകി. അതു കഴിച്ചിട്ടും തൃപ്തിയാകാതെ കണ്ട അദ്ദേഹത്തിന് ബ്രാഹ്മണ പത്നി തന്റെ പങ്കും നൽകി. പക്ഷേ അതിഥി തൃപ്തനായില്ല. അപ്പോൾ പുത്രനും പുത്രവധുവും തങ്ങളുടെ പങ്കും അദ്ദേഹത്തിനു കൊടുത്തു. അതെല്ലാം കഴിച്ചു തൃപ്തനായ ആ അതിഥി പറഞ്ഞു. ''ഹേ ബ്രാഹ്മണാ... ധർമ്മം തന്നെ വേഷം മാറി വന്നതാണ് ഞാൻ. നിങ്ങൾ ലോകത്തിലെ ഏറ്റവും വിഷമകരമായ അടക്കുവാനാകാത്ത വിശപ്പിനെ കീഴടക്കിയിരിക്കുന്നു. ഇനി നിങ്ങൾക്കു നേടാനായി പുണ്യലോകങ്ങളൊന്നുമില്ല. നിന്റെ ദാനത്തെ സ്വർഗ്ഗവാസികൾ പെരുമ്പറ കൊട്ടി വാഴ്ത്തുന്നു. ദേവർഷികളും, ബ്രഹ്മർഷികളുമെല്ലാം നിന്നെ സ്തുതിക്കുന്നു. കഠിനമായ ദമത്താൽ നീ സർവ്വലോകങ്ങളെയും നേടി എന്നു തന്നെയല്ല- പിതൃക്കളെയും പുണ്യലോകങ്ങളിലേക്കുയർത്തിയിരിക്കുന്നു. ബുഭുക്ഷയെ ആരു ജയിക്കുന്നുവോ അവൻ വിഷ്ണുലോകത്തെയും ജയിക്കുന്നു. നിന്നെ വരവേൽക്കാനായി സ്വർഗ്ഗവാസികൾ ഇതാ വിമാനത്തിൽ എത്തിയിരിക്കുന്നു. നീയും കുടുംബവും വിമാനത്തിൽകയറി നിത്യസ്വർഗ്ഗങ്ങളിൽ ചെന്നെത്തുക. മംഗളം ഭവിക്കട്ടെ."

കീരി ധർമ്മപുത്രരോട് തുടർന്ന് പറഞ്ഞു.

*"ക്ഷുധാ നിർണ്ണോദതി പ്രജ്ഞാ*
*ധർമ്മബുദ്ധിം വ്യപോഹതി*
*ക്ഷുധാ പരിഗത ജ്ഞാനോ*
*ധൃതിം ത്യജതി ചൈവഹ*
*ബുഭുക്ഷാം ജയ തേ യസ്തു*
*ത സ്വർഗ്ഗ ജയതേ ധ്രുവഃ*
*(മഹാഭാരത അശ്വമേധപർവ്വം 90 അധ്യായം)*

അർത്ഥം: വിശപ്പ് പ്രജ്ഞയെ കെടുത്തുന്നു. അതു ധർമ്മബുദ്ധിയെ നശിപ്പിക്കുന്നു. വിശന്ന് അറിവുകെട്ടവൻ ധൈര്യത്തെ ത്യജിക്കുന്നു. ഈ വിശപ്പിനെ ആര് ജയിക്കുന്നുവോ അവൻ വിഷ്ണുലോകത്തെയും നേടുന്നു.

അങ്ങനെ ആ മഹാബ്രാഹ്മണനും കുടുംബവും സ്വർഗ്ഗപ്രാപ്തരായി. ഇതെല്ലാം കണ്ടുകൊണ്ട് പൊത്തിലിരുന്ന ഞാൻ ഹർഷോന്മാദത്താൽ ഓടിച്ചെന്ന് അവിടെ കിടന്ന യവപ്പൊടിയിൽ കിടന്നുരുണ്ടുമറിഞ്ഞു. അങ്ങനെ എന്റെ പാതിദേഹം സ്വർണ്ണവർണ്ണമായി. ബാക്കി പാതി കൂടി എങ്ങനെ സ്വർണ്ണമാക്കാമെന്നായി പിന്നത്തെ ചിന്ത. അപ്പോഴാണ് അങ്ങു നടത്തുന്ന മഹായാഗത്തെപ്പറ്റി കേട്ട് ഇവിടെവന്ന് പരീക്ഷിക്കാമെന്നുറച്ചത്. ഇവിടെ അങ്ങയുടെ ദാനരംഗങ്ങളിൽ വീണുരുണ്ടിട്ടും എന്റെ പാതിദേഹത്തിനൊരു നിറം മാറ്റവും വന്നില്ല. അതിൽനിന്നാണ് ഞാൻ മനസ്സിലാക്കിയത്. ആ ദരിദ്ര ബ്രാഹ്മണന്റെ നാഴി യവപ്പൊടിയുടെ ദാനത്തിനോട് തുല്യപ്പെടുത്തുമ്പോൾ അങ്ങയുടെ ഈ മഹായജ്ഞം നിഷ്പ്രഭമാണെന്ന വസ്തു." ഇത്രയും പറഞ്ഞ് കീരി ഓടിപ്പോയി.

ഇതുകേട്ട് ധർമ്മപുത്രരും പരിവാരങ്ങളും ലജ്ജിച്ചു തലതാഴ്ത്തി.

അതുകൊണ്ട് ന്യായമായി സിദ്ധിച്ച അല്പവസ്തുവിന്റെ ദാനം പല വമ്പിച്ച മഹായജ്ഞങ്ങളേക്കാൾ ശ്രേഷ്ഠമാകുന്നു എന്ന് ഈ കഥയിലൂടെ ഇതിഹാസകാരൻ നമ്മളെ ഉപദേശിക്കുന്നു. വ്യാസദേവന് നമസ്കാരം.! ●

## ക്ഷത്രിയ സ്വയംവരം വെബ്സൈറ്റ് പ്രൗഢിയിൽ



കൊച്ചി വെഡ്വൈസർ പീപ്പിൾ കണക്ട് പ്രൈവറ്റ് ലിമി. കമ്പനി മാനേജിങ് ഡയറക്ടർ ബിനോദ് ഹരിഹരനും ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽസെക്രട്ടറി ആത്മജവർമ്മ തമ്പുരാനും മാട്രിമോണിയൽ വെബ്സൈറ്റ് കരാർ കോട്ടയത്ത് വച്ച് ഒപ്പുവച്ചപ്പോൾ.

# നവരാത്രിയും സരസ്വതീദേവിയും



**കെ. രാധാമണി തമ്പുരാട്ടി,** എറണാകുളം, മൊ.8281179936

എല്ലാ ഈശ്വരചൈതന്യങ്ങൾക്കും ആഘോഷങ്ങളും ഉത്സവങ്ങളും നമ്മുടെ നാട്ടിൽ പതിവായി നടത്തിവരുന്നു. ആദിപരാശക്തിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പുണ്യദിനങ്ങളാണ് നവരാത്രികാലം.കന്നിമാസത്തിലെ വെളുത്തപക്ഷത്തിൽ പ്രഥമ മുതൽ നവമി വരെയുള്ള ഒൻപത് രാത്രികളിൽ പരാശക്തിക്കുവേണ്ടി വിശേഷാൽ പൂജകളും ആഘോഷങ്ങളും നടത്തിവരുന്നു. 'ദശമി' വരെ ആഘോഷച്ചടങ്ങുകൾ നീണ്ടുപോകുന്നതു കൊണ്ട് 'ദസറ' എന്ന പേരിലും ഈ കാലം അറിയപ്പെടുന്നു. പത്താം ദിവസം 'വിജയദശമി' ദിനമാണ്. ഈ പുണ്യദിനത്തിൽ നാം ആരാധിക്കുന്നത് സരസ്വതീദേവിയെ ആണ്. അതുകൊണ്ട് ദേവിയുടെ മഹിമ മനസ്സിലാക്കേണ്ടതാണ്.

ആദിപരാശക്തി നാനാവതാരങ്ങൾ സ്വീകരിച്ച് ഭക്തരെ അനുഗ്രഹിക്കുന്നു. പരാശക്തിയുടെ മുഖത്തിൽ നിന്ന് ആവിർഭവിച്ച സരസ്വതീദേവി വാക്കിന്റെ അധിഷ്ഠാന ദേവതയാണ്. വാഗ്ദേവി, വാഗീശ്വരീ, വാണിമാതാവ് എന്നെല്ലാം സരസ്വതീ ദേവി പ്രകീർത്തിക്കപ്പെടുന്നതിൽ നിന്നുതന്നെ അത് മനസ്സിലാക്കാം. അക്ഷരങ്ങൾ കൂടിച്ചേരുമ്പോഴാണല്ലോ വാക്ക് ഉണ്ടാകുന്നത്. പദങ്ങൾ വേണ്ടവിധം യോജിപ്പിക്കുമ്പോൾ മാത്രമാണ് ആശയം വ്യക്തമാകുന്നത്. ഭാഷണത്തിലും ലിഖിതത്തിലും പദങ്ങൾ അനുയോജ്യമാകണം. അതിന് സരസ്വതീദേവിയുടെ അനുഗ്രഹം ആവശ്യമാണ്. ഈ അനുഗ്രഹം നല്കുന്ന ദേവിയെ കുറിച്ചുള്ള



ജ്ഞാനവും കരസ്ഥമാക്കണം.

വേദവ്യാസ വിരചിതമായ ശ്രീമദ് ദേവീഭാഗവതത്തിൽ സരസ്വതീദേവിയുടെ മഹിമ ഇങ്ങനെ വിശദീകരിക്കുന്നു:

പരാശക്തിയിൽ നിന്ന് അവതരിച്ച സരസ്വതീദേവി പരമാത്മാവിന്റെ നിർദ്ദേശപ്രകാരം വൈകുണ്ഠത്തിലേയ്ക്ക് പോയി. അവിടെ വച്ച് ഗംഗാദേവിയുമായി വാഗ്വാദം ഉണ്ടായി. കുപിതയായ ഗംഗാദേവി സരസ്വതീദേവിയെ നദിയായി ഒഴുകുവാൻ ശപിച്ചു. തൽഫലമായി ഉണ്ടായതാണ് പുണ്യനദിയായ 'സരസ്വതീ നദി' ഈ നദിയിൽ സ്നാനം ചെയ്താൽ സകല പാപങ്ങളും നശിക്കും. പരമാത്മാവ് നദിയായി ഒഴുകാൻ ആരംഭിച്ച സരസ്വതിയുടെ ദിവ്യരൂപത്തോട് ബ്രഹ്മലോകത്തിൽ പോകുവാനും ബ്രഹ്മപത്നിയാകുവാനും നിർദ്ദേശിച്ചു. അപ്പോൾ നദീരൂപത്തിൽ നിന്ന് ശാപമോക്ഷം ലഭിച്ചു. സരസ്വതീ ദേവി ബ്രഹ്മപത്നിയായി ഭവിക്കുകയും ചെയ്തു. എങ്കിലും ദേവിയുടെ ഒരംശം ഭൂമിയിൽ സരസ്വതീ നദിയായി പ്രവഹിക്കുന്നു.

നവരാത്രിയുടെ അവസാന ദിനമായ 'വിജയദശമി'യിൽ നടത്തുന്ന സരസ്വതീപൂജ അതിവിശിഷ്ടമാണ്. വെളുത്ത പുഷ്പം, വെളുത്ത പൂമാല, മുത്തുമാല, കോടിവസ്ത്രം, ചന്ദനം തുടങ്ങിയവ സരസ്വതീപൂജയ്ക്ക് ശ്രേഷ്ഠമാണ്.

"ഓംഹ്രീം ഐം സരസ്വത്യൈ സ്വാഹാ" എന്നുള്ളതാണ് സരസ്വതീദേവിയുടെ മൂലമന്ത്രം. വിജയദശമി ദിവസം ഗാനാലാപനത്തിനും മന്ത്രജപത്തിനും വരെ പ്രാധാന്യം ഉണ്ട്. സകല കലകളുടേയും അക്ഷരാഭ്യാസത്തിന്റേയും തുടക്കം കുറിക്കുന്ന പുണ്യദിനമായി ഇത് ആചരിക്കപ്പെടുന്നു. ഗായകർ സംഗീതോപകരണങ്ങളും സാഹിത്യകാരന്മാർ ഗ്രന്ഥങ്ങളും തൊഴിലാളികൾ തൊഴിലുപകരണങ്ങളും യോദ്ധാക്കൾ ആയുധങ്ങളും വിദ്യാർത്ഥികൾ പുസ്തകങ്ങളും ദേവിയുടെ സമക്ഷം സമർപ്പിച്ച് പൂജിച്ചശേഷം ശുഭമുഹൂർത്തത്തിൽ തിരിച്ചെടുക്കുന്നത് വിജയദശമി ദിനത്തിലാണ്.

ദുർഗ്ഗാദേവി മഹിഷാസുരനെ വധിച്ച് വിജയം കൈവരിച്ച ദിനമാണ് 'വിജയദശമി' എന്ന് ഐതിഹ്യം. അതുകൊണ്ടാണ് ജീവിതവിജയത്തിനുപകരിക്കുന്ന കലകളുടെയും അക്ഷരങ്ങളുടേയും തുടക്കം കുറിക്കുന്ന അവസരമായി ഇത് മാറിയത്. ദുർഗ്ഗാദേവിയുടെ അവതാരം തന്നെയാ

ണല്ലോ സരസ്വതീദേവി. വിദ്യയുടെ ആവിർഭാവത്തോടുകൂടി അജ്ഞാനാന്ധകാരം നശിക്കും എന്ന സൂചനയാണ് ഇതിൽ ഉള്ളത്. അതുകൊണ്ട് വിദ്യാരംഭദിനമായി വിജയദശമി പരിഗണിക്കപ്പെടുന്നു.

വാണീമാതാവിന്റെ ഓരോ നാമത്തേയും പ്രകീർത്തിച്ചുകൊണ്ട് നമ്മുടെ ഓരോ അവയവത്തെയും രക്ഷിക്കുവാൻ നടത്തുന്ന പ്രാർത്ഥനയാണ് 'സരസ്വതീ കവചം'.'വിശ്വവിജയം' എന്ന ഈ കവചത്തിന്റെ അനുഗ്രഹത്താൽ സർവ്വ വിജയവും ലഭിക്കും.

വാഗ്ദേവിയുടെ അനുഗ്രഹം ഉണ്ടെങ്കിൽ ഏത് മൂഢനും വിദ്വാനാകാൻ സാധിക്കുമെന്നുള്ളതിന്റെ മഹിമ വ്യക്തമാക്കുന്ന ഒരു കഥ കൂടി ഇവിടെ സംഗ്രഹിക്കാം. ശ്രീമദ് ദേവീഭാഗവതത്തിൽ പ്രകീർത്തിക്കപ്പെട്ട ഇതിൽ നിന്ന് വാഗ്ബീജമന്ത്രത്തിന്റെ മഹത്വം മനസ്സിലാക്കാം.

'ദേവദത്തൻ' എന്ന ഒരു ബ്രാഹ്മണൻ പുത്രസൗഭാഗ്യത്തിനു വേണ്ടി മഹർഷിമാരെ കൊണ്ട് 'പുത്രകാമേഷ്ടി' എന്ന യാഗം വിധിപ്രകാരം നടത്തി. അപ്പോൾ അവരിൽ ഒരു മഹർഷി സാമഗാനം ആലപിച്ചപ്പോൾ തെറ്റുള്ളതായി ബ്രാഹ്മണന് തോന്നി. അദ്ദേഹം അത് ചൂണ്ടിക്കാണിച്ചു. അപ്പോൾ കുപിതനായ മുനി മൂഢനും മൂകനും ആയ ഒരു പുത്രൻ ഉണ്ടാകാൻ ശപിച്ചു. ബ്രാഹ്മണൻ ശാപമോക്ഷത്തിന് അപേക്ഷിച്ചപ്പോൾ 'പുത്രൻ ഭാവിയിൽ വിദ്വാനാകും' എന്ന ശാപമോക്ഷം നൽകി. ബ്രാഹ്മണന് യഥാകാലം പുത്രൻ ജനിച്ചു. 'സത്യവ്രതൻ എന്നായിരുന്നു അദ്ദേഹം പുത്രന് നൽകിയ നാമധേയം. പേരു പോലെ തന്നെ സത്യനിഷ്ഠയോടുകൂടിയ ജീവിതമാണ് ബ്രാഹ്മണകുമാരൻ നയിച്ചത്. അക്ഷരജ്ഞാനം മുതൽ സകലകലകളും ശാസ്ത്രങ്ങളും പിതാവ് പുത്രനെ പഠിപ്പിക്കുവാൻ ശ്രമിച്ചു. എങ്കിലും ശാപത്താൽ ഒന്നും ഫലപ്രദമായില്ല. വിദ്യ അഭ്യസിക്കുവാൻ കഴിയാത്തതുകൊണ്ട് തന്റെ ജീവിതം വ്യർത്ഥമായി തോന്നിയ സത്യവ്രതൻ വനത്തിൽപോയി ജീവിതം ആരംഭിച്ചു. ഒരു ദിവസം നായാട്ടിനായി എത്തിയ വേടൻ ഒരു പന്നിയെ ശരമെയ്ത് വധിക്കുവാൻ ഭാവിക്കുന്നത് ബ്രാഹ്മണകുമാരൻ കണ്ടു. പന്നി പ്രാണരക്ഷാർത്ഥം ഓടിയെത്തിയത് സത്യവ്രതന്റെ സമീപമാണ്. ഉടൻ തന്നെ മൂകനായിരുന്ന ആ കുമാരൻ 'ഐം' എന്ന അക്ഷരം ഉച്ചരിച്ചു. വാഗ്ബീജമന്ത്രമാണെന്ന് അറിയാതെയാണ് ഈ അക്ഷരം ഉച്ചരിച്ചത്. പന്നിയെ അമ്പ് ഏൽക്കാതെ രക്ഷിക്കുകയും ചെയ്തു. വേടൻ പന്നിയെ അന്വേഷിച്ച് സത്യവ്രതന്റെ സമീപം ചെന്നു. സത്യം വ്രതമാക്കിയ സത്യവ്രതൻ എന്താണ് ചെയ്യേണ്ടതെന്നറിയാതെ, ചിന്താഗ്രസ്തനായി. കാരണം കണ്ടില്ലെന്ന് പറഞ്ഞാൽ സത്യവ്രതം മുടങ്ങും. കണ്ടു എന്നു പറഞ്ഞാൽ വേടൻ പന്നിയെ വധിക്കും. പന്നി ഓടിവരുന്നതു കണ്ടപ്പോൾ ഉച്ചരിച്ച 'ഐം' എന്ന ബീജാക്ഷരത്തിന്റെ മഹിമയാൽ ഒരു ശ്ലോകം ചൊല്ലുവാൻ അദ്ദേഹത്തിന് സാധിച്ചു.

*യ പശ്യതി ന സാ ബ്രൂതേ*
*യാ ബ്രൂതേ സാ ന പശ്യതി*
*അഹോ വ്യാധ! സ്വകാര്യർത്ഥിൻ*
*കിം പൃച്ഛസി പുന: പുന:*

(കാണുന്നത് പറയാൻ സാധിക്കുന്നില്ല. പറയുന്നത് കാണാൻ സാധിക്കുകയുമില്ല. അല്ലയോ വേടാ! സ്വന്തം കാര്യത്തിനു വേണ്ടി നീ വീണ്ടും വീണ്ടും ചോദിക്കുന്നതെന്താണ്?)

ഇത് കേട്ടപ്പോൾ പന്നിയെ കിട്ടണമെന്ന ആഗ്രഹം ഉപേക്ഷിച്ച് വേടൻ തിരിച്ചുപോയി. 'വാഗ്ബീജമന്ത്രം' എന്നും 'സാരസ്വതമന്ത്രം' എന്നും പറയുന്ന 'ഐം' ഉച്ചരിച്ചതുകൊണ്ട് ബ്രാഹ്മണപുത്രൻ പണ്ഡിതനും കീർത്തിമാനും ആയി. ശാപമോക്ഷവും ഫലിച്ചു.

ഈശ്വരാനുഗ്രഹം ഉണ്ടെങ്കിൽ ഏത് കാര്യവും സാധിക്കുമെന്നുള്ളത് ഈ കഥയിൽ നിന്ന് മനസ്സിലാക്കാം. മനോമാലിന്യങ്ങൾ ഇല്ലാതെ ഈശ്വരചൈതന്യത്തെ ആശ്രയിച്ചാൽ ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. മൂകനും മൂഢനും ആയിരുന്ന സത്യവ്രതന്റെ സത്യനിഷ്ഠയും നിഷ്കളങ്ക മനോഭാവവും പരാശക്തിയുടെ അനുഗ്രഹം കൈവരിക്കുന്നതിന് സഹായിച്ചു.

എല്ലാ നന്മകൾക്കും ആരംഭം കുറിക്കുന്ന വിജയദശമി സുദിനത്തിൽ എല്ലാവരേയും ജീവിതവിജയത്തിന് അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് വാണീമാതാവിന്റെ പാദാരവിന്ദങ്ങളിൽ ഈ അക്ഷരപ്പൂക്കൾ സവിനയം സമർപ്പിക്കുന്നു. ●

## ശ്രീലതാവർമ്മയ്ക്ക് കവിതാപുരസ്കാരം



കൊടുങ്ങല്ലൂർ എ.അയ്യപ്പൻ കവിതാപഠന കേന്ദ്രം ട്രസ്റ്റ് ഏർപ്പെടുത്തിയ ഈ വർഷത്തെ നെരളക്കാട്ട് രുക്മിണിയമ്മ കവിതാ പുരസ്കാരം ഡോ. ആർ. ശ്രീലതാവർമ്മയ്ക്ക്. 15000 രൂപയും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. ഡിസംബർ ആദ്യം കേരള സാഹിത്യ അക്കാദമിയിൽ നടക്കുന്ന എ. അയ്യപ്പൻ അനുസ്മരണച്ചടങ്ങിൽ പുരസ്കാരസമർപ്പണം നടക്കും.

# പുളിക്കൽ നാഗയക്ഷി ക്ഷേത്രം

- **വാഴുന്നോർ മാനവേന്ദ്ര ശർമ്മൻ ജി.** വെള്ളാട്ടിരി, മൊ. 9188450878



നാഗാരാധനയ്ക്ക് മാതൃസ്ഥാനം വഹിക്കുന്ന നാടാണ് നമ്മുടെ കേരളം. കേരളത്തിലെ അതിപുരാതന കുടുംബങ്ങളിൽ എല്ലാം ഒന്നോ രണ്ടോ കാവോ മറ്റ് വച്ചാരാധനയോ സർവ്വ സാധാരണമാണ്. ആയതിൽപ്പെട്ട ഒരു കുടുംബക്ഷേത്രമാണ് ശങ്കരോടത്ത് പുളിക്കൽ നാഗയക്ഷിക്കാവ് ശ്രീ നാഗയക്ഷി ക്ഷേത്രം. കാവുകളാലും കുളങ്ങളാലും ചുറ്റപ്പെട്ട ക്ഷേത്രാങ്കണമായതിനാലാണ് ഈ ക്ഷേത്രത്തെ കാവോട് ചേർന്ന് അതിസംബോധന ചെയ്യുന്നത്. പ്രാചീനകാലത്ത് തമിഴ്നാടുമായി ബന്ധം കൽപ്പിച്ചിരുന്ന അതിർത്തി മലപ്രദേശങ്ങളും കാശ്യപ മഹർഷി താപസസഞ്ചാരം ചെയ്തിരുന്നതുമായി കരുതപ്പെടുന്ന പാലക്കാട്ടുശ്ശേരി എന്ന പാലക്കാട്ടെ നഗര മദ്ധ്യത്തിൽ നിന്നും ഏതാണ്ട് 5 കി.മി. ഉള്ളിലേക്ക് മാറി കാവിൽപ്പാട് എന്ന ചെറിയ ഗ്രാമത്തിൽ ആകാശഗംഗയേ ശിരസ്സിൽ ഏറ്റി അഖിലർക്കും അനുഗ്രഹം ചൊരിഞ്ഞ് അഖിലാണ്ഡങ്ങൾക്കും നാഥനായി വിളങ്ങുന്ന ശ്രീ തിരുമണങ്ങാട്ടപ്പൻ തേവർക്ക് പടിഞ്ഞാറ് ഭാഗത്തായി അതിർത്തി കാക്കുന്ന ശക്തിമാരിയമ്മയുടെയും കാവിൽപാട് ലോകപരമേശ്വരി അമ്മയുടെയും കാവൽ നിൽക്കുന്ന ഹേമാംബികയുടെയും ശാസ്താവിന്റെയും അനുഗ്രഹത്തോടെ തെക്കു ഭാഗത്ത് ഭാരതപ്പുഴയുടെ കൈപ്പുഴയായി പേരുകേട്ട കൽപ്പാത്തി പുഴയും വയലുകളും തിങ്ങി നിറഞ്ഞതിന്റെ ചാരത്തായി പുളിക്കൽ ശങ്കരോടം എന്ന ശങ്കരോടത്ത് കോവിലകത്താണ് ശ്രീ പുളിക്കൽ നാഗയക്ഷി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

**ഐതിഹ്യം**

ശങ്കരോടത്ത്പൂർവ്വികത്തിൽ ഉണ്ടായിരുന്ന മുത്തശ്ശിയമ്മമാർ നിലവറയിലെ പൂജകൾ നടത്തിക്കൊണ്ടു വന്നിരുന്നത് ഈ ഐതിഹ്യത്തിനെ മുൻനിർത്തിയാണ്. എന്തെന്നാൽ, പൂർവ്വകാലത്ത് തന്നെ ഈ ഭൂമിയിൽ കശ്യപ മഹർഷിയുടെ സാന്നിധ്യം ഉണ്ടെന്നാണ് വിശ്വാസം, അതിനാൽ ഇവിടുത്തെ ശ്രീകോവിലിൽ തേവാരമൂർത്തി സങ്കൽപ്പത്തിലാണ് ഇന്നും ആരാധനകൾ നടത്തി വരുന്നത്. ഒരേ ഗർഭഗൃഹത്തിൽ (ശ്രീലകത്ത്) നാഗയക്ഷിയമ്മയും നാഗരാജാവും സർപ്പയക്ഷിയമ്മയും തുല്യ പ്രാധാന്യത്തോടു കൂടിയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. മാത്രമല്ല അതേ ഗർഭഗൃഹത്തിൽ തന്നെയാണ് പുറ്റു തകർന്നു വന്ന നാഗയക്ഷിയമ്മയുടെ സ്വയംഭൂ ശിലയും ഉള്ളത്. കാശ്യപ മഹർഷിയുടെ തേവാരമൂർത്തികളായ നാഗയക്ഷി, നാഗരാജാവ്, സർപ്പയക്ഷി, നാഗകന്യക, നാഗചാമുണ്ഡി എന്നിവർക്കാണ് ഈ ക്ഷേത്രത്തിൽ പ്രാധാന്യം. കൂടാതെ ശങ്കരോടത്തെ കുലദേവതയായ ബാലഭദ്രകാളിയേയും (വീരപോർക്കലി) ഉപാസിക്കപ്പെടുന്നു. കാരണം ഈ കുടുംബാംഗങ്ങൾ (ശങ്കരോടാത്തുകാർ) ഏകദേശം പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കൂടി ഇവിടേക്ക് എത്തിപ്പെട്ടവരാണ്. ഈ വംശത്തിന്റെ മൂലഗൃഹ കുലദൈവമായാണ് വീരപോർക്കലിദേവിയെ ആരാധിക്കുന്നത്. നാഗങ്ങളുടെ അച്ഛനായി കരുതപ്പെടുന്ന കശ്യപ മഹർഷിയുടെ സങ്കൽപ്പ പീഠമായതിനാൽ നിലവറയിലെ നാഗപ്രതിഷ്ഠയെ നാഗമുത്തച്ഛനായി കണ്ടാണ് ആരാധിച്ചു വരുന്നത്. എല്ലാ വർഷവും തുലാം മാസത്തിലെ ആയില്യം നാളിൽ നിലവറ തുറക്കുകയും വെറ്റില അടയ്ക്ക വെച്ച് നമസ്ക്കരിച്ച് നൂറും പാലും മറ്റു പൂജാധികളെല്ലാം നടത്തി ശങ്കരോടത്തെ സ്ത്രീജനങ്ങൾ ഒത്തുചേർന്ന് വ്രതമെടുത്ത് നാലു കറിയുണ്ടാക്കി സദ്യ വിളമ്പി പൂജയും നടത്തുന്നു. തുടർന്ന് ജാതിമതഭേദമന്യേ എല്ലാ ഭക്തർക്കും നിലവറ തൊഴുത് നമസ്ക്കരിക്കാവുന്നതാണ്.

**ക്ഷേത്രമാതൃക**

ശങ്കരോടത്തെ പഴയ നിലവറയോട് ചേർന്നാണ് ക്ഷേത്ര നാലമ്പലം സ്ഥിതിചെയ്യുന്നത്. അതിനു മധ്യത്തിലായാണ് സ്വയംഭുവായ നാഗയക്ഷിയമ്മയോട് ചേർന്ന് നാഗരാജാവും സർപ്പയക്ഷിയമ്മയും ഇരിക്കുന്ന ശ്രീലകം സ്ഥിതി ചെയ്യുന്നത്. ശ്രീലകത്തിനു മുൻപിലായി നമസ്കാര മണ്ഡപത്തിനും ശ്രീലകത്തിനും മധ്യത്തിൽ തെക്കോട്ടു നീങ്ങി പൂർവ്വകാലത്തെ

മുത്തശ്ശിയമ്മ പ്രതിഷ്ഠിച്ച് ആരാധിച്ച രണ്ട് നാഗബിംബങ്ങൾ (കരിനാഗം, മണിനാഗം) സ്ഥിതി ചെയ്യുന്നുണ്ട്. ക്ഷേത്രം കിഴക്ക് ദർശനത്തിലാണ് സ്ഥിതി ചെയ്യുന്നത്. ക്ഷേത്ര നാലമ്പലത്തിനകത്ത് കന്നിമൂലയിലായി ബാലഗണപതി ബാലദണ്ഡായുധപാണി, ബാലമണികണ്ഠ സ്വാമി എന്നിവരെ ശൈശവരൂപത്തിൽ ഒരു പീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. തൊട്ടു വടക്കു മാറി നവജാത ശൈശവ സങ്കൽപ്പത്തിൽ അമ്പോറ്റി കണ്ണനും തൊട്ടു വടക്കു മാറി സദാ തപസ്സിൽ മുഴുകിയിരിക്കുന്ന വാർദ്ധക്യ രൂപേണ താപസ ഹനുമാനും (ആലത്തിയൂർ ഹനുമാൻ) തൊട്ടു വടക്കുമാറി നാഗദേവതയും തൊട്ടു വടക്കു മാറി നാഗകന്യക പ്രതിഷ്ഠയും (പടയോട്ട കാലത്ത് നഷ്ടപ്പെട്ടത് എന്നു കരുതുന്ന ചിഹ്നങ്ങൾ ഈ വിഗ്രഹത്തിൽ കാണപ്പെടുന്നു. മാറ്റുന്നതിനോ പുതുക്കുന്നതിനോ ചൈതന്യത്തിന് താൽപര്യമില്ലെന്ന് പ്രശ്നവശാൽ കണ്ടതിനാൽ ആ പുരാതന ശില തന്നെയാണ് ഇപ്പോഴും) തുടർന്ന് വായു മൂലയിൽ കാലനും ഭൂതവും താങ്ങിയ ഖഡ്ഗ പിനാക സർപ്പ ദളിത പാത്രത്തോടുകൂടിയ നാഗ ചാമുണ്ഡി പ്രതിഷ്ഠയും. ക്ഷേത്ര നാലമ്പലത്തിലെ ഈശാന മൂലയിലാണ് മച്ചകം സ്ഥിതി ചെയ്യുന്നത്. അതിനു താഴെ ആയിട്ടാണ് നിലവറ ഉള്ളത്. ക്ഷേത്രത്തിനു തെക്കുഭാഗത്തായിട്ടാണ് പൂർവ്വികന്മാർ ആരാധിക്കപ്പെട്ടതെന്നു കരുതുന്ന മണ്ണിനടിയിൽ നിന്നു കിട്ടിയ നാഗബിംബങ്ങളെ തേവാര മൂർത്തികളായി പ്രതിഷ്ഠിച്ചാരാധിച്ചിട്ടുള്ള ശങ്കരോടത്ത് കോവിലകം സ്ഥിതിചെയ്യുന്നത്. ഇവിടെ കശ്യപ മഹർഷിയുടെ തേവാര മൂർത്തികളായ പഞ്ചദേവതകളെയും കിഴക്കിനി നടുമുറ്റത്താണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. (പടിഞ്ഞാറു ദർശനമായി) പിന്നെ നാഗേന്ദ്രസ്വാമി, കരിനാഗ യക്ഷിയമ്മ എന്നിവരുടെ അതിപുരാതന ശിലാവിഗ്രഹങ്ങൾ നാലുകെട്ടിലെ തെക്കേതളത്തിലെ തേവാരപ്പുരയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ നാലുകെട്ടിലാണ് അമ്പോറ്റിയും താമസിച്ചു വരുന്നത്. തലമുറകളായി തറവാട്ടിലെ സ്ത്രീജനങ്ങൾ (കെട്ടിലമ്മമാർ) ആരാധിച്ചു വരുന്ന വാസുകി, തക്ഷകൻ, നാഗസുബ്രഹ്മണ്യൻ, അഞ്ജനമണിനാഗം എന്നിവരും ഈ നാലു കെട്ടിലെ കിഴക്കേ തളത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ ഈ നാലുകെട്ടിനെ മൂലസ്ഥാനമായി കണ്ടാണ് ആരാധിച്ചു വരുന്നത്. കോവിലകത്തിന്റെ തെക്കു ഭാഗത്ത് വടക്കു ദർശനമായി മുല്ലപ്പന്തൽ ശ്രീലകത്തിൽ എട്ടടി ഉയരത്തോടുകൂടി ഖഡ്ക് ത്രിശൂല പാനപാത്ര കപാല ഹസ്തത്തോടെ മഹാവീര്യാസനയായി ബാലാഭദ്രകാളിയും (വീര പോർക്കലി) ഭദ്രകാളി കാവിനു പടിഞ്ഞാറു ഭാഗത്തായി ആഗമ സർപ്പക്കാവും വടക്കുഭാഗത്തായി ബ്രാഹ്മണ സർപ്പക്കാവും കിഴക്കു ഭാഗത്തായി കൃഷ്ണ സർപ്പക്കാവും തെക്കു ഭാഗത്ത് ശിവക്കാവും ഗന്ധർവൻ കാവും സ്ഥിതി ചയ്യുന്നു. അവിടെ രക്ഷസ്സും ഉണ്ട്. കാവുകളാൽ ചുറ്റപ്പെട്ട ക്ഷേത്രാങ്കണമാണ് ഈ കോവിലകത്തുള്ളത്.

### ദൈനംദിന പൂജാകർമ്മങ്ങൾ

പുളിക്കൽ നാഗയക്ഷി ക്ഷേത്രത്തിൽ ശാന്തി ചെയ്യുന്നവർ ശ്രീഹരി പുഷ്കരണി എന്ന പുറംകുളത്തിൽ കുളിച്ച് ക്ഷേത്രത്തിനകത്തെ ഖഡ്ഗ പുഷ്കരണി എന്ന തീർത്ഥക്കുളത്തിലും കുളിച്ച ശേഷമാണ് പൂജകൾ നടത്താറുള്ളത്. ഈറനണിഞ്ഞ് ഉപവാസ വ്രതത്തോടു കൂടിയാണ് പുജകൾ ചെയ്യുന്നത്.കാലത്ത് നിർമ്മാല്യ അഭിഷേകവും ഉഷപൂജയും തുടർന്ന് ഉച്ചപൂജയും നടത്തി വരുന്നു. വൈകിട്ട് വിളക്ക് വെച്ചാരാധാനയേ പതിവുള്ളൂ. സർപ്പബലി ദിവസങ്ങളിലും കളമെഴുത്തുപാട്ടു ദിവസങ്ങളിലും അത്താഴപൂജ ഉണ്ടാവും. തുലാമാസത്തിൽ ആയില്യം നാളിൽ മാത്രമേ സന്ധ്യാ ദീപാരാധന ഉണ്ടാവുകയുള്ളു. മാസത്തിൽ പൂയ്യം പൂജ എല്ലാ ഉപദേവാദികൾക്കും പൂജ ഉണ്ടാവുന്ന ദിവസമാണ്. ആയില്യം ദിവസം വിശേഷാൽ പൂജയും, പായസബലിയും സപരിവാര നൂറും പാലും (ആയില്യം പൂജയും) ഉണ്ടാവുന്നതാണ്. പൗർണ്ണമി ദിവസങ്ങളിൽ വൈകുന്നേരം സർപ്പബലി പൂജ ഉണ്ടാവും. മലയാള മാസം ഒന്നാം തിയ്യതിയിൽ നവകം, പഞ്ചഗവ്യം എന്നിവ നാഗയക്ഷിക്കും ഗുരുതി, ചാന്താട്ടം എന്നിവ ഭഗവതിക്കും നടത്തിവരുന്നു. ആവശ്യാനുസരണം പായസ ഹോമങ്ങൾ ദൈനംദിനം നടത്തിവരുന്നു. മലയാള മാസങ്ങളിൽ കന്നി 3 ദിവസവും, വൃശ്ചികം 3 ദിവസവും തുലാം 3 ദിവസവും കുംഭം 3 ദിവസവും മേടം 1 മുതൽ 10 വരേയും നവക പഞ്ചഗവ്യം ഉണ്ടായിരിക്കുന്നതാണ്. ഇടവത്തിലെ ആയില്യം മുതൽ കന്നി ആയില്യം വരെ പുറ്റട വായതിനാൽ നൂറും പാലും ഉണ്ടായിരിക്കുന്നതല്ല. ഈ മാസങ്ങളിൽ ആയില്യത്തിനു മാത്രമേ നൂറും പാലും ഉണ്ടാവു. മറ്റുള്ള മാസങ്ങളിൽ എല്ലാ ഞായറാഴ്ചകളിലും നൂറും പാലും ഉണ്ടാവുന്നതാണ്. മാഘമാസം മുഴുവനും വിശേഷാൽ പൂജ ഉണ്ടായിരിക്കും. കറുത്തവാവു (അമാവാസിക്ക്) ദിവസം ഭഗവതിക്ക് തൃഷ്ടിപ് ഹോമം, വിശേഷാൽ മുട്ടിറക്കലും (ഏകാദശം, നക്ഷത്ര മുട്ട്, അഷ്ടോത്തരം, ത്രിശതി, സഹസ്രനാമം,കാൽ പന്തീരായിരം, എന്നീ മുട്ടുകൾ) ആഴ്ചയിൽ ഒരിക്കൽ ഭഗവതിക്ക് അഴൽ ഗുരുതി (ചെറുത്) നടത്തി വരുന്നു.

### ശ്രീ പുളിക്കൽ ശങ്കരോടത്ത് കോവിലകം

പുളിക്കൽ ശങ്കരോടത്ത് കോവിലകം സ്ഥിതിചെയ്യുന്നത് പാലക്കാട് കാവിൽപ്പാട് തെക്കുംപുറം എന്ന പ്രദേശത്താണ്. പുളിക്കൽ നാഗയക്ഷി ക്ഷേത്രം ശങ്കരോടത്ത് കോവിലകത്തെ ആണ്. ഈ കുടുംബത്തിന്റെ ചരിത്രമെന്നത്, ഇവിടെ പൂർവ്വകാലത്ത് കോവിലകം ഒന്നുമുണ്ടായിരുന്നില്ല. പാഴടഞ്ഞ കാവുകളും കുളങ്ങളും ഉള്ള ഒരു തറവാടായിരുന്നു ഇവിടം. ഈ കോവിലകം ഇടക്കാലത്ത് നിർമ്മിക്കപ്പെട്ടതാണ്. ഇതിനെ പുനരുദ്ധരിച്ച് പ്രചാ

രത്തിൽ എത്തിച്ചത് ഇപ്പോഴത്തെ വാഴുന്നോരായ ഉണ്ണി അമ്പോറ്റി (മാനവേന്ദ്ര ശർമ്മൻ ജിവെള്ളാട്ടിരി) ആണ്. 2019-20 കാലഘട്ടങ്ങളിൽ ആയിരുന്നു കോവിലകത്തിന്റെ അറ്റകുറ്റപ്പണികൾ എല്ലാം കഴിപ്പിച്ചത് തുടർന്ന് പല ചരിത്രകാരന്മാരുടെയും മച്ചിലെ താളിയോലകളുടെയും പൂർവ്വീകരുടെ വായ്മൊഴി ചരിത്രത്തിന്റെയും അനുഷ്ഠിച്ചു വരുന്ന കീഴ്‌വഴക്കങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിലാണ് പൂർവ്വികം കണ്ടെത്താൻ കഴിഞ്ഞത്. അതായത് ഈ കോവിലകത്തുകാർ തൃപ്രങ്ങോട്ട് വടക്കേ കോവിലകത്തുകാരാണ്. (താനൂർ വെട്ടത്ത് സ്വരൂപത്തിലെ ഒരു ശാഖ) ഇവരുടെ പരദേവതമാർ തൃപ്രങ്ങോട്ടപ്പൻ, വെട്ടത്തമ്മ, തിരുനാവായ തേവർ, ചമ്രവട്ടത്ത് അയ്യപ്പൻ, തിരുമാന്ധാംകുന്നിലമ്മ, എന്നിവരാണ്. ഇവരെ ഇന്നും ഈ കോവിലകത്ത് ഗ്രന്ഥപ്പുരയിൽ വെച്ച് ആരാധിച്ചു വരുന്നു. മാത്രമല്ലാതെ ഇവർക്ക് തേവാര മൂർത്തികളായി അമ്പോറ്റി കണ്ണൻ, സുബ്രഹ്മണ്യസ്വാമി, വേട്ടേക്കരൻ, ഉണ്ണികാളി (പാലത്തറ ഭഗവതി) എന്നിവരുമുണ്ട്. തൃപ്രങ്ങോട്ട് വടക്കേ കോവിലകത്തുകാർ തിരുനാവായ തളി ക്ഷേത്രത്തിലെ തിരുനാവായ യോഗത്തിൽ 'യോഗാതിരിപ്പാട്' എന്ന സ്ഥാനം വഹിച്ചിരുന്നുവത്രേ. ആ സ്ഥാനപേരാണ് അമ്പോറ്റി തമ്പുരാൻ എന്നത്. അതിനാൽ തന്നെ ഇവർക്ക് വള്ളുവനാട്ടിലെ മാമാങ്കവുമായി ബന്ധമുണ്ടായിരുന്നു. അന്ന് ഇവർക്ക് അരിയിട്ടു വാഴ്ച നടത്തി സ്ഥാനപ്പേര് നൽകിയിരുന്നത് കൽപ്പകഞ്ചേരി മന തമ്പ്രാക്കൾ ആയിരുന്നു ഇവർ. ക്ഷത്രിയ വംശജരായ വിശ്വാമിത്ര ഗോത്രക്കാരാണ് യോഗാതിരിപ്പാട് ആകുന്ന അമ്പോറ്റി നൈഷ്ഠിക ബ്രഹ്മചാരിയായി ഈശ്വരോപാസനയിൽ മുഴുകി ദൈവജ്ഞർ ആയി കഴിയുന്നു. വേദകാലത്ത് ബ്രഹ്മാവ് നീളാതീരത്ത് യാഗം നടത്തിയതിൽ പ്രത്യക്ഷപ്പെട്ട മൂർത്തികളെ ആണ് ഇവർ ഉപാസിച്ചു വന്നിരുന്നത്. ഏകദേശം പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ ശത്രു സൈന്യത്തിന്റെ ആക്രമണത്തിൽ ഈ കോവിലകങ്ങൾ എല്ലാം നശിക്കപ്പെട്ടു അവിടെ നിന്നും പലായനം ചെയ്യപ്പെട്ട ഈ കോവിലകത്ത്കാർക്ക് വള്ളുവനാട് കടന്നമണ്ണ പരനാട്ടു കോവിലകത്തെ അന്നത്തെ കുളത്തൂർ തമ്പുരാട്ടി അഭയം കൊടുത്തു അവിടെനിന്നും വീണ്ടും പലായനം ചെയ്ത ഇവർ പുഴയിലൂടെ വഞ്ചിയിൽ സഞ്ചരിച്ച് കാവിൽപ്പാട്ടിന്റെ തെക്കുഭാഗത്തുള്ള കുന്നിൽ എത്തിപ്പെട്ടു എന്നാണ് വിശ്വാസം. ഈ വംശത്തിൽ ശേഷിച്ചതിൽ, ഇവിടെ എത്തിപ്പെട്ടത് തമ്പുരാട്ടിമാർ മാത്രമാണ്. അവരെ രക്ഷിച്ച് ഇവിടെ എത്തിച്ചത് തലച്ചെന്നൊരായ പള്ളിപ്പുറത്ത് പണിക്കരും കുറുച്യ തലവനായ പടയാളിയും ആയിരുന്നു.

(വടക്കൻ കോട്ടയം കുടുംബവുമായുള്ള ബന്ധംകൊണ്ടാണ് കുറിച്യ പടയാളികൾ രക്ഷിച്ചതും പോർക്കലിദേവി കുലദേവതയായതും) തുടർന്ന് അവർ ഗ്രാമത്തിലേക്ക് കയറി വരികയും ഇവിടെ ഒരു വീട്ടിൽ അഭയാർഥികളായി കഴിയുകയും ചെയ്തു. ഈ സ്ഥലം വെളുത്തേടത്തു നായർ കുടുംബത്തിന്റേതായിരുന്നു. അതിലെ പടിഞ്ഞാറെ വെളുത്തേടത്ത് എച്ചു അമ്മ എന്നെ സ്ത്രീജനം തന്റെ ഭൂമിയുടെ വടക്കുഭാഗത്ത് തമ്പുരാട്ടിയമ്മയ്ക്കും മകൾക്കും ഒരു പാർപ്പിടം ഉണ്ടാക്കിക്കൊടുത്തു. അതിലിരുന്നുകൊണ്ട് അടുത്തുള്ള ശിവക്ഷേത്രത്തിൽ കഴകവും മറ്റും ചെയ്താണ് അവർ ജീവിച്ചത്. അവർ അവിടെ നിന്നും വരുമ്പോൾ കയ്യിൽ കരുതിയത് ചില താളിയോലകളും പ്രാണരക്ഷക്കുള്ള ഉടവാളും ഉപാസനാ വിഗ്രഹങ്ങളും പള്ളിപ്പുറത്ത് പണിക്കർ കൊടുത്ത കളരി ഗ്രന്ഥവും വേട്ടേക്കരന്റെ വാളും പോർക്കലിദേവിയുടെ പടയണി വാളും അവർ ഭദ്രമായി അറക്കകത്ത് വച്ച് ആരാധിച്ചു വന്നു.

ഈ ഗ്രന്ഥങ്ങൾ പ്രകാരം ചെറുകിട വിഷ ചികിത്സകളും ദൈവാരാധന പരിഹാരങ്ങളും തമ്പുരാട്ടിമാർ ചെയ്തു കൊടുത്തതുകൊണ്ടാണ് ഉപജീവനം തുടർന്നത്. ഈ ചുറ്റുവട്ടത്ത് കുന്നലക്കോനാതിരിയുടെ അധികാരികൾ ഉണ്ടായിരുന്നതിനാൽ തമ്പുരാട്ടിമാർ തങ്ങളുടെ രാജകീയ നാമങ്ങളും രാജകുടുംബ ചരിത്രവും മറച്ചുവെച്ചാണ് ജീവിച്ചത്. (ജീവൻ ഭയന്ന്) ഇവിടേക്ക് എത്തിപ്പെട്ടത് ദേവപ്രഭ തമ്പുരാട്ടിയുടെ മകൾ നാരായണി അംബിക തമ്പുരാട്ടിയും ഇവിടെ അവരുടെ പേര് നാണി കുട്ടിയമ്മ എന്നായിരുന്നു. മകൾ കുഞ്ചു കാവു എന്ന കാമാക്ഷി അമ്പു തമ്പുരാട്ടിയും ഇവിടെ അവർ അറിയപ്പെട്ടത് കാമാക്ഷിയമ്മ അഥവാ കുഞ്ചു കാവു അമ്മ എന്നായിരുന്നു. അവർക്ക് പൊടമുറി കഴിഞ്ഞ് അധികം വൈകാതെ തന്നെ വൈധവ്യവും സംഭവിച്ചു. അതിൽ ഒരു സ്ത്രീ സന്താനം ഉണ്ടായിരുന്നു അവരാണ് കൊച്ച് അമ്പു എന്ന കൊച്ചമണിയമ്മ അവർക്ക് ഒരു മകൾ ലക്ഷ്മിക്കുട്ടി തമ്പാട്ടി അമ്മ എന്ന വെള്ളാട്ടിരി തങ്കമണി അമ്മ ഇവരാണ് ഇവിടെ കെട്ടിലമ്മ സ്ഥാനത്തുനിന്ന് ആചാര അനുഷ്ഠാനങ്ങൾ നടത്തിയിരുന്നത്. ഇവരുടെ ഭർത്താവ് (പള്ളത്ത് പുത്തൻവീട്ടിൽ കേശവൻ നായർ. ആർമി. നായിക് രണ്ടാം ലോക മഹായുദ്ധം) മിലിറ്ററി നായിക് ആയിരുന്നു. അദ്ദേഹമാണ് ഇവിടെവലിയ വീടും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഉണ്ടാക്കിയത്. വള്ളുവനാടുമായുള്ള ബന്ധം കൊണ്ടാവാം ഇവർ വെള്ളാട്ടിരി എന്ന പേരിനോട് ചേർത്തു പറയാറുള്ളത്. 2019 മെയ് മാസം വലിയ കെട്ടിലമ്മ തീപ്പെട്ടു. അതിനു ശേഷം അവരുടെ രണ്ടാമത്തെ മകളായ വി. മല്ലികാക്ഷിയമ്മയാണ് ഇപ്പോഴത്തെ കെട്ടിലമ്മ. ഇവിടെ കെട്ടിലമ്മ എന്ന സ്ഥാനം ആചാരാനുഷ്ഠാനങ്ങൾ നിറവേറ്റാനാണ്. കെട്ടിലമ്മയായി അഭിഷിക്തയാകുന്ന അമ്മ കോവിലകത്തെ തെക്കേ തളത്തിൽ നിത്യ തേവാരം ചെയ്യണം മറക്കുട ചൂടി നടക്കണം. ◆

# പന്തളം കൊട്ടാരം നിർവ്വാഹക സമിതി ഭാരവാഹികൾ



പന്തളം കൊട്ടാരം നിർവ്വാഹക സംഘത്തിന്റെ 104-ാം വാർഷിക പൊതുയോഗവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. കൊട്ടാരം നിർവ്വാഹക സംഘം പ്രസിഡന്റ് പി.ജി. ശശികുമാർ വർമ്മ അധ്യക്ഷത വഹിച്ചു. കുടുംബത്തിലെ മുതിർന്ന അംഗം ഉത്തൃട്ടാതി നാൾ കേരളവർമ്മ രാജ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു.

സംഘത്തിന്റെ പുതിയ ഭാരവാഹികളായി പി.ജി.ശശികുമാർ വർമ്മ (പ്രസിഡന്റ്), പ്രദീപ് കുമാർ വർമ്മ (വൈസ് പ്രസിഡന്റ്), പി.എൻ. നാരായണവർമ്മ (സെക്രട്ടറി), എം.ആർ. സുരേഷ് വർമ്മ (ജോയിന്റ് സെക്രട്ടറി), ദീപാ വർമ്മ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. യോഗത്തിൽ മകം നാൾ കേരളവർമ്മ, വിജയചന്ദ്രരാജ്, രാജരാജവർമ്മ, അശോകവർമ്മ, ചന്ദ്രിക തമ്പുരാട്ടി, ദീപാ വർമ്മ, പ്രദീപ് കുമാർ വർമ്മ, എം.ആർ. സുരേഷ് വർമ്മ, നാരായണവർമ്മ, കേരള വർമ്മ, ചിത്രാ വർമ്മ തുടങ്ങിയവർ സംസാരിച്ചു. ശബരിമലയിൽ ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തിക്കൊണ്ട് ദർശനം നടത്താൻ സൗകര്യം ഒരുക്കുക, മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് മാളികപ്പുറത്തെ അയ്യപ്പസ്വാമിയുടെ എഴുന്നള്ളിപ്പ് 2018-ലെ ദേവപ്രശ്നവിധി അനുസരിച്ച് പൂർവ്വാചാരപ്രകാരം ആനപ്പുറത്ത് തന്നെ നടത്തുക, പോലീസിന്റെ നേതൃത്വത്തിലുള്ള വെർച്ചൽ ക്യൂ സംവിധാനം ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ യോഗം മുന്നോട്ടു വച്ചു.

# പുസ്തകം സമർപ്പിച്ചു



പന്തളം കൊട്ടാരത്തിലെ അംഗവും കേരള സർക്കാർ പബ്ലിക് റിലേഷൻസ് റിട്ട. ഡെപ്യൂട്ടി ഡയറക്ടറുമായിരുന്ന പരേതനായ പി. രവിവർമ്മ (ദിനേശ്) യുടെ 'മേഘവഴികൾ' എന്ന പുസ്തകം അദ്ദേഹത്തിന്റെ പ്രിയ മാതാവ് പന്തളം വലിയ തമ്പുരാട്ടി മകം നാൾ തമ്പാംഗി തമ്പുരാട്ടിക്ക് പന്തളം നീരാഴിക്കെട്ടു കൊട്ടാരത്തിൽ വച്ച് പന്തളം പാലസ് ക്ലബ്ബ് പ്രസിദ്ധീകരണമായ 'സൗഹൃദ'ത്തിനു വേണ്ടി എഡിറ്റർ ജയകുമാര വർമ്മ ആർ.കെ. സമർപ്പിച്ചു. പി. സുധാകരവർമ്മ, പി.ശബരീഷ്, പ്രതാപവർമ്മ പള്ളം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കുടജാദ്രി, ഹിമാലയം, ശബരിമല എന്നിവിടങ്ങളിലേക്ക് പലവർഷങ്ങളിൽ ലേഖകൻ നടത്തിയ യാത്രകളിലെ അനുഭവങ്ങളടങ്ങുന്ന 'മേഘവഴികൾ' സൗഹൃദം പാലസ് ക്ലബ്ബ് പന്തളമാണ് പ്രസിദ്ധീകരിച്ചത്. സൗഹൃദം പബ്ലിഷേഴ്സിന്റെ പ്രഥമ പുസ്തകമാണിത്. രവിവർമ്മയുടെ രണ്ടാം ചരമവാർഷികദിനമായ ജൂലൈ പത്തിന് തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ വച്ച് ബഹു. കേരളാ കൃഷി മന്ത്രി പി. പ്രസാദ് പുസ്തക പ്രകാശന കർമ്മം നിർവഹിച്ചിരുന്നു.

# GANDHI ASHRAM

**E. Ramavarma Raja,** Ennakkad Palace



During my journey to Ahmedabad in Gujarat State a few years back, I had an opportunity to visit Gandhi Ashram there. We could see books written by Mahatma Gandhi, his photos and statues, a few persons engaged in weaving thread on charka with hands beside the photo of Gandhi himself involved in it. We stepped into a room where so many books were exhibited including autobiography of his, 'My experiments with Truth' I bought one copy. Then and there I beheld icon of 3 monkeys sitting in a row illustrating 'speak no evil, see no evil, hear no evil.' We must pay heed to it and practise in our life. This prompted me to write a few lines. Besides, they show us 'Eat to live, not live to eat.' I presume. Alas! They have no habitat of their own. Climbing up and down trees, plucking fruits and eatables and drinking water to ward off their hunger and thirst is the sole aim of monkeys on the earth. They stand on their own legs for livelihood is their signal to success. To many, apes are of little knowledge and feeling. Certainly we have to imbibe lessons from them. More over, they can acclimatise with various climates like spring summer autumn and winter. Heavy rain, storm, tsunami, radiant sunlight, snow etc no problem at all to monkeys birds and animals. God alone can save them from difficulties and perils. Humbly I pray for them for a bright future.

Just before my departure from Gandhi Ashram I respectfully bowed my head with folded hands in front of Mahatma Gandhi and Kasturba Gandhi remembering their plain living and high thinking. How can I forget to salute our National Flag.

***Bharat Matha Ki Jai.*** ◆

*വൈകി സംസാരിക്കുന്ന... തുടർച്ച*

പിടിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കും. കുട്ടിയുടെ നന്മയ്ക്കായി സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്. ആഡിയോളജിസ്റ്റ്, രക്ഷകർത്താവ് എന്നിവർ കൈകോർത്ത് പ്രവർത്തിക്കണം. സ്പീച്ച്തെറാപ്പി തുടർന്ന് ആരംഭിക്കും. മരുന്നു നൽകിയുള്ള സാധാരണ ചികിത്സയിൽ നിന്നും വ്യത്യസ്തമായി വീട്ടിൽവച്ചു നടത്തേണ്ട ചിട്ടയായ നിരന്തര തുടർ പ്രക്രിയയാണ് സ്പീച്ച് തെറാപ്പി. കുട്ടിക്ക് നല്ല കൗൺസലിംഗ് നടത്താനും ആശയവിനിമയ ബുദ്ധിമുട്ടിന്റെ പരിഹാരത്തിന് സഹായിക്കാനും സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റിനു കഴിയും.

*(മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളജിൽ ക്ലിനിക്കൽ സൂപ്പർ വൈസർ ആണ് ലേഖിക.)*




**ശ്രീ അനന്തപുരി അന്യോന്യം**

**പത്മതീർത്ഥക്കരയ്ക്കു വടക്കുവശം, കോട്ടയ്ക്കകം, തിരുവനന്തപുരം**

ബ്രാഹ്മണ - ക്ഷത്രിയ വംശജരുടെ സീമന്തം, അന്നപ്രാശം, ചൗളം, ഉപനയനം, സമാവർത്തനം, സപിണ്ഡി, ആണ്ടുശ്രാദ്ധം എന്നീ ചടങ്ങുകൾ വിധിയാംവണ്ണം നടത്തുന്നതിനുള്ള പുണ്യസ്ഥലം

**ബന്ധപ്പെടുക: ജി. രാമവർമ്മ ( സെക്രട്ടറി) : 9447744915**



# വയലാർ

**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം



*വരച്ചത് :*
***ദേവനന്ദൻ***
*പിലാത്തറ, കണ്ണൂർ*

ഇവിടെയീ രാഘവ പറമ്പിലോരോ മണൽ
ത്തരിയും കാവ്യോദാത്തസ്മൃതിയിലുണരുന്നു
നോവുമാത്മാവിൻ തത്ത്വശാസ്ത്രത്തെ സ്നേഹിച്ചൊരു
ദേവഗായകൻ വീണമീട്ടിയതിവിടെല്ലോ

ദു:ഖത്തെ, ആഹ്ലാദത്തെ, പ്രേമത്തെ, വിരഹത്തെ
സൗഖ്യ സൗഹാർദ്ദങ്ങളെയൊക്കെ ആ പൊൻ തൂലിക
എത്രയോ ഭാവങ്ങളിൽ എത്രയോ താളങ്ങളിൽ
എത്രയോ ഭാവങ്ങളിൽ 'പാടിയീമണ്ണിൽ നിന്നും

പാലു വിൽക്കുവാൻ വന്നോരായിഷയുടെ ലോല
ലോലമാം ഹൃദയത്തിൽ തീവ്രദു:ഖത്തെപ്പറ്റി
വേടന്റെ കൂരമ്പേറ്റ കിളിയെ കാൺകെ മുനി
പാടിയ മഹത്തായ മാനിഷാദയെപ്പറ്റി

നിസ്തുല സഹതാപ സാന്ദ്രമായ് മനോജ്ഞമായ്
നിൻ സർഗ്ഗപ്രതിഭയിൽ കാവ്യങ്ങളുണർന്നപ്പോൾ
ആയിഷയുടെ ദു:ഖം, ആൺകിളിയുടെ ദു:ഖം
മാനവാത്മാവിൽ നിത്യ ദു:ഖമായ് നിറഞ്ഞല്ലോ

കാലമാമശ്വത്തിന്മേലേറിയും മനുഷ്യനിൽ
ജ്വാലയായ് തെളിയുന്ന സ്നേഹ ദീപത്തെപ്പറ്റി
അന്ധവിശ്വാസങ്ങളും ശാസ്ത്രവും തമ്മിൽ തമ്മിൽ
ഒന്നു പോലിണക്കിയാ തൂലികയ ചലിച്ചപ്പോൾ
മനുഷ്യ മഹത്വത്തിൽ ഉജ്വലപ്രഭാവത്തിൽ
മനസ്സും ശരീരവും ഹർഷാശ്രു പൊഴിച്ചല്ലോ



എനിക്ക് മരണമില്ലെന്നുറക്കനെപ്പാടി
തനിച്ച് നടന്നങ്ങു പോയൊരാ ദിനം മുതൽ
പ്രതിഭാധനൻ നിന്റെ കാവ്യമാധുരിയെന്നും
പ്രപഞ്ച ഹൃദയത്തിൽ സ്പന്ദമായ് തുടിയ്ക്കുന്നു. ◆

*(വയലാറിന്റെ ഒന്നാം ചരമവാർഷികത്തിൽ രചിച്ചത്)*



# പരപ്പൂർ സ്വരൂപം
# പഴഞ്ചേരി കോവിലകം
# ബേപ്പൂർ ആലിയക്കോട്ടു കോവിലകം

**മാവേലിക്കര ആർ. ശശിധരവർമ്മ,** മൊ. 6282739050

### ഗ്രാമത്തിൽ കൊട്ടാരം

കൊല്ലവർഷം 968 (A.D. 1793)-മാണ്ട് മീനമാസം ഇട്ടോട്ട തമ്പുരാട്ടിയും മക്കളും കൂടി മാവേലിക്കരയിൽ കണ്ടിയൂർ എന്ന സ്ഥലത്തുള്ള കൊട്ടാരത്തിൽ താമസിക്കുകയും കൊല്ലവർഷം 982-ാമാണ്ടിൽ (A.D. 1793) ചെങ്ങന്നൂർ താലൂക്കിലുള്ള ഗ്രാമത്തിൽ സർക്കാർ സഹായത്തോടെ ഒരു കൊട്ടാരം പണിയുകയും അങ്ങോട്ടു മാറി താമസിക്കുകയും ചെയ്തു. അങ്ങിനെ ഗ്രാമത്തിൽ കൊട്ടാരം സ്ഥാപിതമായി.

### തിരുവല്ല പാലിയക്കര കൊട്ടാരം

കൊല്ലവർഷം 969 (A.D. 1794) മകരമാസത്തിൽ ഇട്ടിയങ്കള തമ്പുരാട്ടി കുട്ടികളുമായി ചങ്ങനാശേരി നീരാഴിക്കെട്ടു കൊട്ടാരത്തിൽ നിന്നും തിരുവല്ലായിലേക്ക് മാറി താമസിച്ചു. അങ്ങിനെ തിരുവല്ല പാലിയക്കര കൊട്ടാരം സ്ഥാപിതമായി. ഇപ്പോഴത്തെ പാലിയക്കര പടിഞ്ഞാറെ കൊട്ടാരത്തിലാണ് അവർ താമസിച്ചത്.

കൊല്ലവർഷം 973 വൃശ്ചിക മാസത്തിൽ ഞാഞ്ഞി തമ്പുരാട്ടിയും കുട്ടികളും തിരുവല്ലയിൽ വന്ന് ഇട്ടിയങ്കളതമ്പുരാട്ടിയോടുകൂടി താമസമാക്കി. ഞാഞ്ഞിതമ്പുരാട്ടിക്ക് കുഞ്ഞുണ്ണി, കോമര് എന്ന് രണ്ടു പുത്രന്മാരും ഇല്ലാല എന്ന ഒരു പുത്രിയുമാണുണ്ടായിരുന്നത്. ഇല്ലാലക്ക് സന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ ആ ശാഖ അന്യം നിന്നു പോയി.

ഇട്ടിയങ്കള തമ്പുരാട്ടിക്ക് ഇഞ്ഞാഞ്ഞി എന്ന ഒരു മകളു മാത്രമാണുണ്ടായിരുന്നത്. ഈ തമ്പുരാട്ടിക്ക് രാമവർമ്മ, കോമര് എന്ന രണ്ടു പുത്രന്മാരും കുഞ്ഞിക്കുട്ടി, ഇട്ടിമംഗള എന്ന രണ്ടു പുത്രിമാരും ഉണ്ടായിരുന്നു. ഇതിൽ കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെ സന്താനപരമ്പരകളാണ് ഇന്ന് തിരുവല്ല പാലിയക്കര പടിഞ്ഞാറെ കൊട്ടാരത്തിലുള്ളവർ.

ഇഞ്ഞാഞ്ഞി തമ്പുരാട്ടിയുടെ മകൻ ശ്രീ രേവതിനാൾ രാമവർമ്മ കൊല്ലവർഷം 994 മേടം 10-ാം തീയതി (21 ഏപ്രിൽ 1819) ആയില്യം തിരുനാൾ മഹാറാണി ലക്ഷ്മിബായിയുടെ മകൾ ആയില്ല്യം തിരുനാൾ രുഗ്മിണിബായിയെ വിവാഹം ചെയ്തു. രാമവർമ്മ തമ്പുരാനു വേണ്ടിയാണ് ഇന്നു കാണുന്ന പാലിയക്കര കിഴക്കെ കൊട്ടാരവും അതിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങളും മറ്റും കൊല്ലവർഷം 1007 (1831)-ൽ ഗർഭശ്രീമാൻ എന്നു പേരുകേട്ട സ്വാതി തിരുനാൾ രാമവർമ്മ മഹാരാജാവ് പണിയിച്ചു കൊടുത്തത്. ഇദ്ദേഹത്തിന്റെ പുത്രന്മാരാണ് എ.ഡി. 1860 മുതൽ 1885 വരെ തിരുവിതാംകൂർ ഭരിച്ച ശ്രീ ആയില്ല്യം തിരുനാൾ രാമവർമ്മ മഹാരാജാവും എ.ഡി. 1880 മുതൽ 1885 വരെ ഭരിച്ച വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവും. ശ്രീ രാമവർമ്മയുടെ പൗത്രനാണ് എ.ഡി. 1885 മുതൽ 1924 വരെ തിരുവിതാംകൂർ ഭരിച്ച ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവും ശ്രീ രാമവർമ്മയുടെ ഭാഗിനേയി കൊച്ചുകുഞ്ഞിതമ്പുരാട്ടിയുടെ പുത്രനാണ് ഭഗവാൻ കോയിതമ്പുരാൻ എന്നറിയപ്പെട്ടിരുന്ന തിരുവോണംനാൾ കേരളവർമ്മ കോയിതമ്പുരാൻ. ഇദ്ദേഹം ലോകപ്രശസ്ത ചിത്രകാരൻ കിളിമാനൂർ കൊട്ടാരത്തിൽ രാജരവിവർമ്മയുടേയും മാവേലിക്കര വടക്കേ കൊട്ടാരത്തിൽ ഉത്സവമഠം കൊട്ടാരത്തിൽ പൂരുരുട്ടാതി തിരുനാൾ മഹാപ്രഭ (കൊച്ചുപങ്കി) അമ്മ തമ്പുരാന്റെയും രണ്ടാമത്തെ മകൾ തിരുവാതിര തിരുനാൾ ഭാഗീരഥി (കൊച്ചുകുഞ്ഞി) അമ്മതമ്പുരാനെ എ.ഡി. 1891 (കൊല്ലവർഷം 1067 വൃശ്ചികം) വിവാഹം ചെയ്തു. ഇവരുടെ മൂത്തപുത്രി മൂലം തിരുനാൾ അമ്മ മഹാറാണി സേതു പാർവ്വതിഭായിയെ എ.ഡി.1076 ആഗസ്റ്റ് 30-ാം തീയതി തിരുവിതാംകൂർ രാജകുടുംബത്തിലേക്ക് ദത്തെടുത്തു. ഭഗവാൻ കോയിതമ്പുരാന്റെ പൗത്രനാണ് തിരുവിതാംകൂറിന്റെ അവസാനത്തെ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ്. (എ.ഡി.1931 മുതൽ 1949 വരെ)

തിരുവിതാംകൂർ ഭരിച്ച രണ്ടു മഹാരാജാക്കന്മാരുടെ അച്ഛനും രണ്ടു മഹാരാജാക്കന്മാരുടെ അപ്പൂപ്പനും പാലിയക്കര കൊട്ടാരത്തിലെ ആണ്.

കൊല്ലവർഷം 1007-ൽ സ്വാതി തിരുനാൾ രാമവർമ്മ മഹാരാജാവ് കൊട്ടാരം പണിയിച്ചു കൊടുത്തെങ്കിലും അവിടെ അപ്പോൾ തന്നെ താമസം തുടങ്ങി എന്നതിനു ഒരു രേഖയും കണ്ടു കിട്ടിയിട്ടില്ല. കൂടാതെ കൊല്ലവർഷം 1010

(എ.ഡി. 1834)-ാമാണ്ട് കർക്കിടക മാസം 12-ാം തീയതിയിലെ ഒരു നീട്ടു പ്രകാരവും രണ്ടു കൊട്ടാരങ്ങളും തമ്മിൽ പ്രത്യേകം പ്രത്യേകമായി താമസം തുടങ്ങിയതായി കാണുന്നില്ല.

പക്ഷേ ഒരു റിക്കാർഡ് പ്രകാരം പാലിയക്കര കിഴക്കെ കൊട്ടാരവും പാലിയക്കര പടിഞ്ഞാറെ കൊട്ടാരവുമായി വേർപിരിഞ്ഞത് കൊല്ലവർഷം 1040-ൽ മാത്രമാണെന്നു കാണുന്നു. അതുവരെ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചായിരുന്നു എന്നു അനുമാനിക്കാനെ പറ്റുകയുള്ളു. അന്നു മുതൽ സർക്കാരിൽ നിന്നും അനുവദിച്ച അടുത്തൂൺ, നെല്ല് തുടങ്ങിയവ കിഴക്കെ കൊട്ടാരത്തിലേയും പടിഞ്ഞാറെ കൊട്ടാരത്തിലേയും കാരണവൻന്മാർ പ്രത്യേകം പ്രത്യേകം ആയി വാങ്ങി ഒരോ ശാഖയിലേയും കുടുംബാംഗങ്ങളുടെ കാര്യങ്ങൾ നോക്കി വന്നിരുന്നതായി പറയുന്നുണ്ട്. പക്ഷേ അന്നു മുതൽ സ്ഥാവരജംഗമ വസ്തുക്കൾ ഭാഗം ചെയ്തതായി കാണുന്നില്ല. റിക്കാർഡുകൾ പ്രകാരം കൊല്ലവർഷം 1040 (എ.ഡി 1864)-ൽ തിരുവല്ല പാലിയേക്കര കൊട്ടാരം കിഴക്കെ കൊട്ടാരവും പടിഞ്ഞാറെ കൊട്ടാരവുമായി വേർപിരിഞ്ഞപ്പോൾ കിഴക്കെ കൊട്ടാരം ശാഖയുടെ കാരണവർ പൂരംനാൾ രാമവർമ്മ എന്ന കൊച്ചമ്മാവൻ കാരണവർ ആയിരുന്നു. ഇദ്ദേഹം പള്ളിക്കെട്ടു കഴിച്ച രേവതിനാൾ രാമവർമ്മയുടെ ഇളയ സഹോദരി ഇട്ടിമംഗള തമ്പുരാട്ടിയടെ പുത്രനാണ്.

പടിഞ്ഞാറെ കൊട്ടാരത്തിലെ കാരണവർ സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ സഹോദരി ആയില്യം തിരുനാൾ രുഗ്മിണി ഭായിയെ എ.ഡി. 1819 ഏപ്രിൽ 31-ാം തീയതി പള്ളിക്കെട്ടു കഴിച്ച ശ്രീ രേവതിനാൾ രാമവർമ്മ (975-1033)യുടെ സഹോദരി കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെ രണ്ടാമത്തെ പുത്രൻ ശ്രീ രാമവർമ്മ (കൊ.വ. 997 - 1077) ആയിരുന്നു. അദ്ദേഹം 37 വർഷം പടിഞ്ഞാറെ കൊട്ടാരത്തിലെ കാരണവരായിരുന്നു. അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ രണ്ടാമത്തെ സഹോദരി കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെ മകളുടെ മകൾ കൊച്ചുകുഞ്ഞി തമ്പുരാട്ടിയുടെ (1045-1116) മൂത്ത മകൻ പൂരുരുട്ടാതിനാൾ രാമവർമ്മ മൂത്തകോയി തമ്പുരാനായിരുന്നു (1073-1160). അദ്ദേഹം തന്റെ 4-ാമത്തെ വയസ്സിൽ പടിഞ്ഞാറെ കൊട്ടാരത്തിലെ കാരണവരായി. 83 വർഷം അദ്ദേഹം കാരണവരായി കുടുംകാര്യങ്ങൾ നല്ലവണ്ണം നോക്കി നടത്തി. അദ്ദേഹത്തിന്റെ കാലം സംഭവബഹുലമായിരുന്നു. ഇത്രയും നീണ്ടകാലം കാരണവരായി കുടുംബം ഭരിച്ച കാരണവന്മാർ വേറെ ഏതെങ്കിലും കൊട്ടാരങ്ങളിൽ ഉണ്ടായിരുന്നൊ എന്ന കാര്യം സംശയമാണ്. കൊല്ലവർഷം 1060 -ാം മാണ്ടിലെ ഒരു റിക്കാർഡു പ്രകാരം രണ്ടു കാരണവൻമാരുടേയും സമ്മതപ്രകാരം വസ്തുവകകൾ നോക്കുവാൻ ഒരു കാര്യസ്ഥനെ നിയമിച്ചു. കൂടാതെ ആകെയുള്ള വരവിന്റെ 3/10-ൽ മൂന്നു ഭാഗം പടിഞ്ഞാറെ കൊട്ടാരത്തിനും 7/10 ഭാഗം കിഴക്കെ കൊട്ടാരത്തിനുമായി ഭാഗിക്കുവാനും തീരുമാനിച്ചു.

വേറെ ഒരു റിക്കാർഡിൽ കൊല്ലവർഷം 1094 ധനു 24 ലെ ഒരു സമ്മതപത്രപ്രകാരം (Reg. No. 1372) പൊതുവായുള്ള വസ്തുവിൽ നിന്നും ആകെ കിട്ടുന്ന ആദായത്തിൽ നിന്നും ആണ്ടുതോറും കല്ലൂർക്കാടൻ പറക്ക് 426 പറ നെല്ലും 4 രൂപയും പടിഞ്ഞാറെ കൊട്ടാരത്തിന് കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പക്ഷേ കുറച്ചുനാൾ മാത്രമാണ് ഇത് കൊടുത്തിരുന്നത്. വസ്തുവകകളിൽ നിന്നും ഉള്ള ആദായം കുറഞ്ഞതിനാൽ കൊല്ലവർഷം 1116 വരെ ആണ്ടുതോറും 300 പറ നെല്ലു മാത്രമാണു കൊടുത്തിരുന്നത്. മുമ്പു പറഞ്ഞ സമ്മതപത്ര പ്രകാരം ആണ്ടിൽ 426 പറ നെല്ലിൽ കുറയാതെ പടിഞ്ഞാറെ കൊട്ടാരം ശാഖക്കു കിട്ടത്തക്ക വണ്ണം കുറെ വസ്തുക്കൾ പടിഞ്ഞാറെ കൊട്ടാരം ശാഖക്ക് കൊടുക്കുവാൻ കിഴക്കെ കൊട്ടാരം ശാഖ തീരുമാനിച്ചു. പക്ഷെ കൊല്ലവർഷം 1117 മുതൽ 1121 വരെ പൊതുവായുള്ള സ്വത്തുക്കളെല്ലാം COURT OF WARDS ന്റെ ഭരണത്തിൻ കീഴിലായിരുന്നു. പടിഞ്ഞാറെ കൊട്ടാരത്തിൽ അന്നുണ്ടായിരുന്ന 20 പേർക്കായി താഴെ പറയുന്ന വസ്തുക്കൾ COURT OF WARDS- ന്റെ ഭരണത്തിൽ നിന്നും വിടുതൽ ചെയ്ത് പടിഞ്ഞാറെ കൊട്ടാരത്തിലേക്ക് കൊടുത്തു.

1. 3 ഏക്കർ 39 സെന്റ് ഉള്ള പടിഞ്ഞാറെ കൊട്ടാരം നിൽക്കുന്ന പുരയിടം
2. 1 ഏക്കർ 20 സെന്റുള്ള തുണ്ടിപ്പറമ്പും
3. 27 ഏക്കർ 34 സെന്റ് നെൽപ്പാടവും

രാമവർമ്മയുടെ സഹോദരൻ പി.കെ. രാജരാജവർമ്മ ഇരുപത്തിരണ്ടോളം ഹാസ്യകൃതികളുടെ ഗ്രന്ഥകർത്താവാണ്. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ വിജയകരമായ പിന്മാറ്റം, പഞ്ചുമേനോനും കുഞ്ചിയമ്മയും, ശുപ്പു ശുപ്പു, പ്രസിഡന്റ് കുഞ്ചി തുടങ്ങിയവയാണ്. ക്ഷത്രിയസമുദായത്തിന്റെ ഉന്നതിക്കുവേണ്ടി ഒരു ട്രസ്റ്റു രൂപവൽക്കരിച്ചിരുന്നു.

രാമവർമ്മയുടെ അനുജത്തി ചതയംനാൾ കൊച്ചനിയത്തി തമ്പുരാട്ടി 101 വയസ്സു വരെ ജീവിച്ചിരുന്നു. തമ്പുരാട്ടി സംസ്കൃതം, ജ്യോതിഷം, വൈദ്യം എന്നിവയിൽ അതിനിപുണയായിരുന്നു. തമ്പുരാട്ടി പല കീർത്തനങ്ങളും സ്തോത്രങ്ങളും രചിച്ചിരുന്നു. അതെല്ലാം തന്നെ ഇപ്പോൾ ലഭ്യമാണൊ എന്നു അറിയാൻ വയ്യ.

രാമവർമ്മയുടെ മൂത്ത സഹോദരി ചതയംനാൾ കൊച്ചുകുഞ്ഞി

തമ്പുരാട്ടിയുടെ ഇളയമകൾ ചോതിനാൾ കുഞ്ഞിക്കുട്ടിതമ്പുരാട്ടിയാണ് (109-1170) പാലിയക്കര കൊട്ടാരത്തിൽ നിന്നും ആദ്യമായി 10-ാം ക്ലാസ്സ് ജയിച്ചത്. തമ്പുരാട്ടിയെ വിവാഹം ചെയ്തിരുന്നത് എ.ഡി 1925 മുതൽ 1931 വരെ റീജന്റായി തിരുവിതാംകൂർ ഭരിച്ചിരുന്ന പൂരാടം തിരുനാൾ ഗൗരി ലക്ഷ്മിഭായി തിരുമനസ്സിന്റെ സഹോദരൻ ചോതി തിരുനാൾ രാമവർമ്മ ആയിരുന്നു. തമ്പുരാട്ടിക്കു സന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ സ്വസഹോദരി ചോതിനാൾ രുഗ്മിണി തമ്പുരാട്ടിയുടെ കൂടെ ആയിരുന്നു താമസം.

ചോതിനാൾ രുഗ്മിണി തമ്പുരാട്ടിയുടെ മൂത്തപുത്രൻ ആർ കേരളവർമ്മ മുംബയിൽ Bhabha Atomic Research Cetnre-ൽ Sr. Scientific Officer ആയിരുന്നു. തമ്പുരാട്ടിയുടെ രണ്ടാമത്തെ മകൻ R.R. Varma (സുകുമാരൻ) വിവാഹം ചെയ്തിരുന്നത് തിരുവിതാംകൂർ ഭരിച്ച അവസാനത്തെ മഹാരാജാവായിരുന്ന ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ സഹോദരി കാർത്തികതിരുനാൾ ഗൗരി ലക്ഷ്മിഭായിയുടെ രണ്ടാമത്തെ പുത്രി പ്രശസ്ത ഗ്രന്ഥകർത്ത്രി അശ്വതിതിരുനാൾ ഗൗരി ലക്ഷ്മിഭായിയെ ആണ്.

കൊല്ലവർഷം 1040-ൽ തിരുവല്ല പാലിയക്കര കൊട്ടാരം, കിഴക്കെ കൊട്ടാരവും പടിഞ്ഞാറെ കൊട്ടാരവുമായി വേർപിരിഞ്ഞപ്പോൾ കിഴക്കെ കൊട്ടാരത്തിലെ കാരണവർ സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ സഹോദരി ആയില്യം തിരുനാൾ രുഗ്മിണി ഭായിയെ എ.ഡി. 1819 ഏപ്രിൽ 31-ാം തീയതി പള്ളികെട്ടു കഴിച്ച ശ്രീ രേവതിനാൾ രാമവർമ്മ (975-1033) യുടെ സഹോദരി ഇട്ടിമംഗള തമ്പുരാട്ടിയുടെ മകൻ കൊച്ചമ്മാവൻ കാരണവർ എന്നറിയപ്പെട്ടിരുന്ന പൂരംനാൾ രാമവർമ്മ (1009-1072) ആയിരുന്നു. അദ്ദേഹം കാരണവൻ ആയപ്പോൾ അദ്ദേഹത്തിന്റെ സഹോദരി അത്തംനാൾ ലക്ഷ്മി തമ്പുരാട്ടിയുടെ (1012-1086) രണ്ടാമത്തെ മകൻ ഭരണിനാൾ രാജരാജവർമ്മ കാരണവർ സ്ഥാനത്തേക്കുള്ള ആറാമത്തെ തമ്പുരാനായി. അതിനാൽ അദ്ദേഹത്തെ ആറാം കാരണവർ എന്നു പറയുന്നു. ശ്രീ രാജരാജവർമ്മ വലിയ കഥകളി പ്രിയനായിരുന്നു.

രാജരാജവർമ്മയുടെ നേതൃത്വത്തിൽ കൊട്ടാരത്തിൽ മിക്കവാറും കഥകളി നടന്നിരുന്നു. അതിനുവേണ്ടി അദ്ദേഹം രോഹിണിനാൾ കുഞ്ഞിക്കുട്ടി തമ്പുരാട്ടി (1043-1103) യുടെ ഭർത്താവ് മരുതമംഗലം ഭട്ടതിരിപ്പാടിന്റെ കൈവശം ഉണ്ടായിരുന്ന കഥകളി കോപ്പുകൾ കൊട്ടാരത്തിൽ സൂക്ഷിച്ചിരുന്നു. പക്ഷേ ഇതിനെ കൊട്ടാരത്തിലെ തന്നെ ചില തമ്പുരാക്കന്മാരും കൂടാതെ ഇവിടെ വിവാഹം ചെയ്തിരുന്ന ചിലരും എതിർത്തിരുന്നു. അതിനു കാരണം കുടുംബഭാഗം നടന്നിട്ടില്ലാത്തതുകൊണ്ട് കഥകളിക്കാർക്കും, കഥകളിക്കും വേണ്ടി വരുന്ന ചിലവ് പൊതുവിൽ നിന്നും ആകുന്നതു കൊണ്ടാണ്. അവർ ഈ കളികോപ്പുകളെല്ലാം തല്ലി പൊട്ടിച്ച് കിഴക്കെ കണ്ടത്തിൽ ചവുട്ടി താഴ്ത്തി. പിന്നീട് ഭാഗത്തിനുശേഷം 40 കിലോയോളം തൂക്കമുള്ള കഥകളി വിളക്ക് കൊല്ലവർഷം 1952 ഏപ്രിൽ 10 (1127 മീനം 27)-ാം തീയതി ബുധനാഴ്ച ശ്രീവല്ലഭസ്വാമിക്ക് നടക്കുവെച്ചു. ഇന്നും ആ കളിവിളക്കിന്റെ മുമ്പിലാണ് ശ്രീവല്ലഭസ്വാമിക്ഷേത്രത്തിൽ കഥകളി ഉള്ള ദിവസം കഥകളി നടത്തുന്നത്.

രാമവർമ്മക്കു ശേഷം അദ്ദേഹത്തിന്റെ അനുജൻ പൂരുരുട്ടാതിനാൾ കൊച്ചുരാമവർമ്മ 1077 വരെ കാരണവർ ആയി. പിന്നീട് കാരണവർ ആയത് അദ്ദേഹത്തിന്റെ അനന്തിരവൻ ചിത്തിരനാൾ രാമവർമ്മ 1096 വരെ കാരണവർ ആയി കുടുംബകാര്യങ്ങൾ നോക്കി. കൊല്ലവർഷം 1081 വൃശ്ചികം 20-ാം തീയതി (1905 നവംമ്പർ 24) രാമവർമ്മ ഗോവിന്ദൻ കുളങ്ങര ക്ഷേത്രത്തിന്റെ പടിഞ്ഞാറു വശത്തുള്ള പാലിയക്കര കിഴക്കെ കൊട്ടാരത്തിന്റെ വകയായിരുന്ന കരുമാലികൊട്ടാരത്തിന്റെ പടിഞ്ഞാറെ അറ്റത്ത് എട്ടു സെന്റ് സ്ഥലം രാമകൃഷ്ണാശ്രമത്തിന് തീറാധാരം കൊടുത്തു. അങ്ങനെ ശ്രീരാമകൃഷ്ണാശ്രമത്തിന് തിരുവല്ലയിൽ അദ്യത്തെ വസ്തു കിട്ടി.

പിന്നീട് കാരണവർ ആയത് വല്ല്യചെറുണി അമ്മാവൻ എന്നറിയപ്പെട്ടിരുന്ന പുണർതംനാൾ ഗോദവർമ്മ (1044 - 1121) ആണ്. കൊല്ലവർഷം 1112-ൽ അദ്ദേഹം അന്തരിച്ചു. അടുത്ത കാരണവൻ ആകേണ്ടത് ചിറയ്ക്കൽ വിവാഹം ചെയ്തിരുന്ന ആയില്ല്യംനാൾ രവിവർമ്മ (1048-1121) ആയിരുന്നു. രവിവർമ്മ കാരണവർ സ്ഥാനം വേണ്ടെന്നു വെക്കുകയും കുടുംബഭരണം ഭഗവാൻ തമ്പുരാൻ എന്നിയപ്പെടുന്ന തിരുവോണംനാൾ കേരളവർമ്മയെ ഏൽപ്പിക്കുകയും ചെയ്തു. തിരുവോണംനാൾ കേരളവർമ്മ ഭരണം ഏറ്റെടുത്ത് ഭരണം നടത്തുകയും A.D. 1940ൽ (കൊല്ലവർഷം 1116) അദ്ദേഹം തിരുവിതാംകൂർ സർക്കാറിനെഴുതി കുടുംബഭരണം COURT OF WARDS നെ ഏൽപ്പിക്കുകയും ചെയ്തു. പാലിയക്കര കിഴക്കെ കൊട്ടാരത്തിൽ ഭാഗം നടക്കുന്നതുവരെ ഭരണം നടത്തിയത് COURT OF WARDS ആയിരുന്നു. ക്ഷത്രിയ കുടുംബങ്ങളിലെ കാരണവന്മാർക്ക് അന്നു സർക്കാറിൽ നിന്നും പത്തുരൂപ നിത്യചിലവിലേക്കായി അനുവദിച്ചിരുന്നു. കേരളവർമ്മ കാരണവർ സ്ഥാനം ഏറ്റെടുത്തു എങ്കിലും നിത്യചിലവിലേക്കായി അനുവദിച്ചിരുന്ന പത്തുരൂപ അദ്ദേഹം വാങ്ങിയിരുന്നില്ല. ആ തുക രവിവർമ്മക്കു തന്നെ കിട്ടത്തക്കവണ്ണം വേണ്ടതു ചെയ്തു.

COURT OF WARDS ഭരണം എന്നാൽ ഹിന്ദു കൂട്ടുകുടുംബങ്ങളിൽ ഭരണം നടത്തുവാൻ പ്രായപൂർത്തിയായ പുരുഷന്മാർ ഇല്ലാതെ വരുകയൊ അല്ലെങ്കിൽ കാരണവർക്ക് കുടുംബഭരണം നടത്തുവാൻ പ്രയാസം നേരിടുകയൊ ചെയ്യുമ്പോൾ ആ കുടുംബത്തിന്റെ ഭരണം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുകയും സർക്കാർ ആ ആവശ്യം സ്വീകരിച്ച് ഭരണം നടത്തുന്നതിനെ ആണ് COURT OF WARDS എന്നു പറയുന്നത്. ഇവിടെ രവിവർമ്മ കാരണവർ സ്ഥാനം വേണ്ടന്നു വെയ്ക്കുകയും 1116 വരെ തിരുവോണംനാൾ കേരളവർമ്മ ഭരണം നടത്തുകയും പിന്നീട് ഭരണം നടത്തുവാൻ പ്രയാസം നേരിട്ടതിനാൽ തിരുവിതാംകൂർ സർക്കാറിനെ അറിയ്ക്കുകയും സർക്കാർ കൊട്ടാരത്തിന്റെ ഭരണം ഏറ്റെടുക്കുകയും ചെയ്തു.

പാലിയക്കര കൊട്ടാരത്തിലേക്ക് മഹാരാജാവ് നിത്യചിലവിലേക്കായി അടുത്തൂൺ അനുവദിച്ചു കൊടുത്തിരുന്നു. ആ അടുത്തൂണിൽ നിന്നും 25 പണം വീതം മാസംതോറും ഒരു അവകാശമെന്ന നിലക്ക് ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിലേക്ക് കൊടുക്കണമായിരുന്നു. ആ പതിവ് കൊല്ലവർഷം 1023 -ാം മാണ്ടോടു കൂടി നിർത്തലാക്കി. ആദ്യം പാലിയക്കര കൊട്ടാരത്തിലേക്ക് അനുവദിച്ച അടുത്തൂൺ പടിഞ്ഞാറെ കൊട്ടാരവും കിഴക്കെ കൊട്ടാരവും സമമായി വീതിച്ചെടുത്തിരുന്നു. അത് പിന്നീട് ആൾ വീതമാക്കി വീതിക്കുകയും രണ്ടു ശാഖയിലേയും കാരണവൻമാർ അവരുടെ പറ്റുശീട്ടിൽ (രശീതി ഒപ്പിട്ടു) വാങ്ങി വീതം വെയ്ക്കുകയുമായിരുന്നു.

പാലിയക്കര കിഴക്കെ കൊട്ടാരത്തിൽ സംസ്കൃതത്തിലും മലയാളത്തിലും കവിതകൾ രചിച്ചിരുന്ന പ്രഗൽഭമതികൾ ഉണ്ടായിരുന്നു. പുണർതംനാൾ ഗോദവർമ്മ എന്ന വല്ല്യ ചെറുണി അമ്മാവൻ, ആയില്യം നാൾ രവിവർമ്മ, Dr. I.N.K അമ്മാവൻ എന്നു കുടുംബാംഗങ്ങളാൽ അറിയപ്പെട്ടിരുന്ന വിശാഖംനാൾ കേരളവർമ്മ, രവിചേട്ടൻ എന്നു പ്രസിദ്ധനായിരുന്ന കാർത്തികനാൾ രവിവർമ്മ (1089–1153) രോഹിണിനാൾടി രാജരാജവർമ്മ കൊച്ചപ്പതമ്പുരാൻ തുടങ്ങിയവർ അവരിൽ ചിലർ ആയിരുന്നു. വിധിവൈപര്യത്താൽ ഇവരുടെ ആരുടേയും കൃതികൾ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ഇവരെ കൂടാതെ പാലിയേക്കര കൊട്ടാരത്തിൽ സർക്കാർ ജീവനത്തിലും സ്വകാര്യസ്ഥാപനങ്ങളിലും ഉയർന്ന ഉദ്യോഗം വഹിച്ചിരുന്ന പ്രഗത്ഭമതികൾ വേറെയുമുണ്ട്.

**പള്ളം കൊട്ടാരം**

കൊല്ലവർഷം 970 (എ.ഡി. 1796) മേടമാസത്തിൽ ഞാഞ്ഞിതമ്പുരാട്ടിയും കുട്ടികളും കോട്ടയത്തിനടുത്തു പള്ളം കൊട്ടാരത്തിലേക്ക് മാറി താമസിച്ചു. അങ്ങിനെ പള്ളം കൊട്ടാരം സ്ഥാപിതമായി.

**ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരം**

ഏറ്റവും ഇളയ സഹോദരിയായ ഇഞ്ഞാഞ്ഞി തമ്പുരാട്ടി ചങ്ങനാശേരിയിൽ നീരാഴിക്കെട്ടു കൊട്ടാരത്തിൽ തന്നെ താമസമാക്കി. ഈ തമ്പുരാട്ടിക്ക് ഇട്ടി രാഘവനെന്നൊരു മകനും കുഞ്ഞി എന്നൊരു മകളും ആണുണ്ടായിരുന്നത്. കുഞ്ഞിതമ്പുരാട്ടിക്ക് ഇഞ്ഞാഞ്ഞി, ഇട്ടിയങ്കള എന്ന് രണ്ട് പെൺകുട്ടികളും രാജരാജവർമ്മ (ചെറുണി-അഛൻ കോയിതമ്പുരാൻ-സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ അഛൻ), കേരളവർമ്മ (കൊച്ചപ്പൻ), രാമവർമ്മ എന്ന മൂന്നു ആൺകുട്ടികളുമുണ്ടായിരുന്നു.

കൊല്ലവർഷം 979 ഇടവമാസം 13-ാം തീയതി ശ്രീ രാജരാജവർമ്മ തിരുവിതാംകൂർ രാജകുടുംബത്തിലെ ആയില്യം തിരുനാൾ ഗൗരി ലക്ഷ്മിഭായിയെ പള്ളിക്കെട്ടു കഴിച്ചു. ആയില്ല്യം തിരുനാൾ ഗൗരി ലക്ഷ്മിഭായി കൊല്ലവർഷം 986 മീനം 6-ാം തീയതി (എ.ഡി. 1811 മാർച്ച് 17-ാം തീയതി) തിരുവതാംകൂറിന്റെ രാജ്യഭാരം ഏറ്റെടുത്തു. അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് നാടുനീങ്ങിയപ്പോൾ രാജകുടുംബത്തിൽ ഒരു പുരുഷന്മാർ ആരും ഇല്ലാതെ വന്നതിനാൽ ആയില്ല്യംതിരുനാൾ ഗൗരി ലക്ഷ്മിഭായി തിരുവിതാംകൂറിന്റെ യഥാർത്ഥ രാജ്ഞിയായി.

ചങ്ങനാശേരിയിൽ അംഗസംഖ്യ കൂടുകയും നീരാഴിക്കെട്ടു കൊട്ടാരത്തിൽ സ്ഥലസൗകര്യം കുറവാകുകയും ചെയ്തതിനാൽ മഹാറാണി അവർക്ക് ഒരു പുതിയ കെട്ടിടം വച്ചു കൊടുക്കുവാൻ തീരുമാനിച്ചു. വൈക്കം പത്മനാഭപിള്ള വേലുതമ്പിയുടെ ഉറ്റ സുഹൃത്തായിരുന്നു. അദ്ദേഹം കൊല്ലത്തു നിന്നും കൊച്ചിയിലേക്ക് കപ്പലിൽ പുറപ്പെട്ട 3 ആഫീസർമാരേയും 12 ബ്രിട്ടീഷ് പട്ടാളക്കാരേയും പുറക്കാട്ടു വെച്ചു പിടികൂടുകയും ആഫീസർമാരെ വധിക്കുകയും പട്ടാളക്കാരെ പള്ളാത്തുരുത്തി ആറ്റിൽ കെട്ടിതാഴ്ത്തി കൊല്ലുകയും ഇതിന്റെ എല്ലാം സൂത്രധാരൻ വൈക്കം പത്മനാഭപിള്ള ആയിരുന്നു. വേലുതമ്പിയുടെ മരണശേഷം തിരുവിതാംകൂറിൽ ബ്രിട്ടീഷുകാർക്ക് എതിരായ കലാപം അവസാനിക്കുകയും വൈക്കം പത്മനാഭപിള്ളയെ തടവിലാക്കുകയും പിന്നീട് തൂക്കി കൊല്ലുകയും ചെയ്തു.

വൈക്കം പത്മനാഭപിള്ളയ്ക്ക് ആലപ്പുഴക്കടുത്ത് നീർക്കുന്നത്ത് രണ്ടു വീടുകൾ ഉണ്ടായിരുന്നു. അതിൽ ഒന്നിൽ അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും താമസിച്ചിരുന്നു. അവരെ അവിടെ നിന്നും മാറ്റി രണ്ടാമത്തെ വീട്ടിൽ താമസിപ്പിച്ചിട്ട് ആ വീടു പൊളിച്ച് ചങ്ങനാശേരിയിൽ കൊണ്ടുവന്ന് നീരാഴിക്കെട്ടു കൊട്ടാരത്തിൽ താമസി

ക്കുന്നവർക്ക് താമസിക്കുവാൻ വേണ്ടി ഒരു കൊട്ടാരം പണിയുവാൻ കൊല്ലവർഷം 986-ാം മാണ്ട് കർക്കിടകം 30-ാം തീയതി ഉത്തരവു പുറപ്പടുവിക്കുകയും അതിൻ പ്രകാരം അദ്ദേഹത്തിന്റെ വീടു പൊളിച്ച് ചങ്ങനാശേരിയിൽ കൊണ്ടു വന്ന് ഒരു കൊട്ടാരം പണിയകയും കൊല്ലവർഷം 987-ൽ പണി പൂർത്തിയാകുകയും അവർ അങ്ങോട്ടു താമസം മാറ്റുകയും ചെയ്തു. അവർ ആ കൊട്ടാരത്തിന് ലക്ഷ്മിപുരം കൊട്ടാരം എന്നു പേരിട്ടു. ലക്ഷ്മിപുരം കൊട്ടാരത്തിന്റെ ചാവടിയും നടപ്പുരയും കൊല്ലവർഷം 1015-ാം മാണ്ടോടുകൂടി ആണു പണി തീർത്തത്.

ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരം സമ്പൽസമൃദ്ധമായിരുന്നു എങ്കിലും കുടുംബത്തിൽ സന്താനങ്ങൾ കുറവായിരുന്നു. അതിനാൽ പൂരാടംനാൾ കേരളവർമ്മ കൊച്ചപ്പകോയിതമ്പുരാൻ കൊല്ലവർഷം 988-ാം മാണ്ട് വൈകുണ്ഠേശ്വരം എന്ന ക്ഷേത്രം പണി കഴിപ്പിക്കുകയും അവിടെ സന്താനഗോപാലമൂർത്തിയെ പ്രതിഷ്ഠിക്കുകയും ചെയ്തു. കൊല്ലവർഷം 1123-ാം മാണ്ട് മീനമാസം 26-ാം തീയതി കേരളവർമ്മ (കൊച്ചപ്പൻ) മൂത്തകോയിതമ്പുരാൻ സന്താനഗോപാലമൂർത്തി ക്ഷേത്രത്തിൽ ധ്വജപ്രതിഷ്ഠ നടത്തി.

കുഞ്ഞിതമ്പുരാട്ടിയുടെ പെൺമക്കളിൽ ഇഞ്ഞാഞ്ഞി പ്രസവിച്ചില്ല. ഇട്ടിയങ്കള തമ്പുരാട്ടിക്കു ലക്ഷ്മി തമ്പുരാട്ടി (ഹരിപ്പാട് അനന്തപുരം ശാഖ), കുഞ്ഞിക്കുട്ടി തമ്പുരാട്ടി (ചങ്ങനാശേരി ലക്ഷ്മിപുരം ശാഖ), കൊച്ചൂഞ്ഞി തമ്പുരാട്ടി (ചെമ്പ്രോൽ കൊട്ടാരം ശാഖ) എന്ന് മൂന്നു പെൺമക്കളും ഇത്തമ്മർ. രവിവർമ്മൻ എന്ന രണ്ടു ആൺകുട്ടികളും ഉണ്ടായിരുന്നു.

ചില കുടുംബപ്രശ്നങ്ങൾ കാരണം ലക്ഷ്മിപുരം കൊട്ടാരം തറവാടിന്റെ അന്തരീക്ഷത്തിൽ അന്തഛിദ്രത്തിന്റെ കാർമേഘങ്ങൾ ഉരുണ്ടുകൂടുവാൻ തുടങ്ങി. കൊല്ലവർഷം 1028 ധനുമാസം ലക്ഷ്മിതമ്പുരാട്ടി അന്തരിച്ചതോടുകൂടി കലഹത്തിന്റെ ബീജം വിതച്ചു കഴിഞ്ഞെങ്കിലും കാരണവരായ പൂരാടംനാൾ കേരളവർമ്മ കൊച്ചപ്പൻ തമ്പുരാൻ (കൊ.വ. 969 – 1033) ജീവിച്ചിരുന്ന കാലം വരെയും വലിയഹളങ്ങൾ ഒന്നും ഇല്ലാതെ കുടുംബം കഴിഞ്ഞു കൂടി. അദ്ദേഹത്തിന്റെ കാലശേഷം അടുത്ത കാരണവരായ അനിഴംനാൾ രാമവർമ്മ (982–1036) വളരെ സാധു ആയതിനാൽ അദ്ദേഹത്തിന്റെ മൂത്ത അനന്തിരവൻ പൂരംനാൾ രാജരാജവർമ്മ ഇത്തമ്മർ കോയിതമ്പുരാൻ അദ്ദേഹത്തിനു പകരം ഭരണം തുടങ്ങി. ഇതോടുകൂടി ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിലെ അന്തഛിദ്രം വെളിയിൽ വന്നു തുടങ്ങി. രാജരാജവർമ്മ ഇത്തമ്മർ കോയിതമ്പുരാൻ മാവേലിക്കര പുത്തൻ കൊട്ടാരത്തിൽ തൃക്കേട്ടതിരുനാൾ ഉമ അമ്മ തമ്പുരാനെയാണ് വിവാഹം ചെയ്തിരുന്നത്. അദ്ദേഹം സ്ഥിരമായി മാവേലിക്കരയിൽ തന്നെ താമസമായിരുന്നതിനാൽ തന്റെ സ്വന്തം സഹോദരിയായ കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെ മകൻ അത്തം നാൾ രാജരാജവർമ്മ കൊച്ചപ്പ തമ്പുരാനെ (1004–1036) കൊണ്ട് കൊല്ലവർഷം 1037 വരെയും അതിനുശേഷം ചോതിനാൾ രവിവർമ്മയേയും കൊണ്ടും കുടുംബഭരണം നടത്തി വന്നു.

കലഹങ്ങൾ വർദ്ധിച്ചു വന്നതോടുകൂടി ഇട്ടിയങ്കളതമ്പുരാട്ടി സ്വസഹോദരനായ അവിട്ടംനാൾ രാമവർമ്മയെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ അഛൻ ശ്രീ അത്തംനാൾ രാജരാജവർമ്മ കുഞ്ഞുണ്ണി കോയിതമ്പുരാനെ വിവരങ്ങൾ അറിയിക്കുവാൻ അയക്കുകയും അദ്ദേഹം എല്ലാ വിവരങ്ങളും ശ്രീ ആയില്യംതിരുനാൾ രാമവർമ്മ മഹാരാജാവിനെ അറിയ്ക്കുകയും ചെയ്തു. ഇട്ടിയങ്കള തമ്പുരാട്ടിയുടെ മൂത്ത പുത്രൻ കേരളവാഗ്ഭടൻ എന്നു അപരനാമത്താൽ അറിയപ്പെട്ടിരുന്ന മകം നാൾ രാജരാജവർമ്മ ചെറുണി കോയിതമ്പുരാൻ പുണർതംനാൾ ലക്ഷ്മിതമ്പുരാട്ടിയുടെ ശാഖയെ 1942 മകരം 9-ാം തീയതി തിരുവതാംകൂർ മഹാരാജാവായിരുന്ന ആയില്യം തിരുനാൾ രാമവർ മ്മ മഹാരാജാവിന്റെ നിർദ്ദേശപ്രകാരം കാർത്തികപ്പള്ളി കോയിക്കൽ കൊട്ടാരത്തിൽ കൊണ്ടു പോയി താമസിപ്പിച്ചു. (തുടരും)

# കോവളം കവികൾ പുരസ്കാരം പ്രഭാവർമ്മയ്ക്ക്



**കോ**വളം കവികൾ സ്മാരക സമിതിയുടെ ഈ വർഷത്തെ കോവളം കവികൾ സാഹിത്യ പുരസ്കാരം കവി പ്രഭാവർമ്മയ്ക്ക്.

മലയാള കാവ്യശാഖയ്ക്കു നല്കിയ സമഗ്ര സംഭാവന പരിഗണിച്ചാണ് പുരസ്കാരം.

10001 രൂപയുടേതാണ് പുരസ്കാരം. പാട്ടു പ്രസ്ഥാനത്തിന്റെ വക്താക്കളായ കോവളം കവികളുടെ 'രാമകഥാപ്പാട്ട്' പുനഃപ്രകാശന വാർഷികത്തിൽ പ്രസ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ പുരസ്കാരം സമ്മാനിച്ചു.



# നെപ്പോളിയന്റെ നാട്ടിൽ – 4

**ശ്രീപ്രസാദ് വടക്കേപ്പാട്ട്,** മുംബൈ

AḤroport de Paris-Charles-de-Gaulle (CDG)

'പാരീസിലെ ചാൾസ് ഡി ഗാൾ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് സ്വാഗതം 'ഞങ്ങളുടെ വിമാനം ലാൻഡ് ചെയ്ത് ഫ്രാൻസിന്റെ മണ്ണിൽ ഉരുണ്ടുകൊണ്ടിരിക്കുമ്പോൾ ഈ അറിയിപ്പ് ആദ്യം ഫ്രഞ്ചിലും പിന്നീട് ഇംഗ്ലീഷിലും മുഴങ്ങി. അവിടുത്തെ പ്രാദേശിക സമയം ഏഴുമണി കഴിഞ്ഞ് പത്തുമിനിട്ടെന്ന അറിയിപ്പ് കേട്ടപ്പോൾ വാച്ചിലെ സമയം നാലര മണിക്കൂർ പിന്നിലേക്ക് തിരിച്ചു. പുറത്തെ താപനില 3 ഡിഗ്രി സെൽഷ്യസ് ആണെന്ന അനൗൺസ്മെന്റ് കേട്ടതോടു കൂടി വല്ലാത്ത തണുപ്പ് ബാധിച്ച പോലെ ആളുകളെല്ലാം കയ്യിൽ കരുതിയ കോട്ടുകളും ജാക്കറ്റുകളും ധരിക്കാൻ തുടങ്ങി.

ഫ്രാൻസ് തലസ്ഥാനമായ പാരീസിൽ രണ്ട് അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. 1974-ൽ ചാൾസ് ഡി ഗാൾ (CDG) വിമാനത്താവളം വരുന്നതിനുമുമ്പ് ഓർലി എയർപോർട്ടായിരുന്നു പാരീസിലേക്കുള്ള കവാടം. പാരീസ് നഗരാതിർത്തിയിൽ നിന്നും 13 കി.മി. തെക്കുമാറിയാണ് ഇത്. ചാൾസ് ഡി ഗാൾ വിമാനത്താവളം പ്രവർത്തനക്ഷമമായശേഷം വലിയഭാഗം അന്താരാഷ്ട്രസർവ്വീസുകൾ ഓർലിയിൽനിന്നും ഇവിടേക്ക് മാറി. എന്നാലും യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, വടക്കേ അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള ഭൂരിഭാഗം വിമാനങ്ങളും ഇന്നും ഓർലിയിൽ നിന്നുമാണ് പുറപ്പെടുന്നത്. ഫ്രാൻസിലെ തിരക്കേറിയ രണ്ടാമത്തെ എയർപോട്ടും ഓർളിയാണ്. രണ്ടാംലോകമഹായുദ്ധകാലത്ത് ജർമ്മൻ അധിനിവേശസേന അവരുടെ യുദ്ധപ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് ഓർലിയിലെ വിമാനത്താവളത്തിലായിരുന്നു. അതിനാൽത്തന്നെ സഖ്യകക്ഷികളുടെ തുടരെയുള്ള ബോംബാക്രമണങ്ങൾക്കും അക്കാലത്ത് ഇവിടം സാക്ഷിയായി.

ഞാൻ കയറിയ വിമാനം CDGയിലെ റൺവേയിൽ നിന്നും 2ഇ ടെർമിനലിലേക്ക് നീങ്ങി. അതിവിശാലമാണ് ഈ വിമാനത്താവളം. പല വലിപ്പത്തിലുള്ള ഒട്ടനവധി വിമാനങ്ങൾ ഒരുവിധം ചിട്ടയായി നിർത്തിയിട്ടിരിക്കുന്നു. മുംബൈ വിമാനത്താവളത്തിൽ നിന്നും ഇക്കാര്യത്തിൽ അന്ന് വലിയ വ്യത്യാസം തോന്നി. ഒരുപക്ഷേ സ്ഥലം കൂടുതലുള്ളതാവാം ഇതിനു കാരണം. ഡൽഹി അന്താരാഷ്ട്ര വിമാനത്താവളവും ഈ ചിട്ടയുടെ കാര്യത്തിൽ നല്ലതായി തോന്നിയിട്ടുണ്ട്. വിമാനത്തിൽ നിന്നും ഏറോബ്രിഡ്ജിലൂടെ പുറത്തേക്കിറങ്ങി. അതും ആദ്യത്തെ അനുഭവം!

മുംബൈയിൽനിന്നും ബോർഡിങ് പാസ്സ് എടുത്തപ്പോഴേ ബ്രെസ്റ്റ് വരെയുള്ള check-in ആണ് ചെയ്തിരുന്നത്. തുടർയാത്രയും എയർ ഫ്രാൻസ് ടിക്കറ്റായതുകൊണ്ടാണ് ഈ സൗകര്യം ഉണ്ടായത്. അതിനാൽത്തന്നെ ലഗേജ് അവർ തന്നെ അടുത്ത വിമാനത്തിലേക്ക് കയറ്റും. ബ്രെസ്റ്റിലേക്കുള്ള വിമാനം പന്ത്രണ്ടു മണിക്കാണ് പുറപ്പെടുന്നത്. അല്ലെങ്കിൽ അത്രയും സമയം ബാഗും തൂക്കി നടക്കണം. ഭൂരിഭാഗം സഹയാത്രികർ ലഗേജ് എടുക്കാനായി ബെൽറ്റിനരികിലേക്ക് നീങ്ങി. ഞാൻ പതിയെ പുറത്തേക്ക് നടന്നു. പുതിയ രാജ്യത്ത് ഇറങ്ങിയ ഉടനെത്തന്നെ പാസ്സ്പോർട്ടിൽ 'IN' അടിക്കണമെന്ന കാര്യം ഓർത്തുവച്ചിരുന്നു. ആരോട് ചോദിക്കും. മുംബൈയിലെപോലെ യാത്രക്കാർക്ക് നിർദേശങ്ങൾ നൽകാനായി ആരെയും കണ്ടില്ല. ആരും ആരെയും ശ്രദ്ധിക്കുന്നതു പോലുമില്ല. തിരക്കും വളരെ കുറവ്. കുറെ ചുറ്റിതിരിഞ്ഞ് നടന്നപ്പോൾ ഒരു മൂലയിലായി കുറച്ചുപേർ വരിനിൽക്കുന്നത് കണ്ടു. എല്ലാവരും പാസ്സ്പോർട്ട് കയ്യിലെടുത്തിട്ടുണ്ട്. കൗണ്ടറിനുമുകളിൽ migration എന്ന് എഴുതിയിരുന്നു. ഫ്രഞ്ചിലും അതേ വാക്കുതന്നെയാണെന്നു തോന്നുന്നു. അവിടെ പ്രത്യേകിച്ചൊന്നും ചോദിച്ചില്ല. പാസ്സ്പോർട്ടിൽ 'IN' സീൽ അടിച്ചുതന്നു. ഇനി ധൈര്യമായി ഫ്രഞ്ച് മണ്ണിൽ ഇറങ്ങി നടക്കാം. 2ഇ ടെർമിനലിൽ നിന്നും പുറത്തേക്കിറങ്ങാനുള്ള വഴിയിലൂടെ നടന്നു.

പാരീസ് നഗരത്തിൽനിന്നും 23 കി.മീ വടക്കുമാറിയാണ് Roissy Airport എന്നും അറിയപ്പെടുന്ന CDG. ഫ്രാൻസിലെ ഏറ്റവും വലിയ വിമാനത്താവളവും ലണ്ടനിലെ ഹീത്രുവിന് പിന്നിൽ യൂറോപ്പിലെ തിരക്ക് കൂടിയതുമാണ് CDG എയർ പോർട്ട്. 1974-ൽ ഉത്ഘാടനം ചെയ്യപ്പെട്ട ഈ വിമാനത്താവളത്തിന് പ്രശസ്ത ഫ്രഞ്ച് രാജ്യതന്ത്രജ്ഞൻ ചാൾസ് ഡി


ഗാളിന്റെ (Charles de Gaulle) പേര് നൽകി. 1940–ൽ ഫ്രാൻസ് ജർമ്മനിക്ക് കീഴടങ്ങിയപ്പോൾ അണ്ടർ സെക്രട്ടറി ആയിരുന്ന അദ്ദേഹം ലണ്ടനിൽ അഭയം തേടി. ഇപ്രകാരം അഭയം തേടിയ ഫ്രഞ്ച് പൗരന്മാരെ സംഘടിപ്പിച്ച് 'ഫ്രീ ഫ്രഞ്ച്' സേനക്ക് അദ്ദേഹം രൂപം നൽകി. സഖ്യകക്ഷികളുടെ കൂടെ ച്ചേർന്ന് നടത്തിയ സൈനിക ഇടപെടലിൽ ഫ്രാൻസിനെ ജർമൻ പടയിൽ നിന്നും മോചിപ്പിച്ചു. 1959–69 കാലയളവിൽ ഫ്രഞ്ച് പ്രസിഡന്റായിരുന്നു അദ്ദേഹം. അൽജീരിയയിലെ ഫ്രഞ്ച് കുടിയേറ്റക്കാരുടെ കനത്ത എതിർപ്പിനെ അതിജീവിച്ച് 1962–ൽ ആ രാജ്യത്തിന് സ്വാതന്ത്ര്യം നൽകുന്നതിനും അദ്ദേഹം മുതിർന്നു. നാസി അധിനിവേശത്തിൽ തകർന്ന ഫ്രാൻസിനെ അന്നത്തെ വൻ ശക്തികളോട് വിധേയത്വം പുലർത്താതെ സാമ്പത്തിക വ്യാവസായികശക്തിയാക്കി മാറ്റുന്നതിൽ ചാൾസ് ഡി ഗാൾ വലിയ പങ്ക് വഹിച്ചു.

എയർ ഫ്രാൻസിന്റെ പ്രധാന പ്രവർത്തനകേന്ദ്രം CDG ആണ്. രണ്ട് പ്രധാന ടെർമിനലുകളാണ് ഇവിടെ ഉള്ളത്. ഇതിൽ വലിയത് A തൊട്ട് G വരെ സബ് ടെർമിനലുകളുള്ള T-2 ആണ്. എനിക്കിനി ബ്രെസ്റ്റിലേക്കുള്ള വിമാനം കയറേണ്ടത് 2ഏ ടെർമിനലിൽ നിന്നുമാണ്. അതെവിടെയാണോ ആവോ! ഏതായാലും സമയമുണ്ട്. വെറുതെ ചുറ്റി നടക്കുമ്പോൾ അമേരിക്കൻ എക്സ്പ്രസിന്റെ ഒരു സ്റ്റാൾ ശ്രദ്ധയിൽ പെട്ടു. കൈവശം അധികം യൂറോ ഇല്ല. പകരം കയ്യിൽ കരുതിയിരുന്നത് ട്രാവലേഴ്സ്ചെക്കാണ്. ഏതായാലും കുറച്ച് മാറ്റാമെന്നുകരുതി. നമ്മുടെ ഏത് കാര്യത്തിനും പാസ്സ്പോർട്ട് കാണിക്കേണ്ടത് ആവശ്യമാണെന്ന് അവിടെ ചെന്നപ്പോൾ മനസ്സിലായി. യൂറോ മാറ്റുന്നതിനിടയിൽ അവർ ഫോൺ കാർഡിന്റെ കാര്യം സൂചിപ്പിച്ചു. പത്ത് യൂറോയുടേ കാർഡ് വാങ്ങി അടുത്തുകണ്ട ഒരു പബ്ലിക് ഫോണിൽ നിന്നും കോഡ് അടിച്ച് നാട്ടിലേക്ക് വിളിച്ച് യാത്രയുടെ ആദ്യപാദം പിന്നിട്ടതായി അറിയിച്ചു.

ഫോൺ വിളികഴിഞ്ഞ് തിരിഞ്ഞു നടക്കാൻ തുടങ്ങിയപ്പോൾ അല്പം ദൂരെനിന്നും ഒരാൾ എന്നെത്തന്നെ നോക്കി നിൽക്കുന്നു. എന്തോ ഒരു പന്തികേട്. പരിസരത്ത് അധികം ആളുകളില്ല. ഞാനയാളെ കാണാത്ത ഭാവത്തിൽ പുറത്തേക്കുള്ള വഴിയിലേക്ക് നടന്നു. കുറച്ചുനടന്ന് തിരിഞ്ഞു നോക്കിയപ്പോൾ അയാൾ എന്നെ പിന്തുടരുന്നു. ഇരുനിറമാണ്. മങ്കി ക്യാപ് ധരിച്ചിട്ടുണ്ട്. മുഖം മാത്രമേ പുറത്ത് കാണുന്നുള്ളൂ. പരിചയമില്ലാത്ത സ്ഥലം. ചുറ്റും അപരിചിതർ. കുറച്ച് ആൾപെരുമാറ്റമുള്ള സ്ഥലം നോക്കി ഞാൻ വേഗം നടന്നു. ഒരു സ്റ്റാളിനരികിൽ കണ്ട ഇരിപ്പിടങ്ങളിലൊന്നിൽ ഇരുന്നു. അഞ്ചാറാളുകൾ അവിടെ എന്തൊക്കെയോ കഴിച്ചുകൊണ്ട് ഇരിക്കുന്നുണ്ട്. അയാൾ എന്റെ അടുത്തേക്കുതന്നെ വരികയാണ്. എന്തായിരിക്കാം അയാളുടെ ഉദ്ദേശ്യം! ആ തണുപ്പിലും ചെറിയ വിയർപ്പുചാലുകൾ ശരീരത്തിൽ കിനിഞ്ഞൊഴുകുന്നത് ഞാനറിഞ്ഞു. (തുടരും)

## നെടുമുടിയ്ക്ക് പ്രണാമം

**ടി.എൻ. ആദിത്യവർമ്മ,** തിരുവനന്തപുരം



നെടുമുടി കലകളിലടിമുടി മുഴുകി
കൊടുമുടിയെത്തിയതത്ഭുതമാണോ
കലകളിലേതു വഴങ്ങാത്തു, അതു
കളിയോ, കാര്യമതേതാകട്ടേ.
നെടുമുടി തന്നുടെയഭിനയ മികവി–
ന്നൊരു സമനാരെന്നറിയുന്നില്ലാ
തിരുവാതിര തൻ പാട്ടുകൾ പാടാൻ
ചെണ്ടയിലങ്ങനെ കൊട്ടിക്കേറാൻ
നാടൻപാട്ടുകൾ താളത്തിൽ ന–
ന്നായിപ്പാടി രസിപ്പിച്ചീടാൻ
ഏതൊരു വേഷമതായാലും ന–
ന്നായിട്ടതിനവതാരം നൽകാൻ
നാടും നാട്ടിൻപുറവും സ്നേഹം
നിറയും മനമതിൽ വിരിയിച്ചീടാൻ
വള്ളപ്പാട്ടും തുള്ളലുമെല്ലാ–
മുള്ളത്തിങ്കൽ തുള്ളിപ്പാടാൻ
നർമ്മത്തിന്നുടെ മർമ്മം കാണാൻ
നാടൻ വേഷമണിഞ്ഞു നടക്കാൻ
കവിതകൾ പാടാൻ, കവിയെ തന്നുടെ
ഗുരുവായിട്ടു നിനച്ചു നമിപ്പാൻ
കഴിവുള്ളോരു ഭാവാനൊരു വല്ലഭ
നല്ലോ സർവകലയ്ക്കു, മതല്ലാ
മലയാളികളുടെ മനമതിലങ്ങൊരു
മലരായെന്നും വിലസിച്ചീടും. ●

# ഗുജറാത്തിലെ ഉപ്പുമരുഭൂമി (റൻ ഓഫ് കച്ച്)

**ബലറാം വി.ഗോപാൽ,** ന്യൂഡൽഹി




നാം തെക്കെ ഇൻഡ്യക്കാർ പൊതുവെ യാത്രയ്ക്കായി സമയമോ, പണമോ ചിലവാക്കാൻ വിമുഖരാണ്. വടക്കേ ഇൻഡ്യക്കാർ കുറച്ചുകൂടി സാഹസികരാണെന്നതിൽ സംശയമില്ല. നാമെപ്പോഴെങ്കിലും കന്യാകുമാരി വരെ പോയാൽ കയ്യിൽ കൈക്കുഞ്ഞിനെയും വീൽചെയറിൽ പ്രായമായ അച്ഛനമ്മമാരെയുംകൂട്ടി കാഴ്ച കാണാൻ വന്നിരിക്കുന്നവരെ കാണാം. കാഴ്ചകൾ കണ്ട് അവർ സന്തോഷവാന്മാരാകുന്നു. മനസ്സിന്റെ സന്തോഷമാണല്ലോ നമ്മുടെ ആരോഗ്യത്തിന്റെ ആണിക്കല്ല്.

പാശ്ചാത്യരുടെ രീതികൾ വളരെ വ്യത്യസ്തമാണ്. അവർക്ക് യാത്രകൾ ജീവിതത്തിന്റെ ഒരു ഭാഗം തന്നെ. വരച്ച വരയിൽ കൂടി പോകുന്ന ജീവിത പന്ഥാവിന് ഒരു മാറ്റം വേണമെന്ന് അവർക്ക് നിർബന്ധമാണ്. അതുകൊണ്ടായിരിക്കും യാത്രയ്ക്കു അത്ര പ്രാധാന്യം കൊടുക്കുന്നത്. യാത്രയ്ക്കിടയിൽ നാം വിവിധ ഭാഷകൾ സംസാരിക്കുന്നവർ വിവിധ സംസ്ക്കാരം പുലർത്തുന്നവർ, വിവിധ വേഷക്കാർ, വിവിധ കയ്ത്തൊഴിലുകൾ എന്നിവ കാണുമ്പോൾ നമ്മുടെ മനസ്സിന്റെ വാതായനങ്ങൾ കൂടുതൽ തുറക്കും. അതിൽ കൂടെ മറ്റുള്ളവരെ അംഗീകരിക്കാനും ബഹുമാനിക്കാനും നാം തയ്യാറാകും.

ഇൻഡ്യയിലെ യാത്രയെപ്പറ്റി ആലോചിക്കുമ്പോൾ അങ്ങ് വടക്ക് ഹിമാലയ ശൃംഗങ്ങൾ മുതൽ തെക്ക് വിവേകാനന്ദപ്പാറ വരെ എത്രയോ പുണ്യക്ഷേത്രങ്ങളും ശില്പകലാ കേന്ദ്രങ്ങളും! അമർനാഥ്, ബദരിനാഥ്, കേദാർനാഥ്, ഋഷികേശ്, കാശി, കൊണാർക്ക് സൂര്യക്ഷേത്രം, അജന്ത-എല്ലോറ കുടജാന്ദ്രി കർണ്ണാടകയിലെയും തമിഴ്നാട്ടിലെയും ലോകപ്രശസ്തമായ ക്ഷേത്രങ്ങൾ, രാമേശ്വരം എല്ലാം മനസ്സിൽ മിന്നിമറയും.

എന്നാൽ നമുക്കൊന്നു മാറ്റി ചിന്തിക്കാം. നമ്മുടെ നാട്ടിൽ അധികമാരും കണ്ടിട്ടില്ലാത്ത സ്ഥലങ്ങൾ - അതായത് പ്രകൃതിയുടെ സവിശേഷ പ്രതിഭാസങ്ങൾ - ധാരാളമുണ്ട്. അതിൽ പെടുന്നതാണ് ഗുജറാത്തിലെ 'റൻ ഓഫ് കച്ചും' അതിന്റെ ഭാഗമായ വെളുത്ത മരുഭൂമിയും. കച്ച് ഗുജറാത്ത് സ്റ്റേറ്റിന്റെ ഒരു ജില്ലയാണല്ലോ. ഇതിന്റെ വിസ്തീർണ്ണം 45674 ച. കി. മീ. ഇൻഡ്യയിലെ ഏറ്റവും വിസ്തീർണ്ണമുള്ള ജില്ല. കേരളത്തേക്കാൾ വലിപ്പമുണ്ട് ഈ ജില്ലക്ക്. കേരളത്തിന്റെ വിസ്തീർണ്ണം 38863ച. കി. മീ. മാത്രം. ഗുജറാത്തിന്റെ വടക്കു പടിഞ്ഞാറു കിടക്കുന്ന കച്ച് ജില്ലയുടെ ഒരു ഭാഗമാണ് റൻ ഓഫ് കച്ച്. ശതാബ്ദങ്ങൾക്കു മുമ്പ് ഇവിടെയുണ്ടായ ഒരു ഭൂകമ്പത്തിന്റെ ഫലമായി കടലിൽ നിന്ന് ഉയർത്തപ്പെട്ട സ്ഥലമാണിത്. ഇതിന്റെ വിസ്തൃതി 27484 ച. കി.മി. അതായത് കേരളത്തിന്റെ 70% ത്തോളം വരും. ഇതിൽ മൂന്നിലൊരു ഭാഗം ഉപ്പു മരുഭൂമിയാണ്.

മൺസൂൺ കാലത്ത് അതായത് വർഷത്തിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ ഈ സ്ഥലം മഴവെള്ളത്തിനടിയിലാകും. ഒക്ടോബർ ആകുമ്പോഴേക്കും കെട്ടിക്കിടന്ന വെള്ളം പതുക്കെ ആവിയായി പോകുകയും വലിയ ഒരു കര തെളിഞ്ഞു വരികയും ചെയ്യും. വെള്ളം വറ്റുമ്പോൾ ആദ്യം ചതുപ്പു സ്ഥലങ്ങൾ ദൃശ്യമാകും. ഇവിടം ഉഴുതുമറിച്ചിട്ട പാടം ഉണങ്ങിക്കിടക്കുന്നപോലെ തോന്നും. ചിന്നിച്ചിതറി കിടക്കുന്ന ധാരാളം പാറക്കഷണങ്ങളും ഉണ്ടാകും ഈ ചതുപ്പിന്റെ നടുവിലൂടെ ഹൈവേ പോകുന്നുണ്ട്. ഇതിലേ കുറേദൂരം അകത്തേക്ക് ചെന്നു കഴിയുമ്പോൾ കണ്ണെത്താദൂരത്ത് വെളുത്ത ഉപ്പുപരൽ നിറഞ്ഞ സമതലം കാണാം. 7500 മുതൽ 9000 ച. കി.മി. വിസതൃതിയിൽ. മണൽ നിറഞ്ഞ മരുഭൂമിയെ മണലാരണ്യം



എന്നു പറയുന്നപോലെ ഈ ഭാഗത്തെ ശരിയ്ക്കും 'ഉപ്പാരണ്യം' എന്ന് വിശേഷിപ്പിക്കാം. മനുഷ്യന്റെ പാദസ്പർശമേല്ക്കാത്തിടത്ത് ഉപ്പുപാറ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നത് മനോഹരമായ കാഴ്ചയാണ്.

ഈ പ്രദേശം കണ്ടാൽ സൈബീരിയൻ മരുഭൂമിയോ

അന്റാർട്ടിക്കയുടെ പ്രതലമോ മറ്റോ ആണോ എന്നു നാം സംശയിക്കും. ഇൻഡ്യയിലെ ഒരപൂർവ വിസ്മയം അല്ലാതെന്തു പറയാൻ!

2005ൽ നമ്മുടെ പ്രധാനമന്ത്രി ഗുജറാത്ത് ചീഫ് മിനിസ്റ്ററായിരുന്നപ്പോൾ ടൂറിസ്റ്റുകൾക്ക് ഈ വിസ്മയം കാണാൻ പല സൗകര്യങ്ങളും ഒരുക്കി 'റൻ ഉത്സവ' ത്തിന് തുടക്കും കുറിച്ചു. ടൂറിസ്റ്റുകൾക്കു വേണ്ടി ആയിരത്തോളം ടെന്റുകൾ ഉള്ള ഒരു 'ടെന്റ് സിറ്റി' തന്നെ നിർമ്മിച്ചു. ആളുകളുടെ സൗകര്യത്തിനായി ഫുഡ്കോർട്ട്, ലൈബ്രറി, കാഫറ്റേറിയ, ഷോപ്പിങ് കോംപ്ലക്സ് എന്തിന് ബാങ്കും എ.റ്റി.എമ്മും വരെ ഇവിടെയുണ്ട്. നവംബർ മുതൽ ഫെബ്രുവരി വരെ നാലുമാസമാണ് ഉത്സവ



ക്കാലം. എല്ലാ വർഷവും ഏതാണ്ട് നാലു ലക്ഷം സഞ്ചാരികൾ ഇവിടുത്തെ 'റൻ ഉത്സവത്തിൽ പങ്കുചേരുന്നു. ചിലങ്കയും മാലയും തൊങ്ങലുമണിയിച്ച ഒട്ടകങ്ങളാണ് ഇവിടത്തെ യാത്രാസഹായി.

ചെമ്പിൽ തീർത്ത മണികൾ, ഒട്ടകത്തുകൽ കൊണ്ടുള്ള കരകൗശല വസ്തുക്കൾ എല്ലാം ഇവിടുത്തെ പ്രത്യേകതകൾ ആണ്.

ഇവിടുത്തെ ഗോത്രവർഗ്ഗക്കാർ 'രാവൺഘട്ട' എന്ന സംഗീത ഉപകരണം വായിച്ച് പാട്ടുപാടാൻ വിദഗ്ദ്ധരാണ്. ശ്രോതാക്കൾ നല്ല താളബോധത്തോടെ നൃത്തം ചവിട്ടും. സംഗീതവും നൃത്തവും ഇവരുടെ രക്തത്തിലലിഞ്ഞു ചേർന്നിട്ടുണ്ടെന്നു തോന്നും. 'രാവൺഘട്ട'



രാവണന്റെ സ്ഥലമായ ശ്രീലങ്കയിൽ നിന്നു ചേർന്നതാണെന്നാണ് ഇവിടെയുള്ളവരുടെ വിശ്വാസം.

ചക്രവാളം വരെ എത്തിക്കിടക്കുന്ന ഈ 'ഉപ്പാരണ്യ' ത്തിന്റെ 90% ഇൻഡ്യയിലും 10% പാകിസ്ഥാന്റെ സിന്ധ് പ്രവിശ്യയിലുമാണ്. ഈ സ്ഥലം നന്നായി കണ്ടാസ്വദിക്കാൻ ഏതാണ്ട് 12 നില കെട്ടിടത്തിന്റെ ഉയരത്തിൽ ഒരു നിരീക്ഷണ ഗോപുരം ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന ഉപ്പുപാറകളും ഉപ്പിന്റെ ക്രിസ്റ്റലുകളും കണ്ണെത്താ ദൂരത്തു ചക്രവാളം വരെ പരന്നു കിടക്കുന്നു.

ഈ ഭൂവിഭാഗം ലോകത്തിലെ തന്നെ ഒരത്ഭുതം ആണെന്നു പറയുന്നത് അതിശയോക്തിയല്ല. യാത്ര ഇഷ്ടപ്പെടുന്നവരുടെ അടുത്ത യാത്ര 'കച്ച്' ലേക്കു തന്നെയാകട്ടെ. ഉപ്പാരണ്യത്തിന്റെ ഭംഗി ആവോളം ആസ്വദിക്കാം!! ●

# വിദേശപഠന സ്കോളർഷിപ്പിന് അർഹനായി



**അ**ഹമ്മദാബാദ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റി (IIM)ലെ MBA പഠനത്തിന്റെ ഭാഗമായി, ടാറ്റാ ഗ്രൂപ്പിന്റെ ടാറ്റാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസി (TAS)ലെ ഇന്റേൺഷിപ്പിനുശേഷം ഉയർന്ന സ്കോളർഷിപ്പോടെ ഓസ്ട്രിയയിലെ വിയന്ന സർവ്വകലാശാലയിൽ തുടർപഠനത്തിനായി അവസരം ലഭിച്ച **അഖിൽ വർമ്മ എ.** മുംബൈ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT)യിൽ നിന്ന് എനർജി സയൻസ് എൻജിനീയറിംഗിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ഇടപ്പള്ളി കോശ്ശേരി മഠം (കൗസ്തുഭം) ആദിത്യവർമ്മയുടേയും (AGM, SBI Chennai) കുറ്റിലഞ്ഞി പടിഞ്ഞാറേടത്ത് കോവിലകം (ശ്രീവാസ്) ശ്രീദേവി വർമ്മയുടേയും (Teacher, SBOA School, Chennai) പുത്രനും കുറ്റിലഞ്ഞി ക്ഷത്രിയക്ഷേമ സഭ മുൻ പ്രസിഡന്റ് പരേതനായ കെ.കെ.ത്രിവിക്രമവർമ്മയുടെയും ഇടപ്പള്ളി പാലസ് സ്കൂൾ പ്രധാനാധ്യാപകൻ പരേതനായ ത്രിവിക്രമവർമ്മയുടേയും പൗത്രനും കുറ്റിലഞ്ഞി ക്ഷത്രിയസഭാംഗം ശ്രീപ്രസാദ് വർമ്മയുടെ അനന്തിരവനുമാണ്.

# പ്രഭാവർമ്മയുടെ രണ്ടു പുസ്തകങ്ങളുടെ പരിഭാഷകൾ പ്രകാശനം ചെയ്തു



*പ്രഭാവർമ്മയുടെ പുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷകളുടെ പ്രകാശനം നിർവഹിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സംസാരിക്കുന്നു.*

കവിയും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ പ്രഭാവർമ്മയുടെ പുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിച്ചു. ലമെന്റ് ഓഫ് ദ ഡസ്കി ലോർഡ് (ശ്യാമ മാധവം), ആങ്ക്ലെറ്റ് ഓഫ് ഫയർ (കനൽച്ചിലമ്പ്) എന്നീ പുസ്തകങ്ങൾ സാഹിത്യ അക്കാദമി അധ്യക്ഷൻ ഡോ. ചന്ദ്രശേഖര കമ്പാർ, മുതിർന്ന മാധ്യമ പ്രവർത്തകനായ വെങ്കിടേഷ് രാമകൃഷ്ണൻ എന്നിവർ ഏറ്റുവാങ്ങി.

സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ. ശ്രീനിവാസ റാവു, ഇൻഡസ് പബ്ലിഷേഴ്സിന്റെ പബ്ലിഷിങ്ങ് മേധാവി ഗൗരീശങ്കർ നടേശൻ, പ്രഭാവർമ്മ എന്നിവർ പ്രസംഗിച്ചു. 'ശ്യാമമാധവം' അനിതാ മാധവനും 'കനൽച്ചിലങ്ക' കെ.എം.അജീർ കുട്ടിയുമാണ് പരിഭാഷപ്പെടുത്തിയത്.

# മേളക്കൊഴുപ്പിൽ പ്രായം മറന്ന് മുൻ സാരഥി

സ്കൂൾ കലോത്സവത്തിൽ കഥകളി പ്രതിഭയും മൂന്നു പതിറ്റാണ്ടിലേറെ കോളേജ് അധ്യാപകനുമായിരുന്ന പ്രൊഫ. കെ. എൻ. സുരേന്ദ്രനാഥവർമ്മ എഴുപത്തിയെട്ടാം വയസ്സിൽ തായമ്പകയിൽ അരങ്ങേറ്റം കുറിക്കുന്നു. ആദ്യ സ്കൂൾ സംസ്ഥാന കലോത്സവത്തിൽ സുരേന്ദ്രനാഥവർമ്മയ്ക്കായിരുന്നു കഥകളിയിൽ ഒന്നാം സ്ഥാനം.

ആറു വർഷക്കാലം (2013-2019) സംസ്ഥാന ക്ഷത്രിയക്ഷേമ സഭയുടെ പ്രസിഡന്റ് സ്ഥാനം വഹിച്ചിരുന്നയാളാണ് സുരേന്ദ്രനാഥവർമ്മ. പതിനൊന്നാം വയസ്സിലാണ് പള്ളിപ്പുറം ഗോപാലൻനായരുടെ ശിക്ഷണത്തിൽ കഥകളി അഭ്യസിച്ചു തുടങ്ങിയത്. ആറു വർഷത്തിനുശേഷം കഥകളിയിൽ അരങ്ങേറ്റം കുറിച്ച്, നൂറിലേറെ വേദികളിൽ വേഷങ്ങളവതരിപ്പിച്ചു. തുടർന്നു കോളേജ് വിദ്യാഭ്യാസം തുടങ്ങിയതോടെയാണ് ഈ രംഗത്തുനിന്ന് അല്പം പിന്നോട്ടുമാറിയത്. വിദ്യാഭ്യാസം



*കലാമണ്ഡലം ശ്രീകാന്ത് വർമ്മയുടെ ശിക്ഷണത്തിൽ പ്രൊഫ. സുരേന്ദ്രനാഥ വർമ്മ തായമ്പക അഭ്യസിക്കുന്നു.*

കഴിഞ്ഞ്, ഉടൻതന്നെ കോളേജ് അധ്യാപകനായി ജോലിയും ലഭിച്ചു. എങ്കിലും കഥകളിയോടുള്ള ആഭിമുഖ്യത്തിനു കുറവുണ്ടായില്ല.

സഹോദരനും പ്രശസ്ത ചലച്ചിത്ര-സീരിയൽ നടനുമായിരുന്ന പരേതനായ ജഗന്നാഥവർമ്മ എഴുപത്തിയഞ്ചാം വയസ്സിൽ തായമ്പകയിൽ അരങ്ങേറ്റം കുറിച്ചിരുന്നു. അരങ്ങേറ്റവേളയിൽ, സുരേന്ദ്രനാഥവർമ്മയോട് തായമ്പക പഠിക്കാൻ ജഗന്നാഥവർമ്മ നിർദ്ദേശിച്ചിരുന്നു. പല കാരണങ്ങളാൽ അതു നടന്നില്ല. പിന്നീട് രണ്ടു വർഷത്തിനുശേഷമാണ് സ്വപ്നസാക്ഷാത്കാരത്തിനായി ശ്രമം തുടങ്ങിയത്.

പ്രമുഖ കഥകളി - ചെണ്ട കലാകാരൻ കലാമണ്ഡലം ശ്രീകാന്ത് വർമ്മയുടെ ശിക്ഷണത്തിൽ രണ്ടര വർഷം മുൻപാണു തായമ്പക പഠിച്ചു തുടങ്ങിയത്.

കോവിഡും മറ്റുമായതിനാൽ 47 ക്ലാസുകൾ മാത്രമാണ് നടത്തിയത്. കുടുംബക്ഷേത്രമായ വാരനാട് വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ നവംബർ 13-ന് വൈകീട്ടാണ് അരങ്ങേറ്റം.

റിട്ട. ബാങ്ക് ഉദ്യോഗസ്ഥയായ ഭാര്യ രമണിഭായിയും മക്കളായ ജ്യോതിഷ് വർമ്മയും ജ്യോത്സന വർമ്മയും സുരേന്ദ്രനാഥവർമ്മയ്ക്ക് എല്ലാ പിന്തുണയും നൽകുന്നു.

# കവി സിദ്ധി വരുത്തുന്ന അക്ഷരശ്ലോകം

**വേലൂർ പരമേശ്വരൻ നമ്പൂതിരി,** കുട്ടമ്പേരൂർ, ആലപ്പുഴ.
മൊ.9447978024



അക്ഷരശ്ലോകത്തിന്റെ മഹത്വവും മാഹാത്മ്യവും അറിയാവുന്ന അക്ഷരപൂജ നടത്തുന്ന ഭാഷാഭിമാനികൾ കുറയുന്നതാണ് ഇന്ന് ഈ സാഹിത്യവിനോദം നേരിടുന്ന പ്രശ്നം. അക്ഷരപൂജ നടത്തുന്ന മലയാളം ബി.എ, എം.എ, ക്ലാസുകളിൽ പഠിക്കുന്നവരും മലയാളം പഠിപ്പിക്കുന്ന അധ്യാപകരും നമുക്കുണ്ട്. പക്ഷേ ഇവരിൽ മഹാഭൂരിപക്ഷവും അക്ഷരശ്ലോക സദസ്സുകളിൽ പ്രത്യക്ഷപ്പെട്ടു എന്നു വരില്ല. ശ്ലോകങ്ങൾ ധാരാളം അറിയാവുന്നവരാണെങ്കിലും ആത്മവിശ്വാസക്കുറവു കാരണം സദസ്സുകളിൽ പങ്കെടുക്കാറില്ല. ശ്ലോകങ്ങൾ ചൊല്ലുന്നതു പോട്ടെ; ആസ്വാദകരായിപ്പോലും പങ്കെടുക്കുവാൻ താല്പര്യം കാട്ടിയിരുന്നെങ്കിൽ ഈ സാഹിത്യകേളി രക്ഷപ്പെടുമായിരുന്നു. ഈ കോവിഡ് കാലത്ത് സമസ്ത മണ്ഡലങ്ങളും നിശ്ചലമായല്ലോ. അനുഷ്ഠാനകലകളും ഇതര കലാപരിപാടികളായ നാടകം, ഗാനമേള, ബാലെ തുടങ്ങിയ കലകളും നിഷ്പ്രഭമായിപ്പോയി. ഈ പരിപാടികളുടെ ഇടയിൽ നടത്തിയിരുന്ന ശ്ലോകസദസ്സുകളുടെ കാര്യവും തഥൈവ. പല ജനങ്ങളുടെയും ആസ്വാദനശേഷിക്കുറവും സമയക്കുറവും അവരെ ശ്ലോകസദസ്സുകളിലേക്ക് ആകർഷിക്കുകയില്ല. കൂടാതെ ശ്ലോക വിദഗ്ദ്ധരെ അംഗീകരിക്കാനുള്ള സമൂഹത്തിന്റെ അവികസിത മനസ്സ് മൂലവും അക്ഷരശ്ലോകസദസ്സുകൾ ശുഷ്ക്കമാവുന്നു.

എങ്കിലും കേരളത്തിന്റെ എല്ലാ ഭാഗത്തും എന്നു തന്നെ പറയാം അക്ഷരശ്ലോകസമിതികൾ ഉണ്ട്, ഉണ്ടാവുന്നുമുണ്ട്; നമ്മുടെ ഗ്രന്ഥശാലകൾ പോലെ. എണ്ണായിരത്തിൽപ്പരം ഗ്രന്ഥശാലകൾ കേരളത്തിൽ ഉണ്ടെന്നാണ് ഗ്രന്ഥശാലാ സംഘത്തിന്റെ കണക്ക്. പക്ഷേ സജീവമായി പ്രവർത്തിക്കുന്നത് വളരെ തുച്ഛമത്രേ. പല ഗ്രന്ഥശാലകളും പുസ്തകങ്ങളുടെ 'മോർച്ചറി' തന്നെയാണ്. ഇന്ന് ഗ്രന്ഥശാലകൾക്ക് നല്ല കെട്ടിടവും ഇരുന്നു വായിക്കുവാനുള്ള സുഖകരമായ സൗകര്യങ്ങളും പുസ്തകവിതരണത്തിന് ലൈബ്രേറിയൻമാരുമുണ്ടെങ്കിലും ഗ്രന്ഥശാലകൾ നേരിടുന്ന വലിയ പ്രശ്നം 'വായനക്കാരെ കിട്ടാനില്ലാ' എന്നതായിരിക്കുന്നു. ദേശസേവിനി, വിദ്യാവിനോദിനി, വിവേകോദയം, വിജ്ഞാനവർദ്ധിനി, ഉപാസന, ഗ്രന്ഥകൈരളി തുടങ്ങിയ ഉൽക്കൃഷ്ട നാമങ്ങൾ കൊണ്ട് ഇവ ധന്യമായിരിക്കുന്നുവെന്നു മാത്രം.

സ്കൂൾ തലത്തിൽ ചിലയിടങ്ങളിൽ ശ്ലോകസദസ്സുകൾ നടത്തുന്നുണ്ട്. അപൂർവം ട്രെയിനിംഗ് സ്കൂളുകളിലും ട്രെയിനിംഗ് കോളേജുകളിലും പഠിപ്പിക്കുന്നുമുണ്ട്. ചില ശ്ലോക ആശാൻമാർ വാസനയുള്ള കുട്ടികളെ മാതാപിതാക്കളുടെ ആവശ്യപ്രകാരം ഗൃഹങ്ങളിൽ പഠിപ്പിക്കുന്നുണ്ട്. കൊട്ടാരങ്ങളിലും ബ്രാഹ്മണ ഇല്ലങ്ങളിലും ധാരാളം ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിനാൽ നല്ല നല്ല ശ്ലോകങ്ങൾ അർത്ഥം സഹിതം പുത്തൻതലമുറയിലെ കുട്ടികൾ എഴുതിയെടുക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ പഠിക്കുകയും സദസ്സുകളിൽ ചൊല്ലുന്നതു വിരളവുമാണ്. 'ശ്ലോകത്തിൽ ചൊല്ലുക' എന്നൊരു ശൈലി മലയാളത്തിൽ പ്രചാരത്തിലുണ്ട്. അല്ലെങ്കിൽ 'വലിയ കൊമ്പനാനയെ പാക്കിൻ തോടിലടയ്ക്കുക' എന്നു പറയുന്നവരും ഉണ്ട്. അതായത് ഗഹനമായ ആശയത്തെ വളരെ ചുരുക്കിപ്പറയുകയാണ് ഈ ശൈലികൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. കിളിമാനൂർ കൊട്ടാരത്തിൽ ചെറിയ രോഹിണി നാൾ തമ്പുരാട്ടി ഗജേന്ദ്രമോക്ഷം കഥ ചുരുക്കി ഒരു ശ്ലോകത്തിൽ പറയുന്നത് പ്രസിദ്ധമാണല്ലോ. ആ ശ്ലോകം ഉദ്ധരിക്കട്ടെ.

*“കുംഭീന്ദ്രൻ പോയ് ത്രികൂടാചല*
*സരസി മുദാ പണ്ടഗസ്ത്യസ്യ ശാപാൽ-*
*പിൻകാലിന്മേൽ കടിച്ചാൻ മുതല,*
*കടിവിടാഞ്ഞായിരത്താണ്ടുഴന്നാൻ*
*അന്നേരം പോന്നു വന്നു മുരരിപു ഗരു*
*ഡാരൂഢനായ് ധ്യാന ശക്ത്യാ*
*നക്രം ചക്രേണ കൊന്നക്കരിവരനുടനേ*
*മുക്തിയേകീ മുകുന്ദൻ”*

എത്ര കഠിനപദങ്ങൾ. ആശയത്തിന്റെ പാരാവാരം. സംവാദം നടത്താനും വൃത്തം നിശ്ചയിക്കാനും എല്ലാം പറ്റിയ ഒരു ശ്ലോകം തന്നെയാണിത്. ഗജേന്ദ്രമോക്ഷം എന്ന പുരാണപ്രസിദ്ധമായ കഥ പറയുവാനും സന്ദർഭം ഉണ്ട്. ശ്ലോകവും അർത്ഥവും ശ്ലോക കർത്താവിനെയും അറിഞ്ഞിരിക്കണം. കലാ-കായിക-സാഹിത്യകാരൻമാരിൽ ഏതാനും പേരുടെ പേരു പറയാൻ നമുക്ക് പ്രയാസമില്ല. എന്നാൽ ആയിരക്കണക്കിനു ശ്ലോകം പഠിച്ചവരേയും അനവധി വേദികളിൽ പങ്കെടുത്തവരേയും നാം അറിയുന്നേയില്ല? കഷ്ടം! ഉത്തരം ഈ ലേഖനത്തിൽ ഉണ്ടല്ലോ? ◆

അനുഭവക്കുറിപ്പ്

# ഗോഡ് ഇൻ ഡിസ്ഗൈസ് !



**രമേശ് ചന്ദ്രവർമ്മ ആർ**, കോട്ടയ്ക്കൽ, മലപ്പുറം. മൊ. 9249337928

ക്ഷാത്രസ്പന്ദനം (വാല്യം-7 ലക്കം 2/3) ഏപ്രിൽ ജൂലായ് 2021 ൽ രാമവർമ്മ വൈദ്യൻ കോയിൽ തമ്പുരാനെപ്പറ്റി ബ്രിഗേഡിയർ നന്ദകുമാരവർമ്മ എഴുതിയ ഓർമ്മക്കുറിപ്പ് വളരെ ഹൃദയസ്പൃക്കായിരുന്നു.

ചില വ്യക്തികളുടെ ഓർമ്മകളും, ചിത്രങ്ങളും അങ്ങിനെയാണ്; മനസ്സിലെന്നും മായാതെ നിൽക്കും എന്നും ഓർമ്മിയ്ക്കും! അങ്ങിനെയുള്ള വ്യക്തി പ്രഭാവമാണ്. വൈദ്യൻ തമ്പുരാൻ! ആ വ്യക്തി പ്രഭാവത്തിന്റെ മുൻപിൽ നമസ്കരിച്ചു കൊണ്ട്, സ്വന്തം അനുഭവം എഴുതട്ടെ...!

കൃത്യമായി പറഞ്ഞാൽ 1975-ൽ ഞാൻ മാവേലിക്കര ഗവ.എൽ.പി സ്കൂളിൽ നാലാംക്ലാസിൽ പഠിക്കുമ്പോൾ, കണ്ണുകൾ ഒഴികെ, ബാക്കിയുള്ള ശരീരഭാഗങ്ങളിലെല്ലാം കലശലായ കരപ്പൻ ബാധിച്ചു. ഏതാണ്ട്, ആറുമാസക്കാലം പലവിധ ചികിത്സകളും, ചെയ്തുനോക്കിയിട്ടും ഫലപ്രാപ്തി കാണാതെ വൈദ്യൻ തമ്പുരാനെ അഭയം പ്രാപിച്ചു.

അന്ന്, അച്ഛൻ (Late Advocate Rama Varma Thampan) എന്നെയും കൂട്ടി കന്യേൽ കൊട്ടാരത്തിൽ ഒരു ദിവസം വൈകിട്ട്, ചെന്നതും വൈദ്യൻ തമ്പുരാനെ കണ്ടതും വ്യക്തമായി ഓർക്കുന്നു! 'ക്ഷാത്രസ്പന്ദനം' ത്രൈമാസികയുടെ മുഖചിത്രത്തിൽ കണ്ടതുപോലെയുള്ള പ്രൗഢഗംഭീരമായ മുഖം.

അദ്ദേഹം അച്ഛനോട് വിസ്തരിച്ചും അല്പമെങ്കിലും എന്നോടും രോഗവിവരങ്ങൾ ചോദിച്ചറിഞ്ഞു. രോഗവിവരങ്ങളെല്ലാം വിസ്തരിച്ചു ചോദിച്ചറിഞ്ഞതിനുശേഷം അദ്ദേഹം പറഞ്ഞു: "രണ്ടുദിവസം കഴിഞ്ഞു വരൂ! നമുക്കു നോക്കാം.!"

രണ്ടുദിവസം കഴിഞ്ഞു വീണ്ടും അദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ അദ്ദേഹം ഒരു മരുന്ന് കുറിപ്പടി തന്നു; നമുക്കു ചുറ്റും അന്ന് ലഭ്യമായിരുന്ന ഔഷധസസ്യങ്ങളുൾക്കൊള്ളുന്ന മരുന്നിന്റെ ഒരു ചാർത്തായിരുന്നു അത്! (ഇന്ന് കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ ഇരുപത്തിനാലാം വർഷത്തെ ജോലിക്കിടയിൽ എന്നും ഞാൻ ആ ചാർത്തിലെ മരുന്നുകൾ എന്തൊക്കെയായിരുന്നു എന്ന് ഓർത്തെടുക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ സാധിക്കുന്നില്ല) ശാരദാമന്ദിരത്തിനു മുമ്പിലുള്ള പടിഞ്ഞാറെ കുളത്തിൽ നിന്നും പർപ്പടകപ്പുല്ല് പറിച്ചുകൊണ്ടുവന്നത് മാത്രം വ്യക്തമായി ഓർക്കുന്നു!

ഔഷധസേവ തുടങ്ങുന്നതിനു മുന്നോടിയായി വയറിളക്കണമെന്ന് വൈദ്യൻ തമ്പുരാൻ നിർദ്ദേശിച്ചിരുന്നു.

ചിന്നാമുക്കി, തൃകോൽപ്പക്കൊന്ന, കടുക്കത്തോട് എന്നിവ പടിഞ്ഞാറെനടയിലുള്ള അങ്ങാടി മരുന്നുകടയിൽ നിന്നും കൊണ്ടുവന്ന് കഷായം വച്ച് അതിരാവിലെ കഴിച്ചു. ചെറിയ കുട്ടിയായിരുന്നതിനാൽ എന്നെ കഷായം കുടിപ്പിയ്ക്കുന്നതിനുവേണ്ടി പാടുപെട്ട് എന്റെ ജ്യേഷ്ഠസഹോദരിയും മൂത്ത ജ്യേഷ്ഠനും കൂടി കഷായം കുടിച്ചു. എന്തായാലും അവർക്കും ആ ദിവസം ശോധനയുടെ അനുഭവം മറിച്ചൊന്നായിരുന്നില്ല! വയറിളക്കിയതിന്റെ അടുത്ത നാൾമുതൽ നിത്യേന ഔഷധങ്ങൾ ശേഖരിച്ചുകൊണ്ടുവന്ന് കഷായം വച്ച് 60 ദിവസം കൃത്യമായി കഴിച്ചു! ദൈവം വൈദ്യൻ തമ്പുരാന്റെ രൂപത്തിൽ അനുഗ്രഹിയ്ക്കുന്നത് തിരിച്ചറിഞ്ഞുതുടങ്ങി. ദേഹമാസകലം ഉണ്ടായിരുന്ന പഴുപ്പു നിറഞ്ഞ ചൊറികൾ ഉണങ്ങി വീണ്ടും തൽസ്ഥാനത്ത് വരാതായി തുടങ്ങി. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് വീണ്ടും കാണാൻ ചെന്നു. നറുപുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞതോർക്കുന്നു. അല്ല എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. "ഇനിയൊരു പന്ത്രണ്ടു വർഷം കഴിഞ്ഞാലും, ഈ ചൊറി വരില്ല!" ആത്മവിശ്വാസം പകർന്നു നൽകിയ ആ വാക്കുകൾ കേട്ട് ഞാൻ അന്നു കരഞ്ഞുപോയി. സത്യമായിരുന്നു അന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ കാലം തെളിയിച്ചു. പിന്നീട് ഏറെക്കാലങ്ങൾക്കുശേഷം, അഷ്ടാംഗഹൃദയവും, ചരകസംഹിതയും മറ്റു വായിച്ചു നോക്കുമ്പോൾ ആയുർവ്വേദ ചികിത്സയുടെ അടിസ്ഥാനമായി പറയപ്പെടുന്ന 'നിദാനപരിവർജ്ജനം' (രോഗകാരണത്തെ ഇല്ലാതാക്കുക) ആണ് അന്ന് വൈദ്യൻ തമ്പുരാൻ ചെയ്തത് എന്ന് മനസ്സിലായി.

ശുഭ്രവസ്ത്രധാരിയായിരുന്നു അദ്ദേഹം! കുടുമയുണ്ടായിരുന്നുവെന്നാണ് എന്റെ ഓർമ്മ! നല്ല ഉയരവും മിതഭാഷിയും പതിഞ്ഞ സംസാരവും! ഇത്രയൊക്കെ മാത്രമേ എനിയ്ക്ക് ഓർത്തെടു

# നൊമ്പരപ്പൂക്കൾ

**ശ്യാമള വർമ്മ,** തിരുവനന്തപുരം

*(തന്റെ പ്രിയ കൂട്ടുകാരി പൂഞ്ഞാർ കൊട്ടാരത്തിലെ അംബികാദേവി വർമ്മയുടെയും ഭർത്താവ് 'സൂര്യ ചൈതന്യൻ' എന്ന പ്രൊഫ. പ്രഭാകരന്റെയും അടുത്തടുത്തുള്ള വേർപാടിന്റെ ഒന്നാം വാർഷികത്തിൽ രചിച്ചത്)*



ദേവിയെൻ പ്രിയ സഖിയായിരുന്നു.
ദേവിയെൻ പ്രിയ സോദരിയുമായിരുന്നു.
അവളുടെ ദേഹവിയോഗത്താൽ
എൻ ആത്മാവിൽ നൊമ്പരമുണർത്തീടുന്നു
മായ്ക്കാനാവുമോ മറക്കാനാവുമോ
മായലോകമാം യവനികയിൽ
മറഞ്ഞുപോയാലും നീ
സൂര്യചൈതന്യനെന്ന തൂലിക നാമത്താൽ
കാട്ടുപൂക്കളും മുത്തുമണികളും ചേർത്ത്
നിൻ പ്രിയനാൽ കോർത്ത മാലയിൽ
എൻ കണ്ണീർ പൂക്കളർപ്പിച്ചീടുന്നു.
പ്രഭാകരൻ എന്ന പേരിന്നർത്ഥമാം
സൂര്യചൈതന്യനെന്ന തൂലികനാമവും
സ്വീകരിച്ചാനദ്ദേഹം
ഇണ പിരിയാത്ത ഇണക്കിളികൾ പോലെ
മരണമാം മായായവനികയിൽ
മറഞ്ഞുപോയിരുന്നാലും
മായ്ക്കാനാവുമോ മറയ്ക്കാനാവുമോ
നിങ്ങളെന്നിൽ ചൊരിഞ്ഞ
സ്നേഹവാത്സല്യമൊരിക്കലും. ●

ക്കാൻ സാധിയ്ക്കുന്നുള്ളു. എന്നെയും കൂട്ടി അച്ഛൻ അദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ അദ്ദേഹത്തിനു പ്രായം തൊണ്ണൂറുകഴിഞ്ഞിരിക്കണം. അദ്ദേഹം ഒരു അത്ഭുതവൈദ്യനായിരുന്നുവെന്ന് ഇന്നെനിയ്ക്ക് തിരിച്ചറിവോടെ മനസ്സിലാക്കാൻ സാധിയ്ക്കുന്നു. അന്നേ തന്നെ, എന്റെ ഇളം മനസ്സിൽ അദ്ദേഹം ദൈത്തിന്റെ രൂപത്തിൽ ചേക്കേറിയതാണ്. എന്നും അങ്ങനെ തന്നെ അദ്ദേഹം എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കും; അതാണ് എനിക്ക് വൈദ്യൻ തമ്പുരാനു നല്കാനുള്ള ദക്ഷിണ! ●

# ഡോ. കെ.എൻ മല്ലിനാഥൻ
## – ഒരു അനുസ്മരണം



**മാവേലിക്കര രഘുനാഥവർമ്മ**

*യോഗാനന്ദകരിയായി വാരനാട്ടു കുടികൊള്ളും*
*ദേവിയെന്നും കടാക്ഷങ്ങൾ ചൊരിഞ്ഞീടട്ടെ*
*നാളിൽ നാളിൽ നന്മകളെ നേരട്ടെ പരദേവത*
*മാഹേശ്വരി ഭദ്രകാളി തുണ ചെയ്യട്ടെ*
*വേട്ടയ്ക്കൊരുമകൻ ദേവൻ കടാക്ഷം ചൊരിയുന്നൊരു*
*കാട്ടുങ്കൽ കോവിലകത്തു വസിച്ചീടുന്ന*
*കേളുമ്മാവനും പത്നിയും നെടുനാൾ സുഖമായിട്ട്*
*ജീവിച്ചിട്ട് വിഷ്ണുപദം പ്രാപിച്ചുവല്ലോ*
*രവി, മല്ലി, ജഗൽ, സുരൻ, പ്രഭ എന്നീ അഞ്ചുപേരും*
*അവരുടെ ധന്യരായ മക്കളാണല്ലോ*
*മക്കളിൽ സൗമ്യശീലനാം രണ്ടാമനാം മല്ലിനാഥൻ*
*കൈപ്പുണ്യം നിറഞ്ഞ ഡോക്ടറായിരുന്നല്ലോ*
*കമലം പോൽ ശീതളിമ മനസ്സിനു ചൊരിഞ്ഞൊരു*
*കമലയാം പത്നിയുമായ് പല പ്രാവശ്യം*
*സാകൂതം പലയിടത്തും ജോലിചെയ്ത മല്ലിനാഥൻ*
*മാവേലിക്കരയിൽ വന്നു ചേക്കേറിയല്ലോ*
*ശീലഗുണം കൊണ്ടു സ്വന്തം ഭർത്താവിനെ പരിചരി-*
*ച്ചാദരവു നേടിയൊരു സതീരത്നമാം*
*കമലയ്ക്കു മക്കളായി മായയും മനുവുമുണ്ട്.*
*അവർ കർമ്മനിരതരായ് വസിച്ചീടുന്നു*
*ആയുർവേദമലോപ്പതി ഇവയെ കോർത്തിണക്കിയും*
*നൂതന പന്ഥാവുകളെ മനനം ചെയ്തും*
*ആതുര ശുശ്രൂഷയിങ്കലതി നൈപുണ്യം കാട്ടിയ*
*സ്നേഹനിധിയായ ഡോക്ടർ കൃതകൃത്യനായ്*
*വൈദ്യശാസ്ത്രത്തിലും പിന്നെ സാഹിത്യ സപര്യയിലും*
*സർഗ്ഗാത്മക വിത്തുപാകി മുളപ്പിച്ചവൻ*
*മരുന്നിനു കുറുപ്പടി മാത്രമല്ല തൂലികയിൽ*
*മഹിത സാഹിത്യ സൃഷ്ടി വിരിയിച്ചവൻ*
*എളിമ എന്ന സിദ്ധിയാൽ ജനചിത്തത്തിലെല്ലാമേ*
*അതുല്യമാം സ്ഥാനമാനമാർജ്ജിച്ച ധന്യൻ*
*വർണ്ണം നിഴൽ വെളിച്ചവും ചെന്നെത്താത്ത ദൂരത്തേക്ക്*
*കർമ്മകാണ്ഡമാടിതീർത്തു വിലയം ചെയ്തു.*
*ഓർമ്മകളിൽ സൂര്യരശ്മി ചൊരിയുന്ന മല്ലിനാഥൻ*
*സ്നേഹ നക്ഷത്രമായ് വിണ്ണിൽ പരിലസിപ്പൂ*
*പ്രപഞ്ചശക്തിയാം കൃഷ്ണൻ നല്കട്ടെ നിന്നാത്മാവിന്*
*അമൃതമാം നിത്യശാന്തി പ്രാർത്ഥിപ്പൂ ഞങ്ങൾ.* ●



# സപ്തപദി

൭

## താരാശങ്കർ ബന്ദ്യോപാധ്യായ

### വിവർത്തനം : ഡോ. കെ.സി. എം. രാജ

*ഹിന്ദി വിവർത്തനത്തോട് കടപ്പാട് : നേമിചന്ദ്രജയിൻ, രാജ്കമൽ പ്രസിദ്ധീകരണം*

*കഴിഞ്ഞലക്കം തുടർച്ച...*

മിന്നലിന്റെ ശക്തിയിൽ ഒരു ശബ്ദം പോലും പുറപ്പെടുവിയ്ക്കാൻ ശക്തിയറ്റവനെപ്പോലെ, ജീവസ്സെല്ലാം ചോർന്നുപോയവനെപ്പോലെ, കൃഷ്ണസ്വാമി സ്തബ്ധനായി നിന്നു.

റീന വികൃതമായി ചിരിച്ചുതുടങ്ങി. പെട്ടെന്ന് ചിരി നിർത്തി അവൾ ചോദിച്ചു. ''ഇനിയും കേൾക്കണോ? വളരെയധികമുണ്ട് പറയാൻ. എന്റെ അമ്മ കുന്തി മേദനീപുരത്തുള്ള ബ്രൗണിന്റെ അധീനതയിലുള്ള ഒരു വന്യഗ്രാമത്തിലെ ക്ഷത്രിയനായ ഒരു ഠാക്കൂറിന്റെ വെപ്പാട്ടികളിൽ ഒരുവളായിരുന്നു. ഒരു ആദിവാസി സ്ത്രീയുടെ മകളായിരുന്നു എന്റെ അമ്മ. ഒരു ബ്രാഹ്മണൻ ഉപയോഗിച്ചു വലിച്ചെറിഞ്ഞതിന്റെ ശേഷമാണ് ഠാക്കൂറിന്റെ കൂടെയായത്. ഇനിയും കേൾക്കണ്ടേ? കറുത്ത സ്ത്രീകളുടേയും വെള്ളക്കാരുടേയും നിറം കൂടി കലർന്ന് ഒടുവിൽ ഒരു ഇംഗ്ലീഷുകാരന്റെ നിറമാണ് എനിക്കു കിട്ടിയത്. എന്റെ ശരീരം കണ്ടാൽ ത്തന്നെ ഇതെല്ലാം മനസ്സിലാക്കാം. കറുത്ത തലമുടി, കറുപ്പുനിറം പൂണ്ട എന്റെ മിഴികൾ... എന്റെ നിറം എന്തുമാകട്ടെ, എന്റെ മതം ഏതാണ്? എന്റെ ദൈവം ഏതാണ്? ദൈവത്തിന്റെയും മതത്തിന്റെയും ശവക്കല്ലറയാണ് ഞാൻ! എന്നിലുള്ളത് ചീഞ്ഞളിഞ്ഞ ദൈവമാണ്! ദുർഗ്ഗന്ധം വമിയ്ക്കുന്ന ദൈവം.

ഇതെല്ലാം പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും എന്തു കൊണ്ടെന്നറിയില്ല, റീന പെട്ടെന്നു ശാന്തയായി. പിന്നീടു കുറച്ചു നേരത്തേയ്ക്കു അവൾ ഒന്നും സംസാരിച്ചില്ല. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതായി കൃഷ്ണസ്വാമിയ്ക്കുതോന്നി.

"റീനാ, നീ കരയുകയാണോ?" കൃഷ്ണസ്വാമി ചോദിച്ചു.

"കരയുകയോ?" ഒരു പരിഹാസത്തോടെ റീന തിരിച്ചു ചോദിച്ചു.

''വേണമെങ്കിൽ നോക്കിക്കൊള്ളു! അവൾ ടോർച്ചടിച്ച് കണ്ണുകൾ കാണിച്ചു കൊടുത്തു. അമിതമായി മദ്യപിച്ചിരുന്ന കാരണം കലങ്ങിചുവന്നിരുന്ന അവളുടെ മിഴികളിൽ വിദ്വേഷവും ഒരു ദാർഢ്യവുമാണ് കൃഷ്ണസ്വാമിയ്ക്കു കാണാൻ കഴിഞ്ഞത്.

റീന സംസാരം തുടർന്നു. "എന്റെ കണ്ണീരെല്ലാം വറ്റിപ്പോയിട്ട് ദിവസങ്ങൾ ഏറെയായി. ഇപ്പോൾ അതൊരു മരുഭൂമിയായിത്തീർന്നിരിക്കുന്നു. കരഞ്ഞു കരഞ്ഞ് എന്റെ കണ്ണീരെല്ലാം വറ്റിപ്പോയി!"

പിന്നീട് അവൾ ശബ്ദം അല്പം താഴ്ത്തിക്കൊണ്ടു പറഞ്ഞു.

"ഇതിന്നെല്ലാം കാരണം നീ ഒരുത്തനാണ്, കൃഷ്ണേന്ദു!

You are the sole cause! You are the sole cause !''

ചെറുതായൊന്നു ചിരിച്ചു കൊണ്ട് റീന തുടർന്നു. ''ഒഥെല്ലോയിലെ വിറല ജീവിതത്തിന്റെ മാധുര്യം കുറച്ചു നിമിഷത്തേക്കെങ്കിലും എനിക്കു ആസ്വദിക്കാൻ കഴിഞ്ഞു. നിന്നെപ്പോലെ പ്രിയപ്പെട്ട ഒരുവനെ അന്ന് ഞാൻ ഉപേക്ഷിച്ചത് നിനക്കു ദൈവത്തിലും മതത്തിലും വിശ്വാസമില്ലാത്തതിന്റെ പേരിലായിരുന്നു. ഇന്നലെ നിന്നെ കണ്ടതു മുതൽ എന്റെ സർവ്വസ്വവും എന്നെത്തന്നേയും ഞാൻ ഉപേക്ഷിച്ചത് നിനക്കു വേണ്ടിയിട്ടാണെന്നു തോന്നിത്തുടങ്ങി. ഞാൻ അറിയാതെ നീ അവയെല്ലാം എന്നിൽ നിന്നു കവർന്നെടുക്കുകയായിരുന്നു."

റീന വീണ്ടും അല്പനേരത്തേക്കു നിശ്ശബ്ദയായി നിന്ന ശേഷം ആത്മഗതമെന്നപോലെ പറഞ്ഞു. "കുന്തി എവിടെയൊക്കെ ജീവിച്ചു! ഞാൻ എവിടെയെത്തി!"

മൂന്നു മഴത്തുള്ളികൾ കൃഷ്ണസ്വാമിയുടെ ദേഹത്തു അടർന്നു വീണു. ദൂരെ നിന്നു കനത്ത മഴയുടെ ഇരമ്പം ഒരു സീൽക്കാരത്തോടെ നീങ്ങിവന്നു; ഒപ്പം ശക്തിയായ കാറ്റും!

കൃഷ്ണസ്വാമി അവളെ ക്ഷണിച്ചു. "റീന വരൂ! ഉള്ളിൽ വന്ന് ഇരിയ്ക്കൂ!"

റീന: " മുറിയിലേയ്ക്കോ? നടക്കൂ!... അല്ലെങ്കിൽ വേണ്ട. അതിന്റെ അവശ്യമില്ല! ഞാൻ പോകുകയാണ്. ഒരിയ്ക്കൽ കൂടി ഞാൻ പറയുന്നു, നീ ഇവിടം വിട്ടു തീർച്ചയായും പോകണം. അല്ലെ

ങ്കിൽ, എനിയ്ക്ക് ഒരു സ്വസ്ഥത കിട്ടില്ല. You must go!"

"അതൊക്കെ ശരി! പക്ഷെ, ഈ അർദ്ധരാത്രി നീ എങ്ങോട്ടുപോകും?" കൃഷ്ണസ്വാമി ചോദിച്ചു.

"ഞാൻ തപ്പി തടഞ്ഞ് എങ്ങോട്ടെങ്കിലും പൊയ്ക്കോളാം. കഷ്ടപ്പാട് എനിയ്ക്ക് ഇപ്പോൾ വളരെയൊരു സുഖമാണ്. ആദ്യമൊക്കെ കാറ്റും മഴയും കാണുന്നതുതന്നെ എനിക്ക് ഭയമായിരുന്നു. ഇപ്പോൾ എനിക്ക് ഇരുട്ടിനെ തീരെ ഭയമില്ല. കൊടുങ്കാറ്റിനെ പോലും ഭയമില്ല. അതുകൊണ്ടു ഞാൻ പോകുന്നു. എന്തുതന്നെയായാലും നീ ഇവിടം വിട്ടു പോകതന്നെ വേണം!" കൃഷ്ണസ്വാമി വീണ്ടും അവളെ വിലക്കി. "വേണ്ട! നീ ഇപ്പോൾ പോകേണ്ട! ഇവിടെ ഉള്ളിൽ വന്നു ഇരിയ്ക്കൂ!"

കൃഷ്ണസ്വാമിയുടെ നിർബ്ബന്ധത്തിനു വഴങ്ങി റീന മുറിയിൽ പ്രവേശിച്ചു. അയാൾ മണ്ണെണ്ണ വിളക്കു കത്തിച്ചു.

"വേണ്ട!" റീന വിളക്കിന്റെ തിരി താഴ്ത്തി വിളക്കു കെടുത്തി. വിളക്ക് താഴെ വീണു. തിങ്ങിയ അന്ധകാരം. !

റീന പറഞ്ഞു "ഈ കനത്തഇരുട്ടാണ് എനിയ്ക്കിഷ്ടം! ഈ ഇരുട്ട് വളരെ നല്ലതാണ്. ബ്രൗണിൽ നിന്ന് എല്ലാ വിവരങ്ങളും അറിഞ്ഞശേഷം ഞാൻ മൂന്നു ദിവസം ഇരുട്ടിൽ കിടന്നു നിർത്താതെ കരഞ്ഞിട്ടുണ്ട്. വാതിലും ജനാലയും കൊട്ടിയടച്ച്. ഞാൻ വിളക്കു കത്തിച്ചില്ല. എനിയ്ക്ക് എന്നെത്തന്നെ ഭയമായിരുന്നു. അന്ന് എന്റെ കൂടെ കിടക്കാൻ എന്റെ അമ്മ കുന്തി മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്ന്, എനിയ്ക്ക് ബ്രൗണിനോട് അങ്ങേയറ്റം വെറുപ്പാണ്. കുന്തിയെ, പക്ഷേ, വെറുക്കാൻ കഴിയുന്നില്ല. തികച്ചും ഒരു ഭാഗ്യഹീനയാണ് അവർ. ഒരു മിണ്ടാപ്രാണിയെപ്പോലെ ബ്രൗണിനെ ഭയന്ന്, വെറുമൊരു അടിമയെപ്പോലെയാണ്, അവർ ആ വീട്ടിൽ കഴിഞ്ഞുകൂടിയത്. ഒരു ദിവസം പോലും 'മകളേ' എന്നു വിളിച്ച് സ്നേഹത്തിന്റെ ഒരു കണികപോലും എനിയ്ക്ക് തരാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഇരുട്ടിൽ ഞങ്ങൾ ഇരുവരും കരഞ്ഞുകൊണ്ടേയിരുന്നു. അമ്മയും ഞാനും തമ്മിലുള്ള അടുപ്പം കാരണം എല്ലാ സത്യവും പുറത്തു വരുമൊ എന്ന ഭയം കാരണം എന്നെ ജ്ഞാനസ്നാനം ചെയ്യിച്ച് ഒരു പരിശുദ്ധ ക്രിസ്ത്യാനിയാക്കാൻ ബ്രൗൺ സമ്മതിച്ചില്ല. പകരം, ഒരു കന്യാസ്ത്രീ മഠത്തിൽ ചേർത്ത് എന്ന പഠിപ്പിച്ചു. എന്റെ അമ്മ അപ്പോഴും വളരെ സുന്ദരിയായിരുന്നു. വളരെ വിചിത്രമായ ഒരു ആകർഷണമായിരുന്നു അമ്മയ്ക്ക്. എന്റെ മുടിയിലും, മിഴികളിലും, പുരികക്കൊടികളിലും അമ്മയുടെ ആ സൗന്ദര്യമാണ് പകർത്തിവച്ചിട്ടുള്ളത്. വാസ്തവത്തിൽ, ബ്രൗൺ അമ്മയെ വിലയ്ക്ക് വാങ്ങിയതായിരുന്നു. അയാളുടെ ഭോഗസംതൃപ്തിക്ക് വേണ്ടി.

യേശുക്രിസ്തു! അദ്ദേഹം ദൈവപുത്രനായിരുന്നു. അദ്ദേഹത്തെ അന്നത്തെ റോമാക്കാർ കുരിശിൽ തറയ്ക്കുകയാണ് ചെയ്തത്. ക്രിസ്തു ഉയർത്തെഴുന്നേറ്റുവെന്ന് ജനം വിശ്വസിക്കുന്നു. പക്ഷേ സാമ്രാജ്യവാദികൾ ഇന്നു ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊണ്ടേയിരിക്കുന്നു. അവർ അദ്ദേഹത്തെ കുരിശിൽ തറച്ചുകൊല്ലുക തന്നെ ചെയ്യും."

റീന വികൃതമായി ഒന്നു ചിരിച്ചുകൊണ്ടു പറഞ്ഞു. "പക്ഷേ ഇവരെല്ലാം ഒരു തരത്തിൽ മഹാന്മാരാണ്. ജോൺ ക്ലേറ്റന്ന് എന്നെ വിവാഹം ചെയ്യാൻ വലിയ മോഹമുണ്ടായിരുന്നു. ഈ പരിശുദ്ധ ജെമീന്ദാരാണ് അതുമുടക്കിയത്. എനിയ്ക്ക് മാനസിക പിരിമുറുക്കം ഉണ്ടായിരുന്ന ആ കാലത്താണ് അയാൾ എന്റെ സകലകാര്യവും ക്ലേറ്റനെ എഴുതിയറിയിച്ചത്. ക്ലേറ്റന്റെ പിതാവ് അതിന്നു നന്ദിയും അറിയിച്ചു. നീയൊരു അവിശ്വാസിയായ കാരണം എല്ലാ കാര്യങ്ങളും നിന്നോടു പറഞ്ഞിട്ടു ഒരു ഫലവുമില്ലെന്ന് ബ്രൗണിന്നറിയാമായിരുന്നു. ഞാൻ ക്രിസ്ത്യാനിയല്ലായിരുന്നിട്ടുകൂടി നീ ക്രിസ്ത്യാനിയായി മതം മാറാതെ നിന്നെ വിവാഹം ചെയ്യാൻ, അയാൾ എന്നെ അനുവദിച്ചില്ല. ഞാൻ ഒരു അവിശ്വാസിയുടെ ഗർഭത്തിൽ പിറന്നവളാണ്. എന്നെ ശിക്ഷിക്കാൻ വേണ്ടിയാണ് കുരിശും ബൈബിളും എനിയ്ക്കു തന്നത്." പുറത്തു മഴയുടെ ശക്തി കൂടിയിരുന്നു. സാല വൃക്ഷങ്ങളുടെ ഇലകളിൽ തട്ടി വീണു കൊണ്ടിരിയ്ക്കുന്ന മഴത്തുള്ളികൾ മേഘമൽഹാർ രാഗത്തിൽ സംഗീതം ആലപിച്ചുകൊണ്ടിരുന്നു. വിസ്മയിപ്പിയ്ക്കുന്ന നിലയ്ക്കാത്ത, സംഗീതധാര! മറ്റെല്ലാ ശബ്ദങ്ങളും ആ സാന്ദ്ര സംഗീതത്തിൽ ആവരണം ചെയ്യപ്പെട്ടു. ഒരു ജീപ്പോ കാറോ വരുന്ന ശബ്ദം പോലും അത്ര എളുപ്പം കേൾക്കാൻ കഴിയമായിരുന്നില്ല.

റീന പെട്ടെന്നു ചാടിയെഴുന്നേറ്റു. അവൾ ജനാലയുടെ അടുത്തേയ്ക്ക് ചെന്ന് പുറത്തേയ്ക്ക് നോക്കിക്കൊണ്ടു പറഞ്ഞു. "മനോഹരമായ ഒരു രാത്രി! ഈ ലോകത്ത് ഞാനും നീയും അല്ലാതെ ആരുമില്ലെന്ന ഒരു തോന്നൽ!"

റീന പറഞ്ഞ കാര്യങ്ങളെല്ലാം കേട്ട് കൃഷ്ണസ്വാമി അമ്പരന്നു അത്ഭുതസ്തബ്ധനായി നിൽക്കുകയായിരുന്നു. ദു:ഖവും സഹാനുഭൂതിയും കാരണം അയാൾക്ക് അധികമൊരു അവശത തോന്നി. പുറത്ത് ശക്തിയായി അടിയ്ക്കുന്ന കാറ്റിന്റെ രോദനം പോലെ അയാളുടെ മനസ്സും കരഞ്ഞുകൊണ്ടിരുന്നു. "ഹേ! ഭഗവാൻ അങ്ങ് ഇവളുടെ ഇപ്പോഴത്തെ മനസ്സിൽ വീണ്ടും പ്രകാശം. ചൊരിയണമേ! ഇരുൾ മൂടിയ നിദ്രയിലാണ്ടു പോയ മനസ്സിനെ ഉണർത്തേണമേ! ഇവളുടെ മനസ്സിന്നു ശാന്തിയും സൗന്ദര്യവും പകർന്നാലും. റീന ഇപ്പോഴും സുന്ദരിയാണ്. ഇന്നും അവളുടെ

മനസ്സിൽ ആ പഴയ മാധുര്യം നില നിൽക്കുന്നുണ്ട്. കറുത്ത ഭാരിച്ച കൺപോളകൾക്കുള്ളിൽ പതിച്ചു വെച്ച, ഇവളുടെ കറുത്തമിഴികൾ മാനസസരോവരം പോലെ സ്വച്ഛന്ദവും നിർമ്മലവുമാണ്. ആകാശ നീലിമ പ്രതിഫലിപ്പിയ്ക്കുവാനുള്ള കഴിവ് ഇന്നും ഈ മിഴികൾക്കു നഷ്ടപ്പെട്ടിട്ടില്ല. ജഗദീശ്വര! അങ്ങ് അവളുടെ മനസ്സിൽ ഇപ്പോഴും മുടി കെട്ടി നിൽക്കുന്ന കാർമേഘങ്ങളെ അകറ്റേണമേ!"

കൃഷ്ണസ്വാമി സാവധാനം റീനയുടെ സമീപം ചെന്നു നിന്നു പറഞ്ഞു.

"റീനാ, നീ ദൈവത്തെ നിഷേധിയ്ക്കുന്ന ഒരു താമസിയുടെ കയ്യിൽ അകപ്പെട്ടിരിയ്ക്കുന്നു. ഈശ്വരൻ ധ്യാനനിരതനായിരുന്നപ്പോൾ ആ താമസി നിന്നെ കീഴ്പ്പെടുത്തിയതാകണം. ആ കറുത്ത ശക്തിയുടെ ചിഹ്നങ്ങളാണ് ഇവയെല്ലാം. നീ വളരെയേറെ കഷ്ടതകൾ സഹിച്ചു. ആ സമയത്തൊന്നും എനിയ്ക്ക് നിന്റെ സമീപത്തുണ്ടാവാൻ കഴിയാത്തതാണ് എന്റെ ദൗർഭാഗ്യം! അല്ലെങ്കിൽ ഇത്രയധികം കഷ്ടതകൾ സഹിയ്ക്കുവാൻ ഞാൻ നിന്നെ തനിച്ചു വിടുമായിരുന്നില്ല. ജീവാത്മാവ് ഈശ്വരന്റെ അംശമാണെന്നാണ് പറയപ്പെടുന്നത്. ജഗദ് സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടികളിലൂടെയാണ് സന്തോഷിയ്ക്കുന്നതും ദു:ഖിയ്ക്കുന്നതും, കരയുന്നതും, ചിരിയ്ക്കുന്നതും എല്ലാം. ലോകത്തിൽ മനുഷ്യരൂപത്തിലാണ് അദ്ദേഹം സ്വയം സമർപ്പിക്കുന്നത്. മനുഷ്യന്റെ ഉള്ളിലെ ജീവാത്മാവ്, അവർ എവിടെ പിറന്നവനാണെങ്കിലും ശരി, ഏറ്റവും നിർമ്മലവും പരിശുദ്ധവുമാണ്. ബ്രാഹ്മണൻ, ചണ്ഡാളൻ, ക്രിസ്ത്യാനി, വിശ്വാസി, അവിശ്വാസി, ധനികൻ, ദരിദ്രൻ, എന്നീ വകഭേദങ്ങളൊന്നും ആ ജീവാത്മാവിന്നില്ല. ഗോത്രം, കുലം, കുടുംബമഹിമ ഇവയൊന്നുമില്ലെങ്കിലും മനുഷ്യൻ എപ്പോഴും പരിശുദ്ധനാണ്. മനുഷ്യമനസ്സിലെ ദൈവീകാംശം അവന്റെ മിഥ്യയായ ദുരഭിമാനങ്ങളെയോർത്ത് എപ്പോഴും ദു:ഖിക്കാറുണ്ട്. നിന്റെ കൂടെ ഞാൻ ഈയൊരു തപസ്യയിൽ മുഴുകി ജീവിച്ചുകൊള്ളാം.

റീനയുടെ കയ്യിൽ കൈവച്ച് കൃഷ്ണസ്വാമി തുടർന്നു. "നീ ശവക്കല്ലറയിൽ മൂടിവച്ച ദൈവം, വീണ്ടും ഉയർത്തെഴുന്നേൽക്കും. നീ സമാധാനമായിരിയ്ക്കൂ!

"ദയവായി എന്നെ തൊടരുത്, കൃഷ്ണേന്ദു! എന്നെ തൊടരുത്!" റീന ഒരാർത്ത നാദം പോലെ കേണു.

"നീ ശാന്തയാകൂ റീനാ! Please, and be still!"

'ഒഥെല്ലോ' വിനെ ഓർമ്മിപ്പിച്ച് കൃഷ്ണേന്ദു റീനയുടെ മനസ്സിൽ കുളിർ പകരാൻ ശ്രമിച്ചു.

റീന ഇങ്ങനെ പ്രതികരിച്ചു. "ഇനിയൊരിയ്ക്കലും ശാന്തത എന്നൊന്ന് എന്റെ ജീവിതത്തിലുണ്ടാവില്ല. സ്ഥിരചിത്തയായി ജീവിയ്ക്കാനുള്ള കഴിവ് എനിയ്ക്ക് എന്നോ നഷ്ടപ്പെട്ടു, കൃഷ്ണേന്ദു! നിനക്ക് അതൊന്നും അറിയില്ല. ഒരു പിശാചാണ് ഇപ്പോൾ എന്റെ ഉള്ളിൽ കുടികൊള്ളുന്നത്. എത്ര ശ്രമിച്ചിട്ടും അത് എന്നെ വിട്ടുപോകുന്നില്ല. നിറഞ്ഞ ശത്രുതയും വിദ്വേഷവും കാരണം എന്റെ മനസ്സാകെ ഭ്രാന്തിളകി പ്രപഞ്ച നൃത്തം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നെനിയ്ക്ക് കരയുവാൻ കൂടി കഴിയുന്നില്ല.

ബ്രൗണിനോടുള്ള ശത്രുതയും, വിദ്വേഷവും, പകയും ഉള്ളിൽ പേറിക്കൊണ്ടാണ് ഞാൻ വീടു വിട്ടത്. ബൈബിളും മറ്റും ഞാൻ ദൂരെയെങ്ങോ വലിച്ചെറിഞ്ഞു. നിന്നെ കണ്ടുമുട്ടുമോ എന്നായിരുന്നു എന്റെ ഭയം. അതുകാരണം, ഞാൻ ഒരു ചീത്ത തെരുവിൽ ഒളിച്ചു ജീവിയ്ക്കാൻ ആരംഭിച്ചു. എന്റെ കൂടെ അമ്മയും. അവർ സദാ, ഇന്നെത്തെ ഈ രാത്രിപോലെ നിശ്ശബ്ദയായിരുന്നു. പോരാഞ്ഞ് അന്ധയുമായിത്തീർന്നിരുന്നു. ഞാൻ എന്തു തന്നെ ചെയ്താലും, എന്നെ തടുക്കുവാനൊ ഗുണദോഷിയ്ക്കുവാനോ ആരും വരാത്ത അവസ്ഥയിലായിരുന്നു എന്റെ ആ നാളുകൾ. ആരും നിയന്ത്രിയ്ക്കാനില്ലാത്ത ഒരു ചുറ്റുപാട്. കറുത്ത വസ്ത്രംധരിച്ച്, ശരീരമാകെ മൂടി എന്റെ ജീവിതവൃത്തിയാരംഭിച്ചത് റീപ്പൺ സ്ട്രീറ്റിലാണ്. ഒരു രാപ്പക്ഷിയുടേതായ ജീവിതം! ആയിടയ്ക്ക് ഒരു ടാക്സി ഡ്രൈവറുമായി പരിചയപ്പെട്ടു. അതിൽ പിന്നീട് ഞാൻ ഹോട്ടലുകളിൽ പോയി തുടങ്ങി. യുദ്ധക്കാലമായ കാരണം എന്റെ ശരീരം വിറ്റു ജീവിയ്ക്കാൻ എനിക്ക് കഴിഞ്ഞു. അവർ ഇപ്പോൾ എന്നെ തടങ്കലിൽ വച്ചിരിക്കയാണ്."

"റീനാ!" കൃഷ്ണസ്വാമിയുടെ ശബ്ദം മരവിച്ചുപോയിരുന്നു.

"ഇല്ല! ഞാൻ ആരേയും ഒരു കുറ്റവും പറയുകയില്ല! എല്ലാം എന്റെ കർമ്മഫലം! എന്റെ ചേതന എന്നോ മരിച്ചുകഴിഞ്ഞു കൃഷ്ണേന്ദു! ആ ശവക്കല്ലറയിൽത്തന്നെ നിന്നെയും ദൈവത്തേയും ദൈവപുത്രനേയും എല്ലാം അടക്കം ചെയ്തു കഴിഞ്ഞു."

"റീനാ!" കൃഷ്ണസ്വാമി അവളുടെ കൈകൂട്ടി പിടിച്ചു തന്നോടു ചേർത്തു.

"എന്താ? എന്നെ മോഹമുണ്ടോ? ഇന്നു നിനക്കായി തരാൻ എന്റെ ഈ ശരീരം മാത്രമേയുള്ളു. ഒരു നുള്ളു സ്നേഹം പോലും പകരം തരാൻ എനിയ്ക്കു ശേഷിയില്ല. എന്റെ മനസ്സ് എന്നെ ഉപേക്ഷിച്ച് എന്നോ പോയിക്കഴിഞ്ഞു. അതുപോലെ തന്നെ സ്നേഹവും എന്നിൽ നിന്നു എത്രയോ അകന്നുപോയിരിക്കുന്നു."

കൃഷ്ണസ്വാമി കൈകൂപ്പി കൊണ്ട് ഒരു പ്രാർത്ഥന പോലെ

പറഞ്ഞു. "ദൈവം നിന്നെ കാത്തു രക്ഷിയ്ക്കട്ടെ!"

''വേണ്ട, വേണ്ട ആ പേരു മാത്രം നീ പറയരുത്.!" റീന പ്രതികരിച്ചു.

കൃഷ്ണസ്വാമി ചോദിച്ചു. "ഞാൻ ഇവിടെ താമസിക്കുന്നതുകൊണ്ട് നിനക്കു എന്താണു ഭയം?"

റീന : "ഭയമില്ല, വെറുപ്പാണ്. നീ കേൾക്കു കൃഷ്ണേന്ദു. ഇവിടെ നീ താമസിച്ചാൽ എനിയ്ക്ക് ഒരു സ്വസ്ഥതയുമുണ്ടാവില്ല. നീ ഈ പ്രദേശം വിട്ടുപോകണം! ഇല്ലെങ്കിൽ ഇവർ നിന്നെ കൊന്നുകളയും! നീ കാരണം ഞാൻ ഇവിടം വിട്ടുപോയാൽ എന്നെ നഷ്ടപ്പെടുന്നത് ഒരിയ്ക്കലും അവർ പൊറുക്കില്ല."

മുറിയിൽ തിങ്ങിനിന്ന അന്ധകാരത്തിൽ യേശുക്രിസ്തുവിന്റെ പടം തൂക്കിയിരുന്ന സ്ഥാനത്തേയ്ക്ക് നോക്ക് കൃഷ്ണസ്വാമി പ്രാർത്ഥിച്ചു "ദൈവമേ! ഒന്നു പ്രത്യക്ഷപ്പെടേണമേ!"

"കൃഷ്ണേന്ദു, നീ ഇവിടെ നിന്നു പോകുമോ, ഇല്ലയോ?'' റീന വീണ്ടും ചോദിച്ചു.

"ഇല്ല!"

"ഇല്ല!"

"ഇല്ല! ഇല്ല!

"എന്തുകൊണ്ട് ഇല്ല? എന്നെ കരുതിയോ അതോ എന്റെ ശരീരത്തിനോടുള്ള ആർത്തികൊണ്ടോ?"

ചെവികളിൽ വിരൽ വച്ച് കൃഷ്ണസ്വാമി നിഷേധിച്ചു.

''അല്ല! നിന്റെ ഈ ശരീരം കൊണ്ട് ഞാൻ എന്തു ചെയ്യാൻ?" What I shall do with a dead body?"

"പിന്നെ എന്തുകൊണ്ട്?" റീന ശബ്ദമുയർത്തി ചോദിച്ചു.

"ഒരിയ്ക്കൽ കൂടി സ്വയം ക്രൂശിയ്ക്കപ്പെടുവാൻ വേണ്ടി!"

റീന പെട്ടെന്ന ഉടുപ്പിനുള്ളിൽ നിന്നു റിവോൾവർ പുറത്തെടുത്ത് നിറയൊഴിച്ചു. യേശുദേവന്റെ പടം നിലത്തുവീണു തകർന്നു. ഒരു കൊള്ളിമീൻ പോലെ റീന ആ വീട്ടിൽ നിന്നു പുറത്തെ അന്ധകാരത്തിലേയ്ക്ക് വളരെ പെട്ടെന്ന് ഓടിമറഞ്ഞു. ഓടിപ്പോകുന്നു നേരത്തും അവൾ വിളിച്ചുപറഞ്ഞു. "നാളെത്തന്നെ നീ ഇവിടം വിട്ടു പോകണം!'' ഇല്ലെങ്കിൽ, ഇന്ന് നിന്റെ ജീവിതത്തിലെ അവസാന ദിവസമായിരിയ്ക്കും!"

പക്ഷെ, അത്ഭുതമെന്നു പറയട്ടെ, പിറ്റെന്ന് റീന ആ പ്രദേശത്തു നിന്നു അപ്രത്യക്ഷയായി. ആ സംഭവം കഴിഞ്ഞ് പല തവണ പ്യാരാഡോബയിലും, മൊരാരിയിലെ ഓരോ തെരുവിലും ചുറ്റിനടന്ന് കൃഷ്ണസ്വാമി അവളെയന്വേഷിച്ചു. ഒട്ടേറെ തവണ രാംചരണന്റെ റെയിൽഗേറ്റിനടുത്തുള്ള വീട്ടിൽ പോയി കൃഷ്ണസ്വാമി അവളെ പ്രതീക്ഷിച്ചിരുന്നു. എത്രയോ ജീപ്പുകൾ കടന്നുപോയിക്കൊണ്ടിരുന്നു. മദാലസകളായ സ്ത്രീകളേയും കൊണ്ട് ഒട്ടേറെ വാഹനങ്ങൾ കടന്നുപോയി. എങ്കിലും പിന്നീടൊരിയ്ക്കലും കൃഷ്ണസ്വാമിയ്ക്ക് റീനയെ കണ്ടെത്താനായില്ല. രാംചരണും മകനും ചോദിച്ചു. "സാഹിബ്! ആ സ്ത്രീ എങ്ങോട്ടു പോയിട്ടുണ്ടാവും? കൃഷ്ണസ്വാമി എന്തു മറുപടി പറയാൻ!

"ആർക്കറിയാം!" ഇതായിരുന്നു അയാളുടെ ഒരേയൊരു പ്രതികരണം.

അയാൾ ചോദിച്ച പോലെ ത്തന്നെ, ആർക്കറിയാം?

വല്ല വിദേശത്തൊ, അല്ലെങ്കിൽ ഏറെ ദൂരെയുള്ള വിശാലമയ യുദ്ധഭൂമികളുടെ അതിർത്തി പ്രദേശങ്ങളിലോ ഒരു കൊള്ളിമീൻ പോലെ റീന ചുറ്റിത്തിരിയുന്നുണ്ടാവാം! ആർക്കറിയാം! ●

# വണ്ടി

**സുധീർ ചെറുതാഴം,** കണ്ണൂർ. മൊ.9847886497



ഓടുന്ന വണ്ടിയിലിരുന്നു നോക്കുമ്പോ-
ളോടുന്നു പ്രകൃതികൾ ദൂരെ ദൂരെ
ഭാവിസ്വപ്നങ്ങൾ മുന്നിലോട്ടോടുമ്പോൾ
ഗതകാല സ്വപ്നങ്ങൾ പിന്നിലോട്ടും...
ഓർത്തു വെയ്ക്കാനൊരുങ്ങുമ്പോഴേക്കും
ചൂളം വിളിച്ചോടും ജീവിതങ്ങൾ
കാലചക്രങ്ങളോടി നീങ്ങുമ്പോൾ- ഒരു
ദിനമാചക്രങ്ങൾ നിലച്ചുപോവും.
ഒരു ദിനം നമ്മളിൽ ചൂളം വിളികളും
ശ്വാസത്തിൻ ഗതികളും നിലച്ചുപോവും.
കാണണം പേക്കൂത്ത് ലോകമെമ്പാടും
കാണാതെയോടുന്നു ജീവിതങ്ങൾ
കാണാത്ത കാഴ്ചകൾ വിസ്മയത്തോടെയും
കണ്ടവയൊക്കെയും വിസ്മൃതിയിൽ....
ഓടുക നിങ്ങളീ ജീവിതമാവുമ്പോൾ
ഗതകാലസ്വപ്നത്തിൻ കൈപിടിക്കാൻ
ഓർത്തുവെച്ചീടുവാൻ ഒരുപാട് കാര്യങ്ങൾ
അയവിറക്കി നോക്കുക ജീവിതത്തിൽ.... ●

# ഹിമാലയ ക്ഷേത്രങ്ങൾ (1)

**കെ. ഹരികൃഷ്ണവർമ്മ,** ചേർത്തല ഫോ. 9447484099



പുരാണങ്ങളും ഇതിഹാസങ്ങളും ചരിത്രവും എല്ലാംകൂടി ബന്ധപ്പെട്ടിട്ടുള്ള വളരെയധികം ക്ഷേത്രങ്ങൾ ഹിമാലയ സാനുക്കളിൽ ഉണ്ട്. ഉത്തരാഖണ്ഡ് സംസ്ഥാനത്തിൽപെട്ട പുണ്യപുരാതന ക്ഷേത്രങ്ങൾ ആണ് ഇവയിൽ അധികവും. ഭാരതത്തിന്റെ സ്വന്തം എന്നു നാം ഊറ്റംകൊള്ളുന്ന ഹിമാലയ പർവ്വതം വാക്കുകളിലൂടെ വിവരിക്കാവുന്നതിലും വളരെ വളരെ ഉന്നതവും പ്രൗഢവും ആണ്. ജീവിതത്തിൽ ഒരു തവണയെങ്കിലും ഹിമാലയ പർവ്വതം ദർശിക്കാൻ സാധിക്കുന്നത് മഹാപുണ്യമായി തന്നെ ഓരോ ഭാരതീയനും കരുതണം. കാളിദാസ കൃതികളിൽ, പ്രത്യേകിച്ച് മേഘസന്ദേശത്തിലും കുമാരസംഭവത്തിലും ഹിമവൽ പരാമർശങ്ങൾ വളരെയധികം ഉണ്ട്. കുമാരസംഭവം ആരംഭിക്കുന്നതു തന്നെ "അത്യുത്തരസ്യാം ദിശി ദേവതാത്മാ ഹിമാലയോ നാമ നഗാധിരാജാ..." എന്നാണ്. ഹിമാലയത്തിലൂടെ നമ്മുടെ ചെറുയാത്ര ആരംഭിക്കാം.

2017 ജൂൺ മാസത്തിലാണു ഹിമാലയ സാനുക്കളിലുള്ള ചാർ ധാം യാത്ര നടത്തിയത്. 2016 ജൂലായ് മാസത്തിൽ പോകാൻ തീരുമാനിച്ച് ടിക്കറ്റുകൾ ബുക്ക് ചെയ്യുകയും മറ്റും ചെയ്തതാണ്. കൽപ്പന കിട്ടാനുള്ള പ്രയാസം കാരണം വേണ്ടെന്നു വയ്ക്കുകയായിരുന്നു. ദൈവാധീനം എപ്പോഴും എന്നോടൊപ്പം ഉണ്ടെന്നു പിന്നീട് ഓർത്തപ്പോൾ തോന്നുകയും ചെയ്തു. 2016ൽ ഞങ്ങൾ കൃത്യമായി ചെന്നെത്താൻ തീരുമാനിച്ചിരുന്ന ദിവസം തന്നെ ആണ് കേദാർനാഥ് ക്ഷേത്രപരിസരത്തു മേഘവിസ്ഫോടനം ഉണ്ടാവുകയും കനത്ത മഴയിലും പ്രളയത്തിലും ധാരാളം അത്യാഹിതങ്ങൾ സംഭവിക്കുകയും ചെയ്തത്. 2017 ആയപ്പോൾ കുറച്ചുകുടി പ്രായോഗിക ബുദ്ധി ഉണ്ടായതിനാൽ പണിക്കേഴ്സ് ട്രാവൽസിലാണു യാത്ര ഒരുക്കിയിരുന്നത്. പത്തു പകലും പതിനൊന്നു രാത്രിയും ആണ് യാത്രക്കായി വേണ്ടത്. ഭക്ഷണവും താമസവും ഉൾപ്പെടെ ഒരാൾക്ക് 21000 രൂപയും ടാക്സും കൂടി മൊത്തം 23600 രൂപ. ഡൽഹിയിൽ നിന്നായിരുന്നു യാത്രയുടെ പാക്കേജ്. ജൂൺ 14 ന് മംഗളാ എക്സ്പ്രസ്സിൽ രണ്ടാം തരം എ.സി. ടിക്കറ്റ് തരപ്പെട്ടതിനാൽ 16 ന്റെ യാത്രയ്ക്കു ഞങ്ങളും കടന്നുകൂടി. എറണാകുളത്തു നിന്നും 14 ന് രാവിലെ 10.45 ന് പുറപ്പെട്ട ട്രെയിൻ പൻവേൽ, കല്യാൺ, നാസിക്ക്, ത്സാൻസി, ഗ്വാളിയോർ, ആഗ്ര, മധുര വഴി 16 ന് ഉച്ചക്കു 2.45 ന് നിസാമുദ്ദീനിൽ എത്തി. അവിടെ നിന്ന് ഒരു ഓട്ടോയിൽ കരോൾ ബാഗിലുള്ള ധനലക്ഷ്മി ബാങ്ക് ശാഖയിലേക്കു പോയി. ഇതിനടുത്തു തന്നെ ആണ് പണിക്കേഴ്സ് ട്രാവൽസിന്റെ ഓഫീസും. എന്റെ അടുത്ത സുഹൃത്തായ രാജേഷ് അലക്സ് അക്കാലത്ത് ധനലക്ഷ്മി ബാങ്കിന്റെ കരോൾബാഗ് ശാഖയിൽ സീനിയർ മാനേജർ ആയിരുന്നു. രാജേഷ് അലക്സ് അടുത്തൊരു ഗസ്റ്റ്ഹൗസിൽ മുറി ഏർപ്പാടാക്കിയിരുന്നു. കുളിയും ഭക്ഷണവും കഴിഞ്ഞ് പണിക്കേഴ്സിൽ പോയി റിപ്പോർട്ട് ചെയ്തു. പിന്നെ ധനലക്ഷ്മി ബാങ്കിൽ പോയി. രാജേഷുമായി കുറച്ചുനേരം സൗഹൃദ സംഭാഷണം. ഞാൻ മുംബൈയിൽ ആയിരുന്നപ്പോൾ തീവണ്ടിയിൽ മാനേജർ ആയി ഉണ്ടായിരുന്ന സജീവും അവിടെ എത്തിയിരുന്നു. വൈകിട്ട് 5 മണിയോടെ അവിടെ നിന്നിറങ്ങി മുറിയിലെത്തി. മായയേയും കൂട്ടി കരോൾബാഗിൽ ഒന്നു ചുറ്റി നടന്നു. 2006 ൽ ദില്ലിയിൽ പോയപ്പോൾ അമ്മുവിനെയും അപ്പുവിനെയും കൂട്ടി പല സായാഹ്നങ്ങളിലും കരോൾബാഗിൽ ചുറ്റിനടന്ന ഓർമ്മകളും ഞങ്ങൾ അയവിറക്കി. 2006 നു ശേഷവും ദില്ലിയിൽ പോയിട്ടുണ്ടെങ്കിലും അതൊന്നും സകുടുംബ യാത്രകൾ ആയിരുന്നില്ല. പതിനൊന്നു വർഷങ്ങൾ കരോൾബാഗിൽ വലിയ മാറ്റങ്ങൾ വരുത്തിയിരുന്നു എങ്കിലും വഴിവാണിഭങ്ങളും തിരക്കും ക്രമാതീതമായി വർദ്ധിക്കുകയാണ് ഉണ്ടായത്. 7.30 ന് തിരിച്ചെത്തി മുറി ഒഴിവാക്കി ബിക്കാനീർവാല റസ്റ്റോറന്റിൽ പോയി ഭക്ഷണം കഴിച്ചു. 8.30 ന് പണിക്കേഴ്സിൽ എത്തി, ലഗേജുകൾ ഏൽപ്പിച്ചു. എനിക്ക് ശരീരം ചെറുതായി വിറയ്ക്കുന്നതായി അനുഭവപ്പെട്ടു. ആദ്യമായാണ് ഇത്രയും നീണ്ട ഒരു യാത്രയ്ക്കായി പുറപ്പെടുന്നത്.

സുഹൃത്തുക്കളോ പരിചയക്കാരോ സഹയാത്രികരായി ഇല്ല എന്നതും മറ്റൊരു ഘടകം ആയിരുന്നു. ആകെപ്പാടെ ഒരു ആവേശ

ത്തിന്റെ തിരയിളക്കമാണു ത്രസിപ്പിക്കുന്ന വികാരമായി എന്നെ ആവേശിച്ചത്. 9.15 ന് ഞങ്ങളുടെ ഐതിഹാസികമായ ഹിമാലയ യാത്ര ആരംഭിച്ചു. ഇരുപത്തി എട്ടു സീറ്റുകളുള്ള മിനി ബസ്സിൽ ഞങ്ങൾ ഇരുപത് യാത്രക്കാരും സാരഥിയെ കുടാതെ ഒരു ഗൈഡ്, ഒരു പാചകക്കാരൻ, ഒരു സഹായി എന്നിവരും..... കുറച്ചു ദൂരം താണ്ടിയ വാഹനം ഒരു ഹനുമാൻ ക്ഷേത്രത്തിനു മുൻപിൽ നിറുത്തി പൂജകൾ ചെയ്ത് ആരതി ഉഴിഞ്ഞതിനു ശേഷം യാത്ര തുടർന്നു. വാഹനം നിറുത്തിയ സമയത്ത് യാത്രക്കാരിൽ മറ്റു രണ്ട് മലയാളികൾ കൂടി ഉണ്ടെന്ന് മനസ്സിലാക്കി അവരെ പരിചയപ്പെട്ടു. ഒരാൾ തിരുവനന്തപുരത്തുള്ള സനൽകുമാറും അടുത്തയാൾ ഇടപ്പള്ളിക്കാരൻ കൃഷ്ണകുമാറും. സനൽകുമാർ സർക്കാർ സർവ്വീസിൽ നിന്നു അടുത്തൂൺ പറ്റിയ ആളാണ്. കൃഷ്ണകുമാർ ഗൾഫിലെ ജോലി മതിയാക്കി വന്ന ആളും. യാത്രയിൽ ഉടനീളം പിന്നീടു ഞങ്ങൾ ഒരുമിച്ച് ആയിരുന്നു. ബാക്കിയുള്ളവർ മുഴുവനും തമിഴ്നാട്ടിൽ നിന്ന് ആയിരുന്നു. ഈറോഡിൽ നിന്നുള്ള പത്തു ബന്ധുക്കളും മധുരയിൽ നിന്നുള്ള ഒരു കുടുംബവും ചെന്നൈയിൽ നിന്നുള്ള പ്രായമായ ദമ്പതികളും. ഈറോഡുകാർ വ്യാപാരി കുടുംബങ്ങളും മധുരക്കാർ അമേരിക്കയിൽ താമസക്കാരും വൃദ്ധദമ്പതികൾ അടുത്തൂൺ പറ്റിയ ഉദ്യോഗസ്ഥരും ആയിരുന്നു. വ്യാപാരികൾക്ക് തമിഴ് അല്ലാതെ മറ്റൊരു ഭാഷയും വശമില്ലാതിരുന്നതിനാൽ ഞാൻ പലപ്പോഴും ഇവരുടെ ദ്വിഭാഷിയും ആയിരുന്നു. വെളുപ്പിനു 4 മണിക്ക് ഋഷികേശിൽ എത്തി. കോവിലൂർ വേദാന്ത മഠ് എന്ന സ്ഥലത്താണ് താമസം ഒരുക്കിയിരുന്നത്. ഞങ്ങളുടെ ഗൈഡ് യു.പി.ക്കാരൻ യാദവ് ഒരു ജാഡയാണെന്ന് തുടക്കത്തിലേ എനിക്കൊരു തോന്നൽ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ മുറി അനുവദിക്കുന്ന കാര്യങ്ങൾ ചൊല്ലി ഗൈഡുമായി ചെറിയൊരു വാക്കുതർക്കവും ഉണ്ടായി. മുറിയിൽ ചെന്നു കുറച്ചുനേരം കിടന്നു, നടു നിവർത്താൻ വേണ്ടി മാത്രം.

അഞ്ചു മണിക്കു തന്നെ എഴുന്നേറ്റ് ദിനചര്യകൾ കഴിഞ്ഞു, അടുത്തു തന്നെയുള്ള ഗംഗാനദിയിൽ പോയി. ധാരാളം ആളുകൾ കുളിക്കുന്നുണ്ടായിരുന്നു. കൊടും തണുപ്പുള്ള വെള്ളം, ശക്തിയായ ഒഴുക്കും. സൂര്യന്റെ ആദ്യ കിരണങ്ങളെപ്പോൾ പ്രശാന്ത സുന്ദരമായ ആ അന്തരീക്ഷം കുടുതൽ മനോഹരമായി. കാലും മുഖവും കഴുകി, കുറച്ച് ചിത്രങ്ങൾ എടുത്തു. തിരികെ എത്തി പ്രഭാത ഭക്ഷണം കഴിച്ചു. കൂട്ടത്തിൽ ഒരു കാര്യം കൂടി പറയട്ടെ, നല്ല നിലയിൽ ഉള്ള ദക്ഷിണേന്ത്യൻ സസ്യ ഭക്ഷണമാണ് പണിക്കേഴ്സിന്റെ പ്രധാന ആകർഷണം. എട്ടു മണിക്കു മുൻപുതന്നെ ആശ്രമനഗരം കാണാൻ പുറപ്പെട്ടു, ഓട്ടോറിക്ഷയിൽ. ദക്ഷപ്രജാപതിയുടെ സ്ഥലമാണത്രെ ഋഷികേശ്. ദക്ഷൻ യാഗം നടത്തിയതും സതീദേവി യാഗാഗ്നിയിൽ ചാടി ദഹിച്ചതും ക്രോധാകുലനായ ശ്രീപരമേശ്വരൻ താണ്ഡവ നൃത്തം ചെയ്തതും എല്ലാം ഇവിടെ ആണത്രെ. താണ്ഡവ നൃത്ത സമയത്ത് ശിവന്റെ കണ്ണീർ തെറിച്ചു ഭൂമിയിൽ പതിച്ചപ്പോൾ അങ്ങനെ ഉണ്ടായതാണ് രുദ്രാക്ഷം എന്നാണ് ഐതിഹ്യം. ധ്യാനത്തിന്റെയും യോഗയുടെയും വിവിധങ്ങളായ പഠനങ്ങളും ഗവേഷണങ്ങളും ഈ ക്ഷേത്രനഗരത്തിലെ പല ആശ്രമങ്ങളിലും പഠനകേന്ദ്രങ്ങളിലും നടത്തുന്നുണ്ട്. മുനിമാരും സന്യാസിമാരും ധാരാളം പേർ ഇവിടെ വിവിധ ആശ്രമങ്ങളിൽ ധ്യാനവും യോഗയും മറ്റ് ആത്മീയവൃത്തികളുമായി താമസിക്കുന്നുണ്ട്. മദ്യവും അസസ്യഭക്ഷണവും ക്ഷേത്രനഗരത്തിൽ പൂർണ്ണമായി നിരോധിച്ചിരിക്കുകയാണ്.

സ്വാമി ശിവാനന്ദാശ്രമം വളരെ ശാന്തതയും ആത്മീയാന്തരീക്ഷം ഉള്ളതുമാണ്. ധാരാളം സന്യാസിമാരും ശിഷ്യരും ഇവിടെ താമസിക്കുന്നുണ്ട്. ധ്യാനത്തിന്റെയും ഭക്തിയുടെയും അന്തരീക്ഷത്തിൽ ശാന്തത സ്ഫുടം ചെയ്ത ഒരു അനുഭവമാണു തോന്നിയത്. ഋഷികേശിലെ മറ്റൊരു ആകർഷണമാണ് ഗംഗാനദിക്കു കുറുകെ ഉരുക്കു കൊണ്ട് നിർമ്മിച്ചതും 450 അടി ദൈർഘ്യമുള്ളതുമായ 'ലക്ഷ്മൺ ഝൂല' എന്ന തൂക്കുപാലം. സ്പ്രിങ്ങ് പോലെ ചെറുതായി തുള്ളുകയും ചെറുതായി ആടുകയും ചെയ്യുന്ന ലക്ഷ്മൺ ഝൂല ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യത്തെ തൂക്കുപാലം ആണെന്നാണ് ഗൈഡ് ഞങ്ങളെ ധരിപ്പിച്ചത്. ഇപ്പോൾ ഇത്തരം പാലം നമ്മുടെ ആതിരപ്പള്ളിയിൽ വരെ ഉണ്ട്. മറ്റൊരു ആശ്രമമായ ഗീതാമന്ദിറിന്റെ ഭിത്തികളിൽ മുഴുവൻ ഭഗവദ്ഗീതയിലെ സൂക്തങ്ങൾ ആലേഖനം ചെയ്തിരിക്കുകയാണ്. അവിടെ എത്തുന്ന തീർത്ഥാടകർക്ക് സൗജന്യമായി താമസവും ഭക്ഷണവും കൊടുക്കുന്നുണ്ട്. വേദാന്ത ആശ്രമത്തിൽ രുദ്രാക്ഷത്തിന്റെ ചെറിയ രണ്ടു വൃക്ഷങ്ങൾ വളർന്നു വരുന്നുണ്ട്. അവിടെ നിന്നും പോയത് രുദ്രാക്ഷവും മറ്റും വിൽക്കുന്ന, സർക്കാർ വക ഒരു കടയിലേക്കാണ്. ഞാൻ 500 രൂപക്ക് ഒരു രുദ്രാക്ഷ മാല വാങ്ങിച്ചു. പിന്നീട് ബോട്ടിൽ ഗംഗാ നദി കുറുകെ കടന്ന് ഓട്ടോ പിടിച്ച് രജിസ്ട്രേഷൻ ഓഫീസിലേക്ക്. ചാർ ധാം യാത്രക്ക് പ്രത്യേക പാസ്സ് അവിടെ നിന്നെടുക്കണം. എല്ലാവരുടെയും പാസ്സുകൾ ശരിയാക്കി 11.15 ന് യമുനോത്രിയിലേക്കുള്ള യാത്ര ആരംഭിച്ചു.

ഋഷികേശിൽ നിന്നു ഏകദേശം 230 കി.മി. അകലെയാണ് യമുനോത്രി. 11.15 ന് ആരംഭിച്ച യാത്ര കുറച്ചു പിന്നിട്ടപ്പോൾ ഹിമാലയത്തിന്റെ ഉന്നതികളിലേക്കായി. കയറ്റങ്ങളും വളവുകളും മാത്രമുള്ള വീതി കുറഞ്ഞ പാതയിലുടെ ബഹുദൂരം താണ്ടി വൈകിട്ട് 7 മണിയോടെ ബാർക്കോട്ട് എന്ന ചെറിയ പട്ടണത്തിൽ എത്തി. അവിടെ ആണ്

# 'സ്വാതിതിരുനാൾ' പ്രകാശനം ചെയ്തു




പ്രസിദ്ധ ഭിഷഗ്വരനും ചരിത്രകാരനുമായ മാവേലിക്കര ഉത്സവമഠം കൊട്ടാരത്തിലെ ഡോ. ആർ. പി. രാജയുടെ ഏറ്റവും പുതിയ ചരിത്രഗ്രന്ഥമായ **'Swathi Thirunal - Through Trails of History'** പ്രകാശനം ചെയ്തു. തിരുവനന്തപുരത്ത് നടന്ന ലളിതമായ ചടങ്ങിൽ ശ്രീപദ്മനാഭസ്വാമി ക്ഷേത്രം 'പുഷ്പാഞ്ജലി സ്വാമിയാർ' ഒറവങ്കര അച്യുത ഭാരതികൾ ആണ് പുസ്തകം പ്രകാശനം ചെയ്തത്. സ്വാതി തിരുനാളിന്റെ പിതൃ-തായ് വേരുകൾ, ശ്രീപദ്മനാഭസ്വാമി ക്ഷേത്രം, രാജ്യ ഭരണത്തിലും സംഗീതത്തിലും നൽകിയിട്ടുള്ള സംഭാവനകൾ, വിവാഹജീവിതം തുടങ്ങി സ്വാതിരുനാളിനെക്കുറിച്ചുള്ള ആധുനിക പഠനങ്ങൾ വരെ പ്രതിപാദിക്കുന്ന ഒരു ആധികാരിക/വിജ്ഞാന സംഗ്രഹമാണ് ഈ ഗ്രന്ഥം. വില. രൂ.1800.

അന്നത്തെ താമസമൊരുക്കിയിരിക്കുന്നത്.

പിറ്റേന്നു രാവിലെ 6 മണിക്ക് ബാർക്കോട്ടിൽ നിന്നും യമുനോത്രിയിലേക്കുള്ള യാത്ര ആരംഭിച്ചു. 7.30 നു പ്രാതൽ കഴിച്ചു, വഴിയിൽ തന്നെ. 8.30 ന് ജാൻകി ചട്ടി എന്ന താവളത്തിൽ എത്തി. പിന്നിട്ട 2 മണിക്കൂറും കയറ്റം തന്നെ ആയിരുന്നു. ജാൻകി ചട്ടിയിൽ നിന്നുള്ള 6 കി.മി. ദൂരം കുതിരപ്പുറത്താണ് പോകേണ്ടത്. അതും കയറ്റം തന്നെയാണ്. കുതിര ഒന്നിനു 1400 രൂപയാണ് ഗൈഡ് പറഞ്ഞത്. കൃഷ്ണകുമാറും സനലും യമുനോത്രിയിലേക്ക് നടന്നു കയറാൻ തീരുമാനിച്ചു. മായയ്ക്ക് നടപ്പ് അസാദ്ധ്യമായതിനാൽ ഞങ്ങൾ കുതിരയെ (പോണി-കോവർ കഴുത) തന്നെ ആശ്രയിച്ചു. കുതിരപ്പുറത്തുള്ള യാത്ര ഒരു ഭയങ്കര അനുഭവം ആയിരുന്നു. പല ഭാഗങ്ങളിലും ഇടുങ്ങിയ പാതയിലൂടെ ഉള്ള യാത്രയിൽ കുത്തനെയുള്ള കയറ്റങ്ങളും വളവുകളും എതിരെ വരുന്ന കുതിരകളുടെ ഉരസലുകളും എല്ലാം പുതിയ അനുഭവങ്ങൾ ആയിരുന്നു. ഹിമാലയത്തിൽ 10800 അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഒരു തീർത്ഥാടന കേന്ദ്രമാണ് യമുനോത്രി.

ഈ പ്രദേശം ഉത്തരാഖണ്ഡ് സംസ്ഥാനത്തിൽ പെട്ടതാണ്. ഹിമാലയത്തിന്റെ സൗന്ദര്യം ശരിക്കും ആസ്വദിച്ചു. അന്തരീക്ഷത്തിലെ തണുപ്പും കൂടിയായപ്പോൾ യാത്ര വളരെ രസകരമായി. രണ്ടര മണിക്കൂർ നീണ്ട കുതിര സവാരിക്ക് ശേഷം ഞങ്ങൾ യമുനോത്രിയിലെത്തി. യമുനയുടെ ഉത്ഭവസ്ഥാനമായ യമുനോത്രിയിൽ യമുനാദേവീക്ഷേത്രമുണ്ട്. ശ്വേതപർവ്വതത്തിന്റെ വടക്കുഭാഗത്തായി യമുനാ നദി ഒഴുകുന്നു. യമുനോത്രിയിൽ നിന്നും 7 കി.മി. അകലെയുള്ള കാളിന്ദി പർവ്വതത്തിൽ നിന്നാണ് യമുനാനദി ഉത്ഭവിക്കുന്നത്. 4400 മീറ്റർ ഉയരത്തിലുള്ള കാളിന്ദി പർവ്വതത്തിൽ നിന്നു അടർന്നു വരുന്ന ഹിമപാളികളാണ് പ്രധാനമായും യമുനാനദിയിലെ ജലത്തിന്റെ അടിസ്ഥാനം. അതുകൊണ്ടു തന്നെ യമുനോത്രിയുടെ അടുത്തുള്ള യമുനാ നദി തികച്ചും ബാല്യാവസ്ഥയിലാണ്. ഇവിടെയുള്ള യമുനാജലം ശുദ്ധവും നിർമ്മലവും തീർത്ഥസമാനവും ആണ്. യമുനാദേവീക്ഷേത്രം പണികഴിപ്പിച്ചത് തെഹ്രി ഗർവാളിലെ മഹാരാജാ പ്രതാപ്ഷാ എന്ന രാജാവാണ്. യമുനോത്രി ക്ഷേത്രത്തിന്റെ കവാടം മകര-കുംഭ മാസത്തിൽ ശുക്ലപക്ഷത്തിൽ ആണ് തുറക്കുന്നത്. കാർത്തിക നാളിൽ യമ പക്ഷത്തിലെ രണ്ടാം പക്കത്തിൽ അടയ്ക്കുകയും ചെയ്യും. അതായത് അക്ഷയ തൃതീയ ദിനത്തിൽ തുറക്കുകയും ദീപാവലി ദിവസം അടയ്ക്കുകയും ചെയ്യുന്നു. അതികഠിനമായ തണുപ്പുണ്ടായിരുന്നു എങ്കിലും യമുനയിൽ കുളിച്ചു ക്ഷേത്രദർശനം നടത്തി. ക്ഷേത്രത്തിനടുത്തു തന്നെ, പർവ്വതത്തിന്റെ മടക്കുകളിൽ എവിടെനിന്നോ ഉത്ഭവിച്ചെത്തുന്നതും സുര്യ കുണ്ഡ് എന്ന പേരിൽ അറിയപ്പെടുന്നതുമായ ഒരു ചുടുനീർ ഉറവയുണ്ട്. ഭക്തർ ഇവിടെ സ്നാനം ചെയ്യുന്നതു കൂടാതെ അരിയും ഉരുളക്കിഴങ്ങും കിഴി കെട്ടി ഈ വെള്ളത്തിൽ വേവിച്ച് ദേവിക്കു നേദിച്ച് പ്രസാദമായി തിരികെ കൊണ്ടു പോകാറുണ്ട്. ക്ഷേത്രത്തിനടുത്തു തന്നെയുള്ള ഒരു ഭക്ഷണശാലയിൽ നിന്നും ചപ്പാത്തിയും ഉരുളക്കിഴങ്ങു കറിയും കഴിച്ചു. അതികഠിനമായ വിശപ്പും യാത്രാക്ലേശവും കൊണ്ടാകാം നല്ല സ്വാദ് തോന്നി. മടക്കയാത്രയും കുതിരപ്പുറത്തു തന്നെ ആയിരുന്നു. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന നാലഞ്ചു പേർ നടന്നാണ് കയറിയതും ഇറങ്ങിയതും. അഞ്ചു മണിയോടെ തിരികെ ബാർക്കോട്ട് താമസ സ്ഥലത്തേക്ക്. *(യാത്ര തുടരുന്നു...)*

# പുസ്തകജാലകം






## മഹാബലിയുടെ മനസ്സ്

*(കവിതാസമാഹാരം)*
*കെ.എൽ. ശ്രീകൃഷ്ണദാസ്*
*മെലിന്റ ബുക്സ്*
*തിരുവനന്തപുരം*
*പേജ് 66 വില 100രൂപ*

### യുക്തിചിന്തയുടെ കാവ്യാനുഭൂതി

സൃഷ്ടി നടത്തിയപ്പോൾ സ്രഷ്ടാവ് ജീവിതത്തിൽ സുഖദുഃഖങ്ങളുടെ സമ്മിശ്രണവും സൃഷ്ടിച്ചു. ഒന്നു കൂടാതെ മറ്റൊന്നു നില്ക്കുകയില്ലെന്ന വസ്തുതയും അങ്ങിനെ വന്നു ചേർന്നു. മുന്നോട്ടുള്ള ജീവിതപ്രയാണത്തിൽ ഇവകളുടെ ഏറ്റക്കുറച്ചിലുകൾ കൃത്യമായ അതിർവരമ്പിടാതെ പല രൂപത്തിലും പല പ്രകാരത്തിലും നമ്മുടെ അസ്തിത്വത്തെ സ്വാംശീകരിക്കുന്നു. എവിടെ നിന്നുള്ള വീക്ഷണവും പര്യവസാനിക്കുക ദ്വന്ദ പ്രകൃതികളുടെ അനന്യാശ്രയമായ ഈയൊരു സങ്കലിതത്തിലാണ് താനും. അതുകൊണ്ടുതന്നെ കഷ്ടനഷ്ടങ്ങളെന്നപോലെ ചിലപ്പോൾ തെളിഞ്ഞുവരുന്ന ചാരുതകൾ നമുക്കേവർക്കും മന്ദസ്മിതത്തിന്റെ വഴിത്താരകളും തെളിയിച്ച് തരുന്നുണ്ട്. അതിൽ ഊന്നി നിന്നുകൊണ്ടുള്ള ദാർശനികമായ പ്രയാണം ശുഭോദർക്കത്തിന്റെ നറുമലരുകളും സമ്മാനിക്കുന്നു. ദുരന്തസ്മൃതികളെ അയവിറക്കുന്ന കവിയ്ക്ക് ശുഭാന്തചിന്തകളെയും കണ്ടില്ലെന്നു നടിക്കാനാവുന്നില്ല. ഒരു തരത്തിൽ കവിയെ കവിയാക്കുന്ന ധർമ്മവും ഇതുതന്നെയെന്ന് തോന്നുന്നു. എവിടേയും കൈവെടിയാനാകാത്ത പക്വത, എന്തിലും നന്മ കാണുന്ന പ്രകൃതം, ഭൂതകാലത്തെക്കുറിച്ച് ആദരവുള്ളപ്പോഴും ഭാവിയെക്കുറിച്ചുള്ള ഊഷ്മളമായ പ്രതീക്ഷാനിർഭരതകൾ ഇവയൊക്കെ കൃതഹസ്തനായ ഒരു കവിയ്ക്ക് കവിതയുടെ ഉചിതവും ഉത്തമവുമായ ഉപാധികളാണ്. ഈയൊരു യുക്തിബോധത്തിലൂന്നി നിന്നുകൊണ്ടു 'മഹാബലിയുടെ മനസ്സ്' എന്ന കവിതാസമാഹാരത്തിലെ കവിതകളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തുക എന്നതാണു ഇവിടെ ഉദ്ദേശിക്കുന്നത് .

ഗ്രന്ഥത്തിന്റെ ശീർഷകത്തിന് നിദാനമായ പ്രഥമ കവിതയിൽ കവി കണ്ടെത്തിയ നഗ്നസത്യം വ്യത്യസ്തമാണ്. മഹാബലിയുടെ ദാനം കാഴ്ച വെച്ച വലിയ ഒരു നന്മയിൽ അസൂയപൂണ്ട ദേവഗണാദികൾ മഹാവിഷ്ണുവിനെ സമീപിച്ച് സങ്കടം ഉണർത്തിച്ചപ്പോൾ വിഷ്ണു വാമനരൂപേണ അവതരിച്ചു മഹാബലിക്ക് ശത്രുപീഡ ഒരിയ്ക്കലും ഉണ്ടാകാത്ത സ്വർഗ്ഗതുല്യമായ സുതലമാണ് അഭികാമ്യം എന്നു അറിയിക്കുകയും അതനുസരിച്ച് ബലിയെ അവിടേക്ക് എത്തിക്കുകയും ചെയ്യുന്നു. വർഷത്തിൽ ഒരിക്കൽ പ്രജകളെ കാണാൻ മഹാബലിക്ക് അനുവാദം ലഭിക്കുന്നു. അതാണ് ബലിയുടെ ജീവിതത്തിലെ നിത്യസത്യം എന്ന അകപ്പൊരുൾ ഇവിടെ ഇതൾ വിടർത്തുന്നു. ഏതാണ്ട് സമാനമായ സങ്കൽപ്പങ്ങളുടെ ചുവടു പിടിച്ചുള്ള മറ്റു ചില കവിതകളും ഈ സമാഹാരത്തിലുണ്ട്. 'ചലനം' എന്ന കവിതയിൽ ചലനത്തിന്റെ വ്യത്യസ്തമായ ഭാവതലങ്ങളെ മനോഹരമായി പ്രതിപാദിച്ചുകൊണ്ട് അവ തന്നെ ഭൂമിക്ക് ഏറെ ചൈതന്യം പകർന്ന് നൽകുന്നുവെന്ന് കവി നിർവൃതി കൊള്ളുന്നു. ഇതേ കാഴ്ചപ്പാട് തന്നെയാണ് 'ദർശനസായൂജ്യം', 'സാന്ധ്യഗീതം', 'സായാഹ്നഗീതം', 'ഒരു പ്രഭാതം കൂടി' എന്നീ കവിതകളിലും ഒട്ടും ആവർത്തനവിരസത ഇല്ലാതെ നമുക്ക് ആസ്വദിക്കാൻ കഴിയുന്നത്.

'സംഘഗാനം' എന്ന കവിതയിൽ സൗഹാർദ്ദത്തിന്റെയും സഹകരണത്തിന്റെയും പശ്ചാത്തലത്തിൽ ഒരുമയുടെ ശക്തിസൗന്ദര്യങ്ങൾ നമുക്ക് അനുഭവവേദ്യമാകുന്നു. ഇതേ ഭാവ സ്പന്ദനം തന്നെ തൊട്ടടുത്ത കവിതയായ 'ഒരുമയുടെ പെരുമ'യിലും പ്രകടമാകുന്നു:

*"കുതിച്ചു തുള്ളും തിരമാലകൾ*
*തൻ*
*കരുത്ത് സ്വയമുൾക്കൊള്ളുമ്പോൾ*
*മനസ്സിനുള്ളിൽ സഹകരണത്തിൻ*
*മഹത്വമല്ലോ തെളിയുന്നു!"*

കരുത്തിന്റെ ഗരിമ 'കടൽത്തീരത്ത്' എന്ന കവിതയുടെ ഹൃദയതാളം ആണെന്നിരിക്കെ അവിടെ കവിമാനസ്സിൽ ഭാവിയെക്കുറിച്ചുള്ള വിഹ്വലതകൾ പടർന്നേറുന്നുമുണ്ട്. അതുകൊണ്ടാണ് ഇരമ്പുന്ന തിരമാലകൾ ആവേശത്തോടെ തീരം തഴുകുമ്പോഴും കവി ആകാംക്ഷയോടെ ചോദിച്ചു പോകുന്നത്:

*'എത്രനാൾ കൂടെയീ വൻ തിരമാലക-*
*ളിത്ര കരുത്തോടെ തീരം*
*തഴുകിടും?'*

സ്വപ്നത്തോട് കവിക്കുള്ള ആഭിമുഖ്യം വെളിവാക്കുന്ന ഒരു പിടി കവിതകൾ ഈ കൃതിയിലുണ്ട്. ചിലതിന്റെ തലക്കെട്ടുകൾ തന്നെ സ്വപ്നം എന്ന വിസ്മയ ലോകത്തെ കുറിച്ചാണ് താനും. 'വെറും ഒരു സ്വപ്നം' .'ഒരു പഴയ

സ്വപ്നം' 'സ്വപ്നസ്മൃതി' തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു. സ്വപ്നത്തിന്റെ വേറിട്ട തലങ്ങളിലൂടെ സഞ്ചരിക്കുമ്പോഴും അവയെല്ലാം ശുഭപര്യവസായി ആക്കാനുള്ള ശ്രമവും നടത്തുന്നുണ്ട്. 'വെറും ഒരു സ്വപ്നം' എന്ന കവിതയിൽ അവസാനം നഗരത്തിലെ വിരസതയാർന്നു ഏകാന്തതയിൽ മധുരസ്വപ്നങ്ങളുടെ മാറ്റുരയ്ക്കുന്ന വസ്തുതകളെ കണ്ടെത്താൻ കവി കൌതുകം കൊള്ളുന്നു. 'ഒരു പഴയ സ്വപ്നം' എന്ന കവിതയിൽ മയിൽപ്പീലി പുസ്തകത്താളിൽ വെച്ചത് പെറ്റു പെരുകാനാകാതെ വന്നത് കണ്ടപ്പോൾ വിഷാദഭാവം തോന്നിയെങ്കിലും വഴിയോരത്തണലിൽ മയങ്ങാൻ കിടന്നപ്പോൾ ഒരായിരം മയിൽപ്പീലികൾ മനസ്സിൽ കടന്നുവന്ന മസൃണമായ അനുഭവം ശുഭപര്യവസായിയായി മാറുകയാണ് ചെയ്യുന്നത്. 'പ്രവാഹം', 'ജീവിതയാത്ര' എന്നീ കവിതകളും സ്വപ്നഭംഗങ്ങളെ പുണർന്ന് പിന്നെ ദിവ്യജ്യോതിസ്സ് തേടിപ്പോകുന്ന ഭാവതലങ്ങളെ ഉദ്ദീപ്തമാക്കുകയാണ്. കവിതകളെ മൊത്തത്തിൽ പര്യവസാനിപ്പിക്കുന്നതും ഭാവിയുടെ വാഗ്ദാനങ്ങൾ സമ്മാനിച്ചുകൊണ്ടു തന്നെയാണ്.

ഈ സമാഹാരത്തിൽ വ്യക്തിത്വത്തിന്റെ മാറ്റെടുത്ത് കാട്ടുന്ന ചില വാങ്മയചിത്രങ്ങൾ ദർശിക്കാൻ കഴിയും. അവയിൽ ശ്രദ്ധേയമായ ഒന്നാണ് 'ശാശ്വതമൊന്നേ ദുഃഖം' എന്ന കവിത. ഇരുണ്ട ജീവിതം സമ്മാനിച്ച തിക്താനുഭവങ്ങൾക്ക് പരിഹാരമായി സ്വയം ഏകാന്തതയുടെ വല്മീകം സൃഷ്ടിച്ചു ഒതുങ്ങിക്കൂടുകയാണ് യുക്തമെന്ന അവബോധത്തിലേക്ക് കവി നമ്മെ നയിക്കുന്നു. ഇതുപോലുള്ള ഒരു ഭാവസ്പന്ദനം 'കാത്തിരിപ്പ്' എന്ന തൊട്ടടുത്ത കവിതയിലും നമുക്ക് വായിച്ചെടുക്കാൻ കഴിയും. പ്രതീക്ഷാനിർഭരമായ കാത്തിരിപ്പിനൊടുവിൽ സ്വപ്നം കണ്ടതെല്ലാം വ്യർത്ഥസങ്കൽപ്പങ്ങളാണെന്ന തിരിച്ചറിവു ഉണ്ടായപ്പോൾ മൗനമോഹത്തിന്റെ പിടയ്ക്കുന്ന വേദന കവിഹൃദയത്തിൽ ദു:ഖ സാഗരമായി ഇരമ്പുന്നതിന്റെ പ്രതിധ്വനിയാണ് ഇവിടെ നാം ശ്രവിക്കുന്നത്. 'ഒരു രാത്രി കൂടി' എന്ന കവിതയിലും ഈ അന്തർമുഖ ദർശനം പ്രകടമാണെങ്കിലും ശുഭോദർക്കമായ ഭാവിയെക്കുറിച്ച് കവിയ്ക്ക് ഓർക്കാതിരിക്കാനാവുന്നില്ല. 'സാന്ധ്യഗീതം', 'ഏകാകിയുടെ ഗീതം' എന്നീ കവിതകളും ഈയൊരു വിഹ്വലതയുടെ അനുരണനം ജനിപ്പിക്കുന്ന മികച്ച സൃഷ്ടികളാണ്.

'അമ്മ' എന്ന കവിതയിൽ മാതൃസങ്കൽപ്പത്തിന്റെ മഹനീയ ദർശനം വരച്ചുകാട്ടിയിരിക്കുന്നു. മാതൃവാത്സല്യം വളരുന്ന തലമുറയെ സ്വാധീനിക്കുന്നതിന്റെ മധുരോദാരമായ ചിത്രീകരണം ഈ കവിതയെ ധന്യമാക്കുന്നു. അതുകൊണ്ടാണ് ശൈശവബാല്യകൗമാരങ്ങൾ ഐശ്വര്യപൂർണ്ണമാക്കുവാൻ അമ്മ വഹിക്കുന്ന പങ്കിനെ കവി പേർത്തും പേർത്തും അനുസ്മരിക്കുന്നത്.

*"മൺമറഞ്ഞാലും ജനനിതന്നോർമ്മകൾ*
*എന്മാനസത്തിൽ നിറഞ്ഞു നില്ക്കും*
*സത്യസൌന്ദര്യമായ് ജീവിത വീഥിയിൽ*
*നിത്യപ്രകാശം ചൊരിഞ്ഞു നില്ക്കും "*

എന്നു പറഞ്ഞുകൊണ്ടാണ് കവിത അവസാനിപ്പിക്കുന്നത്. ഇത് അമ്മയോടുള്ള ഭക്ത്യാദരവിന്റെ അതീവ ഹൃദ്യമായ ആവിഷ്കാരമാണ്. സംഘമായി ഗാനം ആലപിക്കുമ്പോൾ അത് കൂട്ടായ്മയുടെ കരുത്തിനെ ദ്യോതിപ്പിക്കുന്നു. ആ ഒരു ആശയമാണ് 'സംഘഗാനം' എന്ന കവിതയുടെ അകക്കാമ്പിലുള്ളത്. 'ദർശനസായൂജ്യം' എന്ന കവിതയിലാകട്ടെ കരിമുകിൽ വർണ്ണന്റെ സുന്ദരമായ വിഗ്രഹം കണികണ്ടുണർന്ന കണ്ണുകളിൽ കണിക്കൊന്നപോലെ പൂത്തുവിരിഞ്ഞ പ്രഭാവം നേത്രസായൂജ്യം ആയി തീർന്നതിന്റെ മുഗ്ദ്ധപ്രതീക്ഷയാണ് അനാവൃതമാകുന്നത്.

'ഭൂമിയിലെ സ്വർഗ്ഗം', 'ഓണം പൊന്നോണം', 'നിദ്രയാനഭികാമ്യം' എന്നീ കവിതകളിൽ സങ്കല്പങ്ങളിലൂടെ ഭൂമിയിലെ സ്വർഗ്ഗീയത കവി കണ്ടെത്തുന്നു.

*"മാമക ഗ്രാമീണ ജീവിതം തന്നെയീ*
*ഭൂമിയിൽ എന്നും എനിക്കു സ്വർഗ്ഗം"*

എന്നു കവി പാടുമ്പോൾ ഇത് മേല്ക്കുമേൽ സുവിദിതമായിത്തീരുന്നു.

'സീരിയൽ പോലെ ജീവിതം' എന്ന കവിത നോക്കൂ! സീരിയലുകളിലെ അപച്യുതിക്ക് നിദാനമായ വസ്തുതകൾക്ക് സമാനമാണ് ഇന്നത്തെ മർത്യജീവിതം എന്ന ധ്വനിയെ ഉച്ചൈസ്തരം വിളിച്ചോതുകയാണിവിടെ. അതുകൊണ്ടാണ്

*"ആദിയുമന്തവുമില്ലാത്ത ജീവിതം*
*സീരിയൽ പോലെ തുടരുന്നു"*

എന്ന നിഗമനത്തിൽ കവി എത്തിച്ചേരുന്നത്. ഇതേ വൈകാരിക വിക്ഷുബ്ധതയുടെ മാറ്റൊലി ഏറിയും കുറഞ്ഞും മറ്റു ചില കവിതകളിലും പ്രകടമാണ്.

ഈ സമാഹാരത്തിലെ എനിക്കേറ്റവും ഇഷ്ടപ്പെട്ട ഒരു കവിതയാണ് 'ഗൈഡ്'. വഴികാട്ടിയുടെ അസാന്നിധ്യത്തിൽ ജീവിതതാളം തെറ്റുന്നതിന്റെ നഗ്നചിത്രം ഇവിടെ വരച്ചുകാട്ടിയിരിക്കുന്നു. വിവാഹം കഴിഞ്ഞു വധൂവരന്മാർ മധുവിധുവിനായി ലഖ്നൌ നഗരത്തിലെത്തുന്നതും 'ഭൂൽ ഭുലയ്യ' എന്ന രമ്യഹർമ്യത്തിന്റെ മുന്നിൽ വെച്ചു രാംസിംഗെന്ന വന്ദ്യ വയോധികനെ കാണുന്നതുമാണ് കവിതയുടെ തുടക്കം. അദ്ദേഹം ഈ മഹത് സൃഷ്ടിയുടെ ദുരൂഹതയെക്കുറിച്ച് വിവരിക്കുക

യും ഒരു ഗൈഡിന്റെ അനിവാര്യത വ്യക്തമാക്കുകയും ചെയ്തെങ്കിലും നവദമ്പതികൾ വൃദ്ധനെ പരോക്ഷമായി പരിഹസിച്ചുകൊണ്ടു അകത്തേക്ക് നടക്കുകയാണ് ചെയ്തത്. ആവശ്യപ്പെട്ടു വിളിച്ചാൽ എപ്പോൾ വേണമെങ്കിലും സഹായത്തിന് എത്താമെന്ന് വൃദ്ധൻ വാഗ്ദാനം ചെയ്യുന്നു. ഏറെനേരം കാഴ്ചകൾ കണ്ടു നടന്ന ദമ്പതികൾ പുറത്തിറങ്ങാനുള്ള വഴിയറിയാതെ രാംസിംഗിനെ ഉറക്കെ വിളിക്കുന്നു. അദ്ദേഹം അവിടെയെത്തി അവരെ സുരക്ഷിതമായി പുറത്തേക്ക് എത്തിക്കുന്നു. അവിടെ അവർ ജീവിതത്തിൽ തന്നെ ഒരു വഴികാട്ടിയുടെ ആവശ്യകത തിരിച്ചറിയുന്നു.


*"ശരിയായ മാർഗ്ഗങ്ങൾ കാട്ടുവാനെപ്പോഴും*
*ഒരു വഴികാട്ടി നമുക്ക് വേണം"*

ശതമല്ലേ ഈ പ്രസ്താവം? ഒറ്റപ്പെട്ടതെന്ന് കരുതാവുന്ന ഈ സൃഷ്ടിയുടെ ഗണത്തിൽ 'അപസ്വരങ്ങൾ' എന്ന കവിതയും ഉൾപ്പെടുത്താമെന്ന് തോന്നുന്നു.

മൊത്തത്തിൽ ഈ കവിതകളിലെ പ്രമേയങ്ങൾ സാധാരണക്കാർക്ക് അന്യമല്ല. അവതരണം അയത്നലളിതമാണ്. കടുത്ത വാക്കുകൾ കൊണ്ടുള്ള കളികളോ ദുരൂഹത നിറഞ്ഞ വളച്ചുകെട്ടലുകളോ അനാവശ്യമായ ജൽപ്പനങ്ങളോ പാരായണക്ഷമതയ്ക്ക് ഭംഗം വരുത്തുന്ന ഇതര ഘടകങ്ങളോ ഈ കവിതകളിൽ ഇല്ല. തനിക്ക് പറയാനുള്ളത് സ്ഫുടമായി കൗതുകം ജനിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കുക എന്ന കാവ്യധർമ്മം ആണ് കവി ഇവിടെ അനുഷ്ഠിച്ചിരിക്കുന്നത്. ആവിഷ്കാരത്തിലും പദവിന്യാസത്തിലും കാവ്യാനുശീലനത്തിലും മികവ് പുലർത്തണം എന്ന നിഷ്കർഷ കൃത്യമായും സത്യസന്ധമായും അനുവർത്തിച്ചിരിക്കുന്നു. കൽപ്പനാവിലാസം കൊണ്ട് കാവ്യബിംബത്തെ ചേതോഹരമാക്കുന്നതിലും പ്രാപഞ്ചികവിഷയങ്ങളെ ഉദാത്തമായ ദർശനത്തിലൂടെ അവതരിപ്പിക്കുന്നതിലും കെ.എൽ. ശ്രീകൃഷ്ണദാസ് എന്ന പ്രതിഭാധനനായ കവി അസാമാന്യമായ വിജയം കൈവരിച്ചിരിക്കുന്നു. സമകാലിക ജീവിത സമസ്യകൾക്കു യുക്തിചിന്തയുടെ മനോഹര പരിവേഷം മാറ്റുകൂട്ടുന്ന അനുപമയായ അനുഭൂതിയാണ് ഈ കവിതകൾ നമുക്ക് പകർന്നു നല്കുന്നത്.


**നിരൂപണം**
**വേണുഗോപാൽ ജി. വാര്യർ**
തെക്കേ വാര്യം G.R.A - 701
ഗൗരീശപട്ടം, തിരുവനന്തപുരം - 695004

# പുസ്തകം പ്രകാശനം ചെയ്തു









പരേതനായ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ രചിച്ച കൊടുങ്ങല്ലൂർ രാജവംശം എന്ന പുസ്തകം കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തെ കുട്ടികളുടെ ദേവത കൊട്ടിഞ്ചിരി ഭഗവതിയുടെ മുമ്പിൽ സമർപ്പിച്ച് കൊട്ടിഞ്ചിരി വലിയ തമ്പുരാൻ (കോവിലകത്തെ ഉപനയനം കഴിയാത്ത മൂത്ത ആൺ കുട്ടി) അർണവ് വർമ്മ പ്രകാശനം ചെയ്തു. കൊടുങ്ങല്ലൂർ രാജവംശ ചരിത്രത്തെക്കുറിച്ചും കൊടുങ്ങല്ലൂർ കളരിയിലെ മഹാരഥന്മാരെക്കുറിച്ചും പ്രതിപാദിക്കുന്ന ഈ ചരിത്ര ഗ്രന്ഥം കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തിലെ പ്രതിഭകളുടെ കളിത്തട്ടായ കൊട്ടിഞ്ചിരിത്തിണ്ണയിൽ വച്ച് ഭഗവതിക്ക് കൊട്ടിഞ്ചിരി വലിയ തമ്പുരാൻ സമർപ്പിക്കുന്ന വിധം വ്യത്യസ്തമായ രീതിയിലാണ് പ്രകാശനം ചെയ്തത്. എറണാകുളത്തെ എഴുത്തുപുര പബ്ലിക്കേഷനാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഈ ലേഖന പരമ്പര മുമ്പ് 'ക്ഷാത്രസ്പന്ദന'ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ●

## ബാലവേദി / വളരുന്ന പ്രതിഭകൾ

# THE CHANGE



**Anaswara Varma P.K,** Manjeri

The Indian society is divided into various sects and classes. This is because of the caste system which is prevalent in the country. The roots of the caste system fo back to the ancient Vedas dividing people on the bases of varna and occupation. It has brought many evils in the society. The government is constantly striving to overcome the harms of the system and bring about true equality among the people. The caste system is the bane for the Indian society. It divides the Indian society into sectarian groups and classes. Even today, it plays a predominant role in our society despite the growth of culture and civilizations. The people from scheduled castes and scheduled tribes referred to as 'UNTOUCHABLES' form one sixth of India's population or 160 million; they endure discrimination and segregation.

It can be changed through Modern Education, Industrialization, Urbanization and Westernization.

Let us change the caste system and spread Humanity.



ഇക്കഴിഞ്ഞ CBSE 10-ാം ക്ലാസ്സ് പരീക്ഷയിൽ 97.2% മാർക്കോടെ എല്ലാ വിഷയങ്ങൾക്കും A1 കരസ്ഥമാക്കിയ **ഐശ്വര്യ എസ്. വർമ്മ.** കുറ്റിലഞ്ഞി സഭാംഗമായ പടിഞ്ഞാറേടത്ത് കോവിലകം (ശ്രീവാസ്) ശ്രീപ്രസാദ് വർമ്മയുടേയും (System Auditor) ചേർത്തല കൊച്ചു മഠത്തിൽ കോവിലകം ശാലിനി ആർ. വർമ്മയുടേയും (ഗവ. ടീച്ചർ) പുത്രിയും കുറ്റിലഞ്ഞി സഭ മുൻ പ്രസിഡന്റ് പരേതനായ കെ.കെ ത്രിവിക്രമവർമ്മയുടെയും കരപ്പുറം സഭ മുൻ പ്രസിഡന്റ് പി.കെ രവീന്ദ്ര വർമ്മയുടെയും പൗത്രിയുമാണ്.



കഴിഞ്ഞ പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ **കെ. മാനവേദൻ.** രാജഗിരി ഹയർ സെക്കണ്ടറി സ്കൂളിൽ കൊമേഴ്സ് വിദ്യാർത്ഥിയും ദേശീയ സ്കൂൾ നീന്തൽ താരവുമാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജിയിലെ പ്രൊഫസർ ഡോ.കെ. ശിവപ്രസാദിന്റെയും വിദ്യോദയ സ്കൂൾ അധ്യാപിക ശാലിനിയുടെയും മകനാണ്.



മഹാറാണി സേതു പാർവ്വതീബായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹനായ (ഡിഗ്രി വിഭാഗം) **വിഷ്ണുജിത്ത്.** കരിവെള്ളൂർ യൂണിറ്റിലെ സി.കെ. മധുവിന്റെയും വിജയലക്ഷ്മിയുടെയും പുത്രനാണ്.



മഹാറാണി സേതു പാർവ്വതീഭായിവിദ്യാഭ്യാസ സ്കോളർഷിപ്പിന് (എൻജിനീയറിംഗ് വിഭാഗം) അർഹയായ **സുകന്യ ടി.എം.** കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ കെ. ഹരീന്ദ്രനാഥിന്റെയും പുഷ്പവല്ലിയുടെയും (വെള്ളോറ) മകളാണ്.

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

**എം. രവിവർമ്മരാജാ അനുസ്മരണം**

മുൻ കേന്ദ്രസഭാ ജനറൽ സെക്രട്ടറിയും തിരുവനന്തപുരം സഭയുടെ മുൻ പ്രസിഡന്റുമായിരുന്ന എം. രവിവർമ്മ രാജയുടെ ഒന്നാം ചരമവാർഷിക ദിനമായ ജൂലൈ 16ന് അനുസ്മരണ യോഗം ഓൺലൈനായി ചേർന്നു. പ്രസിഡന്റ് എ.സി. ഗോദവർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി അജയവർമ്മ രാജാ സ്വാഗതം പറഞ്ഞു. സഭയിലെ നിരവധി അംഗങ്ങൾ പ്രസ്തുത യോഗത്തിൽ രവിവർമ്മ രാജായുടെ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ചു. അദ്ദേഹത്തിന്റെ വിയോഗം ഒരു വലിയ വിടവാണ് സഭാപ്രവർത്തനത്തിൽ ഉണ്ടാക്കിയിരിക്കുന്നത് എന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. കേന്ദ്രസഭാ പ്രസിഡന്റ് പി.കെ. രഘുവർമ്മ, ജന.സെക്രട്ടറി ആത്മജവർമ്മ തമ്പുരാൻ, ട്രഷറർ മഹേഷ് രാമവർമ്മ എന്നിവരും വിവിധ യൂണിറ്റിലെ പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു.



സഭ എല്ലാ കൊല്ലവും നടത്തിവരുന്ന രാമായണപാരായണ മത്സരം ഇക്കൊല്ലവും ഓൺലൈനായി നടത്തി. 14 പേർ പങ്കെടുത്ത മത്സരത്തിൽ കൃഷ്ണകുമാരി കെ. ആർ. ഒന്നാം സമ്മാനവും ഡോ. അംബികാ ബാലചന്ദ്രൻ രണ്ടാം സമ്മാനവും കരസ്ഥമാക്കി. മുൻ വർഷങ്ങളിലെപോലെ ഒന്നാം സമ്മാനവും രണ്ടാം സമ്മാനവും സ്പോൺസർ ചെയ്തിരിക്കുന്നത് യഥാക്രമം എ.സി. ഗോദവർമ്മയും മാലിനി രവിവർമ്മയുമാണ്.

**മുതിർന്നവരെ ആദരിക്കൽ**



സഭ എല്ലാക്കൊല്ലവും സംഘടിപ്പിക്കാറുള്ളതുപോലെ മുതിർന്ന (84 വയസ്സിന് മുകളിൽ) അംഗങ്ങളെ അവരുടെ ഭവനങ്ങൾ സന്ദർശിച്ച് ആദരിച്ചു. 30-ഓളം അംഗങ്ങളെയാണ് ഈ അവസരത്തിൽ ആദരിച്ചത്.

**ഓണാഘോഷം (കേന്ദ്രസഭ സംഘടിപ്പിച്ചത്)**

കേന്ദ്രസഭ നടത്തിയ ഓണാഘോഷപരിപാടികളിൽ മുതിർന്നവരും കുട്ടികളുമായി യൂണിറ്റിലെ നിരവധി കലാപ്രതിഭകൾ പങ്കെടുത്തു.

**നവരാത്രി സംഗീതോത്സവം**

കേന്ദ്രസഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നവരാത്രി സംഗീതോത്സവത്തിൽ തിരുവനന്തപുരം സഭയിലെ നിരവധി അംഗങ്ങൾ പങ്കെടുത്തു. നല്ല നിലവാരം പുലർത്തിയ പരിപാടികളായിരുന്നു.

ദുർഗ്ഗാഷ്ടമി ദിവസം വൈകിട്ട് സുന്ദരവിലാസം കൊട്ടാരത്തിൽ നടന്ന പൂജവെയ്പ്പിൽ ജി. രാമവർമ്മ ഭദ്രദീപം കൊളുത്തി. സെക്രട്ടറി അജയവർമ്മ രാജാ വനിതാവിഭാഗം പ്രസിഡന്റ് ഉഷ ആർ. വർമ്മ, എസ്. അജയകുമാർ വർമ്മ തുടങ്ങിയവർ പങ്കെടുത്തു. വിജയദശമി ദിവസം രാവിലെ 8.30ന് പൂജയെടുത്തു. പ്രസ്തുത പരിപാടിയിൽ നിരവധി അംഗങ്ങൾ പങ്കെടുത്തു.

എല്ലാ വർഷവും നവരാത്രി പൂജ, സഭയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗം എസ്. അജയകുമാർ വർമ്മ തന്റെ മാതാവ് തൃപ്പൂണിത്തുറ കോവിലകത്തെ കൊച്ചമ്മിണി തമ്പുരാന്റെ സ്മരണാർത്ഥം സ്പോൺസർ ചെയ്തു വരുന്നു.

**വാർഷിക പൊതുയോഗം**

സഭയുടെ 2020-21 വർഷത്തെ വാർഷിക പൊതുയോഗം 2021 നവംബർ 7-ാം തീയതി രാവിലെ രംഗവിലാസം ആഡിറ്റോറിയത്തിൽ നടത്താൻ തീരുമാനിച്ചു.

**ഭരണസമിതിയോഗങ്ങൾ**

2021 ഏപ്രിൽ 11, ഒക്ടോബർ 3 എന്നീ തീയതികളിൽ ചേർന്ന ഭരണസമിതി യോഗങ്ങളിൽ വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

**അനുശോചനം**

സഭയുടെ മുതിർന്ന അംഗവും വർമ്മ & വർമ്മ ചാർട്ടേഡ് അക്കൗ

ണ്ടന്റ് സ്ഥാപനത്തിലെ സീനിയർ പാർട്ണറുമായിരുന്ന പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിലെ അംഗം പി.എ. ഗോദവർമ്മ രാജാ യുടെ ദേഹവിയോഗത്തിൽ സഭ ആദരാഞ്ജലികൾ അർപ്പിച്ചു.

## എറണാകുളം

കോവിഡ് മഹാമാരി നിലനിൽക്കുന്നതിനാൽ ഗൃഹസന്ദർശനം പൂർണ്ണമായി ഒഴിവായി തന്നെ തുടരുന്നു. ഓണത്തോടനുബന്ധിച്ച് 2021 ഓഗസ്റ്റ് 24 ന് ഗൂഗിൾ മീറ്റ് കൂടി . 25 പേർ പങ്കെടുത്തു. കലാപരിപാടികൾ ക്വിസ് മൽസരങ്ങൾ എന്നിവ അംഗങ്ങൾ അവതരിപ്പിച്ചു.

## പന്തളം

കോവിഡ് പ്രോട്ടോക്കോൾ നിലവിലുള്ളതിനാൽ ഭരണ സമിതി യോഗം എല്ലാ മാസവും ചേരാൻ കഴിഞ്ഞിട്ടില്ല. 'ക്ഷാത്രസ്പന്ദനം', 2021-22 വർഷത്തെ മെമ്പർഷിപ്പ് പുതുക്കൽ എല്ലാം പൂർത്തിയായി. യൂണിറ്റിന്റെ പരിധിയിലുള്ള ആറന്മുള പെരിങ്ങേലിൽ കൊട്ടാരത്തിൽ ചില അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്തു. ക്ഷത്രിയക്ഷേമസഭ പന്തളം യൂണിറ്റിന്റെ നേതൃത്വത്തിൽ കൊട്ടാരം വക ശിവക്ഷേത്രത്തിൽ എല്ലാ മാസവും പ്രദോഷ പൂജ നടന്നു വരുന്നു. യൂണിറ്റിന്റെ മറ്റൊരു സംരംഭമായ 'അത്തച്ചിട്ടി'യും വിജയകരമായി നടന്നു വരുന്നു.

**അനുമോദനങ്ങൾ**

ഇക്കഴിഞ്ഞ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ അഭിരാം ആർ. വർമ്മയേയും, പ്ലസ് ടു തലത്തിൽ ഉയർന്ന വിജയശതമാനം നേടിയ ആകാശ് വർമ്മ, കീർത്തന വർമ്മ എന്നിവരെയും സഭ അനുമോദിച്ചു. ഇവർക്കുള്ള അനുമോദന സമ്മാനങ്ങൾ സഭയുടെ വാർഷിക യോഗത്തിൽ നൽകുന്നതാണ്.

**ബാബു ചേട്ടന് ആദരം**

പന്തളം കൃഷിഭവൻ പരിധിയിലെ മികച്ച പച്ചക്കറി കർഷക



നുള്ള പുരസ്കാരത്തിന് അർഹനായ എൻ.ആർ. കേരളവർമ്മയെ (ബാബു ചേട്ടൻ) പന്തളം സഭ ആദരിച്ചു. ആഗസ്റ്റ് 25 ബുധനാഴ്ച വൈകിട്ട് അദ്ദേഹത്തിന്റെ ഭവനത്തിലെത്തി പൊന്നാടയും ഉപഹാരവും സമ്മാനിച്ചു. കാർഷിക വൃത്തിയിൽ അദ്ദേഹത്തിന് പൂർണ്ണ പിന്തുണ നൽകുന്ന പത്നി ശ്രീദേവി വർമ്മയെയും സഭ ആദരിച്ചു. പന്തളം ഗ്രാമപഞ്ചായത്ത് ആയിരുന്നപ്പോഴും ഈ പുരസ്കാരം ബാബു ചേട്ടനെ തേടിയെത്തിയിട്ടുണ്ട്.

## വൈക്കം



കോവിഡിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷം ഉപേക്ഷിച്ചു. 'ക്ഷാത്രസ്പന്ദന'ത്തിന്റെ വിതരണത്തിനായി എല്ലാ കുടുംബങ്ങളും സന്ദർശിച്ചു. അംഗങ്ങളുടെ വിശേഷാവസരങ്ങളിൽ പങ്കെടുത്തു. വിവാഹിതരാകുന്ന പെൺകുട്ടികൾക്ക് ഉപസഭ നൽകി വരുന്ന പാരിതോഷികം മൂന്ന് കുട്ടികൾക്ക് നൽകി. സഭ സ്വീകരിച്ചിരുന്ന പലിശരഹിത വായ്പ തിരിച്ചടവ് പുനരാരംഭിച്ചു. സതീഷ് വർമ്മ രാജാ, അഞ്ജലി അഖിലേഷ്, എന്നിവർ യഥാക്രമം 5000, 500 രൂപ സഭയുടെ പ്രവർത്തന ഫണ്ടിലേക്ക് സംഭാവനയായി നൽകി. താൽക്കാലികമായി നിലച്ചിരുന്ന ഫോട്ടോസ്റ്റാറ്റ്, ഡി.ടി.പി. സംരംഭം പുനരാരംഭിച്ചു.

## ചാലക്കുടി

ചാലക്കുടി ക്ഷത്രിയക്ഷേമ സഭ യൂണിറ്റിന്റെ 2-ാം വാർഷിക പൊതുയോഗം 15.08.2021 ഞായറാഴ്ച ചാലക്കുടി ആർ.ബി. റോഡിലുള്ള ജ്യോതിസ്സിൽ (തെക്കേമഠം) വച്ച് നടന്നു. കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു നടത്തിയ പൊതുയോഗത്തിൽ സഭാംഗങ്ങളുടെ പൂർണ്ണമായ സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിരുന്നു. കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ മരണപ്പെട്ട ക്ഷത്രിയ കുടുംബാംഗങ്ങൾക്കും മറ്റു വിശിഷ്ട വ്യക്തികൾക്കും കലാ-കായിക, സാമുദായിക, സാംസ്കാരിക വേദിയിൽ പ്രവർത്തിച്ചിരുന്നവർക്കും ആദരാഞ്ജലികൾ അർപ്പിച്ച് യോഗം ആരംഭിച്ചു. കോവിഡ് 19 മഹാമാരി ലോകം മുഴുവനും പടർന്നുപിടിച്ച സാഹചര്യത്തിൽ കേന്ദ്രസഭാ പ്രവർത്തനങ്ങളും യൂണിറ്റ്തല പ്രവർത്തനങ്ങളും വളരെ ലളിതമായിട്ടേ പ്രവർത്തിച്ചിട്ടുള്ളു എങ്കിലും കേന്ദ്രസഭയുടെ ഓൺലൈൻ കലാ- കായിക സാംസ്കാരിക പരിപാടികൾ വൻവിജയമായിരുന്നു എന്ന് യോഗം അഭിപ്രായപ്പെട്ടു; പ്രത്യേകിച്ച് നാരായണീയ പാരായണം, കുട്ടികൾക്കുള്ള ക്വിസ് മത്സരം, കലാമേള തുടങ്ങിയവ. ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച കേന്ദ്ര നേതൃത്വത്തിലെ ഭാരവാഹികൾക്ക് ചാലക്കുടി ക്ഷത്രിയ സഭയുടെ അനുമോദനം അറിയിക്കുന്നു.

ചാലക്കുടി ക്ഷത്രിയ സഭ യൂണിറ്റിന്റെ പ്രവർത്തനം കോവിഡ് മഹാമാരി മൂലം മന്ദഗതിയിലായിരുന്നുവെങ്കിലും, ക്ഷേമപ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തിയിരുന്നു. ചാലക്കുടി യൂണിറ്റിലെ സിന്ധു കൃഷ്ണകുമാർ മരണപ്പെട്ടതിനെ തുടർന്ന് അവരുടെ വസതിയിലെത്തി (ലായത്തിൽ മഠം) കൃഷ്ണകുമാറിനേയും മകൾ മീനാക്ഷി വർമ്മയേയും സാന്ത്വനിപ്പിക്കുകയും മരണാനന്തര സഹായമായി യൂണിറ്റിൽ നിന്നും തുക കൈമാറുകയും ചെയ്തു. തെക്കേ മഠത്തിൽ കേരളവർമ്മയുടെ നിര്യാണത്തിലും വസതിയിലെത്തി കുടുംബാംഗങ്ങളെ സാന്ത്വനിപ്പിക്കുകയും മരണാനന്തര ധന സഹായം നൽകുകയും ചെയ്തു. അസുഖമായി കിടക്കുന്ന ലളിത ബാലരാമവർമ്മയ്ക്ക് ചികിത്സാർത്ഥം 'കാരുണ്യം' ചികിത്സാ ഫണ്ടിൽ നിന്നും ചികിത്സാധനവും അനുവദിച്ചു. ചികിത്സാധനം ബാലരാമവർമ്മയുടെ നിർദ്ദേശാനുസരണം സഹോദരൻ മുകുന്ദവർമ്മ കൈപ്പറ്റുകയും സഭയുടെ കാരുണ്യ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനായി തിരിച്ചേൽപ്പിക്കുകയും ചെയ്തു. കൃഷ്ണകുമാറും മരണാനന്തര സഹായമായി ലഭിച്ച തുക കാരുണ്യം ഫണ്ടിലേക്കു സംഭാവനയായി തിരിച്ചു നൽകി എന്ന വിവരം സസന്തോഷം അറിയിക്കട്ടെ. ഇവരുടെ ഈ സൽപ്രവൃത്തിയെ കമ്മിറ്റി വളരെയധികം പ്രശംസിക്കുകയും ചെയ്തു.

ഇത്തരം ചെറിയ ക്ഷേമപ്രവർത്തനങ്ങളും കേന്ദ്രസഭയുമായുള്ള നിരന്തര സമ്പർക്കവും യൂണിറ്റ് കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ചാലക്കുടി യൂണിറ്റിലെ എല്ലാ കുടുംബാംഗങ്ങളും കേന്ദ്ര സഭയുടെ ഓൺലൈൻ പ്രവർത്തനങ്ങളിൽ (വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ) പങ്കെടുക്കണമെന്നും യൂണിറ്റിലെ കലാകാരികളെയും കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കണമെന്നും കമ്മിറ്റി നിർദ്ദേശിച്ചു.

കൂടാതെ തിരുവോണത്തിന് ചാലക്കുടി ക്ഷത്രിയസഭ അംഗങ്ങൾക്ക് സൗജന്യമായി ഭക്ഷ്യ ധാന്യകിറ്റ് വിതരണം ചെയ്തു. ചാരിറ്റി പ്രവർത്തനത്തിന്റെ ഭാഗമായി നിർദ്ധനയായ ഒരു സ്ത്രീക്കും ഓണക്കിറ്റു സൗജന്യമായി നൽകുകയുണ്ടായി.

ഒരു സംഘടനയുടെ ശക്തി, അതിലെ അംഗബലവും സാമ്പത്തിക മികവുമാണ്. യൂണിറ്റിന് നല്ല സാമ്പത്തികസ്ഥിതി ഉണ്ടെങ്കിലേ യൂണിറ്റ് തലത്തിൽ ക്രിയാത്മകമായ കാര്യങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളുവെന്നും കേന്ദ്ര സഭയെ സഹായിക്കാൻ സാധിക്കുകയുള്ളുവെന്നും (റിയാക്ട് മുതലായവ) ഓർമ്മിപ്പിച്ചു കൊണ്ടും എല്ലാവിധ സഹായസഹകരണവും അഭ്യർത്ഥിച്ചു.

## തിരുവല്ല

സഭയുടെ 2019-2020 വർഷത്തെ പൊതുയോഗം നടത്തി. അതുവരെയുള്ള സഭയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലഭിച്ചു. കോവിഡ് മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അംഗങ്ങളുടെ 25 കുട്ടികൾക്ക് 1000 രൂപ വീതം വിദ്യാഭ്യാസ ധനസഹായമായി 25000 രൂപ നൽകി. സാമ്പത്തിക സഹായമായും ചികിത്സാ സഹായവുമായി 2 അംഗങ്ങൾക്ക് 15000 രൂപ നൽകി. സഭയുടെ കാരുണ്യ ഫണ്ടിൽ നിന്നാണ് മേൽ തുകകൾ നൽകിയിട്ടുള്ളത്. ശതാഭിഷേകം കഴിഞ്ഞ നമ്മുടെ മുതിർന്ന തലമുറയിലുള്ള പുരുഷന്മാരേയും സ്ത്രീകളേയും അവരുടെ ഭവനത്തിലെത്തി ആദരിക്കുകയും അവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ആദരിക്കപ്പെട്ടവരിൽ ഏറ്റവും പ്രായമുള്ളത് ഹരിപ്പാട് അനന്തപുരത്ത് താമസിക്കുന്ന പന്തളത്തെ വലിയ തമ്പുരാനാണ്. ഓണത്തോടനുബന്ധിച്ചാണ് സന്ദർശനം നടത്തിയത്. ഇതിൽ 21 പേർ സ്ത്രീകളും 17 പേർ പുരുഷന്മാരും ആണ്.

2020-2021 അദ്ധ്യയന വർഷം നടത്തിയ SSLC/CBSE/ICSE/Plus2/Degree പരീക്ഷകളിൽ കൂടുതൽ മാർക്കു ലഭിച്ച സഭയിലെ അംഗങ്ങളുടെ കുട്ടികൾക്കു നൽകുന്ന മെറിറ്റ് അവാർഡുകൾ 2021-2022 വർഷത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അംഗങ്ങളുടെ കുട്ടികൾക്ക് (5 മുതൽ ഡിഗ്രി തലം) നൽകുന്ന സ്കോളർഷിപ്പുകൾ എന്നിവക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ഇവ ഇപ്പോൾ പരിശോധിച്ചു വരുകയാണ്. സഭയുടെ കാരുണ്യ ഫണ്ടിൽ നിന്നാണ് ഈ തുകകൾ നൽകി വരുന്നത്

'ക്ഷാത്രസ്പന്ദന'ത്തിന്റെ പ്രചരണവുമായി ബന്ധപ്പെട്ട് ക്ഷത്രിയ ഭവനങ്ങൾ സന്ദർശിച്ചു. തിരുവല്ലാ സഭയിൽ ഇപ്പോൾ 180 വരിക്കാരുണ്ട്.

കോവിഡ് കാലമായിട്ടും സഭയിലെ രണ്ട് അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ സ്വജന പൗരോഹിത്യത്തിലാണ് നടത്തിയത്. ഉദയവർമ്മ തമ്പുരാനും രാജേന്ദ്രവർമ്മയും ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു. ചടങ്ങിൽ സഹകരിച്ച സഭയിലെ അംഗങ്ങളേയും നേതൃത്വം നൽകിയവരേയും നന്ദി അറിയിക്കുന്നു.

### വനിതാ വിഭാഗം

തിരുവല്ല യൂണിറ്റ് വനിതാവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കോവിഡെന്ന മഹാമാരി പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യത്തിലും ഭംഗിയായി നടക്കുന്നു. യൂണിറ്റിലെ വനിതകളുടെ സഹകരണം എടുത്തു പറയേണ്ടതാണ്. പ്രായഭേദമെന്യേ എല്ലാവരും പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ഈ കാലയളവിൽ ആദ്ധ്യാത്മികമായ കാര്യങ്ങൾ കൂടുതലായി നടത്തുന്നു. രാമായണ മാസത്തിൽ രാമായണപാരായണവും നടത്തുന്നു. സംസ്ഥാന

പൗരോഹിത്യ വിധിപ്രകാരം സഭ വേണ്ടവിധം നടത്തി.

## കൊരട്ടി

കൊരട്ടി ക്ഷത്രിയ ക്ഷേമസഭയുടെ കമ്മിറ്റി എല്ലാ മാസവും പത്താം തീയതിക്കു ശേഷമുള്ള ഞായറാഴ്ച കൊരട്ടി തത്തമത്ത് ശിതികണ്ഠപുരം ക്ഷേത്രത്തിനു സമീപമുള്ള സഭയുടെ ഓഫീസിൽ വച്ചു കൂടാറുണ്ട്. കോവിഡിന്റെ വ്യാപനം കാരണം കാര്യമായ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിരുന്നില്ല. എങ്കിലും കുടുംബാംഗങ്ങൾക്കിടയിൽ രോഗവ്യാപനം കുറയ്ക്കുവാൻ ആവശ്യമായ മുൻ കരുതലുകളെപ്പറ്റി ബോധവാന്മാരാക്കുവാൻ ശ്രദ്ധിച്ചിരുന്നു. ഇപ്പോൾ രോഗവ്യാപനം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ 2020 ൽ നടക്കാതെ പോയ വാർഷിക പൊതുയോഗം ഡിസംബർ-ജനുവരി മാസത്തിൽ യോജിച്ച ഒരു തീയതിയിൽ നടത്തുവാൻ തീരുമാനിച്ചു. ആയതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ സഭയുടെ കീഴിലുള്ള കലാസാംസ്ക്കാരിക കേന്ദ്രത്തിന്റെ ആഡിറ്റോറിയത്തിന്റെ മുടങ്ങിയ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാനും തീരുമാനിച്ചു.

## തൃശൂർ

### വാർഷിക പൊതുയോഗം

സഭയുടെ വാർഷികം ഗൂഗിൾ മീറ്റ് വഴി പ്രസിഡന്റ് പി.സി. പ്രഹ്ളാദൻ വർമ്മയുടെ അദ്ധ്യക്ഷതയിൽ 19.09.2021ന് ഉച്ച കഴിഞ്ഞ് 3.10 മണിക്ക് സുമിത്രാ സുധീർ വർമ്മയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ അൻപതോളം അംഗങ്ങൾ ഹാജരായിരുന്നു.

അദ്ധ്യക്ഷൻ അദ്ദേഹത്തിന്റെ ഉപക്രമപ്രസംഗത്തിൽ കോവിഡ് - 19 മഹാമാരി സാമാന്യം നന്നായി പ്രവർത്തനത്തെ തളർത്തുകയും കേന്ദ്രത്തിന്റെ ഓൺലൈൻ വെബി

## കരപ്പുറം

2021 ജൂൺ മാസത്തിൽ നടന്ന നിർവ്വാഹക സമിതി യോഗം സാമൂഹിക സാഹചര്യത്തിന്റെ തത്സ്ഥിതി വിലയിരുത്തി. സെപ്തംബറിനു ശേഷം യോഗം ചേർന്ന് പൊതുസമ്മേളനത്തിനു തീയതി നിശ്ചയിക്കാൻ തീരുമാനിച്ചു.

കരപ്പുറത്തെ പുരാതനമായ തറവാടാണ് പുത്തൻ കോവിലകം. കവി കുലപതിയായ വയലാർ രാമവർമ്മയുടെ ഭാര്യാഗൃഹം കൂടിയായ ഈ തറവാട്ടിലെ വർത്തമാനകാലത്തെ പ്രശസ്തരായ കലാപ്രവർത്തകരാണ് വയലാർ ശരത്ചന്ദ്ര വർമ്മ, സന്തോഷ് വർമ്മ, ആർ.എൽ.വി. വാസുദേവ് വർമ്മ, കലാമണ്ഡലം പാർവ്വതി വർമ്മ തുടങ്ങിയവർ. ഈ കോവിലകത്തിന്റെ ഉടമസ്ഥതയിലായിരുന്ന വേട്ടക്കൊരുമകൻ ക്ഷേത്രം കുടുംബാംഗങ്ങളുടെ താൽപ്പര്യപ്രകാരം കരപ്പുറത്തെ ക്ഷത്രിയ കുടുംബാംഗങ്ങൾക്ക് വിട്ടുകൊടുക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് എല്ലാ കുടുംബങ്ങളും അംഗത്വം എടുക്കുകയും പുതിയ ഭരണസമിതി അധികാരം ഏറ്റെടുക്കുകയും ചെയ്തു. ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു എന്നതും സന്തോഷപൂർവ്വം റിപ്പോർട്ട് ചെയ്യുന്നു.

കരപ്പുറം ക്ഷത്രിയ ക്ഷേമസഭയിലെ ഒരംഗം കടുത്ത ഹൃദയാഘാതത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടപ്പോൾ സഭയുടെ അഭ്യർത്ഥന അനുസരിച്ച് കരപ്പുറത്തെ എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങളും സ്വമേധയാ സഹകരിക്കുകയും ആശുപത്രി ആവശ്യങ്ങൾക്കായി 95,504/- രൂപ ആ കുടുംബത്തിനു നൽകുകയും ചെയ്തു. നിർഭാഗ്യവശാൽ അദ്ദേഹം അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു. തുടർന്ന് മരണാനന്തര ചടങ്ങുകൾ സ്വജന

വനിതാവിഭാഗത്തിന്റെ എല്ലാ പരിപാടികളിലും തിരുവല്ല യൂണിറ്റിലെ വനിതകളുടെ സജീവ പങ്കാളിത്തമുണ്ട്. തുടർന്നും നമ്മുടെ സമൂഹത്തിന്പ്രയോജനപ്രദമാകുന്ന പ്രവർത്തനങ്ങളിലൂടെ മുൻപോട്ട് പ്രയാണം ചെയ്യുവാൻ ശ്രമിക്കുന്നു. സഭാ സെക്രട്ടറി സൂര്യകുമാർ വർമ്മ, സഭാ പ്രസിഡന്റ് പി.ആർ. വർമ്മ, മറ്റു കമ്മിറ്റി അംഗങ്ങൾ ഇവരുടെയെല്ലാം പ്രോത്സാഹനം വനിതാ വിഭാഗത്തിന് ലഭിക്കുന്നുണ്ട്.

- വനിതാ അംഗങ്ങളുടെ കൂട്ടായ പ്രവർത്തനം അഭിനന്ദനീയമാണ്.
- പ്രായമായ സ്ത്രീജനങ്ങൾക്ക് അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവെക്കാനും വാർദ്ധക്യത്തിലെ ഏകാന്തത ഒഴിവാക്കുവാനും ഒരു അവസരമാകുന്നു.
- ആദ്ധ്യാത്മിക കാര്യങ്ങളിൽ അംഗങ്ങളുടെ പ്രായഭേദമെന്യേയുള്ള പങ്കാളിത്തം ഉണ്ട്.
- ഭഗവത്ഗീത, നാരായണീയം, ദേവീ മാഹാത്മ്യം, ദേവീ ഭാഗവതം(അർത്ഥം സഹിതം), സൗന്ദര്യ ലഹരി (അർഥം സഹിതം), എന്നിവ വിശേഷ ദിവസങ്ങളിൽ എല്ലാവരും ചേർന്ന് പാരായണം ചെയ്യുന്നു. കൊച്ചു കുട്ടികളെക്കൂടി ഇതിൽ പങ്കെടുപ്പിക്കാൻ കഴിയുന്നതിൽ സന്തോഷമുണ്ട്. വനിതാ സഭാംഗങ്ങളെ ഒത്തൊരുമയോടെ നിർത്തി മുമ്പോട്ട് പ്രയാണം ചെയ്യുന്നു. വരും തലമുറയുടെ ഭാവി ഭദ്രമാക്കുവാൻ കൂട്ടായ പ്രവർത്തനം സഭ നടത്തുന്നതാണ്. കമ്മിറ്റി അംഗങ്ങളുടെ ഭാഗത്തു നിന്നുള്ള എല്ലാ സഹകരണവും വനിതാ വിഭാഗത്തിന് ലഭിക്കുന്നു. മുമ്പോട്ടുള്ള പ്രയാണത്തിന് ഈശ്വരൻ അനുഗ്രഹിക്കട്ടെ.

*ലോകാ സമസ്താ സുഖിനോ ഭവന്തു*

നാർ, ഓൺലൈൻ മീറ്റിംഗ് എന്നിവയിൽ പങ്കെടുക്കാൻ മാത്രമെ സാധിച്ചിട്ടുള്ളു എന്നും പറയുകയുണ്ടായി. കൂടാതെ സഭയുടെ രക്ഷാധികാരിയും മാർഗ്ഗദർശിയുമായിരുന്ന പ്രൊഫ. എ.കെ. രാജരാജവർമ്മ എന്ന ചെറുണ്ണി ചേട്ടന്റെ വിയോഗം വലിയൊരളവിൽ നഷ്ടമുണ്ടാക്കുകയും പെയിൻ & പാലിയേറ്റീവ് കെയറിലേക്കുള്ള സംഭാവനയുടെ സംഖ്യ കുറയുകയും ചെയ്തുവെന്നും പരാമർശിക്കുകയുണ്ടായി. 2021 ഫെബ്രുവരി 14ന് ചെറുണ്ണി ചേട്ടന്റെ ഒന്നാം ചരമവാർഷിക ദിനത്തിൽ ഒരു അനുസ്മരണ യോഗം കൂടി. അദ്ദേഹത്തിന്റെ സഹപ്രവർത്തക ഡോ. രാജേശ്വരി കുഞ്ഞമ്മ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ശങ്കർ വർമ്മ 2018-20 ലെ വാർഷിക റിപ്പോർട്ട് വായിച്ചു. ട്രഷറർ 2019-20, 2020-21 ലെ വാർഷിക കണക്കും അവതരിപ്പിച്ചു. തുടർന്ന് സെക്രട്ടറി രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചു. റിപ്പോർട്ടിന്മേലും കണക്കിലും പ്രമേയങ്ങളിലുമുള്ള ചർച്ച ശബ്ദവോട്ടോടെ ഏകകണ്ഠമായി പാസ്സാക്കി. പ്രവീൺ വർമ്മ നന്ദി പ്രകാശിപ്പിച്ചു. വൈകുന്നേരം 4.30ന് യോഗം അവസാനിച്ചു.

തൃശൂർ സഭയുടെ 2021 ലെ ഓണാഘോഷം സെപ്തംബർ 19ന് യുട്യൂബ് വഴി വെർചലായി എല്ലാവർക്കും ആസ്വദിക്കുവാൻ സാധിച്ചു. നൃത്തനൃത്യങ്ങൾ, വായ്പാട്ട്, ഉപകരണ സംഗീതം, മാജിക്ഷോ തുടങ്ങി 21ൽപ്പരം പരിപാടികൾ അവതരിപ്പിച്ചു. വി.എൻ. മനോജായിരുന്നു അവതാരകൻ. വൈകുന്നേരം 6.30 ഓടെ പരിപാടികൾ സമാപിച്ചു. ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ചത് ഡോ. ഗിരീഷ് വർമ്മ (ദോഹ), സരിത ഗിരീഷ്, ഗോപീകൃഷ്ണൻ രാജ എന്നിവരായിരുന്നു.

## നീലേശ്വരം

### സപ്തതി ആഘോഷം

നീലേശ്വരം കോവിലകത്തെ ഇളയതമ്പുരാട്ടി ടി.സി. ഭാഗീരഥി



തമ്പുരാട്ടിയുടെ സപ്തതി ആഘോഷം 1.8.2021 ന് തെക്കെ കോവിലകത്തുവെച്ച് സമുചിതമായി ആഘോഷിച്ചു. ക്ഷത്രിയ ക്ഷേമ സഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മരാജ ഇളയതമ്പുരാട്ടിയെ പൊന്നാടയണിയിച്ച് ആദരിച്ചു. ക്ഷത്രിയസഭാ നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജ, സെക്രട്ടറി എ.സി. രാകേഷ്, പി.കെ. സുഭാഷ് എന്നിവർ ആദരവ് അർപ്പിച്ചു സംസാരിച്ചു.

## കരിവെള്ളൂർ

8.8.2021 ന് ഞായറാഴ്ച വൈകുന്നേരം പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വച്ച് ചേർന്ന കരിവള്ളൂർ യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ ഇ.കെ. രാഘവൻ സ്വാഗതം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് വായിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ കെ. ചന്ദ്രകാന്തൻ, സി.കെ. ശ്രീധരവർമ്മ എൻ.പി. കുഞ്ഞിനാരായണൻ, ഇ.എം. കൃഷ്ണകുമാർ എന്നിവർ പങ്കെടുത്തു.

- 2020-2021 വർഷത്തിൽ എസ്.എസ്.എൽ.സി./പ്ലസ്ടു/ഡിഗ്രി എന്നീ വിഭാഗത്തിൽ വിജയിച്ച കുട്ടികളെ സ്കോളർഷിപ്പ് നൽകി ആദരിക്കാൻ തീരുമാനിച്ചു. 2020-21 വർഷത്ത വരിസംഖ്യ കൊറോണ കാരണം പിരിച്ചെടുക്കേണ്ടെന്ന് തീരുമാനിച്ചു.
- സ്കോളർഷിപ്പ് ഫണ്ടിലേക്ക് സംഭാവന നൽകിയ പി.എം. സുബ്രഹ്മണ്യൻ, സി. മാധവൻ, പി.എം. മനോരമ ഹരിഹരവർമ്മ (ചെന്നൈ), എൻ.കെ.കെ. ഉണിത്തിരി, ടി.എം. ശ്രീകുമാർ എന്നിവരെ യോഗം അഭിനന്ദിച്ചു.
- ഇനി മുതൽ ക്ഷത്രിയ സമുദായാംഗങ്ങൾ മരണപ്പെട്ടാൽ സഭയ്ക്ക് വേണ്ടി റീത്തു സമർപ്പിക്കേണ്ടതും ഈ കാര്യത്തിൽ ശ്മശാന കമ്മറ്റി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. യോഗത്തിൽ ഇ.എം. കൃഷ്ണകുമാർ നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.
- എൻ.കെ. നന്ദകുമാർ, പി.എം. പ്രദീപ് വർമ്മ (തിരൂർ) എന്നിവർക്ക് അവരുടെ അപേക്ഷ പരിഗണിച്ച് മെമ്പർഷിപ്പ് നൽകാൻ തീരുമാനിച്ചു. യോഗത്തിൽ എൻ.കെ.കെ. ഉണിത്തിരി നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

### വാർഷിക ജനറൽ ബോഡി യോഗവും സകോളർഷിപ്പ് വിതരണവും

10.10.2021 ന് ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വച്ച് ചേർന്ന ജനറൽ ബോഡി യോഗത്തിൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ അധ്യക്ഷത വഹിച്ചു. തുടർന്ന് സമുദായത്തിലെ മുതിർന്ന അംഗമായിരുന്ന എൻ.പി. ലക്ഷ്മിഭായ് പിള്ളയാർതിരിയമ്മ, യൂണിറ്റ് വനിതാ വിഭാഗം പ്രസിഡന്റ് വത്സലാ സുബ്രഹ്മണ്യൻ, എൻ.എം. സരള ടീച്ചർ, മധുസൂദനവർമ്മ എന്നിവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. തുടർന്ന് യൂണിറ്റ് സെക്രട്ടറി



ടി.എം. ശ്രീകുമാർ വിശദമായ പ്രവർത്തന റിപ്പോർട്ടു വായിച്ചു. ട്രഷറർ എൻ.കെ.കെ. ഉണിത്തിരി വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. ചർച്ചക്ക് ശേഷം വരവു ചെലവു കണക്കും റിപ്പോർട്ടും അംഗീകരിച്ചു. യൂണിറ്റ് എല്ലാ വർഷവും നൽകിവരുന്ന എസ്.എസ്.എൽ.സി./പ്ലസ് ടു/ ഡിഗ്രി എന്നീ വിഭാഗത്തിലെ താഴെ കാണിച്ച 8 കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുകയും സർട്ടിഫിക്കറ്റും യൂണിറ്റ് പ്രസിഡന്റ് വിതരണം ചെയ്തു.

- നിവേദ് വർമ്മ S/o. ടി.എം. സദാനന്ദൻ & വി.എം. സന്ധ്യാ ബേബി, കോക്കാട്, ചെറുതാഴം
- ശരണ്യ ടി.എം. D/o കെ. ഹരീന്ദ്രൻ & പുഷ്പവല്ലി ടി. എം. വെള്ളോറ
- സ്നേഹ എസ്. വർമ്മ D/o. ടി.എം. സുരേന്ദ്രനാഥ് & രമ്യ യു. പണ്ടാല, പയ്യന്നൂർ
- അനഘ ആർ. വർമ്മ D/o. എൻ.പി. രാധാകൃഷ്ണ വർമ്മ & അംബികാ ജി. വർമ്മ എറണാകുളം
- ദേവസേന എസ്.കെ. D/o. ഇ.എം. ദേവരാജ് & എസ്.കെ. സീമ മതിരക്കോട്, കരിവെള്ളൂർ
- വിസ്മയ ജി.കെ. D/o. ഇ.എം. ഗോവിന്ദൻ&സുധാമണി കണ്ടക്കൈ
- ഹരിചന്ദന കെ.ഇ. D/o. എൻ. എം. പവിത്രചന്ദ്രൻ & ബിന്ദു കെ.ഇ. കരിവെള്ളൂർ
- ദിവ്യ ഇ.എം. D/o ഇ. എം. കൃഷ്ണകുമാർ & ഗിരിജ, മണക്കാട്, കരിവെള്ളൂർ

എല്ലാ കുട്ടികളെയും യോഗം ഹാർദ്ദവമായി അഭിനന്ദിച്ചു. കൂടാതെ റീജന്റ് മഹാറാണി സേതു പാർവ്വതീബായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ച വിഷ്ണുജിത്ത് S/o. സി.കെ. മധു & വിജയലക്ഷ്മി മൊഴക്കോത്ത് (ഡിഗ്രി വിഭാഗം) സുകന്യ ടി.എം. D/o. കെ. ഹരീന്ദ്രനാഥ് & പുഷ്പവല്ലി, വെള്ളോറ എഞ്ചിനിയറിംഗ് വിഭാഗം എന്നീ കുട്ടികളെയും യോഗം അഭിനന്ദിച്ചു. തുടർന്ന് 2021-22 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. താഴെപ്പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

*പ്രസിഡന്റ്:*
**പി.എം. സുബ്രഹ്മണ്യൻ**

*വൈസ് പ്രസിഡന്റ്:*
**സി. മാധവൻ**

*സെക്രട്ടറി :*
**ടി.എം. ശ്രീകുമാർ**

*ജോയിന്റ് സെക്രട്ടറി:*
**ഇ.എം. കൃഷ്ണകുമാർ**

ട്രഷറർ:
**എൻ.കെ.കെ. ഉണിത്തിരി.**

*മുഖ്യ രക്ഷാധികാരി:*
**വി.എം. ദാമോദരൻ, അന്നൂർ**

**കമ്മറ്റി അംഗങ്ങൾ**

വി.എം. ദാമോദരൻ അന്നൂർ, എൻ.പി. ബാലകൃഷ്ണൻ, സി.കെ. ശ്രീധര വർമ്മ, എസ്.പി. ശശിധരൻ തമ്പാൻ പയ്യന്നൂർ, ഇ.കെ. രാഘവൻ, എൻ.പി. പുരുഷോത്തമൻ, എൻ.പി. കുഞ്ഞിനാരായണൻ, ടി.എം. രാധാകൃഷ്ണൻ വെള്ളോറ, ഉഷ ശ്രീധര വർമ്മ, ഡോ. എം.എം. കവിത.

ഓഡിറ്റർമാർ : **കെ. ചന്ദ്രകാന്തൻ, ഇ.എം. ദേവരാജൻ.**

***വനിതാ വിഭാഗം ഭാരവാഹികൾ***

*പ്രസിഡന്റ് :*
**ഉഷാ ശ്രീധര വർമ്മ,**

*സെക്രട്ടറി:*
**ഡോ. എം.എം. കവിത,**

*ട്രഷറർ:*
**എൻ.പി. കാമാക്ഷി വർമ്മ**

**അംഗങ്ങൾ**

വി.എം. ഇന്ദിര ടീച്ചർ, അടുത്തില, എൻ.എം. ശ്രീരേഖ ടീച്ചർ, വിമല കുഞ്ഞിനാരായണൻ, ശ്രീജ മുരളീധരൻ, മതിരക്കോട്.

**ശ്മശാന കമ്മറ്റി**

*ചെയർമാൻ:*
**എൻ.പി. ബാലകൃഷ്ണൻ,**

*കൺവീനർ:*
**എൻ.പി. കുഞ്ഞിനാരായണൻ**

**അംഗങ്ങൾ:**

സി.കെ. ശ്രീധര വർമ്മ, ഇ.എം. കൃഷ്ണകുമാർ, സി.കെ. മുരളീധരൻ, ഇ.എം. ദേവരാജൻ, ടി.എം. പ്രശാന്ത്, കെ. വിനീത, എൻ.വി. എം. ഹരീഷ് വർമ്മ.

(യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ കമ്മറ്റി അംഗങ്ങളായിരിക്കും)

**ചോറൂണ് (അന്നപ്രാശനം)**

ഇരിട്ടി കീഴൂർ സംഗമത്തിൽ താമസിക്കുന്ന ആർ. ഹരികൃഷ്ണന്റെയും ജിഷാ ഹരികൃഷ്ണന്റെയും മകൻ റാം ഗോവിന്ദ് എന്ന കുട്ടിയുടെ ചോറൂണ് കീഴൂർ വൈരിഘാതകൻ ഭഗവതി ക്ഷേത്രത്തിൽ വച്ച് കുടുംബാംഗങ്ങളുടേയും ബന്ധുമിത്രാതികളുടേയും സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു. ക്ഷേത്ര ചടങ്ങുകൾക്കു ശേഷം ക്ഷേത്ര ഊട്ടുപുരയിൽ വെച്ച് വിഭവസമൃദ്ധമായ സദ്യയും ഉണ്ടായി.

## ചരമം

### പി.എ. ഗോദവർമ്മ രാജ



പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരം കുടുംബാംഗം പി.എ ഗോദവർമ്മ രാജ (84) സ്വവസതിയായ ജവഹർ നഗർ 'ഒ' സ്ട്രീറ്റ് സാകേതത്തിൽ വച്ച് നിര്യാതനായി.

പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനമായ വർമ്മ ആൻറ് വർമ്മയിൽ സീനിയർ പാർട്നറായിരുന്നു.

കൊച്ചി രാജകുടുംബാംഗം പ്രൊഫ.വൃന്ദാ ദേവി തമ്പുരാനാണ് ഭാര്യ. രാധിക രാജ ഏക മകളാണ്. മരുമകൻ: സുരേഷ് വർമ്മ (നിലമ്പൂർ).

### സുരേന്ദ്രൻ രാജ



കോഴിക്കോട് തിരുവണ്ണൂർ പുത്തൻകോവിലകത്ത് സുരേന്ദ്രൻ രാജ (73-റിട്ട. നെടുങ്ങാടി ബാങ്ക്) നിര്യാതനായി. ഭാര്യ: സുധ. മകൻ: ഗിരീഷ്‌വർമ്മ. മരുമകൾ: പി. ശ്രീലത.

### സി.ആർ.ഹരിഹരവർമ്മ

തളി ചെലൂർ കോവിലകത്ത് പരേതനായ രാഘവവർമ്മയുടെ



മകൻ സി. ആർ. ഹരിഹര വർമ്മ (74) ചെന്നൈയിൽ നിര്യാതനായി. അഡ്വക്കേറ്റും നോട്ടറി പബ്ലിക്കും ആയിരുന്നു. തളിയിൽ കോവിലകത്ത് ഇന്ദിര ദേവിയാണ് ഭാര്യ. മക്കൾ: മുരളി, ശ്രീകണ്ഠൻ. മരുമക്കൾ: ദീപ, ബിനിത.

### അജിത് കുമാർ വർമ്മ



വയലാർ രാമവർമ്മയുടെ മരുമകനും വയലാർ രാഘവപ്പറമ്പ് കോവിലകം അംഗവുമായ അജിത് കുമാർ വർമ്മ (64) നിര്യാതനായി.

ഭാര്യ: രമാ വർമ്മ. മക്കൾ: സന്ധ്യ വർമ്മ, സിന്ധുജ വർമ്മ. മരുമക്കൾ: അനൂപ് വർമ്മ (പന്തളം), ശിവ പ്രസാദ് വർമ്മ (കൊരട്ടി സ്വരൂപം).

### റ്റി.ഒ. അംബാദേവി



കല്ലറ കിണറ്റു പുരയിടത്തിൽ പരേതനായ കെ.എം. രാമവർമ്മയുടെ ഭാര്യ റ്റി.ഒ. അംബാദേവി (റിട്ട.ടീച്ചർ എൻ.എസ്.എസ് എച്ച്.എസ്. എസ് കല്ലറ) നിര്യാതയായി. മക്കൾ: രാജശ്രീ, ജയശ്രീ, രാജേന്ദ്ര വർമ്മ (ദേവസ്വം ബോർഡ്, വൈക്കം). മരുമക്കൾ: പ്രഭാവർമ്മ (KGF ബാംഗ്ലൂർ), രാജീവ് വർമ്മ (CMLH പറമ്പിൽ മഠം, വയലാർ), സുധാ വർമ്മ (കൃഷ്ണ നിവാസ്, പഴനി).

### ഇന്ദിര തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം വിളയാങ്കോട് പിലാത്തറ താമസിക്കുന്ന ഇന്ദിര തമ്പുരാൻ (88) അന്തരിച്ചു. ഭർത്താവ്: പരേതനായ മാക്കര വിഷ്ണു നമ്പൂതിരി.

മക്കൾ: സൗമിനി (Retd. അദ്ധ്യാപിക, പി.ഇ.എസ്. വിദ്യാലയം), ഗോകുല ബാലൻ. മരുമക്കൾ: ആർ നാരായണൻ ചട്ട്യോൾ (Retd. ചീഫ് മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക്), മന്ദാകിനി (തിമിരി).

### ധനഞ്ജയൻ രാജ



കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്തെ കെ.കെ. ധനഞ്ജയൻ രാജ (73-റിട്ടയേർഡ് മാനേജർ, ബാങ്ക് ഓഫ് ഇന്ത്യ) അന്തരിച്ചു. ഭാര്യ: കൊച്ചി രാജകുടുംബാംഗം ഈഢൂപ്പ് പാലസ്സിലെ

അംബികതമ്പുരാൻ. മക്കൾ: ധന്യ രാജ, ബലറാം രാജ. മരുമക്കൾ: അനിൽ, ആതിര.

**ശ്രീദേവി ശ്രീധർ**



ക്ഷത്രിയ ക്ഷേമ സഭ കരിവെള്ളൂർ യൂണിറ്റ് അംഗം പയ്യന്നൂർ പുതിയെടത്തിൽ എസ്.പി. ശ്രീദേവി ശ്രീധർ (68) നിര്യാതയായി. ഭർത്താവ് താഴക്കാട്ട് മനയിൽ ശ്രീധരൻ കുട്ടി തിരുമുമ്പ്. മക്കൾ: ശ്രീജിത്ത് എസ്. തമ്പാൻ (ദുബായ്) ശ്രീനാഥ് എസ്. തമ്പാൻ (ഖത്തർ). മരുമക്കൾ: ഷീന (തൃശൂർ), സ്വപ്ന (കോഴിക്കോട്).

**കെ. കേരളവർമ്മ**



എൽ.ഐ.സി. റിട്ട. ഉദ്യോഗസ്ഥൻ പൂലാനി കനകവിലാസിൽ കെ.കേരളവർമ്മ (91) അന്തരിച്ചു. ഭാര്യ: തെക്കുംകൂർ കൊട്ടാരത്തിൽ കനകം തമ്പുരാട്ടി. മക്കൾ: ശ്രീകല (അഡ്വക്കേറ്റ്, ഹൈക്കോടതി), കവിത (അധ്യാപിക, കോഴിക്കോട്), മരുമക്കൾ: അശോകൻ (അഡ്വക്കേറ്റ്, ഹൈക്കോടതി), വിനോദ് (റിട്ട. ഇന്ത്യൻ ബാങ്ക്)

**എം. ചന്ദ്രവർമ്മ**




പാണ്ടനാട് മംഗലപ്പള്ളി കോവിലകത്ത് എം. ചന്ദ്രവർമ്മ (88-റിട്ട. ഡി.ഇ.ഒ) അന്തരിച്ചു. ഭാര്യ: പ്രായിക്കര കൊട്ടാരത്തിൽ പരേതയായ പുണർതംനാൾ ശ്രീകുമാരി തമ്പുരാട്ടി. മക്കൾ: ശ്രീലതാ വർമ്മ (ചീഫ് മാനേജർ, കേരള ഗ്രാമീൺ ബാങ്ക്), ശ്രീലേഖാ വർമ്മ (യൂണിയൻ ബാങ്ക്), ശ്രീറാം വർമ്മ (പഞ്ചാബ് നാഷണൽ ബാങ്ക്). മരുമക്കൾ: ജി.ബി. ശശിധരൻ (റീജിയണൽ മാനേജർ, സംസ്ഥാന കാർഷിക വികസന ബാങ്ക്), ദിലീപ് കെ. വർമ്മ (വി.എസ്.എസ്.സി, തിരുവനന്തപുരം), രഞ്ജിനി വർമ്മ.

**ടി.ജി. രാധാമണി നമ്പിഷ്ടാതിരി**



കുറ്റിലഞ്ഞി തെക്കേ മഠത്തിൽ പരേതനായ ഉണ്ണിക്കൃഷ്ണവർമ്മയുടെ ഭാര്യ ടി.ജി. രാധാമണി നമ്പിഷ്ടാതിരി (75-റിട്ട.കെ.എസ്.ആർ.ടി.സി) നിര്യാതയായി. മക്കൾ: സുരേഷ്, സിന്ധു, സതീഷ്. മരുമക്കൾ: ഷീബ, നന്ദകിഷോർ, സൗമ്യ.

**പി. രാധാകൃഷ്ണ വർമ്മ**



വൈക്കം പ്ലാത്താനത്തുകോവിലകത്തെ പി രാധാകൃഷ്ണ വർമ്മ (85) നിര്യാതനായി. ഭാര്യ: ചിറക്കൽ പഴയ കോവിലകത്തെ പരേതയായ രമാവർമ്മ.


മക്കൾ: രഞ്ജിത് വർമ സി കെ (തൃപ്പൂണിത്തുറ), രൂപേഷ് വർമ്മ സി. കെ. (യു.എസ്.എ.). മരുമക്കൾ: ബിന്ദു വർമ്മ പി.കെ. (സാമൂതിരി കോവിലകം കോഴിക്കോട്), സുജാത ഗിരിജ (ചെന്നിത്തല)

**കനകത്തിടത്തിൽ കെ. വേണുഗോപാലൻ**



ഇരിട്ടി കീഴൂർ ശ്രീജാ നിവാസിൽ ഇരിട്ടി ഹയർ സെക്കന്ററി സ്കൂൾ മുൻ ജീവനക്കാരൻ കെ. വേണുഗോപാലൻ (55) നിര്യാതനായി. ഭാര്യ: ജിഷ തോട്ടട. മക്കൾ: അർജുൻ, അശ്വിൻ, ആര്യ.

**അശോക വർമ്മ**



പന്തളം കൊട്ടാരത്തിലെ (വട ക്കേ മുറി) അശോക വർമ്മ (69) നിര്യാതനായി. പട്ടാളത്തിൽ മുൻ ഉദ്യോഗസ്ഥനായിരുന്നു.


ഭാര്യ: വിജയമ്മ. മകൻ: ദേവേഷ്

പന്തളം പാലസ് ആർട്സ് & സ്പോർട്ട് ക്ലബ്ബ് സ്ഥാപകാംഗമായിരുന്നു.

രാജപ്രതിനിധിയായി തിരുവാഭരണവുമായി ആചാരപ്രകാരം ശബരിമലക്ക് യാത്ര ചെയ്തിട്ടുണ്ട്.

ക്ഷത്രിയ ക്ഷേമസഭ ഭരണസമിതിയിലും അംഗമായിരുന്നു.

**കെ. കേരളവർമ്മ**




കൊരട്ടി സ്വരൂപം സ്രാമ്പിക്കൽ മഠത്തിൽ കെ. കേരളവർമ്മ (94) ചാലക്കുടി പുലാനിയിലെ വസതിയിൽ നിര്യാതനായി. റിട്ട. എൽ. ഐ.സി. ഉദ്യോഗസ്ഥനായിരുന്നു. പുലാനി കോവിലകത്ത് കാവു തമ്പുരാന്റെ മകൾ കനകം തമ്പുരാട്ടിയാണ് ഭാര്യ. മക്കൾ: കല (അഡ്വ. കേരളാ ഹൈക്കോടതി), കവിത (അദ്ധ്യാപിക, കോഴിക്കോട്) മരുമക്കൾ: അശോകൻ (അഡ്വ. കേരള ഹൈക്കോടതി), വിനോദ് (ഇന്ത്യൻ ബാങ്ക് റിട്ട.)

**കെ.പി. നന്ദനവർമ്മ**



തൃപ്പൂണിത്തുറ കണ്ണെഴുത്തു പുത്തൻമഠത്തിൽ കെ.പി. നന്ദനവർമ്മ (75) അന്തരിച്ചു. കൊച്ചി ക്ഷത്രിയ സമാജത്തിന്റെ ഇന്റേണൽ ഓഡിറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: സുപ്രസിദ്ധ സംഗീത സംവിധായകൻ എൽ.പി. ആർ. വർമ്മയുടെ മകൾ ശോഭാവർമ്മ. മക്കൾ: പ്രിയാവർമ്മ, അമ്മു വർമ്മ. മരുമക്കൾ: ശിവപ്രസാദ് തമ്പുരാൻ, രാമദാസ്.

**ഉദയവർമ്മ തമ്പുരാൻ**



തിരുവല്ല ക്ഷത്രിയക്ഷേമ സഭയുടെ മുൻപ്രസിഡന്റ് ഉദയവർമ്മ തമ്പുരാൻ (80) നിര്യാതനായി. ഭാര്യ: തിരുവല്ല നെടുമ്പ്രത്തു കൊട്ടാരത്തിൽ രാജമല്ലിക. മക്കൾ: വിനോദ് (അദ്ധ്യാപകൻ), ബിന്ദു (ബാംഗ്ളൂർ).

മരുമക്കൾ: ബിന്ദു (കെ.എസ്. എഫ്. ഇ. മാന്നാർ), ശ്രീകുമാർ (റിസർവ് ബാങ്ക്, ബാംഗ്ളൂർ).

**സരസ്വതി വർമ്മ**



വൈക്കം ക്ഷത്രിയക്ഷേമസഭ മുൻ പ്രസിഡന്റ് മുരളീകൃഷ്ണൻ തമ്പാന്റെ (റിട്ട. ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർ) ഭാര്യ ആനമങ്ങാട്ട് ശ്രീനിലയത്തിൽ (കോതമംഗലത്തു മഠം) സരസ്വതി വർമ്മ (64) നിര്യാതയായി. മക്കൾ: ദേവൻവർമ്മ, മനുവർമ്മ. മരുമകൾ: അനു.


**കെ അനുജത്തി തമ്പുരാട്ടി**



ബേപ്പൂർ അംശം ദേശം പനങ്ങാട് കോവിലകത്ത് വലിയ തമ്പുരാട്ടി കെ. അനുജത്തി തമ്പുരാട്ടി (95-കാരാഴ്മ കൊട്ടാരം) നിര്യാതയായി.

മക്കൾ: ചന്ദ്രലേഖ തമ്പുരാട്ടി, കേരളവർമ്മ, മാലതി തമ്പുരാട്ടി, രവിവർമ്മ, ഗോദവർമ്മ, അനിത തമ്പുരാട്ടി. മരുമക്കൾ: എം സി ചന്ദ്, കൃഷ്ണകുമാരി, പരേതയായ ലതിക വർമ്മ, സാവിത്രി ദേവി.

**രവിവർമ്മ കുഞ്ഞിക്കിടാവ് തമ്പുരാൻ**



കൊച്ചി രാജകുടുംബാഗം ശാന്തിനികേതൻ പാലസിലെ രവിവർമ്മ കുഞ്ഞിക്കിടാവ് തമ്പുരാൻ (83) അന്തരിച്ചു. ഭാര്യ: കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്തെ പരേതയായ കുഞ്ഞിക്കുട്ടി തമ്പുരാട്ടി. മക്കൾ: ശ്രീരാജ്, ശരണ്യ. മരുമക്കൾ : സിന്ധു, പ്രമോദ്.

തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ സന്നിധിയിൽ 2021 ഒക്ടോബർ 21 ന്
**മീനാക്ഷി എസ്. വർമ്മ**യുടെ കഥകളി അരങ്ങേറ്റം നടന്നു.
കഥകളി **രഞ്ജിനി സുരേഷിൽ** നിന്നും അഭ്യസിച്ചു.
എറണാകുളം സിറ്റി യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും
ദീപ വർമ്മയുടെയും മകളാണ്. കടവന്ത്ര ഭവൻസ് വിദ്യാമന്ദിർ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയാണ്






നവരാത്രി
സംഗീതോത്സവം 2021




എറണാകുളം അമ്പലമേട് FACT - COCHIN DIVISION ടൗൺഷിപ്പ് Qtrs No. 308-4 ൽ കെ. ജഗന്മയന്റേയും
പ്രീതാകുമാരിയുടേയും മകൾ **വീണാ**യും തിരുവനന്തപുരം ചാക്ക ഹൈവേ ഗാർഡൻസ് ഗോപികയിൽ (P.K.L.R.A.-65)
എസ്. കെ. ജഗദീശചന്ദ്ര പിഷാരടിയുടേയും എൻ.എസ്. ഹേമയുടേയും മകൻ **ജെ. ഗോപീകൃഷ്ണ**യും തമ്മിൽ അമ്പലമേട്
ഹരിമറ്റം ക്ഷേത്രത്തിൽ വെച്ച് വിവാഹിതരാകുകയും തുടർ ചടങ്ങുകൾ പൂണിത്തുറ
ശ്രീ പൂർണ്ണാ ഓഡിറ്റോറിയത്തിൽ വെച്ച് COVID-19 മാനദണ്ഡങ്ങൾ പാലിച്ച് നടത്തുകയും ചെയ്തു

ആശംസകളോടെ ബന്ധുമിത്രാദികൾ

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

October 2021
Annual Subscription ₹150




Printed & Published by Admaja Varma Thampuran, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org